


THE MALAYALA RAJYAM

25th May 1953. ILLUSTRATED WEEKLY Three Annas



സിനിമാപംക്തി

ചലച്ചിത്ര നിരൂപണം

"ജനോവ"

★

"ചന്ദ്രലേഖ" നിർമ്മാതാവായ എസ്. എസ്. വാസന്റെ വിശ്വാസപ്രമാണങ്ങളെ അക്ഷരംപ്രതി അനുകരിച്ച് ചന്ദ്രാ പിക്ചേഴ്സ് പുതുതായി നിർമ്മിച്ചിരിക്കുന്ന ഒരു മലയാള ചലച്ചിത്രമത്രെ "ജനോവ". രാജാവിന്റെയും ദുർമന്ത്രിയുടെയും പ്രണയചാപല്യങ്ങളെ അസ്പഷ്ടമാക്കി കഥകം നിർമ്മിക്കുന്ന ആ പഴയ പാരമ്പര്യം ജനോവയിലും ആരോപിച്ചിട്ടുണ്ട്. മൺമറികപോലും രാജവാഴ്ചയെ വെറുക്കുന്ന ഒരു കാലഘട്ടമാണിത്. അവരുടെ അവശിഷ്ടങ്ങൾ പോലും ഇന്ത്യയുടെ പരിശുദ്ധഭൂമിയിൽനിന്ന് തുടച്ചുനീക്കപ്പെട്ടുകയാണ്. ജനാധിപത്യാശയങ്ങൾക്കുടെ കീഴിലുള്ള സ്വതന്ത്ര്യസുഖമായ പ്രവർത്തനങ്ങളിൽക്കൂടി രാഷ്ട്രം മുന്നേറുകയാണ്. ഇത്തരുണത്തിലാണ് രാജകുമാരിയുടെയും മന്ത്രിയുടെയും മറവും പ്രേമവ്യാപാരങ്ങളുമായി ചന്ദ്രാ പിക്ചേഴ്സ് പ്രത്യക്ഷപ്പെടുന്നത്. രാജാക്കന്മാരുടെയും മന്ത്രിമാരുടേയും കാമകടാക്ഷങ്ങളും പ്രേമവലയത്തിൽപ്പെട്ടാവിപ്പുമടും കണ്ട് ഭേഷ്ടേ വളർത്തുവാനല്ല ഇന്നത്തെ പ്രേക്ഷകർ ചലച്ചിത്രങ്ങൾ കാണുന്നത്. ഈവക ചിത്രങ്ങളൊന്നും ഇനിയും ചിലവാകാൻ പോകുന്നില്ല. ചുട്ടചിന്തയുടെ ഭാവനാസങ്കലിതമായ കഥാഘടനയോടുകൂടിയ ചലച്ചിത്രങ്ങളാണ് സന്ദർശകർ മോഹിക്കുന്നത്; അത്യാവശ്യമായിട്ടുള്ളതും. ചരിത്രസംഭവങ്ങളെ ആസ്പദമാക്കി ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നത് ഔചിത്യമാണെന്നുള്ളതും ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷേ രോമാചരിത്രങ്ങൾ പഴയ ഏടുകളിൽ നിന്ന് ഒരു പ്രേമകഥ തപ്പിപ്പിടിച്ച് ഒരു മലയാളചലച്ചിത്രം നിർമ്മിച്ചതിന്റെ ഔചിത്യമാണ് ദുർഗ്രഹമായിരിക്കുന്നത്. ചരിത്രകഥതന്നെ വേണമെന്നുണ്ടായിരുന്നെങ്കിൽ കേരളത്തിന്റെ ചരിത്രത്തിൽനിന്ന് ഏതെങ്കിലും നല്ലൊരു കഥ സീകരിക്കാമായിരുന്നു. പക്ഷേ കേരളീയരുടെ സംസ്കാരവും പാരമ്പര്യവും പോഷിപ്പിക്കണമെന്നുള്ളതിൽ ചന്ദ്രാപിക്ചേഴ്സിനു തല്പര്യം കാണുകയില്ലായിരിക്കും? വ്യാവസായിക വിജയമായിരിക്കും അവരുടെ ലക്ഷ്യം. അതിനുവേണ്ടി കുതിരസവാരിയും, വാൾപയറ്റും ഭടന്മാരുടെ ഭാഗങ്ങളും കാച്ചുപെണ്ണുങ്ങളുടെ ഡാൻസും തരാതിക്കാരുകാരെ പ്രീണിപ്പിക്കാനുള്ള കോമിക്കുമായി ഒരു ചിത്രം നിർമ്മിച്ചു. മതവികാരങ്ങളെ പോഷണംചെയ്യുന്നതിനുള്ള ഒരു ശ്രമവും ഈ ചിത്രത്തിൽ നടത്തിയിട്ടുണ്ട്. എങ്കിലും നിർമ്മാണകർത്താക്കളുടെ ഉദ്ദേശംപോലെ ജനോവ ഒരു ബോക്സ് ആഫീസ് ഹിറ്റായി ഉയർന്നിട്ടില്ല. പത്തുലക്ഷം രൂപയോളം ഈ ചിത്രത്തിനു ചിലവഴിച്ചിട്ടുണ്ടെന്നുള്ള പരസ്യത്താൽ സാധാരണക്കാരുടെ അത്ര വിശ്വസിക്കുവാനും പ്രയാസമാണ്. ചന്ദ്രാപിക്ചേഴ്സ് അവരുടെ ആദ്യത്തെ സമയവും പണവും നഷ്ടപ്പെടുത്തുകയാണ് അതു കലാഭംഗിയോടെ വെള്ളിത്തിരയിലേയ്ക്ക് പകർത്തുന്നതിനു വിനിയോഗിക്കേണ്ടതായിരുന്നു.

ജനോവ എട്ടാംനൂറ്റാണ്ടിലെ ഒരു ചരിത്രകഥയാണ്. ചരിത്രകഥയെ സിനിമയിലേക്ക് പകർത്തിയപ്പോൾ കഥാഗതിയിൽ കോട്ടവും വാട്ടവും സംഭവിക്കാത്ത തരത്തിലുള്ള ചില വ്യതിയാനങ്ങളും വരുത്തിയിട്ടുണ്ട്. പരാക്രമശാലിയായിരുന്ന ആർഡ്വീനരാജാവ് സിപ്രിസോ സുന്ദരീരത്നമായിരുന്ന ജനോവാരാജകുമാരിയെ പാണിഗ്രഹണം നടത്തി. പ്രീതിയും സൗന്ദര്യവും സമ്മോഹനമായി സമ്മേളിച്ച ആ സുന്ദരസുന്ദരീദമ്പതിമാരിൽ ഒരു കാളമേഘം പ്രത്യക്ഷപ്പെട്ടു. പ്രധാനമന്ത്രിയായിരുന്ന ഗോലോമിയുടെയും രാജ്ഞിയുടെയും യൗവ്വനവും സൗന്ദര്യവും ഒന്ന് ആസ്വദിക്കണമെന്ന് മോഹമുദിച്ചു. സിപ്രിസോ ആനന്ദമയമായ മധുവിധുവിനുശേഷം ശത്രുസംഹാരത്തിനായി രാജ്യാതിർത്തിയിലേക്ക് യാത്രയായി; തന്റെ പ്രേമഭാജനത്തെ രാജ്യഭാരത്തോടും വിശ്വസ്ഥനായ മന്ത്രിയെ ഭരമേല്പിച്ചിട്ട്. അപ്പോഴേയ്ക്കും ജനോവാ ഗർഭിണിയായിരുന്നു. പക്ഷേ സിപ്രിസോവിനെ ആ സന്തോഷവാർത്ത അറിയിക്കുവാൻ രാജ്ഞിക്ക സന്ദർഭം ലഭിച്ചില്ല. ദുഷ്ടഹൃദയനായ ഗോലോയും സൈന്യാധിപതി ദുഷ്ടനായ അന്നൂസുകൂടി ഈ സന്ദർഭത്തിൽ മുതലെടുക്കുവാൻ ശ്രമിച്ചു. ജനോവയ്ക്കു തന്നിലുണ്ടായിരുന്ന പരിശുദ്ധസ്നേഹത്തെ പ്രേമമായി വ്യാഖ്യാനിച്ചുറപ്പിച്ചിരുന്ന ഗോലോ അന്തഃപുരത്തിൽ ബുദ്ധിപൂർവ്വം പ്രേമഭാവത്തനുമായി കടന്നുചെന്നു. രാജ്ഞി ഒരു പെൺപുലിയെപ്പോലെ മന്ത്രിയുടെനേരേ ചീറിയടുത്തു. ജീവൻ രക്ഷപ്പെടുത്തുവാൻവേണ്ടി ഗോലോ പിന്മാറുകയും ചെയ്തു. അതുമുതൽ ഗോലോയുടെ ഹൃദയത്തിൽ ജനോവയോടുള്ള പ്രതികാരത്തിന്റെ തീപ്പൊരി ആളിക്കത്തുവാൻ ആരംഭിച്ചു. ജനോവ ഒരു ദുർന്നടിയാണെന്നും അവൾ ഗർഭിണിയാണെന്നും അന്നൂസ് സീസറിനെ ധരിപ്പിച്ചു. രാജാവിനെ വധിക്കുവാനുള്ള ഉഗ്രമരുന്നിന്റെ ചില വിശ്വസ്തരായ പരിചാരകർ അദ്ദേഹത്തെ കൗശലത്തിൽ ജയിലിൽനിന്നു മോചിപ്പിച്ചു. രാജാവും ഗോലോയും ഏറെമുട്ടുന്നതിനിടയിൽ അന്നൂസ് കൊല്ലപ്പെടുന്നു. തുടർന്ന് ഗോലോ രംഗത്തുനിന്നു നിഷ്ക്രമിക്കുന്നു. അനന്തരം സിപ്രിസോ അപരാധബോധത്തോടെ രാജ്ഞിയേയും കുഞ്ഞിനേയും അന്വേഷിച്ച് വനാന്തരങ്ങളിൽ അലയുന്നു. ആ ഘോരവനത്തിലും ദുഷ്ടനായ ഗോലോ രാജ്ഞിയെ പിൻതുടരുന്നു. അവസാനത്തെ ഭാഗ്യപരീക്ഷണത്തിനുശേഷം ഗോലോയും വധിക്കപ്പെട്ടു. അവശനായ സിപ്രിസോ പ്രജ്ഞയറ്റവനായി വീണുകിടക്കുമ്പോൾ അരികിലുള്ള ഒരു ഗുഹാഗ്രമത്തിൽനിന്നു വെള്ളംകോരുവാൻചെന്ന തേജസ്വിനിയായ ഒരു പെൺബാലൻ അദ്ദേഹത്തെ കാണുകയും രക്ഷപ്പെടുത്തുകയും ചെയ്യുന്നു. ആ പെൺകുട്ടി ആരെന്നു പറയണമോ? ആ കുട്ടി അദ്ദേഹത്തിന്റെ പരിത്യജിക്കപ്പെട്ട സന്താനം ഒരുനന്മകൻമണിയായിരുന്നു. തപസ്വിനിയായ തന്റെ അമ്മയല്ല തന്നെ പരിപാലിച്ചതെന്നുള്ള സിപ്രിസോ കണ്ടെത്തുകയും ആ വിശിഷ്ടദിനം തികച്ചും സന്തോഷത്തിനോടും ധർമ്മത്തിനോടും പരിശുദ്ധിയോടും പാവനമായി ഒന്നുചേരുകയും ചെയ്യുന്നു. അവർ മൂവരും തിരിച്ചു കൊട്ടാരത്തിലേക്കുപുറപ്പെടുന്നു. പ്രജകളും അവരെ സ്വീകരിക്കുന്നതോടെ കഥയും പര്യവസാനിക്കുന്നു.

പ്രേക്ഷകരെ വികാരത്തിന്റെ ഉച്ചകോടിയിലേക്ക് ഉയർത്താവുന്ന പല രംഗങ്ങളും കഥയിലുണ്ട്. പക്ഷേ അവിടെയെല്ലാം അഭിനയവും കഴിഞ്ഞ

(ശേഷം 32-ംപേജിൽ)

മുഖചിത്രം

★

തലശ്ശേരിക്ഷേത്രം

Raygraphs, Madras.

മലയാളരാജ്യം

മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ൨൪ | കൊല്ലം ക്രമവു ഇടവം ക്രമം-൦ന തിങ്കളാഴ്ച | ലക്കം ൩൦൪

ശ്രീമത് ശങ്കരാചാര്യ സ്വാമികൾ

★

— കീഴേടത്തു് വാസുദേവൻനായർ —

ഭാരതഖണ്ഡത്തിൽ അദ്വൈതസിദ്ധാന്തം സ്ഥാപിച്ചു ഹിന്ദുമതത്തെ പുനരുദ്ധരിച്ച ജഗദ്ഗുരു ശങ്കരാചാര്യസ്വാമികളുടെ അവതാരം ഈ വൈശാഖമാസത്തിലെ പുണർതം നക്ഷത്രത്തിലാണു്. 1461 നീണ്ടകൊല്ലങ്ങൾ മാറിമറിഞ്ഞുപോയെന്നിരിക്കിലും, ആ ഉത്തുംഗനായ പുണ്യചരിതന്റെ പവിത്രനാമം ഇന്നും ഭാരതഭൂമിയിലെന്നും നിലനിന്നുവരികതന്നെ ചെയ്യുന്നു.

രണ്ടായിരത്തി നാന്നൂറാമാണ്ടു തുടക്കുറിച്ചുകൊണ്ടു് ശ്രീബുദ്ധദേവന്റെ അഹിംസാസിദ്ധാന്തങ്ങളും സത്യമാർഗ്ഗസന്ദേശങ്ങളും ഭാരതഭൂമിയേയും അതിലംഘിച്ചു് മറ്റു പൌരസ്ത്യരാജ്യങ്ങളിലേക്കും പരക്കുവാൻ തുടങ്ങിയ കാലം. ബുദ്ധമതസിദ്ധാന്തങ്ങൾക്കും ജൈനമതതത്ത്വങ്ങൾക്കും ഭാരതഭൂമിയിലെങ്ങും പ്രചാരം വർദ്ധിച്ചുവന്നതോടെ, അതുവരെ പൌരാണികകാലംമുതൽക്കു് ആസേതുഹിമാചലം പ്രാബല്യത്തോടെ വാണിരുന്ന ഹിന്ദുമതത്തിനു് സാരമായ കോട്ടംതട്ടി, ഭാരതീയചക്രവർത്തിമാർപോലും അശോകന്റെ കാലം മുതൽ ഹിന്ദുമതത്തോടു് അവജ്ഞ പ്രദർശിപ്പിച്ചുവന്നതുനിമിത്തം ഹൈന്ദവക്ഷോഭങ്ങൾക്കതുവരെ ജനസാമാന്യത്തിന്നിടയിലുണ്ടായിരുന്ന സ്വാധീനവും ശക്തിയും മന്ദീഭവിച്ചു; ബുദ്ധവിഹാരങ്ങളും ജൈനദേവാലയങ്ങളും നാട്ടിന്റെ പ്രമുഖ്യം നേടിവന്നു. ഹിന്ദുമതത്തിന്റെ നേരിട്ട അധഃപതനം നോക്കിനിന്ന ചിന്തകന്മാരേവരും, "ഈ ബ്രാഹ്മണമതം ഇതോടെ പരമാബ്ധിയിൽ അസ്തമിച്ചുപോകുമെ" ന്നു ഭയപ്പെട്ടു. ഹിമാലയംമുതൽ കന്യാകുമാരിവരെ എങ്ങും ബ്രാഹ്മണമതത്തെയും യാഗങ്ങളെയും ചവിട്ടിത്താഴ്ത്തിക്കൊണ്ടുള്ള ബുദ്ധമതത്തിന്റെ ജൈത്രയാത്ര വമ്പിച്ച കോളിളക്കങ്ങളുണ്ടാക്കിത്തീർത്തുകൊണ്ടിരുന്നു.

ഹിന്ദുമതം—ബ്രാഹ്മണമതം—നശിച്ചു! ഇല്ല, അതൃസ്തമയില്ല; നേരിയൊരു ശ്വാസം നാസികാപുടത്തിലൂടെ പുറത്തുവരുന്നതുകൊണ്ടു് ഹിന്ദുമതത്തിന്റെ ഹൃദയസ്പന്ദനം തീരെ നിലച്ചുവെന്നു പറയാറായിട്ടില്ല. മാതൃമെന്നു് മാഹാത്മ്യമേറിയ ഭാരതീയ സംസ്കാരത്തിന്റെ അസ്ഥിഭാരമെന്നെ ഋഷിവര്യന്മാരാൽ സംസ്ഥാപിതമായ വേദങ്ങളും സംഹിതകളുമല്ലെ?

അവതാരം

അങ്ങിനെ ഹിന്ദുമതം അന്തിമശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന ആ വിഷമസന്ധിയിൽ, 2461 സംവത്സരങ്ങൾ മുമ്പു് (ക്രിസ്തുവിനു് 509 വർഷംമുമ്പു്) 2593-കലിവർഷത്തിൽ, നന്ദനനാമവർഷത്തിലെ വൈശാഖമാസത്തിൽ വെളുത്തപക്ഷത്തിലെ പഞ്ചമിയിൽ, പുണർതം നക്ഷത്രദിവസം, പുണ്യവതിയായ നമ്മുടെ കേരളത്തിൽ കാലടി എന്നിപ്പോൾ സുപ്രസിദ്ധമായ സ്ഥലത്തുള്ള ഒരു ബ്രാഹ്മണഗൃഹത്തിൽ മഹാഭക്തയും സാദ്ധ്വിയുമായ ആര്യാംബ എന്ന ചാരിത്രവതിയായ ഗൃഹനായിക ഒരു ഓമൽക്കുമാരനെ പ്രസവിച്ചു. ആര്യാംബയുടെ ഭർത്താവായ ശിവഗുരുവാകട്ടെ, അതിപുണ്യവാനും ഭക്തനും സദ്ഗുണനിരതനുമായിരുന്നു. തങ്ങളുടെ ഓമനപ്പുത്രൻ കോമളനും വിശിഷ്ടലക്ഷണങ്ങളും തികഞ്ഞവനാണെന്നു് ആ ദമ്പതിമാർ കണ്ടു്, അവരുടെ മനം കുളിർത്തു. അവരിരുവരും ഹൃദയപൂർവം ഈശ്വരനെ സ്തുതിച്ചുവണങ്ങി. ഈ കോമളകുമാരനെ കാണാനിടയായ ദൈവജ്ഞന്മാരെല്ലാം ഇതൊരു അവതാരപുരുഷനാണെന്നും, മഹത്തരമായൊരു സന്ദേശം ലോകത്തിൽ പരത്തുവാൻ തിരുവവതാരം ചെയ്തിട്ടുള്ളതാണെന്നും പ്രവചിച്ചു. പുത്രനു സമുചിതമായ സുമുഹൂർത്തത്തിൽ ശങ്കരൻ എന്നു മാതാപിതാക്കന്മാർ നാമകരണവുംചെയ്തു. ഈ കുമാരനാണു് പിൽക്കാലത്തു് ഭാരതഖണ്ഡത്തിൽ അദ്വൈതസിദ്ധാന്തം സ്ഥാപിച്ചു ഹിന്ദുമതത്തെ പുനരുദ്ധരിച്ചുലോകപ്രസിദ്ധനായ ജഗദ്ഗുരു ശ്രീ ശങ്കരാചാര്യസ്വാമികൾ. ശ്രീ ശങ്കരജയന്തി ഈ വൈശാഖമാസത്തിലെ പുണർതം നക്ഷത്രത്തിലുമാണു്. 1461-നീണ്ട കൊല്ലങ്ങൾ മാറിമറിഞ്ഞുപോയെന്നിരിക്കിലും, ആ ഉത്തുംഗനായ പുണ്യചരിതന്റെ പവിത്രനാമം ഇന്നും ഭാരതഭൂമിയിലെങ്ങും നിലനിന്നു വരികതന്നെചെയ്യുന്നു.

ജഗദ്ഗുരുവിന്റെ ജനനം ക്രിസ്തുവിനു 509-കൊല്ലം മുമ്പാണെന്നുള്ളതിനു തെളിവുകൾ അനേകമുണ്ടെങ്കിലും ചില ചരിത്രകാരന്മാർ, അവരുടെ ക്രിസ്തുവിനുശേഷം വളരെനൂറാണ്ടുകൾ കഴിഞ്ഞിട്ടാണെന്നു സമർത്ഥിക്കുവാൻ പരിശ്രമിച്ചിട്ടുണ്ടു്. എന്നിരിക്കിലും 2593-കലിവർഷത്തിലാണു് ആദിഗുരു ഭൂജാതനായതെന്നതത്രേ ഭൂരിപക്ഷാഭിപ്രായം.

മൂന്നാംവയസ്സിൽ ബാലന്റെ ചൂളകർമ്മവും അഞ്ചാംവയസ്സിൽ ഉപനയനവും വേദവിധികൾക്കനുസരിച്ചു നടത്തി, ഏഴാക്കഴിയും മുമ്പെ പിതാവായ ശിവഗുരുകാലധർമ്മപ്രാപിച്ചുപോയി. ഇതിനെത്തുടർന്നു ആ ബാലനിൽ ഉടനെ ഒരു നവചൈതന്യവും ജ്യോതിസ്സും പ്രകാശിക്കുവാൻ തുടങ്ങി. എട്ടാംവയസ്സിൽ ദിവ്യചൈതന്യമുള്ള ഈ കുമാരൻ നാലുവേദങ്ങളും സർവ്വശാസ്ത്രങ്ങളും പഠിച്ചു ഒരു മഹാപണ്ഡിതനായിത്തീർന്നു!

സന്യാസി

എട്ടാംവയസ്സിൽ, മഹാപണ്ഡിതനായിക്കഴിഞ്ഞ ഈ അസാധാരണബാലൻ ഒരുനാളും പ്രഭാതത്തിൽ ആലുവാപുഴയിലെ (അന്നതിനു പൂർണ്ണാനദിഎന്നായിരുന്നുവത്രെപേർ) സ്ഫടികസങ്കാശമായ ജലത്തിൽ സ്നാനംചെയ്യു, കരയ്ക്കു കയറിയപ്പോൾ, പെട്ടെന്നു ഹൃദയനാളത്തിൽക്കൂടി ഒരു മിന്നലൊളിപോലെ പുതിയൊരുബോധമുദിച്ചു. "ഇനി ഞാനെന്റെ ഗൃഹവും പ്രിയമാതാവിനെയും വിട്ടുപോകേണ്ടകാലമായി" എന്നു് തീച്ചപ്പെടുത്തി, വേഗം വീട്ടിലേയ്ക്കുമടങ്ങി, മാതാവിന്റെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തുനിന്നു. ഈ അസാധാരണസമ്പ്രദായത്തിന്നെന്തു സംഗതിയെന്നു ഉൽക്കണ്ഠാപൂർവ്വം ചോദിച്ച മാതാവിനോടു്, "അമ്മെ, ലോകം അധർമ്മങ്ങൾകൊണ്ടു താറുമാറായിരിക്കുന്നു; പുണ്യവതിയായ ഈ ആർഷഭൂമിയെങ്കിലും പുണ്യംക്ഷയിച്ചും ധർമ്മങ്ങൾ ലോപിച്ചും നാശഗർത്തത്തിലേയ്ക്കു അതിവേഗം കുതിച്ചുപായുന്നു; നമ്മുടെ മാതൃഭൂമിയെ അതിനു മുമ്പെ പരിരക്ഷിച്ചു്, ഇവിടെ ധർമ്മം സംസ്ഥാപിക്കേണ്ടതു് എന്റെ കടമയാണു്. ആ ഉത്തമ

ശ്രീ കുഞ്ഞൻപിള്ള ചട്ടമ്പിസ്വാമി തിരുവടികൾ



ശ്രീചട്ടമ്പിസ്വാമി തിരുവടികളുടെ ഇരുപത്തൊമ്പതാമത്തെ മഹാസമാധിദിനം മേയ് മാസം 13-ാംനു (മേടം 30 ബുധനാഴ്ച) വിധിപൂർവ്വകമായ ചടങ്ങുകളോടെ പദ്മനാഭപുരം (ബാലഭട്ടാരകേശ്വരക്ഷേത്രം) ആശ്രമത്തിൽവച്ചു് അത്യന്തം ഭംഗിയായി കൊണ്ടാടിയിരിക്കുന്നു. ചട്ടമ്പിസ്വാമിതിരുവടികളുടെ ശതവത്സരജയന്തിആഘോഷം ചിങ്ങമാസത്തിൽ പ്രസ്തുത ആശ്രമത്തിൽവച്ചു് സംഘോഷം നടത്തപ്പെടുന്നതാണു്.

കർമ്മം നിർവ്വഹിക്കുന്നതിനായി ഞാൻ സന്ന്യാസിയായിക്കഴിഞ്ഞു; പോവാൻ എനിക്കനുമതിനൽകി എന്നെ ആശീർവ്വദിച്ചാലും'' എന്നു പുത്രനായ ശ്രീ ശങ്കരൻ അപേക്ഷിച്ചു. നയനങ്ങളിൽനിന്നൊഴുകിയ ബാഷ്പധാരയാൽ പുത്രനെ അഭിഷിക്തനാക്കി, അനുഗ്രഹിച്ചു്, പുണ്യവതിയായ ആര്യാംബ ലോകസംരക്ഷണാർത്ഥം ദിവംഗതയുമായി. ഉടനെ ശ്രീ ശങ്കരൻ എട്ടാംവയസ്സിൽത്തന്നെ സന്ന്യാസവും സ്വീകരിച്ചു, കേരളവും കടക്കിണേന്ത്യയും കടന്നു നർമ്മദാനദീതീരത്തെത്തി. അവിടെ, ശ്രീ ഗോവിന്ദഭഗവത്പാദർഎന്ന സിദ്ധനെ ഗുരുവായി വരിച്ചു്, അദ്ദേഹത്തിൽനിന്നും ആത്മീയമായ പാഠങ്ങളഭ്യസിച്ചു. പിന്നീടു് തൻതന്നെ ലോകത്തിനുപദേശിച്ച അദ്വൈതമതസിദ്ധാന്തങ്ങളും തത്വങ്ങളും തന്റെ ഗുരുവിൽനിന്നാണു് ആദിശങ്കരൻ ഗ്രഹിച്ചതു്. അദ്വൈതതത്വത്തിന്റെ പരമ്പരാഗമനചരിത്രവും — ഈശ്വരനിൽനിന്നു വസിഷ്ഠനും, വസിഷ്ഠനിൽനിന്നു ശക്തിക്കും, ശക്തിയിൽനിന്നു പരാശരമഹർഷിക്കും, പരാശരനിൽനിന്നു വ്യാസനും, അവിടെനിന്നു ശുകമഹർഷിക്കും, ശുകബ്രഹ്മർഷിയിൽനിന്നു് ഗൌഡപാദനും, അവിടെനിന്നു ശ്രീ ശങ്കരഗുരുവായ ഗോവിന്ദഭഗവദ് പാദർക്കും ലഭിച്ചതു്—അദ്ദേഹം ഹൃദിസ്ഥമാക്കി; ഗോവിന്ദഭഗവത് പാദരിൽനിന്നു തനിക്കും ഒടുവിൽ ആ ജ്ഞാനം സിദ്ധിക്കയുംചെയ്തു. ഇനി ആ മഹത്തരമായ ജ്ഞാനം ലോകോപകാരാർത്ഥം ഒന്നാമതായി ഭൂമിയിൽ പ്രചരിപ്പിക്കേണ്ടതു തന്റെ ധർമ്മമാണെന്നും അദ്ദേഹം വിശ്വസിച്ചു.

ജൈത്രയാത്ര

ഇതിനുശേഷം ശ്രീ ശങ്കരന്റെ ചരിത്രങ്ങിയകാലത്തെ ജീവിതമെന്തായും, ഭാരതഖണ്ഡം മുഴുവൻ നിരന്തരവും അക്ഷീണവുമായ പര്യടനംകൊണ്ടു പവിത്രവും അനർഘവുമാക്കിത്തീർക്കയാണുണ്ടായതു്. ദിഗ്വിജയംതന്നെയാണു് ഇതെന്നു പറയാം. ഭാരതത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു്, അദ്വൈതമതസിദ്ധാന്തങ്ങളെപ്പറ്റി പ്രസംഗിക്കയും, എതിർപക്ഷക്കാരോടേറ്റുമുട്ടി, അവരുമായി വാദപ്രതിവാദംനടത്തി വിജയിച്ചു്, തന്റെ സിദ്ധാന്തങ്ങളുടെ മേന്മയെ സ്ഥാപിച്ചും, അദ്വൈതമതത്തിൽ ജനതതിയെ വിശ്വസിപ്പിച്ചുംകൊണ്ടുള്ള അത്ഭുതപൂർവ്വവും ഗംഭീരവുമായ ഒരു ജൈത്രയാത്രയായിരുന്നു അതു്. ഈ യാത്രയിൽ ബുദ്ധമതാവലംബികളും ജൈനമതവിശ്വാസികളുമായ അനേകംപേരെ പണ്ഡിതന്മാരോടു് ഏറ്റുമുട്ടുവാൻ ആചാര്യസ്വാമികൾക്കിടയായിട്ടുണ്ടു്. എതിരാളികൾ ഏവരും തന്നൈരചനയുടെ പുരുഷനുമുമ്പിൽ മുട്ടുകുത്തുകയല്ലാതെ തത്തുല്യരായിട്ടെങ്കിലും വരുമ്പോൾ ഒന്നുകിൽ തോറ്റുപിൻമാറുകയോ, അല്ലെങ്കിൽ അദ്വൈതസിദ്ധാന്തം സ്വീകരിക്കയൊന്നുതന്നെ ചെയ്യേണ്ടിവന്നു. തന്റെ ഗുരുവിനോടനുജ്ഞയും വാങ്ങി പര്യടനമാരംഭിക്കുംമുമ്പുതന്നെ അദ്ദേഹം ചില വലിയ കാര്യങ്ങളും ചെയ്തുവെച്ചിരുന്നു. ഒന്നാമതായി, "പ്രസ്ഥാനത്രയം'' എന്ന അഭിധാനത്തിലറിയപ്പെടുന്ന ഉപനിഷത്തുകളും, ഭഗവദ്ഗീത, ബ്രഹ്മസൂത്രങ്ങളും ഇവ മൂന്നിനും അദ്വൈതപരമായ ഗംഭീരമായ വ്യാഖ്യാനങ്ങളെഴുതി. അതിനുശേഷം വിഷ്ണുസഹസ്രനാമസ്തോത്രത്തിനും ഒരു മഹാവ്യാഖ്യാനമെഴുതി. ആചാര്യസ്വാമികളുടെ തൂലികയിൽനിന്നു നിസ്സുലിച്ച മഹാഗ്രന്ഥങ്ങളിൽ അതിപ്രസിദ്ധമാണെല്ലാം ഈ വ്യാഖ്യാനം. ഈ വ്യാഖ്യാനമെഴുതിയതിനുശേഷമാണ് യാത്രയാരംഭിച്ചതു്. അന്നു അദ്ദേഹം ശ്രീ ശങ്കരഭഗവദ്പാദരെന്ന പേരിലാണു് അറിയപ്പെട്ടിരുന്നതു്. ശ്രീ ശങ്കരാചാര്യസ്വാമികളെന്നപേർപിന്നീടുണ്ടായതാണു്.

കൈലാസയാത്ര

തന്റെ യാത്രയിൽ ആദ്യമായി സന്ദർശിച്ചതു പദ്മപാദൻ എന്ന ശിഷ്യനെയാണു്. പ്രയാഗ, ശ്രീകാശി മുതലായ പുണ്യസ്ഥലങ്ങളിലേക്കും സന്ദർശിച്ചു, അക്കാലത്താണു് ബ്രഹ്മസൂത്രങ്ങളുടെ കർത്താവായ വേദവ്യാസനെ നേരിട്ടുകണ്ടു് തൻ ആമഹാഗ്രന്ഥത്തിനെഴുതിയ വ്യാഖ്യാനത്തെപ്പറ്റി വ്യാസനുമായി ചർച്ചചെയ്തതും, വ്യാസനെക്കൊണ്ടു് അതു ശരിവെപ്പിച്ചതും. ഏതാണ്ടിക്കാലത്തുതന്നെയായിരിക്കണം സ്വാമികൾ സാക്ഷാൽകൈലാസംസന്ദർശിച്ചു്, ശിവനെസ്തുതിച്ചു വണങ്ങിയതും (വേദോന്തച്ചുണ്ടിക എന്ന ഗ്രന്ഥം അദ്വൈതപരമായ ആ സ്തുതികളുടെ സംഗ്രഹമാണെന്നു ഒരു അഭിപ്രായമുണ്ടു്), ഭഗവാനെ പ്രസാദിപ്പിച്ചു അനുഗ്രഹിച്ചതും. കൈലാസത്തിൽനിന്നു ഭഗവാൻ ആ പരമഭക്തനു സന്തോഷപൂർവ്വം അഞ്ചു സ്ഫടികലിംഗങ്ങളും സമ്മാനിച്ചു. സൌന്ദര്യലഹരി, ശിവരഹസ്യം എന്നീ രണ്ടു വിശിഷ്ടഗ്രന്ഥങ്ങളും സ്വാമികൾ കൈലാസത്തിൽനിന്നു വരുമ്പോൾ കൊണ്ടുവന്നതാണെന്നാണു് ഐതിഹ്യം.

കൈലാസയാത്രകഴിഞ്ഞു തിരിച്ചുവന്നശേഷം അദ്ദേഹം കാശ്മീരം സന്ദർശിച്ചു. അവിടെവെച്ചാണു് മണ്ഡനമിശ്രനുമായുണ്ടായ പ്രസിദ്ധമായ സംവാദം നടന്നതും, മണ്ഡനമിശ്രനെ ജയിച്ചു് അദ്ദേഹത്തെ ഒട്ടുവിൽ സുരേശ്വരാചാര്യൻ എന്ന പേരോടുകൂടി തന്റെ ഉത്തമശിഷ്യനായി അംഗീകരിച്ചതും. കാശ്മീരത്തിൽനിന്നുതന്നെയാണു് മണ്ഡനമിശ്രന്റെ പത്നിയും പണ്ഡിതവരേണ്യയുമായ സരസ്വതിയുമായും (സരസ്വാണിയെന്നും ഇവർക്കു പേരുണ്ടു്) സംവാദങ്ങളും നടത്തി, വളരെ വിഷമിച്ചുവെങ്കിലും, അവസാനം വാദത്തിൽ ജയിച്ചു്, താൻ ആവശ്യപ്പെട്ടനേടത്തുവരെ തന്നെ സഹായിച്ചുകൊള്ളാമെന്ന വാഗ്ദത്തം ആ ദിവ്യയിൽനിന്നും ലഭിച്ചതും.

പിന്നെ തുംഗഭദ്രാതീരത്തുവെച്ചാണു് ശിവപാർഷ്ണുന്ധനമന്ത്രമായുണ്ടായ സംഘട്ടനവും വിജയവും. അതിനുശേഷം ശൃംഗേരിയിൽ ആദ്യമായി ഒരു മഠം സ്ഥാപിക്കുകയും, മണ്ഡനമിശ്രന്റെ ഭാര്യപദ്മിനിയായിരുന്ന സരസ്വതിയെ ശക്തിസ്വരൂപിണിയായി അവിടെ പ്രതിഷ്ഠിക്കയുംചെയ്തു. ശൃംഗേരിയാത്രയിൽ കൈലാസത്തിൽനിന്നു കൊണ്ടുവന്ന ലിംഗങ്ങളിൽ ഒന്നായ ഭോഗലിംഗവും സ്ഥാപിച്ചു. ഈ മഠം തന്റെ ശിഷ്യനായ പൃഥ്വിധരനെയാണു് ഏല്പിച്ചിരുന്നതു്. അവിടെനിന്നു ചിദംബരത്തേയ്ക്കു പോകയും അവിടെ അഞ്ചു ലിംഗങ്ങളിലൊന്നായ മോക്ഷലിംഗം സ്ഥാപിക്കയും ചെയ്തു. ചിദംബരദർശനാവസരത്തിൽ, പെട്ടെന്നു സ്വാമികൾക്കു തോന്നി, താൻ ഇന്ത്യയൊട്ടുക്കു ഒരു ശിഷ്യയാത്ര നടത്തേണമെന്നു്. ദക്ഷിണേന്ത്യയിൽനിന്നാണു് ആ യാത്രയാരംഭിച്ചതു്. ഈ യാത്രയിലാണു് നടുനീളെ പുതിയ ക്ഷേത്രങ്ങളും പ്രതിഷ്ഠകളും ആചാരങ്ങളുമെല്ലാം സ്വാമികൾ സ്ഥാപിച്ചതും. കേരളത്തിലെ കാര്യങ്ങൾ സ്വാമികളുടെ പ്രത്യേകശ്രദ്ധയ്ക്കു വിഷയീഭവിച്ചിരുന്നു. ഇന്നു കേരളത്തിലെ ശേഷക്ഷേത്രങ്ങൾമുതൽ കന്യാകുമാരിവരെയുള്ള ഏതു പുരാതനക്ഷേത്രത്തിലും നടപ്പുള്ള ആചാരങ്ങളും ചിട്ടകളും സ്വാമികളാൽ അന്നു് വിധിക്കപ്പെട്ടവയാണു്.

കേരളത്തിൽനിന്നു തമിഴ്നാട്ടിൽ സഞ്ചരിക്കുമ്പോഴാണു്, തിരുനാപ്പ

ളിക്കടുത്തുള്ള ജംബുകേശ്വരക്ഷേത്രത്തിൽ വാണരുളുന്ന അഖിലാണ്ഡേശ്വരീദേവിയുടെ ഉഗ്രത തെല്ലൊന്നു ശമിപ്പിക്കണമെന്നുണ്ട് ലോകക്ഷേമത്തിനുതകുകയെന്ന ബോധ്യപ്പെട്ട്, ദേവിയുടെ ഇരു കണ്ണുകളിലും തടങ്കങ്ങളെന്നപോലെ ശ്രീചക്രം സ്ഥാപിക്കയും, ദേവിയെ പ്രകീർത്തിച്ചുകൊണ്ട് സ്തോത്രങ്ങൾ രചിച്ചുപാടുകയും ചെയ്തു ദേവിയുടെ അനുഗ്രഹം വാങ്ങിയതും.

ദക്ഷിണേന്ത്യയിൽനിന്നും ഉത്തരേന്ത്യയിൽചെന്ന ഉടനെ ഹിമാലയത്തിലെ ബദരീനാരായണത്തിലെത്തി, അവിടെയും ഒരു മഠം സ്ഥാപിച്ചു. തോടകാചാര്യനെന്ന ശിഷ്യനെ അതിന്റെ ഭരണവുമേല്പിച്ചു. ബദരിയിൽനിന്നും കേദാരക്ഷേത്രത്തിൽചെന്നു. അവിടെ മുക്തിലിംഗവും സ്ഥാപിച്ചു. പിന്നീട് നേപ്പാളത്തിലയ്യപോയി; അവിടെയുണ്ടായിരുന്ന വരലിംഗം സ്ഥാപിച്ചതും. അയോദ്ധ്യ സന്ദർശിച്ചശേഷം നേരെ ദ്വാരകയിലയ്യപോയി അവിടെയും ഒരു മഠം സ്ഥാപിച്ചു. ഹസ്താമലകനെന്നപേരായ ശിഷ്യനെ അവിടെ നിർത്തി. പിന്നെ ശ്രീകൃഷ്ണലീലാമൃതം സദാ പൊഴിഞ്ഞുകൊണ്ടിരിക്കുന്ന ഗോകുലം, വൃന്ദാവനം മുതലായവ സന്ദർശിച്ച് ആനന്ദത്തിലാറാടിയശേഷം ഉത്തരേന്ത്യയിലെ എല്ലാ പരിപാവന സ്ഥലങ്ങളും നടന്നുകണ്ടു, കിഴക്കുഭാഗത്തുള്ള ജഗന്നാഥപുരിയിൽ എത്തി. പദ്മപാദനെന്ന ശിഷ്യന്റെ മേൽനോട്ടത്തിൽ അവിടെയും ഒരു മഠം സ്ഥാപിച്ചു. അങ്ങിനെ ഭാരതത്തിന്റെ തെക്കേഅറ്റം മുതൽ വടക്കേഅറ്റംവരെയും, പടിഞ്ഞാറേ തലമുതൽ കിഴക്കെ തലവരെയും സഞ്ചരിച്ച് ദിഗ്വിജയം അതിവേഗം സന്ദർശിച്ച് അദ്വൈതമതം പ്രചരിപ്പിച്ചു. അദ്വൈതമതസിദ്ധാന്തങ്ങൾക്ക് ഭാസുരമായ ഭാവിയുണ്ടാക്കിത്തീർക്കുവാനും അതു അനശ്വരമായിരിക്കുവാനും വേണ്ടിയാണ് നാലുഭാഗത്തും നാലു മഠങ്ങൾ സ്ഥാപിച്ചിട്ടുള്ളതു.

കാഞ്ചീപുരം

പദ്മപാദനെല്ലാം കഴിഞ്ഞ് ഒടുവിൽ സ്വാമികൾ കാഞ്ചീപുരമെന്ന പരിപാവന സ്ഥലത്തെത്തി. കാഞ്ചീപുരം മദിരാശി നഗരത്തിൽനിന്നും ഏതാണ്ട് മുപ്പതു നാഴികയെയുള്ളു. കാഞ്ചീപുരത്താണ് പ്രസിദ്ധ കാമാക്ഷിക്ഷേത്രമുള്ളതു. സ്വാമികളുടെ ആഗമനത്തിനുമുമ്പു അവിടെ ദേവി രൌദ്രഭാവത്തിലായിരുന്നു. എന്നാൽ കലിയുഗത്തിൽ രൌദ്രത്തെക്കാൾ സൌമ്യത്തിനാണ് തേജസ്സും ശക്തിയുംകൂട്ടുക എന്നുകണ്ട ദീർഘദർശിയായ സ്വാമികൾ തന്റെ ആകർഷണശക്തികൊണ്ട് ദേവിയെ സൌമ്യയാക്കിത്തീർത്തു; ക്ഷേത്രത്തിൽ, ത്രിപുരത്തിൽ, കാമകോടിപീഠമാകുന്ന ശ്രീചക്രം സ്ഥാപിക്കയുംചെയ്തു. ഇതിനുശേഷം സ്വാമികളുടെ തലസ്ഥാനം കാഞ്ചീപുരംതന്നെയായി. ഇവിടെവെച്ചാണത്രെ ഭർത്തൃമേധമഹർഷി സ്വാമിയെ സന്ദർശിച്ച് അനുഗ്രഹിച്ചതു. കാഞ്ചിപുരത്തുവച്ചതന്നെയാണ് മറ്റെല്ലാ മതതത്വങ്ങളെക്കാളും വിശിഷ്ടമാണ് അദ്വൈതമതസിദ്ധാന്തങ്ങളെന്നു ഏവരെക്കൊണ്ടും സമ്മതിപ്പിക്കുവാനും സർവ്വജ്ഞപീഠംകയറി ലോകഗുരുവായിത്തീരുവാനും അദ്ദേഹത്തിനു കഴിഞ്ഞതും, അതിനുമുമ്പുതന്നെ കാശീരത്നത്തിൽവെച്ചു സ്വാമികൾ സർവ്വജ്ഞപീഠംകയറിയിരുന്നതാണ്. കാഞ്ചീപുരത്തുണ്ടായതു രണ്ടാമത്തെ തവണയാണ്.

അന്നു കാഞ്ചീപുരം ഭരിച്ചിരുന്ന രാജസേനൻ എന്ന രാജാവു് സ്വാമികൾക്കുവേണ്ടി അവിടെ ക്ഷേത്രങ്ങളും നിർമ്മിയ്ക്കുക മാത്രമല്ല, നഗരത്തെത്തന്നെ നവീകരിച്ചു സ്വാമികളുടെ ആഗമനത്തിനുശേഷം കാഞ്ചീപുരം ഇന്ത്യയിലെ സംസ്കാരകേന്ദ്രങ്ങളുടെ മുന്നണിയിലെത്തിയിരുന്നു. ശ്രീ ശങ്കരാചാര്യ സ്വാമികളുടെ പ്ലാൻ അനുസരിച്ചു ശ്രീചക്രത്തിന്റെ രൂപത്തിലാണ് പുതിയ നഗരം നിർമ്മിക്കപ്പെട്ടതു. കാമാക്ഷിക്ഷേത്രം മദ്ധ്യത്തിൽ (ശ്രീചക്രത്തിന്റെ ബിന്ദുസ്ഥാനത്തിൽ) നിന്നു, മറ്റെല്ലാ ക്ഷേത്രങ്ങളും നഗരത്തിന്റെ നാലുഭാഗത്തും അതിനെ അഭിമുഖീകരിച്ചുകൊണ്ടു നില്ക്കുന്നു. നഗരനിർമ്മാണം കഴിഞ്ഞശേഷം രാജാവു സ്വാമിജിക്കു സർവ്വസുഖസൌകര്യങ്ങളുമുള്ള ഒരു മഠവും നിർമ്മിച്ചു സ്വാമികൾതന്നെ ആദ്യമായിരുന്ന ആ മഠമാണ് ഇന്നു പ്രസിദ്ധമായ കാമകോടി പീഠത്തിലെ മഠം. അങ്ങിനെ കാഞ്ചീപുരം ശ്രീവിദ്യയുടെ പ്രതിരൂപമായ ബ്രഹ്മവിദ്യയുടെ കേന്ദ്രവുമായിത്തീർന്നു.

സ്വാമികൾ കൈലാസത്തിലെ അഞ്ചുലിംഗങ്ങളിൽ ഒടുവിലത്തെതായ യോഗലിംഗം സ്വന്തം മഠത്തിൽ തന്റെ പൂജാഗൃഹത്തിൽത്തന്നെ സ്ഥാപിയ്ക്കുകയും, അവിടെത്തന്നെ മഹാത്രിപുരസുന്ദരിയെ പ്രതിഷ്ഠിയ്ക്കുകയും ചെയ്തു. തന്റെ കാലശേഷം പ്രസ്തുതമഠത്തിന്റെ അധിപതിയായിരിപ്പാൻ പ്രധാന ശിഷ്യനായ സുരേശ്വരാചാര്യനെയും നിയമിച്ചു. എന്നാൽ സുരേശ്വരാചാര്യൻ ഒരുകാലംഗൃഹസ്ഥനായിരുന്നതുകൊണ്ട് നിത്യബ്രഹ്മചാരികൾ മാത്രം പൂജകൾ നടത്തേണമെന്നു നിർബ്ബന്ധമുള്ള കാമകോടി പീഠത്തിൽ പൂജാദികർമ്മങ്ങൾ നടത്തുവാൻ മറ്റൊരു ശിഷ്യനെയും ഭരമേല്പിച്ചു. സുരേശ്വരാചാര്യനെ എല്ലാ മഠങ്ങളുടെയും അധിപതിയായിട്ടാണ് നിയമിച്ചതു.

ഇങ്ങിനെ കൃത്യങ്ങളെല്ലാം മുൻകൂട്ടി നിശ്ചയിച്ചശേഷം, തന്റെ മുപ്പത്തിരണ്ടാംവയസ്സിൽ, അജയ്യനും അദ്വൈതമതസ്ഥാപകനുമായ ജഗദ്ഗുരു ക്രിസ്തുവിനു് 477 വർഷം മുമ്പു് കാഞ്ചീപുരത്തുള്ള മഠത്തിൽവെച്ചു സമാധിസ്ഥനായി.

ഹിന്ദുമതോദ്ധാരണം

ഇരുപത്തിനാലുകൊല്ലത്തെ പരിശ്രമഫലമായി ആചാര്യസ്വാമികൾ ഹിന്ദുമതത്തെ പുനരുദ്ധരിക്കുവാൻ സാധിച്ചു. അതു വമ്പിച്ചൊരു പ്രവൃത്തിതന്നെയായിരുന്നു. ഹിന്ദുമതം ഉദ്ധരിക്കുക മാത്രമല്ല, ഹിന്ദുമതത്തിലെ സാഹസികവും ഭീരാചാരപരവുമായ നാനാകർമ്മങ്ങളെയും തച്ചുടച്ചു ലോകക്ഷേമകരമായ ചിട്ടകളും ആചാരങ്ങളും വിധികളും ബലത്തിൽക്കൊണ്ടുവരുവാൻ ആ ചൈതന്യമൂർത്തി ജഗദ്ഗുരുകനായിരുന്നു. ആചാര്യസ്വാമികളുടെ ജൈത്രയാത്രയുടേയും അദ്വൈതമതപ്രചരണത്തിന്റേയും ഉഗ്രതയെ തടയുവാൻ ബുദ്ധഭഗവാനും അശോകചക്രവർത്തിക്കും ശേഷമുണ്ടായ ബുദ്ധമതപണ്ഡിതന്മാർക്കും, ജൈനമതാധിപന്മാർക്കും മഠം മതസ്ഥാപകന്മാർക്കും തെല്ലും തൃണിയുണ്ടായില്ല. ആ വമ്പിച്ച കൊടുങ്കാറ്റിൽ മറ്റെല്ലാം മതസിദ്ധാന്തങ്ങളും പുഴുങ്ങിവീണും, പൊട്ടിത്തകർന്നും, പാറിപ്പറന്നും ഇനിമേൽ ഭാരതഭൂമിയിൽ സൈരമായ് വളരാനൊരുഴയ്ക്കാനൊ ക്ഷിപ്രസംഭവ്യമല്ലെന്നുകണ്ടു. അങ്ങിനെയാണ് ബുദ്ധമതം ജന്മഭൂമിയായ ഭാരതത്തിൽ ബലഹീനമായിത്തീർന്നതും, ചൈന, ബർമ്മ, സിലോൺ മുതലായ അയൽരാജ്യങ്ങളിൽ തഴച്ചുവളർന്നതും.

ദിവ്യചൈതന്യം പോകുന്നേടത്തെല്ലാം ചിതറിയിരുന്ന ഒരു അവതാരപുരുഷൻ; ബുദ്ധഭഗവാനെപ്പോലെ തന്നെ ലോകരക്ഷാർത്ഥം വർത്തിച്ച ദീനവത്സലൻ! ആ ജഗദ്ഗുരുവിന്റെ ജന്മസ്ഥലമായ കാലടിയിൽ അദ്ദേഹത്തിന്റെ പാവനസ്മരണയെ നിലനിർത്തുവാൻ ഒരു ക്ഷേത്രം നിർമ്മിച്ചിട്ടുള്ളതു അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിപ്പുറം മാത്രമാണ്.

★

H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

നിങ്ങളുടെ ആരോഗ്യം

വർദ്ധിച്ച് യൌവനം നിലനിൽക്കുന്നതിന് സഹ്യാദ്രിസാനുപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ച് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

ച്യവനപ്രാശംലേഹ്യം

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ഹൃദ്രോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങളും ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓർമ്മശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്ക് പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഹെഡാഫീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

ധന്വന്തരിവൈദ്യശാല, H O തൊടുപുഴ, തിരുവിതാംകൂർ.

ബ്രാഞ്ചുകൾ:

1. ആലപ്പുഴ
2. ആലുവാ
3. ആറ്റിങ്ങൽ
4. ഇടപ്പള്ളി
5. ഈരാറ്റുപേട്ട
6. എറണാകുളം
7. കായംകുളം
8. കാഞ്ഞാർ
9. കിളിമാനൂർ
10. ക്രുത്താട്ടുകുളം
11. കൊട്ടാരക്കര
12. കൊച്ചി
13. കൊല്ലം
14. കോതമംഗലം
15. കോഴിക്കോട്
16. കോട്ടയം
17. ചങ്ങനാശ്ശേരി
18. ചേർത്തല
19. തക്കല
20. തിരുവനന്തപുരം
21. തിരുവല്ലാ
22. തൃപ്പൂണിത്തുറ
23. തൃശ്ശൂർ
24. നാഗർകോവിൽ
25. നെടുമങ്ങാട്
26. നെയ്യാറ്റിൻകര
27. പറവൂർ
28. പന്തളം
29. ബാംഗ്ലൂർ
30. പാലാ
31. പിറവം
32. പുനലൂർ
33. പൂഞ്ഞാർ
34. പെരുമ്പാവൂർ
35. പൊൻകുന്നം
36. മദ്രാസ്
37. മാർത്താണ്ഡം
38. മാവേലിക്കര
39. മുണ്ടക്കയം
40. മൂവാറ്റുപുഴ
41. വാഴക്കുളം
42. വൈക്കം

ത്യാഗം

★

ജി. ശങ്കരപ്പിള്ള ബി. എ. (ആണേഴ്സ്)

"രാജസ്ഥാനചരിത്രത്തിൽ സ്ഥാനീശ്വരാധിപനായ ഹർഷവർദ്ധനനേയും ജ്യേഷ്ഠൻ രാജ്യവർദ്ധനനേയും ജീവിതകഥ സ്മരണീയമാണ്. സഹോദരിക്കും സഹോദരനുംവേണ്ടി ഉഴിഞ്ഞുവയ്ക്കപ്പെട്ട ഒരു ജീവിതമായിരുന്നു അതു്. രാജ്യവർദ്ധനൻ അനുജനുവേണ്ടി കിരീടവും രാജ്യശ്രീയ്ക്കുവേണ്ടി ജീവനും ഉപേക്ഷിച്ച കഥയാണിതു്. പിതാവിന്റെ മരണത്തിനു ശേഷം ആ സഹോദരന്മാർതമ്മിൽ കാണുകയാണു് വേദന അളിക്കുന്ന ഹൃദയങ്ങളുടെ.....

[കനൗജിൽ ഹർഷന്റെ കൊട്ടാരം—ഹർഷനും രാജ്യവർദ്ധനനും—ഹർഷൻ തേങ്ങിത്തേങ്ങി കരയുന്ന ശബ്ദം. അതോടൊപ്പം ഫിഡിലിന്റെ ഇഴഞ്ഞശബ്ദവും കേൾപ്പിക്കണം.]

രാജ്യവർദ്ധനൻ—(ശബ്ദത്തോടെ) അനുജാ! (അല്പംകൂടി ഉറക്കെ) അനുജാ! ഇതെല്ലാം...വിധിയാണു്.

ഹർഷൻ—ചേട്ടാ! വയ്യ.....അതോക്കെപ്പോഴെല്ലാം ഞാൻ കരഞ്ഞുപോകുന്നു.

രാജ്യ—എന്നാലും...എനിക്കിപ്പോൾ ഇവിടെ ഉണ്ടായിരിക്കുന്നെങ്കിലും കഴിഞ്ഞെല്ലോം. അതു ഒരു സമാധാനമെങ്കിലും.....

ഹർഷൻ—അതാണെന്റെ സമാധാനം നശിപ്പിച്ചതു്. ആ അന്ത്യനിമിഷങ്ങൾക്കു ഞാൻ സാക്ഷിയും കേണ്ടിവന്നു. ചേട്ടാ! നമ്മുടെ പ്രിയപ്പെട്ട അച്ഛന്റെ.....അതു തിളങ്ങുന്ന കണ്ണുകളും നിശ്ചേതനങ്ങളാകുന്നതു്.....ഹോ! വയ്യ: ചേട്ടാ. വയ്യ. എനിക്കാരംഭം ഓർമ്മിക്കൻകൂടിവയ്യ. (തേങ്ങിക്കരയുന്നു.)

രാജ—(ദുഃഖിതനൈസ്വരത്തിൽ) എങ്കിലും, അനുജാ: നീ ഭാഗ്യവാനാണു്.

ഹർഷൻ—(ശബ്ദത്തിൽ)എന്തു്?

രാജ്യ—അതെ, എന്നതന്നെ ഞാൻ പറയും. അച്ഛനെ അവസാനമായിട്ടു് ഒരുനോക്കുകാണുവാൻ നിനക്കുകഴിഞ്ഞു. (ശബ്ദത്തിൽ)ഞാൻ അപ്പോഴും അതു നശിച്ച ഹൂണസൈന്യത്തെ തുരത്തുകയായിരുന്നു. കഷ്ടം!

ഹർഷ—അനു'-സന്ദേശവുംകൊണ്ടു് ഭടന്മാരെത്തിയപ്പോൾ ഞാനും തയ്യാറെടുക്കുകയായിരുന്നു ചേട്ടാ, അങ്ങയെ പിൻതുടരാൻ. അപ്പോഴും...അതു നിമിഷം ഞാനിങ്ങോട്ടോടി.....എനിക്കു് ഭ്രാന്തായിരുന്നു. ചേട്ടനെ അറിയിക്കുവാൻതന്നെ ഞാൻ മറന്നു—ഹോ! എന്തൊരു പേപിടിച്ച അനുഭവങ്ങൾ!

രാജ്യ—അറിയിക്കാതിരുന്നതു് നന്നായി.....

ഹർഷ—ചേട്ടൻ...ഇങ്ങനെ പറയുന്നതു്.....

രാജ്യ—ഇല്ല. ഞാൻ നിന്നെ കുറ്റപ്പെടുത്തുകയില്ല. അനുജാ! മനസ്സു് ശാന്തമാക്കൂ. ആ സന്ദർഭത്തിൽ ഞാനിതറിഞ്ഞാൽ.....

ഹർഷൻ—ചേട്ടനുടൻ ബോധം കെട്ടുവീഴും. എനിക്കറിയാംചേട്ടാ! അച്ഛനോടു് അങ്ങേയ്ക്കുള്ള സ്നേഹം.

രാജ്യ—വിജയം ത്രാസ്സിൽ തൂങ്ങുന്ന ഒരു പോരാട്ടമായിരുന്നനുജാ' അതു്. അപ്പോഴതറിഞ്ഞെങ്കിൽ.....

ഹർഷ—രാജ്യമിനി ഹൂണന്മാരുടെകയ്യിൽ.

രാജ്യ—അതെ. അതുതന്നെ സംഭവിച്ചേനെ. പക്ഷെ രാജ്യവുംരക്ഷിച്ചു് വിജയവുംനേടി ഞാൻ തിരിച്ചുവന്നപ്പോൾ.....(കണ്ഠിരേധത്തോടെ)പോയി അനുജാ! പോയി. എന്റെ ഹൃദയം തകർന്നുപോയി. വിജയവാർത്ത അറിയിച്ചു് അച്ഛന്റെ അനുഗ്രഹം കൈയിലെത്തിയ ഞാൻ.....ഞാനിനിയും ജീവിച്ചിരിക്കുന്നതുതന്നെ അദ്ഭുതം. എനിക്കു് മരിച്ചാൽമതി. ഹർഷാ! പൊന്നനുജാ! പറയൂ. ആ സംഭവങ്ങളും. എനിക്കെല്ലാം വിസ്തരിച്ചു കേൾക്കണം. അങ്ങനെയെങ്കിലും ഞാനൊന്നാശ്വസിക്കട്ടെ. ഞാൻ എന്റെ ഭാവനയിലെങ്കിലും ആ രംഗമൊന്നു കണ്ടുകൊള്ളട്ടെ.

ഹർഷ—രാത്രിയാണു് ഞാൻ ഇവിടെ എത്തിയതു്. സമയം അകാലമായി. ഇരുട്ടു്. സർവ്വത്ര ഇരുട്ടു്. ഞാൻ വേഗതകൂട്ടി പായുകയായിരുന്നു—വന്നയുടൻ ഞാൻ ഓടിയതു് അച്ഛന്റെ അടുത്തേക്കായിരുന്നു. ചേട്ടാ! ആ മങ്ങിയ വെളിച്ചത്തിൽ ഞാൻ കണ്ടു.....നമ്മുടെ അച്ഛൻ.

* * *

[Flash Back]

[പ്രഭാകരവർദ്ധനന്റെ ക്ഷീണിച്ച ശബ്ദം]

പ്രഭ: വ—(ക്ഷീണിതനായി) അരുതു്.....ങേ:

ഹർഷ—(ശബ്ദകേണ്ണനായി) അച്ഛാ! ഞാൻ. ഹർഷൻ.

പ്രഭ: വ—ങേ? അതു്?...ഹർഷനോ? എന്റെ.....

ഹർഷ—അതേ. അച്ഛാ, അച്ഛന്റെ പൊന്നോമനമകൻ ഹർഷൻ.

പ്രഭ: വ—(അല്പംശബ്ദമുയർത്തി) പ്രഭാവതി ആരും വിളികേൾക്കുന്നില്ല പ്രഭാവതി! എവിടെയവരു്.. ഇവിടെ ആരുമില്ലേ? (എണീക്കാൻ ശ്രമിക്കുന്നു. ഹർഷൻ തടുത്തുകിടത്തിക്കൊണ്ടു്)

ഹർഷ—അമ്മ മയങ്ങുകയാണച്ഛാ! എന്തുവേണം? ഞാനുണ്ടു്.

പ്രഭ: വ—അവരം കേൾക്കണം. പ്രഭാവതി? ഇതാ നിൻറെമകൻ ജയിച്ചുവന്നിരിക്കുന്നു. (ആരോടെന്നില്ലാതെ) നോക്കു്. വിജയഭേരിയുമടിച്ചു്.....ഞാൻ പറയാറില്ലേ..... (സംഭിമാനം) എന്റെ മകനാണെടീ അവൻ. സിംഹത്തിന്റെകുഞ്ഞു്. എവിടെമകനേ! നീ എവിടെ? (കൈനീട്ടി ഹർഷന്റെ കൈപിടിച്ചു് നെഞ്ചിൽചേർത്തുവയ്ക്കുന്നു. സംഗീതോപകരണങ്ങളിൽക്കൂടി [ശോകാകുലമായ ചില ശബ്ദങ്ങൾ)

പ്രഭ: വ—കുഞ്ഞേ! ഹർഷാ.

ഹർഷ—അച്ഛാ! എന്തുവേണം? ഞാൻ അമ്മയെവിളിക്കട്ടെ?

പ്രഭ: വ—വേണ്ട. മകനേ! വേണ്ട. അവരം...പാവം. ഉറങ്ങട്ടെ. മകനേ! ഹൃദയം ഒരിക്കലും കളഞ്ഞുപോകരുതെ സൂക്ഷിക്കു്. ഒരിക്കലും—ഒരിക്കലും. (ശബ്ദമുയരുന്നു) നിന്റെസ്ഥാനത്തിൻ നീ കളങ്കംചേർക്കരുതു്...ഞാൻ-ഞാൻ. (പിടിവിടുന്നു. തല പതുക്കെ ചായുന്നു) ഞാൻ പോകുകയാണു്..... മകനേ! യശസ്സു.....

(ശബ്ദതരംഗങ്ങൾ)

* * *

ഹർഷൻ—അങ്ങനെ അച്ഛൻ മരിച്ചു. ആ മുഖം പ്രസന്നമായിരുന്നു ചേട്ടാ! വേദനയുടെ ഒരു നേരിയരേഖകൂടി ഉണ്ടായിരുന്നില്ല. പക്ഷേ തിളങ്ങിക്കൊണ്ടിരുന്ന ആ കണ്ണുകളിൽ ചൈതന്യംനിലച്ചപ്പോൾ, ഉജ്വലമായ ആ മുഖം കടലാസ്സുപോലെ വിളറി വെളുത്തപ്പോൾ.....ചേട്ടാ; ഞാൻ വിളിച്ചുപോയി. ഞാനറിയാതെ എന്റെ ഹൃദയം കരഞ്ഞുപോയി.

രാജ്യ—നിവൃത്തു്. നിവൃത്തു്. അനുജാ! എനിക്കതേർമ്മിക്കാൻകൂടി കരുത്തില്ല. എൻറെഅച്ഛൻ! വാത്സല്യനിധിയായ അച്ഛൻപോയി. അനന്തതയിലിരുന്നു് ഈ രംഗംകാണുവാൻ അദ്ദേഹംപോയി. അമ്മയോ?

ഹർഷ ഞാൻ കരുതിയതുകേട്ടോ? അമ്മ ഉണരും. ചേട്ടാ! ഒരു ഭയങ്കരനിമിഷമായിരുന്നു അതു്. ഹൃദയം തുളയ്ക്കുന്ന സന്ദർഭം. അമ്മയുടെ കണ്ണിൽ എൻറെഉള്ളിൽ തീപ്പൊരി ചിതറി ചേട്ടാ. ഒടുവിൽ ആ ചിന്താവേദിയിൽ ആ സംഭാഷണം.....

രാജ്യ—(കരഞ്ഞുകൊണ്ടു്) വിധി! ഭയങ്കരമായ വിധി. ആ രാക്ഷസി ക്രൂരനിയും തുടയിയാകുമോ? (തെല്ലിട നിശബ്ദത) ഹർഷാ! നീ ഒക്കുന്നുണ്ടോ ആ യാത്രപറച്ചിൽ. അതാ! ആ പടനാമരത്തിന്റെ കീഴ് അച്ഛനിരിക്കുകയായിരുന്നു.

ഹർഷ—ഉവ്വു്. ജ്യേഷ്ഠാ ഞാൻ ഓർമ്മിക്കുന്നു. ഇന്നലെ കഴിഞ്ഞതുപോലെ വ്യക്തമായി ഓർമ്മിക്കുന്നു.

രാജ്യ—പെട്ടെന്നാണച്ഛൻ എന്നെ കാണുവാനാഗ്രഹപ്പെട്ടതു്. [ഹൂണന്മാരുമായി പൊരുതുന്നതെത്തിക്കൊള്ളണമെന്ന ആജ്ഞ. അപ്പോഴച്ഛന്റെ മുഖത്തുണ്ടായിരുന്ന ആ ഗൗരവം.....എന്തൊരു തേജസ്സായിരുന്നു.

ഹർഷ—അടുത്തിരുന്ന അമ്മകൂടി അൽഭുതപ്പെട്ടുപോയി.

രാജ്യ—അമ്മചോദിച്ചു നിന്നെയല്ലേ അയയ്ക്കുണ്ടതെന്നു്. വാസ്തവമായിരുന്നു, ഹർഷാ. നീ ആയിരുന്നു എന്നെക്കാൾ നല്ല സേനാനായകൻ. ഞാൻ വെറും ശാന്തൻ. ആപ്രാപ്തൻ. പക്ഷേ അച്ഛൻപറഞ്ഞു പടച്ചട്ടയിട്ടപൊരുതാൻ. ഭീരുതയ്ക്കു ഇവിടെ—ഈ രാജ്യത്തു സ്ഥലമില്ലെന്നു്.

ഹർഷ—അപ്പോഴാണു ഞാൻ കടന്നുവന്നതു്.

രാജ്യ—അതേ. നീ വന്നു. നിന്റെ അഭിനന്ദനീയമായ വീരോചിതമായ സാന്നിധ്യം. അതാണു് അമ്മയെ തൃപ്തിയാക്കിയതു്. അച്ഛൻ അതുകേട്ടു് ചിരിച്ചു. ആ ചിരി—അതെന്നിക്കു മറക്കാൻകഴിയില്ല.

ഹർഷ—(മൗനം)

രാജ്യ—അപ്പോഴച്ഛൻപറഞ്ഞു, മുഗരാജൻ കനൗജിനെ കൊല്ലാൻ തന്റെ കുഞ്ഞുങ്ങളെയയയ്ക്കുമെന്നു്. ആ കുഞ്ഞുങ്ങളിനു് കനൗജിയേയുംകൊന്നു തിരിച്ചെത്തി. അപ്പോഴേയ്ക്കും ആ മുഗരാജൻ. കഷ്ടം! നാം യാത്രപറഞ്ഞപ്പോൾ അമ്മകരഞ്ഞു. അതായിരുന്നു എന്റെ അവസാനകാഴ്ച്ച. (വികാരപരവശനായി നിൽക്കുന്നു)

ഹർഷ—ജ്യേഷ്ഠാ! (സ്വാന്തംവിട്ടു) രണ്ടുടക്കി, എന്തിനു കഴിഞ്ഞകഥകൂടം ഓർമ്മിക്കുന്നു. മറക്കു. ഞാനുമതിനഭ്യർത്ഥിക്കുകയാണു്. നമുക്കച്ഛന്റെ നിർദ്ദേശം പാലിക്കണം.....അതുകൊണ്ടു് വേഗം ജ്യേഷ്ഠൻ കൈകോലെടുക്കണം.

രാജ്യ—(മൗനം)

ഹർഷ—ജ്യേഷ്ഠാ! എന്താണൊന്നും മിണ്ടാത്തതു്. ഒരു സന്ദേഹം?

രാജ്യ—അതുമാത്രമുപരിയായി അച്ഛൻ നമ്മെയെല്ലാം സ്നേഹിച്ചിരുന്നു. വീണ്ടും അല്പസമയംകഴിഞ്ഞു് രാജതന്ത്രത്തിനു് കളങ്കംചേർത്തരുതു് (ഹർഷനെ പ്രത്യേകംനോക്കി) മുടിചൂടാൻപറ്റിയ ശിരസ്സു്, വീരതപ്രവർത്തിയാട്ടുന്ന ഭാവം (പെട്ടെന്നു് ഗൗരവസ്വരത്തിൽ) അനുജാ!

(ശേഷം 8-ംപേജിൽ)



കൊല്ലം ആനന്ദകലാനിലയത്തിലെ ബാലികമാർ. ഇടതുനിന്നു— ഇന്ദിര, ചന്ദ്രിക, ശ്രീകുമാരി, ശശികുമാരി, ഇന്ദിര, ലീല, രാധ, മണി, മായ.




മിസ്സ് ശ്യാമളാരംഭവൻ, (ചന്ദ്രശേഖരൻ പാർട്ടി)




കുമാരി പദ്മജ, ആൾ ഇൻഡ്യാ ലോക്കൽ ബാഡീസുടെ പ്രതിനിധികളുടെ ബാറ്റുമാനത്തിൽ മദ്രാസ് കാപ്പറേഷൻ നടത്തിയ സ്വീകരണത്തിൽ സ്വാഗതപ്രകടനം നടത്തിയ കുമാരി പദ്മജ, തിരുവനന്തപുരം കാപ്പറേഷൻ കൗൺസിലറായിരുന്ന മി. അയ്യപ്പൻപിള്ളയുടെ പുത്രിയാണ് കുമാരി പദ്മജ.

Electric Studio, Madras.



തുളസീദേവി ആൻഡ് പാർട്ടി അംഗങ്ങൾ. ഇടതുനിന്നു—മലജ, ഇന്ദിര, തുളസീദേവി, ഇന്ദിരപുരുഷൻ ബി. എ. (ആണോഴ്സ്), ലീല, ലളിത, കനകജ.



ശ്രീമതി എം. എൽ. വസന്തകുമാരിയും പാർട്ടിയും (സംഗീതം). എസ്. എൻ. ഡി. പി. കനകജൂബിലിസംബന്ധിച്ചുള്ള കലാപ്രകടനങ്ങളിൽ പങ്കെടുത്ത കലാസമിതിഅംഗങ്ങളുടെ ചിത്രങ്ങൾ.

Photos by Republic Photo News Bureau, Bombay.

(5-ാംപേജിൽനിന്ന് തുടർച്ച)

ഹർഷ! — ചേട്ടാ? എന്താണ്? എന്താണിതിന്റെ അർത്ഥം?

രാജ്യ — (അതുകേൾക്കാതെ) അനന്തനെയാണ് അച്ഛൻ ഉദ്ദേശിച്ചതു് — രാജപാലനത്തിനു്.

ഹർഷ — (തൊണ്ടയിടറി) ജ്യേഷ്ഠാ!

രാജ്യ — അത്ഭുതപ്പെടേണ്ട. അനന്തൻ അച്ഛന്റെ അനുശാസനം നിന്നോടാണ്. ആ സ്ഥാനത്തിനു തികച്ചും യോഗ്യൻ നീയാണ്. വിധിയ്ക്കു നിന്നെ അതിനുവേണ്ടിയാണു ഒരുക്കിയിട്ടുള്ളതു്. ഞാൻ... ഞാൻ ഒരു കാവിവസ്ത്രവും ഭോധിവൃക്ഷച്ചുവടുമാണഗ്രഹിക്കുന്നതു്.

ഹർഷ — ജ്യേഷ്ഠാ! ഞാൻ... ഞാൻ...

രാജ്യ — വേണ്ടാ എന്നെ പിൻതിരിപ്പിക്കാൻ ശ്രമിക്കേണ്ട. ശാന്തിയെ ആഗ്രഹിക്കുന്നുള്ള എന്റെ അഭിലാഷം ഞാൻ നടത്തികൊള്ളാം. ആ പ്രഭവേണ്ടെല്ലാം നിനക്കിരിക്കട്ടെ. (അനന്തനെ ആലിംഗനംചെയ്യുന്നു. രണ്ടുപേരും കണ്ണീരൊഴുക്കുന്നു) ഈ ജ്യേഷ്ഠനെഎന്നുംസ്മരിച്ചുകൊള്ളണേ! ഞാൻ എപ്പോഴും നിനക്കുവേണ്ടി പ്രാർത്ഥിക്കാം. രാജ്യശ്രീ! ആ പൊന്നോമന അനന്തത്തി! അവളെക്കൂടി ഈ വിവരം... (കൈരളിയുടെ കളമ്പടിശബ്ദം) ശ്ശ്! എന്താണ് അതു്?

(കുളമ്പടികളും അടുത്തടുത്തുകേൾക്കുന്നു. ആരോ പുറത്തു് ധിറുതിയിൽ ഓടിക്കുന്ന കാലടികളും)

(സൈനികഉദ്യോഗസ്ഥൻ ഓടിക്കിതച്ചു പ്രവേശിക്കുന്നു.)

ഹർഷനും രാജ്യവർദ്ധനനും — എന്തു്? എന്തുണ്ടായി? പറയൂ.

സൈ: ഉ — തിരുമേനി... അടിയൻ എന്തുണത്തിക്കണമെന്നറിയാതെ...

ഹർഷ — വേഗം പറയൂ. പരീക്ഷിക്കാതെ കാര്യംപറയൂ.

സൈ. ഉ — തിരുമേനി... മാൾവാധിപതിശശാങ്കൻ...

രാജ്യ — ഉം. ശശാങ്കൻ? എന്തുചെയ്തു അയാൾ!

സൈ: ഉ — ഗ്രഹവർമ്മത്തിരുമേനിയെ...

ഹർഷ — ഉം. പറയൂ. എന്തുണ്ടായി? ഗ്രഹവർമ്മനെന്തുസംഭവിച്ചു?

സൈ: ഉ — കൊന്നുതിരുമേനി... (വ്യസനസന്തപ്തനായി) മാൾവാധിപൻ ഗ്രഹവർമ്മത്തിരുമേനിയെകൊന്നു.

(അല്പസമയത്തെനിശബ്ദത)

രാജ്യ — (ആവേശത്തോടെ) രാജ്യശ്രീ?

സൈ: ഉ — കുമാരി ഇപ്പോൾ തടങ്കലിലാണ്.

ഹർഷ — എന്തു്? എന്റെ സഹോദരി... തടങ്കലിൽ? ശശാങ്കന്റെ കാരാഗൃഹത്തിലോ?

രാജ്യ — (ഉജ്വലമായസ്വരത്തിൽ) ഉം — പടക്കുറുക്കൻപറയൂ. ഞാൻ ഇതാ പുറപ്പെട്ടുകഴിഞ്ഞു. (സന്ദേശവാഹകൻ പോകുന്നു:) അനന്തൻ! വിധി വീണ്ടും കളിക്കുകയാണ്. എന്റെ ആഗ്രഹങ്ങളും അവൾ തകർത്തു.

ഹർഷാ — ഞാനുംകൂടിയുണ്ട്. ജ്യേഷ്ഠാ! നമുക്കൊന്നുപുറപ്പെടാം. രാജ്യശ്രീയെ മോചിപ്പിച്ചു് ആ ദുഷ്ടനു് തക്കശിക്ഷകൊടുത്തിട്ടുതന്നെ ഇനി ക്കാര്യം.

രാജ്യ — പാടില്ല. ഹർഷാ പാടില്ല. ഇതെന്റെ കർത്തവ്യമാണ്. രാജധർമ്മം ഇന്നെന്റെ കൈയ്യിൽഇല്ല. അതു നിന്നിൽ നിക്ഷേപിച്ചിരിക്കുകയാണ്. എന്നാലും സഹോദരധർമ്മം ഇന്നും എന്നിലുണ്ട്.

ഹർഷ — എന്നാലും.... ഞാനുംകൂടി അങ്ങോട്ടുവരാം. ജ്യേഷ്ഠാ? നമുക്കെ ഉപ്പം അയച്ചെ.....

രാജ്യ — അതു ബുദ്ധിമോശമാണ്. എന്തിനനാം രണ്ടുപേരും? അയാളെ അമർത്താനുള്ള കഴിവു് ഇന്നു് എന്നിലുണ്ട്. നീ ഭയക്കേണ്ട. പാവം! രാജ്യശ്രീ! അവളുമൊത്തു് നാം കഴിഞ്ഞകാലങ്ങളും! എത്രയെത്ര മധുരസ്മരണകളും പൊന്തിവരുന്നു. അനു — ഒരു സംഘാതത്തിൽ അവൾ നമ്മോടുപറഞ്ഞു കനൗജിലേയ്ക്കു പുറപ്പെട്ടപ്പോഴുണ്ടായതുപറച്ചിൽ... അവൾ അടുത്തുവന്നു. ആ കണ്ണുകളിൽ വിഷാദവും സന്തോഷവും ഒത്തു ഞാൻ കണ്ടു അനുജ്ഞ?

* * *

(Flash back)

രാജ്യശ്രീ — ജ്യേഷ്ഠാ: ഞാൻ പോകട്ടെ.....

രാജ്യ — ശ്രീ! നീ ഒരു പുതിയ ലോകത്തിലേയ്ക്കുപോവുകയാണ്. എനിക്കു് വിഷമമുണ്ടെങ്കിലും നിന്നെ ആശീർവ്വദിക്കുവാൻ എന്റെ ഹൃദയം വെമ്പുന്നു. പോകൂ. അനുജത്തി..... ഈ ജ്യേഷ്ഠനെ മറക്കല്ലേ!

രാജ്യശ്രീ — മറ്റെന്തുമറന്നാലും എനിക്കു സാധ്യമല്ലല്ലോ ജ്യേഷ്ഠാ!..... ജ്യേഷ്ഠനവിടെ വരുമോ? കനൗജിൽ..... എന്നെ യാത്രയാക്കുവാൻ ജ്യേഷ്ഠാ: (ഖാൻഡുശബ്ദം) അതാ — പുറപ്പെടാറായി.

രാജ്യ — എന്റെ അനുജത്തിക്കു് ഞാൻ ഹൃദയംകൊണ്ടു് നന്മനേരുന്നു. പോകൂ. ഒരു പുതിയ രാജ്യശ്രീയായി പരിലസിക്കൂ.

(നടന്നുപോകുന്നകാലടികൾ. ഖാണ്ഡുശബ്ദം മാഞ്ഞുമാഞ്ഞു നിലയ്ക്കുന്നു.)

* * *


രാജ്യ — എനിക്കാവാഗ്ദാനം നിറവേറ്റാൻ കഴിഞ്ഞില്ല. അനുജാ! അവളെ ഒന്നുകൂടി അങ്ങോട്ടൊന്നു പോയി കാണുവാൻ... ഹും. പോകട്ടെ. മനുഷ്യൻ വിചാരിക്കുന്നതല്ലല്ലോ വന്നുചേരുന്നതു്. ഞാൻ പോകട്ടെ. ഒന്നുകിൽ മാൾവാധിപൻ മരണത്തിന്റെ പിടിയിൽ. അല്ലെങ്കിൽ ശ്രീക്കുവേണ്ടി എന്റെ ദേഹം.....

ഹർഷ — പെട്ടെന്നു് ആവേശത്തോടെ ജ്യേഷ്ഠാ! ശൂന്യംപറയാതിരിക്കണം. ഞാൻ, ഞാൻകൂടിവരട്ടെ മാൾവാ ചുട്ടുചാമ്പലാക്കാൻ.

രാജ്യ — അരുതു്. അരുതനുജാ. അച്ഛന്റെ ആജ്ഞ നീ ഓർമ്മിക്കുന്നില്ലേ! സ്വയംനശിക്കരുതു്. രാജ്യം കണ്ടുകുളിക്കരുതു്.

(മാർച്ചിംഗ് മ്യൂസിക്)

അതാ, സമയം പോവുകയാണു്...



ഞരമ്പുകളെ ശക്തിപ്പെടുത്തി ധാതുപുഷ്ടി ഉണ്ടാക്കുന്നതും ശാസ്ത്രീയമായ അംഗീകാരം സിദ്ധിച്ചിട്ടുള്ളതുമായ ഒരു

വിശിഷ്ടടോണിക്ക്

(പ്രത്യേകിച്ചു് സ്ത്രീകൾക്കു പ്രസവാനന്തരം വളരെ ഉത്തമം)

പല ചികിത്സകൾക്കുശേഷം, നിങ്ങളുടെ ദേഹദൌർബല്യത്തെ അകറ്റി ദുഷ്ടാശുദ്ധാന്മാരാക്കി തീർപ്പാനും, ഗർഭിണികൾക്കു ശരീരപുഷ്ടി ഉണ്ടാക്കി സുഖപ്രസവം ഉണ്ടാക്കുന്നതിനും, രക്തവർദ്ധനവിനും, മാംസക്കൊഴുപ്പിനും അത്യുത്തമമായ അനുഗൃഹീതമായ സഞ്ജീവി.

ഡോക്ടർ ജോൺസൺസ്

എലിക്സിർ-ഡി-ചവന

(അഷ്ടവർഗ്ഗം, കാരസ്സരം, സ്വർണ്ണം, വൈറ്റാമിൻസ് മുതലായ അപൂർവ്വം വിലപിടിച്ചുതുമായ ഔഷധങ്ങളും ചേർത്തിട്ടുള്ളതു്)

ബഹുമാനപ്പെട്ട ശ്രീ: പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ പിതാവായ രാജശ്രീ. മോട്ടിലാൽ നെഹ്രുവിന്റെ വൈദ്യശിഖാമണിയായ രാജവൈദ്യകവിരാജ് മുക്കർജിയുടെ പ്രശസ്തപ്രയത്നം, അനവധി വൈദ്യവിശാരദന്മാരുടെയും, ആയിരക്കണക്കിനു് പ്രശസ്തന്മാരായ ഡോക്ടറന്മാരുടെയും, ഉപയോഗിച്ച കൈമേൽ ഫലംകണ്ടാസ്വദിച്ച നിരവധി പൊതുജനങ്ങളുടെയും അകമഴിഞ്ഞ ആശംസകളും പ്രശംസകളും നേടിയതും ഏറ്റവും ഫലപ്രദവുമായതുമാണ ഈ ദിവ്യൗഷധം.

നിങ്ങളുടെ ബന്ധുമിത്രാദികളെയും നിങ്ങളുടെ പ്രായംചെന്നവരെയും അവരുടെ ക്ഷീണാവസ്ഥയ്ക്കു പറ്റിയ 'എലിക്സിർ-ഡി-ചവന'വാങ്ങി ഉപയോഗിച്ചു ക്ഷീണരഹിതരായി സന്തോഷജീവിതം തുടരുവാൻ അറിയിക്കുക. ഇതു നിരവധി രോഗികളെ അവരുടെ സംഭ്രമണജീവിതത്തിലേയ്ക്കു ഉയർത്തിയിട്ടുണ്ട്. ഓരോ തുള്ളി ടോണിക്കും പുനർജീവൻ നൽകുന്ന അമൃതാണ്. ആദ്യത്തെ ഒരു മാത്രതന്നെ നിങ്ങളുടെ സിരകളിൽ നവചൈതന്യം പ്രവഹിപ്പിക്കുകയും, രോഗത്തിൽ നിന്നും പൂർണ്ണശമനം സിദ്ധിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

പഥ്യം ഇല്ല.

24 ഔൺസുകുപ്പി 1-ക്കു് വില 5 രൂ: 8 ണ.
12 " " " 3 രൂ: 4 ണ.

നിർമ്മാതാക്കൾ:

ജോൺസൺസ് ഫാർമ്മസ്യൂട്ടിക്കൽ വർക്സ്, ആലപ്പുഴ.

എല്ലാ ഇംഗ്ലീഷുമരുന്നുഷാപ്പുകളിലും കിട്ടുന്നതാണ്.

ആദായകരമായ കുടിൽവ്യവസായം



ഡോക്ടർ ജി. നാണു, മയ്യനാട്

ഒരുരാജ്യത്തിന്റെ സമ്പത്തി കഭദ്രതയുടേയും ക്ഷേമൈശ്വര്യത്തിന്റേയും മാനദണ്ഡങ്ങളിൽ ഒന്നാണ് അവിടത്തെ വ്യവസായികനില. വ്യവസായികമായ പുരോഗതിയുള്ള ഒരു രാജ്യത്തെ ജനങ്ങളുടെ സാമ്പത്തികഭദ്രത സുരക്ഷിതമാണെന്നുള്ളതു സംബന്ധിക്കുന്നു. മീമാംസകരുടെ സിദ്ധാന്തമാണ്. ഒരുകാലത്തു വെറും ഒരു കാർഷികരാജ്യമായിരുന്ന അമേരിക്കയെ ഇന്ന് ലോകരാഷ്ട്രങ്ങളുടെ മുന്നണിയിലേക്കുനയിച്ചതു ആ രാജ്യത്തെ വ്യവസായികനില ഒന്നുമാത്രമാണെന്നുള്ളതു ചരിത്രത്തിലെ ഒരു പരമാർത്ഥം മാത്രമാണ്. മനുഷ്യഹസ്തപ്രയോഗമാത്രങ്ങളായിരുന്ന വ്യവസായങ്ങളെ കാലക്രമത്തിൽ യന്ത്രികോപകരണങ്ങൾ കൈവശപ്പെടുത്തി. അതോടെ ലോകത്തു ഒരു വലിയ വ്യവസായികവിപ്ലവംതന്നെ ഉണ്ടായി. അതിനുശേഷം എല്ലാ വൻകിടവ്യവസായങ്ങളും യന്ത്രസഹായത്തോടെ നടത്തപ്പെട്ടു. ഇങ്ങനെ വ്യവസായങ്ങൾ വളരെ പുരോഗമിക്കയും മനുഷ്യരുടെ വരുമാനത്തെത്തു വലിക്കയും, വ്യവസായാഭിവൃദ്ധിസിദ്ധിച്ച രാജ്യങ്ങളിലെ ജനങ്ങൾ സാമ്പത്തികമായി ഉയരുകയുംചെയ്തു.

എന്നാൽ ഈ പ്രലോഭനങ്ങൾക്കു വിധേയമാവാതെയും യന്ത്രികോപകരണങ്ങളുടെ പിടിയിൽനിന്നും ഒഴിഞ്ഞുമാറിനിൽക്കുന്നവയുമാണ് ഒരു രാജ്യത്തിലെ കുടിൽവ്യവസായങ്ങളിൽ ചിലവ. സാധാരണ മനുഷ്യരുടേയും അതിലുംവിശേഷിച്ച ഒരു രാജ്യത്തെ ഗ്രാമവാസികളുടെയും ജീവിതത്തെ സുഖമായി സ്പർശിക്കുന്നതും കുടിൽവ്യവസായങ്ങളാണ്. വൻകിടവ്യവസായങ്ങളുടെ കേന്ദ്രങ്ങൾ അധികവും വലിയ പട്ടണങ്ങളാണ്. ഗ്രാമജീവിതത്തെ സുഭിക്ഷമാക്കുവാൻ പര്യാപ്തമാണ് കുടിൽവ്യവസായം. ഈ കുടിൽവ്യവസായങ്ങളിൽ വലിയ മുതൽമുടക്ക് ആവശ്യമില്ലാത്തതും ഏവർക്കും പ്രയോജനകരമാംവണ്ണം നടത്തുവാനുതകുന്നതും ഒരുകാലത്തും ഒരുതരത്തിലും യന്ത്രികോപകരണങ്ങളുടെ അക്രമത്തിന് വിധേയമാവാത്തതുമാണ് തേനീച്ചവളർത്തൽ.

തേനീച്ചവളർത്തലിനു ഇന്ത്യയിലെ അനുകൂലസാഹചര്യങ്ങൾ

ലോകത്തിലുള്ള എല്ലാരാജ്യങ്ങളിലുംവച്ച് തേനീച്ചവളർത്തലിനു കൂടുതൽ സാഹചര്യങ്ങൾഉള്ളതു് ഇന്ത്യയിലാണ്. പ്രകൃതി വിഭവസമ്പന്നവും അതിവിസ്തൃതവും മനോഹരവും, വിശാലവും, നയനമോഹനവുമായ പച്ചക്കാടുകളാലും, വിവിധങ്ങളായ ഫലവൃക്ഷലതാദികളാലും പുഷ്പപ്പെട്ടതും, പുഷ്പശതങ്ങളാൽ സമാലംകൃതവുമായ ഇന്ത്യയുടെ പ്രകൃതി പോലെ തേൻശേഖരണത്തിനു ഇത്ര പാറിയ ഭൂവിഭാഗം ലോകത്തിൽ മറ്റൊരിടത്തുനന്നേയില്ല. ഇപ്രകാരം സ്വയംപ്രകൃതിയാൽ അനുഗൃഹീതമായ നമ്മുടെ ഭാരതഭൂമിയിലുണ്ടായിവരുന്ന വിശിഷ്ടമായ ഒരു സാധനം നാം ഉപയോഗിക്കേണ്ടവിധം ഉപയോഗപ്പെടുത്താതെ നഷ്ടപ്പെട്ടുപോകയാണ്. തേനീച്ചവളർത്തലിന്റെ പ്രയോജനവും, പ്രാധാന്യവും അതർഹിക്കുവിധം നമ്മുടെരാജ്യത്തു അധികമാരും മനസ്സിലാക്കിയിട്ടുള്ളതായി കാണുന്നില്ല. തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്കും, പെൻഷൻപറ്റിയവർക്കും, പ്രായമായ മറ്റുള്ളവർക്കും വിനോദവും, വിജ്ഞാനവും തൊഴിലും ആദായവും ഒരുപോലെ പ്രദാനംചെയ്യുന്ന ഒന്നാണ് തേനീച്ചവളർത്തൽ. ഇപ്പോൾ ഇന്ത്യയിൽ തേനീച്ചശേഖരണത്തെ പ്രോത്സാഹിപ്പിക്കുവാൻ "ഇന്ത്യൻകൗൺസിൽ ആഫ് ബി കീപ്പിംഗ്" എന്ന ഒരുസംഘടന ഉടലെടുത്തിട്ടുണ്ട്. അതിന്റെ പ്രവർത്തനം സർവരാജ്യവ്യാപകമാക്കിക്കൊണ്ടുവരുവാനുള്ള പരിശ്രമങ്ങളും ആസൂത്രണംചെയ്യുകഴിഞ്ഞിട്ടുണ്ട്. അതുമുഖം ഈ കുടിൽവ്യവസായത്തിനു അനുകൂലവിധത്തിൽ ഒരു ഗ്രന്ഥാവലി പ്രതീക്ഷിക്കാവുന്നതാണ്.

തേനീച്ചവളർത്തലിന്റെ പ്രയോജനവും രാഷ്ട്രീയപ്രാധാന്യവും

ഇതു് ഒരു ഒന്നാംകിട കുടിൽവ്യവസായമാണ്. യന്ത്രോപകരണവുമില്ല, യന്ത്രോപകരണത്തിനു യന്ത്രികശക്തിയുടെ അക്രമണത്തിനു ഇതു വിധേയമാവില്ല. ജനങ്ങളുടെ സാമ്പത്തികനില തരതമ്യേന ഏറ്റവും താണനിലയിലുള്ള ഒരു രാഷ്ട്രമായ ഇന്ത്യയ്ക്കു അതിലെ ഗ്രാമവാസികളുടെയും സാമൂഹ്യമായ സാമ്പത്തികനിലയെ ഉയർത്തുന്നതിനു പറ്റിയമാർഗ്ഗങ്ങളെ ചൂക്ഷണംചെയ്യേണ്ട ആവശ്യകത ഒഴിച്ചുകൂടാത്തതാണ്. ലോകത്തിലെ ഇതരരാഷ്ട്രങ്ങളുടെയെപ്പോലെ പുരോഗമനപദ്ധതികളെ കാംക്ഷിക്കുന്നതിനു രാജ്യത്തെ സാമാന്യജനങ്ങളുടെയിടയിൽ സമ്പത്തികഭദ്രതയും സംതൃപ്തിയും ഉണ്ടാവണം. ശരിയായി ഉണ്ണാനും ഉടുക്കാനുമില്ലാത്തജനങ്ങൾക്കുള്ളൊരു രാഷ്ട്രത്തിൽ പുരോഗമനപദ്ധതികളുടെ പ്രവർത്തനം സുസാധ്യമല്ലാതെ വന്നുചേരുന്നു. അതിനാൽ പ്രകൃതിഭത്തങ്ങളായ വിഭവങ്ങളെ ചൂക്ഷണംചെയ്യുവാൻ ഗവൺമെന്റും പൊതുജനങ്ങളും സഹകരിച്ചു ജനങ്ങളുടെ സാമ്പത്തികനില ഉയർത്തുകതന്നെയാണാവേണ്ടതു്. ഇതിനു ഏറ്റവുംപറ്റിയമാർഗ്ഗങ്ങളിലൊന്നാണ് ഈകുടിൽവ്യവസായം. തേനീച്ചയിൽനിന്നുലഭിക്കുന്നമധുരംകൂടെ ഏറ്റവുംരുചികരവും,മനുഷ്യശരീരശക്തിയെസന്ധാരണംചെയ്യുന്നതിനു വളരെ പോഷകാംശങ്ങളും വൈറ്റമിൻസ്സും ഉൾക്കൊള്ളുന്ന ഒരു ഭക്ഷണസാധനവുമാണ്. നമ്മുടെ അശ്രദ്ധയും അലസതയുംമൂലം ഏറ്റവും വിശിഷ്ടമായ ഈ സാധനം നമുക്കു നഷ്ടപ്പെട്ടുകയാണ് ചെയ്യുന്നതു്. അതിവിശിഷ്ടങ്ങളായ പുഷ്പങ്ങൾ നമ്മുടെ ഭാരതഭൂമിയിൽ സമൃദ്ധമായി സിദ്ധിക്കുന്നുണ്ട്. "ഭൂലോകത്തിലെ ആരാമമെന്" സുപ്രസിദ്ധി നേടിയിട്ടുള്ള നമ്മുടെ രാജ്യത്തേപ്പോലെ പുഷ്പങ്ങൾ ഭൂമുഖത്തു മറ്റൊരിടത്തും ലഭിക്കുന്നതല്ല. പുഷ്പങ്ങളിൽനിന്നുമാണ് മധു ശേഖരിക്കപ്പെടുന്നതെന്നുള്ളതിനാൽ ഇവിടെ തേൻ ലഭിക്കുന്നതിനുള്ള അനുകൂലസാഹചര്യംപോലെ മറ്റൊരിടത്തും ഇല്ലെന്നു സ്പഷ്ടം സിദ്ധിക്കുന്നു. പ്രകൃതി നമുക്കു സൗജന്യമായി സസന്തോഷം പ്രദാനംചെയ്യുന്ന വിഭവസമ്പത്തിനെ ചൂക്ഷണംചെയ്യുവാൻ നമ്മുടെ ആഹാരഭദ്രതയ്ക്കു പരിഹരിക്കുവാൻ സാമ്പത്തികവിഷമതയൊഴിക്കുകയുംമാത്രമേ നാം ചെയ്യേണ്ടതുള്ളൂ. ഇതിലേക്കായി ഭൂമിയിൽ പ്രയത്നംചെയ്യുകയോ, വലിയ മൂലധനംമുടക്കുകയോ, ഭൂമി വിലയായോ, പാട്ടമായോ, കാണമായോ ഉണ്ടായിരിക്കുകയോവേണ്ടാ. പ്രകൃതിസമ്പത്തിനെ സജ്ജീകരിച്ചെടുപ്പോഴും നമുക്കു ദാനംചെയ്യുവാൻ അത്യുത്സാഹത്തോടെ പ്രവർത്തിക്കുന്ന ആ ചെറിയ സുന്ദരജീവികളെ നാം ശ്രേഷ്ഠിച്ചു സംരക്ഷിച്ചാൽ ഏറ്റവും ലഘുവായരീതിയിൽ ഒരു ഉന്നതമായ വ്യവസായം നടക്കുന്നതാണ്.

ഇന്ത്യയിലാകട്ടെ ഇതിന്റെ ശരിയായ ഗുണം മനസ്സിലാക്കാതെ തേനീച്ചഹനനമാണ് ഇപ്പോൾ പ്രധാനമായിട്ടു നടക്കുന്നതു്. ഇന്ത്യയിൽ ഇപ്പോൾ ആണ്ടുതോറും ഏകദേശം ഇരുപത്തഞ്ചു ലക്ഷംറാത്തൽവരെ മാത്രം തേനാണ് ഉല്പാദിപ്പിക്കുന്നതു്. ഇതിൽനിന്നും മൂന്നിൽ ഒരുഭാഗംമാത്രമെ വിപണികളിൽ എത്തിച്ചേരുന്നുള്ളൂ. ഇതേസമയം യു. എസ്. എ യിൽ ഇരുപതുകോടിറാത്തൽതേൻ ആണ്ടുതോറും ഉല്പാദിപ്പിക്കപ്പെടുന്നു. ഏതാണ്ട് ആണ്ടിൽ ശരാശരി ഒരാൾ യു. എസ്. എ യിൽ ഒന്നേകാൽറാത്തലും, ക്യാനഡായിൽ മൂന്നുറാത്തലും, തേൻ ഉല്പാദിപ്പിക്കുമ്പോൾ ഇന്ത്യയിലെ ഒരാളിന്റെ ശരാശരി ഉല്പാദനം ഒരൗൺസിന്റെ അംശം മാത്രമാണ്. പ്രകൃതിസഹചര്യങ്ങളുടെ ആനുകൂല്യമുണ്ടായിരുന്നിട്ടും, മനുഷ്യരുടെ അനാസ്ഥയും, അലസതയുമാണ് ഈ ശോചനീയാവസ്ഥയ്ക്കു കാരണമായിട്ടുള്ളതു്. ഇപ്പോൾതുടങ്ങിയിരിക്കുന്ന ബീ കീപ്പിംഗ്കൗൺസിൽ ഈ ദുരവസ്ഥ പരിഹരിക്കാൻ പര്യാപ്തമാവുമെന്നും പ്രതീക്ഷിക്കപ്പെടുന്നു.

തേനിന്റെ ഗുണം

ഇതു ഒരു വിശിഷ്ടാഹാരമാണ്. എ ബി. സി. എന്നു മൂന്നു വൈറ്റമിൻസ് അതിലുണ്ട്. ചൂടാക്കാതെ ഉപയോഗിച്ചാൽ ശരീരത്തിനു ഈ വിറ്റാമിൻസ് തേനിൽനിന്നും ലഭിക്കുന്നു. ഇതിനുപുറമേ പലരോഗശമനൗഷധങ്ങളും തേനിലുണ്ട്. ഉദരവൈകല്യങ്ങളായ പലരോഗങ്ങളേയും തേൻ നശിപ്പിക്കുന്നതാണ്. രോഗം പാലും ഒന്നിച്ചുചേർത്തുപയോഗിച്ചാൽ അതു് ഏറ്റവും പോഷകവും, എളുപ്പം ദഹിച്ചു ശരീരത്തിൽ ലീനമാവുന്നതുമായ ഒരു ഒന്നാംതരം ആഹാരസാധനമാണ്. ശരിയായിസൂക്ഷിച്ചാൽ വളരെക്കാലം കേടുപറ്റാതെ എത്രട്ടം വേണമെങ്കിലും കൊണ്ടുപോകാവുന്നതുമാണ്. തൻമൂലം വിദേശവിപണികളിലേക്കു കയറ്റുമതിചെയ്യാൻ യാതൊരു പ്രയാസവുമില്ലെന്നുമാത്രമല്ല വിദേശവിപണി ലഭിക്കുവാൻ എളുപ്പവുമുണ്ട്.

തേനീച്ചയുടെ ആദർശനീയമായ മാതൃക

പരിശ്രമം, ത്യാഗം, ഐകമത്യം, സഹനത, തൊഴിൽവിഭജനം, സാമൂഹ്യസേവനം മുതലായ ശ്രേഷ്ഠഗുണങ്ങൾക്കു നിദർശനമാണ് ഈ ചെറി

(ശേഷം 32-ാംപേജിൽ)

അനുജാ! നിന്റെ ജ്യേഷ്ഠനെ ആശ്ലേഷിച്ചയ്യൂ.....

ഹർഷ—(വികാരാവേശത്തോടെ ശബ്ദഗദ്ഗദത്തിൽ) ജ്യേഷ്ഠാ! ഞാനെന്നെന്നും പ്രാർത്ഥിക്കാം ജ്യേഷ്ഠന്റെ വിജയത്തിന്.

(ഫിഡിലിന്റെ ഇഴഞ്ഞശബ്ദം. ബാൻഡുശബ്ദവും കേൾക്കാം.)

രാജു—അനുജാ.....

ഹർഷ—ജ്യേഷ്ഠാ.....

രാജു—ഞാൻ പോകട്ടെ.

ഹർഷ—ഉം.....

(ബാൻഡുശബ്ദം ഉറച്ചുറച്ചുവന്ന് ഗ്രാമ്യതയിൽ ലയിച്ചുപോകുന്നു.)



അഭിപ്രായം



— തകഴി കെ. രാമവാര്യർ —

12-10-1128 — 18-10-1128.
25-5-1953 — 31-5-1953.

അശ്വതി—ചില സ്വാധീനശക്തിവച്ചുകൊണ്ട് ചിന്താക്ലേശപ്പെടുങ്ങും ഉണ്ടാകും. ആദായമാർഗ്ഗം കൂട്ടുതലായി ലഭിക്കും. അനാവശ്യമായ ചുമതലകളും ഏറ്റെടുക്കുകയാൽ വ്യഥക്കിടവരുത്തും ശത്രുക്കൾ കൂടിവരും. സഹായികളായിരുന്നവർ പ്രതിപക്ഷത്തുനിൽക്കും.

ഭരണി—ഗൃഹപരിഷ്കരണാദികളിൽ ഉദ്യുക്തനാകും. ധനപരമായ വൈഷമ്യങ്ങളും വലയംചെയ്യും. രോഗോപനത്തിനു വേണ്ടി ദ്രവ്യനാശം ചെയ്യും. കൃത്യവും കർമ്മകർത്തവ്യവും തെറ്റിച്ചെയ്യും. സഹായസ്ഥാനങ്ങൾ ദുർബലപ്പെടും. സന്താനദുരിതമുണ്ടാകും.

കാർത്തിക—മൽസരബുദ്ധി നന്നായി അപ്രതീക്ഷിത നഷ്ടവരും. ധനക്ലേശപ്പാടും തുടച്ചയായികാണും. പ്രവർത്തിമാന്ദ്യവും വിരോധവും കർമ്മലംഘനത്തിനിടയാക്കും. കായിക മായും മാനസികമായും സുഖം കുറവായിരിക്കും. ഭരണീയർ വൃഥാ കലഹിക്കും. അവഹേളനപാത്രമാകും.

രോഹണി—എതിർപ്പുകളേയും പ്രതിബന്ധങ്ങളേയും തരണംചെയ്യും. ദേശീയകാര്യത്തിൽ പ്രതിപത്തിയുദിക്കും ന്യായമായും നിഷ്പ്രയാസമായും സാധിക്കേണ്ട കാര്യങ്ങൾക്കു വിളംബം വന്നുകൂടും. സഹകാരികളുടെ അധഃപതനത്തിൽ സന്തപിക്കും.

മകയിരം—വിദ്യാഭ്യാസകാര്യത്തെപ്പറ്റിയുള്ള കുഴപ്പം മനസ്സിനെ മഥിച്ചുകൊണ്ടിരിക്കും. ചില ആനുകൂല്യങ്ങൾ ദൈവീകമായി കരതലം. ഉന്നതതലങ്ങളിൽനിന്നും ബഹുമതിയർജ്ജിക്കും. ആശ്രയസ്ഥാനചലനത്തിനിടവരും. ആരോഗ്യം നഷ്ടപ്പെടും. സന്താനങ്ങളുടെ അഭ്യുദയത്തിൽ ശ്രദ്ധമുഴുവൻ കേന്ദ്രീകരിക്കും.

തിരുവാതിര—ഗൗരവമുള്ള ചുമതലകൾ നിറവേറ്റുവാൻ കഴിയും. സാമ്പത്തികമായ നേട്ടങ്ങൾക്കു വഴി തെളിയും. ചില പ്രത്യേക വ്യക്തികളുമായി അല്പം കടപ്പാടുകൾ വന്നുകൂടും. നൂതനകാര്യത്തിൽ തലയിടും. വ്യയവും ക്ലേശവും വർദ്ധിക്കും. മനഃസുഖം കുറയും.

പുണർതം—പലവിധ നഷ്ടങ്ങളും ദുരിതങ്ങളും അപവാദവും സഹിച്ച് അഭിലാഷം പൂർത്തീകരിക്കും. രോഗപീഡകൾ സ്വന്തം ജനങ്ങൾക്കു വിട്ടുമാറാതെയുണ്ടാകും. അഭിമാനത്തിനു വേണ്ടി ചില സൽക്കാരങ്ങൾ നടത്തും.

പൂയം—നിരാശകരവും വിട്ടുമാറാത്തതുമായ സന്തോഷകരമായ യാത്രയും കൂട്ടുകെട്ടും ഉണ്ടാകും. നേതൃത്വമോഹം ചില കുഴപ്പങ്ങൾ സൃഷ്ടിക്കും. പ്രവർത്തനം വിജയകരമായി നടത്തുവാൻ സാധിക്കും. നഷ്ടപ്രായമെന്നു കരുതിയവയിൽ സമാധാനം ഉണ്ടാകും.

ആയില്യം—ഏതുകാര്യത്തിലും പുരോഗതിയും വളർച്ചയും ഉണ്ടാകും. ആത്മാർത്ഥമായി സ്നേഹിക്കുന്നവർ പിൻമാറാതെ സഹകരിക്കുന്നതു കാണും. സ്വന്തമാളുകൾ കൃതഘ്നതകാട്ടും. അർഹമായ ഉൽക്കർഷം ലഭിക്കും. കർമ്മം പുഷ്ടിമത്തായും. വരുമാനവും ബഹുമാനവും വർദ്ധിക്കും.

മകം—നയപൂർവ്വമായ പെരുമാറ്റവും പ്രവർത്തനവും വിജയസംഖ്യതയുള്ളിടവരുത്തും. പ്രശസ്തിയും പ്രയോജനവും നേടും. സാമൂഹ്യകാര്യങ്ങളിൽ തലയിടും. പ്രതീക്ഷാതീതമായ പിൻതുണ ലഭിക്കും.

പൂരം—ക്രയവിക്രയത്തിൽ ധനലാഭമുണ്ടാകും. തൊഴിൽപരമായി ദൂരദേശം വർദ്ധിക്കുമെങ്കിലും ചെലവും അതുപോലെതന്നെയുണ്ടാകും. സന്തോഷകരമായ സംഭവവികാസത്തിനിടയാകും. നഷ്ടങ്ങൾ പരിഹരിക്കും. സംഭവനകളും പാരിതോഷികങ്ങളും ചെയ്യേണ്ടതായിവരും.

ഉത്രം—പ്രവർത്തനത്തിൽ അല്പാല്പമായ ഉണർവും അഭിമാനവും ഉണ്ടാക്കാൻകഴിയും. പരിവർത്തനപരമായ ജീവിതത്തിലേക്ക് കാലൂന്നും. ഗൃഹജനസുഖം കുറയും. അഭിലാഷപൂർത്തീകരണത്തിന നല്ലപോലെ അദ്ധ്വാനപ്പെടണം. പരുക്ഷവാക്കുകൾ കേൾക്കാനിടവരും.

അത്തം—പരിശ്രമവും പ്രശസ്തിയും കായ്സാദ്ധ്യതകിടവരുത്തും. ഭാവികാര്യത്തിനുവേണ്ടി ചില അപകടയങ്ങളിൽ ചാടും. സുഹൃൽസമാഗമം പല നന്മകൾക്കും ഇടവരുത്തും. സാമ്പത്തികമായകുഴപ്പങ്ങൾക്കു തൽക്കാലസമാധാനമുണ്ടാകും.

ചിത്തിര—നിസ്സാരങ്ങളായ കാര്യങ്ങൾ വെച്ചുകൊണ്ട് മനസ്സിനെ മഥിക്കും. വൈകല്യതയും സന്താനദുരിതവും അകലും. കാലദോഷത്താൽ അനിഷ്ടകരങ്ങളായ കലഹങ്ങളും മനഃപൂർവ്വം അഴിച്ചുവിടും. സൽക്കാരത്തിനും വിനോദത്തിനും പണംമുടക്കും.

ചോതി—സ്വന്തംജനങ്ങളിൽനിന്നും മനസ്സിനു ക്ലേശങ്ങൾകിട്ടും. പ്രയത്നത്തിനു പുരോഗതിയുണ്ടാകും. നഷ്ടംപരിഹരിപ്പാൻ അയോഗ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കും. ഗാർഹസ്ഥജീവിതസുഖം കുറയും. മനസ്സിനു ഒരു ഭീതിയും ഭ്രാന്തുമുണ്ടാകും.

വിശാഖം—പ്രവർത്തനപരമായി ലഭിക്കേണ്ടതായ ഉയർച്ചയ്ക്ക് ചിലവ്യക്തികളുടെ പൂർവ്വവിരോധം വിലങ്ങുതടിയായിനിൽക്കും. മംഗളകർമ്മങ്ങളെക്കുറിച്ച് ആലോചിക്കും. സഹപ്രവർത്തകർക്കു വിപരീതഫലമുളവാകും. രക്തസ്രാവം കുറയും. പതനഭീതിക്കിടവരും.

അനിഴം—മനസ്സറിയാത്തകാര്യങ്ങളിൽ അപവാദവും വിപത്തും സംഭവിച്ചേയ്ക്കും. ചില പ്രത്യേക വ്യക്തികൾ ധനപരമായി സഹായിക്കും. സജ്ജനങ്ങൾ ആത്മാർത്ഥമായി നിലകൊള്ളും. ആശ്രിതർ കലഹിക്കും. ചുമട് അധീകരിക്കും. വിഷഭീതിയോ ക്ഷതമോ സംഭവിക്കും.

തൃക്കേട്ട—സന്താനങ്ങളുടെ കാര്യത്തിൽ മനസ്സുക്ലേശിക്കും. അനുകൂലമായ പരിവർത്തനംമൂലം തൊഴിൽപുഷ്ടിയുണ്ടാകും. നിരാശകരംനീങ്ങും. ചിരകാലപ്രതീക്ഷകൾ സാധിതപ്രായമാകും. അലങ്കാരസാധനങ്ങൾക്കു പണംമുടക്കും. ഖേദകരമായ വാർത്തകൾ ശ്രവിക്കും.

മൂലം—അനർഹമായ ചെയ്തികൾക്കു വിധേയനാകും. പ്രബലവ്യക്തികളിൽനിന്നും ചിത്തശല്യതകിടവരും. ഭീതികരമായ കുഴപ്പം പരിഹരിപ്പാൻകഴിയും. ഏതുകാര്യത്തിലും വിജയസംഖ്യതകൾ ഉണ്ടാകും. പണത്തിന്റെ വൈഷമ്യം ഗണിക്കാതെ ഏതുകാര്യത്തിലും എടുത്തുചാടും.

പൂരാടം—വിജയസാദ്ധ്യതകളും ഏതുവിധേനയും ഉണ്ടാകും. ആത്മാർത്ഥതയുള്ളവരിൽ പ്രത്യക്ഷപ്പെടുകയില്ല. പ്രവർത്തിയുടെ സത്യാവസ്ഥ മറച്ചുവയ്ക്കും. വ്യയം അനിവാര്യമായിത്തീരും. ഏതു സാഹസവുംചെയ്ത് കാര്യം നിവർത്തിക്കും. അധികൃതരെ അധിക്ഷേപിക്കും.

ഉത്രാടം—അധികൃതർ പ്രതികൂലമായി പെരുമാറും. സന്ദർഭോചിതമായ പ്രവർത്തികൾ പ്രയോജനപ്പെടും. മനോവിഷമതയും അന്തഃഛിദ്രവും ചതിവും സംഭവിക്കും. ഏതുകാര്യത്തിലും കരുതൽ വേണ്ടതാണ്. സന്താനങ്ങളുടെ അഭിലാഷം പൂർത്തീകരിക്കും.

തിരുവോണം—പ്രതീക്ഷകൾ പൂർണ്ണമായി ഫലിക്കും. അഭിമാനകരമായ സൗഹൃദങ്ങളുണ്ടാകും. കുഴഞ്ഞുകിടന്ന കാര്യങ്ങൾക്കു സമാധാനമുണ്ടാകുവാൻ ചില പദ്ധതികൾ രൂപീകരിക്കും. ഉദ്ദേശസാദ്ധ്യതയ്ക്കു വേണ്ടപ്പെട്ടവരിൽ ചിലർ എതിരാകും.

അവിട്ടം—സമ്മന്നതമായ കൂട്ടുകെട്ടു ഉൽക്കർഷത്തിനിടവരുത്തും. നൂതനപ്രസ്ഥാനങ്ങൾക്കു വഴിതെളിക്കും. പൊതുജനപ്രീതിയും ബഹുമതിയും ആർജ്ജിക്കും. ആരോഗ്യഹാനിക്കിടവരും. സന്താനപ്രീണനത്തിനു വിധേയനാകും.

ചതയം—പൊതുജനമദ്ധ്യത്തിൽ ഒരു സ്ഥാനമുണ്ടാക്കുവാൻ ചിലതെല്ലാം ശ്രമിക്കും. ധനപരമായ ചെലവും ക്ലേശവും നല്ലപോലെയുണ്ടാകും. ജീവിതപുരോഗതിക്കായി നല്ല ശ്രമം നടത്തും. രക്തസ്രാവം കുറയും. ദാമ്പത്യസുഖം വേണ്ടവിധത്തിൽ കാണുകയില്ല.

പൂരുരുട്ടാതി—തൊഴിൽകാര്യങ്ങൾ പുഷ്ടിമത്താകും. ബഹുമാനമുളവാകത്തക്ക കർമ്മകുശലത പ്രത്യക്ഷപ്പെടുത്തും. ബന്ധുക്കളെക്കൊണ്ട് അനുകൂലതയും ശ്രേയസ്സും ലഭിക്കും. ഉചിതമായ കാര്യങ്ങളിൽ ഏർപ്പെടും. അന്യാധീനപ്പെട്ടവ വീണ്ടെടുക്കും.

ഉത്രട്ടാതി—സുപ്രധാനമായ പ്രവർത്തനസംഖ്യതയിൽ മനസ്സു വ്യാപരിക്കും. ഗുണഫലങ്ങൾ ഭാഗ്യവശാൽ വന്നുകൂടും. നല്ല ഒരു അന്തരീക്ഷം സൃഷ്ടിപ്പാൻകഴിയും. ഏറ്റകാര്യത്തിലും സൂക്ഷ്മത പാലിക്കണം. അലങ്കാരത്തിനു പണം മുടക്കും.

രേവതി—ഇഷ്ടജനവിരഹവും വിപരീതചിന്താഗതിയും ഉണ്ടാകും. നഷ്ടവരുന്ന കാര്യങ്ങൾ വലയംചെയ്യും. ചില അപകടയങ്ങളും സ്വീകരിക്കും. സംഘടിതശ്രമങ്ങൾ പൊതുജനഹിതത്തിനു വിപരീതമായി പരിണമിക്കും. തൊഴിൽപരമായും നഷ്ടമായിരിക്കും. ശരീരത്തിനും മനസ്സിനും ക്ഷീണം ബാധിക്കും.

ഈശ്വരൻ അനന്തൻ; സർവ്വശക്തൻ. അദ്ദേഹം അനുഗ്രഹപൂർണ്ണമായ തന്റെ ദൈവീകശക്തിയെ മനുഷ്യശരീരത്തിൽ ആവിർഭവിപ്പിച്ച്, ജനമദ്ധ്യത്തിൽ ഒരു അവതാരപുരുഷനായി പ്രത്യക്ഷപ്പെടുന്നു. ഈശ്വരാവതാരത്തിൽനിന്നും അനുഗ്രഹലാഭം വർദ്ധിച്ച് ഭക്തനെ ആനന്ദിപ്പിക്കും. വാക്കിനാൽ അതു വിവരിക്കാനസാദ്ധ്യം. അനാനന്ദദായിയായ ഈ വസ്തുത കണ്ടറിഞ്ഞുകൊള്ളണം. ഇല്ല് വിശ്വസിക്കണമെങ്കിൽ ഈശ്വരനെ നേരിട്ടുകാണണം.

ശ്രീരാമകൃഷ്ണദേവൻ


എങ്ങനെയീവിമാനം പറക്കുന്നു?


— ഇന്ദ്രജിത്തു് —

നിങ്ങളെല്ലാവരും വിമാനം കണ്ടിരിക്കും. പക്ഷേ അതെങ്ങനെ പറക്കുന്നുവെന്നു് നിങ്ങൾ ഏപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? വളരെ അധികം ഘനമുള്ള സാധനമാണതു്. ഒരു മനുഷ്യൻ മരത്തിൽകേറിയൽ പിടിവിട്ടപോകുമ്പോൾ താഴെ വീഴുന്നില്ലേ? അതിന്റെ കാരണങ്ങളെപ്പറ്റി ഐസക് ന്യൂട്ടൺ വളരെ വിശദമായി പഠിപ്പിച്ചുവച്ചിട്ടുണ്ടെങ്കിലും വായുവിനേക്കാൾ കനംകൂടിയ ഒരു സാധനം ആകാശത്തുനിന്നു താഴെ പോരുമെന്നവിശ്വസിക്കുവാൻ വലിയ തലച്ചോറൊന്നുംവേണ്ട.

ഒരുകല്ലു താഴെ പോരുമെന്ന സ്ഥിതിക്കു രണ്ടുമൂന്നുടൺ ഭാരമുള്ള ഒരു വിമാനം എങ്ങനെ ആകാശത്തു സഞ്ചരിക്കുന്നു. അതാണു നമുക്കറിയേണ്ടതു്. വിമാനത്തിന്റെ ഘടനാവിശേഷമാണതിനുകാരണം. ഒരു വിമാനത്തിനു പ്രൊപ്പല്ലർ (Propeller) ചിറകുകൾ (Wings) rudder aileron എന്നീ ഭാഗങ്ങളുണ്ടു്. ഈ ഭാഗങ്ങളുടെ അല്പങ്കിൽ അവയവങ്ങളുടെ ഘടനയും സ്ഥാനവും സ്വഭാവവും ആണു് വിമാനം പറക്കുന്നതിനുള്ള കാരണം.

വിമാനത്തിന്റെചിറകിന Aero foil സെക്ഷൻ അനുസരിച്ചുണ്ടു്. ഏതാണീ Aero foil സെക്ഷൻ, പടംനമ്പർ 2 നോക്കുക. ഈ പടം






മുൻഭാഗംപൊങ്ങിയും വാലിലോട്ടു നിങ്ങുന്നതായും താണുമിരിക്കുന്നു. ഇതു ശാസ്ത്രീയമായി സംസാരിക്കുകയാണെങ്കിൽ ഒരു Ventury എന്നു പറയുന്നതിന്റെ കീഴ്ഭാഗമാണു്. ഒരു Ventury യിൽക്കൂടി കാറ്റു കടത്തിവിട്ടാൽ ഇടുങ്ങിയ ഭാഗത്തുവരുമ്പോൾ ആ വായുചിന്ന സമ്മർദ്ദം കുറവായിരിക്കും. ഇടുങ്ങിയഭാഗം കഴിയുമ്പോൾ സമ്മർദ്ദംകൂടുകയും ചെയ്യുന്നു. ഇടുങ്ങിയഭാഗത്തു് സമ്മർദ്ദം കുറയുന്നുവെന്നമാത്രമല്ല ആ വായുസമ്മർദ്ദം സാധാരണ അന്തരീക്ഷത്തിലുള്ള സമ്മർദ്ദത്തിനേക്കാൾ കുറവായിരിക്കും (Partial Vacuum). Ventury യ്ക്കു രണ്ടു പരിധികളുണ്ടല്ലോ. താഴെയും മുകളിലുമായി. ഏതാണീ രണ്ടറ്റങ്ങൾ ഏറോഫോയിലിനെ സംബന്ധിച്ചു"? ഒരു ചിറകിന്റെ ആകൃതി ആ ചിറകു് വായുവിനെ അഭിമുഖീകരിക്കുന്ന മുഖംവച്ചുനോക്കുമ്പോൾ ആദ്യം പൊങ്ങിയും അവസാനം താണുമിരിക്കുന്നു. അപ്പോൾ അതു ഒരു Ventury യുടെ കീഴേ അറ്റമാണു്. മുകളിലത്തെഭാഗം വായുവിന്റെ പടലംതന്നെയാണു്. ഒരുവശത്തു് (മുകളിൽ) വായുപടലവുംതാഴെ അറ്റത്തു വിമാനത്തെ ഏറോഫായിൽ ശ്രുവും ഇതിനുരണ്ടിനും ഇടയ്ക്കിലൂടെ വായുകടക്കുമ്പോൾ ആദ്യം അതായതു ഇടുങ്ങിയഭാഗത്തു് വായുസമ്മർദ്ദം കുറഞ്ഞു് ഇരിക്കുന്നു. ശാസ്ത്രീയമായി സംസാരിച്ചാൽ വിമാനത്തിന്റെ ചിറകിന്റെ മുകളിലായി ഒരു Depression ഉണ്ടാകുന്നു. അതേസമയത്തു് വായു അതിശക്തിയായി വിമാനത്തിന്റെ അടിയിലും സഞ്ചരിക്കുന്നുവെന്നു് വിസ്മരിക്കരുതു്. താഴെ അടിച്ചുവരുന്ന കാറ്റിന സമ്മർദ്ദംകൂടിയുമിരിക്കും. കാരണം അവിടെ Ventury ഒന്നുമില്ലല്ലോ. അവിടത്തെ വായുവിനു് സ്വാഭാവികമായി സമ്മർദ്ദംകൂടിയാണുവരുക. ഇതിൽനിന്നു് ഒരു വിമാനത്തിന്റെ ചിറകിന്റെ അടിവശത്തെ വായുവിനു് സമ്മർദ്ദം കൂടുതലാണെന്നും മുകളിലത്തതിനു കുറവാണെന്നും മനസ്സിലായല്ലോ. ആ സ്ഥിതിയിൽ വിമാനംപൊങ്ങുന്നു. മുകളിൽ വായുസമ്മർദ്ദം കുറവു്, താഴെ സമ്മർദ്ദം കൂടുതൽ. ഈ തത്വമാണു ഒരു വിമാനം പൊങ്ങുന്നതിനു കാരണമെന്നും സിദ്ധിച്ചല്ലോ.

ഇനി അടുത്തതായി നമുക്കറിയേണ്ടതു് ഈ കാറ്റു് എവിടെനിന്നുവരുന്നുവെന്നാണു്. ഒരുവിമാനം പറക്കുന്നതിനുമുമ്പു് അതിനെ നിങ്ങൾ അടുത്തുവച്ചുകണ്ടിട്ടുണ്ടോ? ആദ്യമായി എഞ്ചിൻസ്റ്റാർട്ടചെയ്യും. അതോടൊപ്പംനിങ്ങൾ 'ഡ്ര ഡ്ര' എന്നൊരു ശബ്ദംകേൾക്കും. അപ്പോൾ അതിന്റെ മുമ്പിലുള്ള ചക്രം (Propeller) കറങ്ങുന്നതായിക്കാണാം. അതു കറങ്ങുന്നതു ഒരുമിനിട്ടിൽ 2000 പ്രാവശ്യമാണെന്നുപറയുമ്പോൾ നിങ്ങൾക്കതിന്റെ വേഗതയെപ്പറ്റി ഊഹിക്കുവാൻ സാധിക്കും. തലയിട്ടാൽ തവിട്ടുപൊടി; കയ്യുകൊണ്ടാൽ ഉടനെ മുറിഞ്ഞുരുണ്ടുപോകുന്നു. ഇങ്ങനെ കറങ്ങുന്നതു അന്തരീക്ഷത്തിലുള്ള വായുവിനെ ആവാഹിച്ചു വിമാനത്തിന്റെ ചിറകിന്റെ മുകളിലും താഴെയുമായി പായിക്കുന്നുണ്ടു്. അതായതു പ്രൊപ്പല്ലർ കറങ്ങുമ്പോൾ അതിന്റെ പിന്നിലെങ്ങനെ നിങ്ങളിനിന്നാൽ നിങ്ങളെ വലിയശക്തിയോടുകൂടി വായു വന്നു അടിച്ചുതള്ളിയിടാൻ ശ്രമിക്കുന്നതായിത്തോന്നും. നിങ്ങളുടെ നേരിയതുപറന്നുപോകും. ഷർട്ടിന്റെ കോളർ പറപറാപറക്കും. അപ്പോൾത്തന്നെ നിങ്ങൾക്കൂഹിക്കാം എത്ര ശക്തിയോടുകൂടിയാണു് ഈ വായു വരുന്നതെന്നു്.

ഇതുവരെ വിമാനം നിലത്തുനിന്നു പൊങ്ങിക്കിട്ടിയില്ല. പ്രൊപ്പല്ലർ കറങ്ങുന്നു. പൈലറ്റു് അകത്തിരുന്നു എഞ്ചിൻ സ്റ്റാർട്ടചെയ്യുകയാണു്. പെട്രോളുണ്ടോ എണ്ണയുണ്ടോ എന്നിങ്ങനെ. കാരണം, അയാൾക്കു രണ്ടുമൂന്നുമണിക്കൂർ ആകാശത്തു സഞ്ചരിക്കണം. അപ്പോഴതാ പൈലറ്റു ബ്രേക് മാറുന്നതുകാണാം. നോക്കൂ, വിമാനം മുന്നോട്ടുനീങ്ങുന്നു. നീങ്ങുന്നതു എങ്ങനെ? അതു ഞാൻപറഞ്ഞില്ല അല്ലേ? പ്രൊപ്പല്ലറിന്റെ ആകൃതിയിൽ ഒരു ഏറോഫോയിൽ സെക്ഷൻ ഉണ്ടു്. പടം നമ്പർ 3 നോക്കുക. അതു ഒരു



മാതിരി Depression മുൻവശത്തു ഉണ്ടാക്കും. (ഈ ലേഖനത്തിന്റെ ആദ്യഭാഗത്തെ വായനക്കാർ ഓർക്കുമല്ലോ) മുൻവശത്തു Depression ഉണ്ടാക്കുന്നതു അതിന്റെ ആകൃതിതന്നെയാണു്. Propeller-നു് Airscrew എന്നും പേരുണ്ടു്. അതായതു ഒരുവിധം സ്ക്രൂ തന്നെ വിമാനത്തിന്റെ മുന്നിൽ നാം കാണുന്നതു്. ആ സ്ക്രൂ വായുവിൽ അതിവേഗം കറങ്ങുമ്പോൾ അതും അതിൽ ബന്ധിച്ചിരിക്കുന്ന വിമാനവും മുന്നോട്ടു തള്ളപ്പെടുന്നു. ഈ ശക്തിക്കു Thrust എന്നു പറയുന്നു. Thrust വിമാനത്തെ മുന്നോട്ടുനീക്കുന്നതു തറയിലൂടെ പറക്കുന്നതിനിടയിലാണു്.



ഷാങ്കായ് സംഗീതവിദ്വാൻ ബിസ്മില്ലാഖാൻ. ഇദ്ദേഹത്തിന്റെ ഷാങ്കായ് സംഗീതവും ശ്രീനഗരായണനഗറിൽവച്ചു നടത്തിയ കലാപരിപാടികളിൽ ഉൾപ്പെട്ടിരുന്നു.

ഇങ്ങനെ അതിവേഗം ഏറോഡ്രോമിൽക്കൂടി വിമാനം നീങ്ങുമ്പോൾ ഒരു 10 മിനിട്ടിനുശേഷം വിമാനം പൊങ്ങുന്നതായിക്കാണാം. ഇങ്ങനെ പൊങ്ങുന്നതെന്തുകൊണ്ടാണെന്നു് ഞാൻ ഈ ലേഖനത്തിന്റെ ആദ്യ ഖണ്ഡികകളിൽ പറഞ്ഞുതീർത്തുവല്ലോ.

എങ്ങനെ താഴുന്നു?

വിമാനം പൊങ്ങുന്നതെങ്ങനെയാണെന്നറിഞ്ഞു. പൈലറ്റിനുതാഴെ ഇറങ്ങി ഒന്നുകൂപ്പിക്കുടിക്കണമെന്നു തോന്നുമ്പോൾ എന്തുചെയ്യും? അയാളപ്പോൾ വിമാനത്തിന്റെ വാൽഭാഗത്തുള്ള Elevator). പടം നമ്പർ 1 നോക്കുക. യന്ത്രികമായി നിയന്ത്രണാധീനമായ കമ്പികൾവഴി വാലിന്റെ അറ്റംതാഴുമ്പോൾ (Elevator) മുൻഭാഗം താഴുന്നു. അതേസമയം വാൽ പൊങ്ങുകയാണു ചെയ്യുന്നതു്. Elevator കാറ്റുപിടിക്കുമ്പോൾ വായുസമ്മർദ്ദംകൂടി വാൽപൊങ്ങുകയും മുൻഭാഗംതാണുവരികയും ചെയ്യുന്നു. അങ്ങനെ വിമാനത്തെ വിദഗ്ദ്ധമായി നയിച്ചു് പൈലറ്റിനു താഴെ ഏറോഡ്രോമിൽ വന്നു ഇറങ്ങാം.

ഒരുവശത്തോട്ടു്

ഒരുവശത്തോട്ടെങ്ങനെ തിരിയണം? ഒരുവിമാനത്തിനു രണ്ടു ചിറകുകളുണ്ടല്ലോ. ഒരോ ചിറകിന്റേയും അറ്റത്തു് Aileron എന്നപേ

സിനിമയും റേഡിയോവും

★

വടക്കുംകര ശങ്കരനാരായണൻ

ചലച്ചിത്രസംഗീതം, അതിന്റെ സ്വന്തമായ ഒരു മിശ്രരീതിയിൽ എത്തിച്ചേർന്ന് അതിൽ ഭാരതീയസംഗീതരീതിതന്നെ ഒരു പിഴച്ച വഴിയിൽ കലർന്നുതുടങ്ങിയിരിക്കുന്നതിനാൽ, അഖിലേന്ത്യാറേഡിയോവിൽ പ്രക്ഷേപണം ചെയ്യപ്പെടുന്നതല്ല എന്നൊരു പ്രസ്താവന പുറപ്പെടുവിക്കുകയുണ്ടായി. ചലച്ചിത്രനിർമ്മാണസംഘം ഈ പ്രസ്താവനകേട്ട് അരിശംകൊള്ളുകയും ചില പൊള്ളവാദങ്ങൾ പുറപ്പെടുവിച്ച്, തങ്ങളുടെ നിലനിൽപ്പ് ന്യായീകരിക്കുകയുമാണുണ്ടായതു്.

എല്ലാ ശാസ്ത്രീയകലകൾക്കും ഒരു ലഘുരൂപമുള്ളതുപോലെ സംഗീതത്തിനുമുണ്ട്. ഉത്തരേന്ത്യയിലെ ഹിന്ദുസ്ഥാനിസംഗീതത്തിന്റെ ലഘുരൂപം നല്ലവണ്ണം വളർന്നവന്ന ഒരു സമ്പ്രദായമത്രേ. സംസാരിക്കുന്ന ചലച്ചിത്രം ആദ്യമായി ഇൻഡ്യയിൽ പ്രചരിച്ചുതുടങ്ങിയപ്പോൾ സംഗീതസംവിധായകന്മാർ സ്വാഭാവികമായ തന്നെ ഹിന്ദുസ്ഥാനിയിലെ ലഘുസമ്പ്രദായത്തെയാണ്. ശാസ്ത്രീയഭംഗിയേക്കാൾ കലാഭംഗിക്കു പ്രാധാന്യം കൊടുത്തുവരുന്ന ആ ലഘുസമ്പ്രദായം ഉത്തരദേശത്തേയും ദക്ഷിണദേശത്തേയും ചലച്ചിത്രശാലാശ്രോതാക്കളെ ഹഠാദാകർഷിച്ചു. ദക്ഷിണദേശത്തു ഇപ്പറഞ്ഞ ലഘുസമ്പ്രദായം വളർന്നിരുന്നതുമില്ല; വളരുവാൻ ശ്രമിച്ചിരുന്നതുമില്ല. അതിനാൽ ഇന്ത്യൻ ചലച്ചിത്രസംഗീതമെന്നാൽ ഹിന്ദുസ്ഥാനി ലഘുസംഗീതംതന്നെ എന്നൊരു നിലയിലാണ് വർത്തിച്ചുവന്നതു്. ദക്ഷിണദേശഭാഷകളായ തെലുങ്ക്, തമിഴ്, കന്നഡം, മലയാളം എന്നീ ഭാഷകളിൽ ഇറങ്ങുന്ന പടങ്ങൾപോലും സംഗീതത്തിൽ ഹിന്ദുസ്ഥാനിസമ്പ്രദായത്തെ തുടർന്നുവരികയാണു ചെയ്തതും ചെയ്യുന്നതും.

അടുത്തകാലത്തായി ഇന്ത്യൻ ചലച്ചിത്രനിർമ്മാണം, പരിഷ്കരത്തിന്റെ പേരിലും മറ്റുമായി പാശ്ചാത്യസമ്പ്രദായങ്ങളെ അനുകരിച്ചുവന്നതുടങ്ങി. അപ്പോഴാണ് സംഗീതത്തിന്റെ ഇപ്പറയുന്ന ഒരു അനാശാസ്യനില കണ്ടുതുടങ്ങിയതു്. സംഗീതത്തിന്റെ നിലവാരം കുറഞ്ഞുകുറഞ്ഞുവരികയും യാതൊരു അടിസ്ഥാനവുമില്ലാതായിത്തുടങ്ങുകയുംചെയ്തു. ഇപ്പോൾ ചലച്ചിത്രസംഗീതം ഒരു "അവിയൽ" സമ്പ്രദായത്തിൽ എത്തിയിരിക്കുന്നു. ഈ അവസരത്തിൽ കലാപ്രചരണവകുപ്പുകളിൽ -പ്രത്യേകിച്ചു സംഗീതപ്രചരണത്തിൽ-ഒരു പ്രധാനഘടകമായ അഖിലേന്ത്യാറേഡിയോ ഭാരതീയസംഗീതസംരക്ഷണത്തിനായിമാത്രം പുറപ്പെടുവിച്ചതാണ് ആ ഭ്യൂപറഞ്ഞ നിരോധനപ്രസ്താവന.


ഇതിനെത്തുടർന്ന് ചലച്ചിത്രനിർമ്മാണസംഘം ആനുകൂല്യഭാവമല്ലെന്നല്ല പ്രതികൂലഭാവം പ്രകടിപ്പിക്കയുംചെയ്തു. ഒന്നാമതായി അവർ പറയുന്നതു ദക്ഷിണദേശത്തു ലഘുസംഗീതമല്ല; ലഘുസംഗീതവളർച്ചയ്ക്കായി ചെയ്യുന്ന ശ്രമങ്ങളെല്ലാം പരാജയത്തിലാണ് കലാശിക്കുന്നതു്. അതുകാരണം ഉത്തരദേശത്തെ അനുകരിക്കയല്ലാതൊരുപായമില്ല. ഇപ്പറയുന്നതു ഒരു നിറഞ്ഞ നുണതന്നെയാണ് എന്നു വളരെ വ്യക്തമായ ഒരു പരമാർത്ഥമാണ്. കാരണം വിവിധരീതിയിൽ ഗാനരചനചെയ്തിട്ടുള്ള ഒട്ടുവളരെ "രചനാധുരന്ധരന്മാർ" ഇവിടെ ഉണ്ടായിട്ടുമുണ്ട്; ഇപ്പോഴും ഉണ്ടുതാനും. അങ്ങിനെ ഒരു വലിയ പാരമ്പര്യമുള്ള ഇന്ത്യയിൽ സ്തോത്രമായ ലളിതഗാനരചനസമ്പ്രദായമില്ലെന്നുപറയുന്നതു ആരാണു വിശ്വസിക്കുക.

ചലച്ചിത്രനിർമ്മാതാക്കളായി പിണങ്ങിയ അഖിലേന്ത്യാറേഡിയോ ചലച്ചിത്രഗാനങ്ങൾ പ്രക്ഷേപിക്കപ്പെട്ടസമയം ക്രമാതീതമായി കുറച്ചു. അവയ്ക്കുപകരം ശാസ്ത്രീയസംഗീതത്തിന്റെ നിഴലിൽ കലാഭംഗിക്കു പ്രാധാന്യംകൊടുത്തു്, ചലച്ചിത്രഗാനങ്ങളെപ്പോലെതന്നെ പ്രചാരംസിദ്ധിച്ചേക്കാവുന്ന ഒരുതരം ലഘുഗീതങ്ങൾ രചിക്കുവാനുള്ള സംരംഭത്തിലേർപ്പെട്ടുതുടങ്ങിയിരിക്കുന്നു. ഇത്തരം ഗാനനിർമ്മാണത്തിനായി വലിയ റേഡിയോ നിലയങ്ങളോടനുബന്ധിച്ചു പ്രത്യേകയൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചുതുടങ്ങിയിട്ടുമുണ്ട്.



പാൻമുൻജോമിൽ രോഗികളും മുറിവോറവുമായ ഭടന്മാരുടെ കൈമാറ്റം സംബന്ധിച്ചുള്ള സംഭാഷണങ്ങളിൽ ഐക്യരാഷ്ട്രസംഘടനയുടെ പ്രതിനിധ്യംവഹിക്കുന്ന റിയർ അഡ്മിറൽ ജൺ സി. ഡാനിയൽ.

രുള്ള ഒരു അവയവമുണ്ട്. ചിറകിന്റെ മുക്കാൽഭാഗം കീഴോട്ടുസഞ്ചരിച്ചാൽ കാൽഭാഗം ഒരു പ്രത്യേകഘടകമായി ചിറകിനോടുഘടിപ്പിച്ചിരിക്കുന്നതുകാണാം. പടം 1 നോക്കുക.



ഇതു സൗകര്യമായി താഴ്ത്താനും പൊങ്ങാനുമാണുനിർമ്മിതമായിരിക്കുന്നതു്. ഈ ഭാഗത്തിനാണ് Aileron എന്നു പറയുന്നതു്. ഇതു രണ്ടുചിറകിലും ഉണ്ട്. വലത്തോട്ടുതിരിയണമെന്നുവന്നാൽ പൈലറ്റു വലത്തെ Aileron പൊക്കുകയായി. അതു പൊങ്ങുമ്പോൾ വായുസമ്മർദ്ദം ചിറകിന്നുമുകളിൽകൂടി ആഭാഗം താഴ്ന്നു. തൽസമയം ഇടത്തെ ചിറകിന്റെ അടിയിൽ വായുസമ്മർദ്ദം കൂടുകയാൽ ആഭാഗം പൊങ്ങുന്നു. അപ്പോൾ വലത്തോട്ടുതിരിയാൻ എളുപ്പമായല്ലോ. ഈഭാഗം വലതുവശത്തേക്കു തിരിയുമ്പോൾ വായു തടഞ്ഞുനിറുത്തപ്പെട്ടു. ആ ഭാഗം (വാലറ്റം) ഇടത്തോട്ടു നീങ്ങുകയും തൽസമയം വിമാനം വലത്തോട്ടുതിരിയുകയും ചെയ്യുന്നു.

ഇതുപോലെ പറഞ്ഞതിൽനിന്നും ഒരു വിമാനം എങ്ങനെ പൊങ്ങുന്നു, തിരിയുന്നു, താഴുന്നു, എന്നൊക്കെ മനസ്സിലായല്ലോ. പക്ഷേ ഈ വിമാനത്തെ ആകാശത്തു രണ്ടുമൂന്നു മണിക്കൂർ പിടിച്ചുനിറുത്തുന്ന ശക്തിയേതാണ്. വിമാനം പറക്കുന്നിടത്തോളംകാലം അതിലെ എഞ്ചിൻ പ്രവൃത്തിച്ചുകൊണ്ടിരിക്കും. ഈ പ്രവൃത്തിക്കുന്നിടത്തോളംകാലം മുൻവശത്തെചക്രം കറങ്ങിക്കൊണ്ടിരിക്കും. ചക്രം കറങ്ങുമ്പോൾ വായു പുറകോട്ടുചലിക്കുന്നു. ഈ വായുവിനു വിമാനത്തിന്റെ അടിയിൽ സമ്മർദ്ദംകൂടിയും മുകളിൽ കുറഞ്ഞുമിരിക്കുന്നു. ഇതിനു് അതിന്റെ ഘടനാവിശേഷമാണുകാരണം. (Aerofoil) എന്നു ഞാൻ നേരത്തെപറഞ്ഞു.

വൈമാനികമായി ചിന്തിച്ചാൽ ഇനിയും വളരെ ഏറ്റുപറയുവാനുണ്ട്. അതിനിമറ്റൊരു സന്ദർഭത്തിലായിക്കൊള്ളാം. ഈ ലേഖനം നിങ്ങൾക്കിഷ്ടമായെങ്കിൽ പ്രൗഢിപരെ അറിയിക്കുക —അടുത്ത വേറൊന്നു എഴുതാം.

—o—



മലയാളരാജ്യം

അന്താരാഷ്ട്രിക നെൽ സങ്കരത പദ്ധതി

★

കട്ടാക്കിലെ കേന്ദ്രനെല്ല് ഗവേഷണശാല

★

— എ. ജി. മേനോൻ, അരിമ്പ്ര, പാലക്കാട് —

ലോകത്തിലെ മനുഷ്യസമുദായത്തിന്റെ ശക്തിക്ക് ഭക്ഷണപദാർത്ഥങ്ങൾ നൽകുന്ന പോഷണപ്രധാനപദാർത്ഥത്തിൽ നാലിലൊന്ന് അംശം നൽകിക്കൊണ്ടിരിക്കുന്ന ഏകധാന്യം നെല്ലാണെന്ന് അറിവായിരിക്കുന്നു: ഗവേഷണത്തിൽ 8,000 (എണ്ണായിരം) ജാതിനെല്ലുകൾ ഉണ്ടെന്ന് സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ 3,000 (മൂവായിരം) തരങ്ങൾ ഇപ്പോൾ, കട്ടാക്കിലുള്ള ഗവണ്മെന്റ് സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുവക, 190 ഏക്ക വിസ്തീർണ്ണമുള്ള സ്ഥലത്തു് പരിശോധനാർത്ഥം കൃഷി ചെയ്യുവരുന്നുണ്ട്. ഇതിൽ ഉദ്ദേശ്യം ഇണത്തിലും വിളവിലും വർദ്ധനയുള്ള വാക്കുന്നനല്ല വിത്തുകൾ, തിരഞ്ഞു്, ശേഖരിച്ചു് നെൽക്കൃഷി അഭിവൃദ്ധപ്പെടുത്തലാകുന്നു.

ഇന്ത്യയിൽ ഒരു ഏക്കയിൽ, ഏതാണ്ടു്, 750 (എഴുന്നൂറിയമ്പതു്) റാത്തൽ നല്ലനെല്ല് ഉണ്ടാകുന്നുണ്ട്. എന്നാൽ ജപ്പാനിൽ കിട്ടിവരുന്നതു്, ഒരു ഏക്ക സ്ഥലത്തുനിന്നു്, 2,500 (രണ്ടായിരത്തഞ്ഞൂറു്) റാത്തൽ ആണത്രെ. ഇന്ത്യയിലെ നെല്ലിന്റെ ചുരുങ്ങിയ വിളവിനുള്ള കാരണം കാലാവസ്ഥയും നെല്ലിൻ വിവിധതയും ആകുന്നുപോൽ.

F. A. O. (ഫുഡ് ആൻഡ് അഗ്രിക്കൾച്ചറൽ ഓർഗനൈസേഷൻ) ഭക്ഷണ കാർഷിക സംസ്ഥാപനത്തിന കൃത്യത്തിൽ നെല്ലിനെ സംബന്ധിച്ച ഉല്പാദനം, സൂക്ഷിക്കൽ, വിതരണം, എന്നിവയെ സഹകരണാടിസ്ഥാനത്തിൽ വിപുലപ്പെടുത്തുന്നതിനായ് സ്ഥാപിച്ചുണ്ടു് "International Rice Commission" (അന്താരാഷ്ട്രിക നെല്ല് കാര്യനേപഷകസഭ) എന്നൊരു ഏർപ്പെടുത്തീട്ടുണ്ട്. ആ സഭ ഈ മുഖ്യാഹാരധാന്യം ഉണ്ടാക്കേണ്ട ആവശ്യം എവിടെയാണു് എന്നറിഞ്ഞു്, സഹകരണാടിസ്ഥാനത്തിൽ, അതിനുവേണ്ടതു് പ്രവർത്തിക്കുന്നതാണു്. അതിലേക്കായ്ക്കൊണ്ടു് "അന്താരാഷ്ട്രിയ നെൽസങ്കരത പദ്ധതി" യെന്നൊരുസ്ഥാപനം കട്ടാക്കു് ഗവേഷണശാലയോടു് സംഘടിപ്പിച്ചുകൊണ്ടു് പ്രവർത്തനം നടത്തുന്നുണ്ടു്.

പ്രസ്തുത പദ്ധതിയിലെ അംഗങ്ങളായിട്ടുള്ള രാജ്യങ്ങളും, പാകിസ്ഥാൻ, ബർമ്മ, സിലോൺ, ഇന്തോനേഷ്യ, ഇന്തോചൈന, ജപ്പാൻ, മലയ, ഫിലിപ്പൈൻസ്, തായ്‌ലാണ്ടു് എന്നിവയാണു്.

നെല്ലുകൃഷിയുടെ അഭിവൃദ്ധിക്കായ്ക്കൊണ്ടു് സർവ്വരാജ്യാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള ഏക സഹകരണപ്രസ്ഥാനമാണിതെന്നു പറയാം.

ശാകവസ്തുത്തിൽപ്പെട്ട ഇതിനെ രണ്ടു പ്രധാന ശാകപ്പുകളായിട്ടാകുന്നു ഗവേഷകർ തിരിച്ചുവച്ചിട്ടുള്ളതു്. ഒന്നു് "ഇണ്ടിക്കാ" (The Indica) മറ്റേതു "ജപ്പോനിക്കാ" (Japonica). "ഇണ്ടിക്കാ" ജാതി, ഇന്ത്യയിലെന്നമാത്രമല്ല, ഇന്തോചൈന, ഇന്തോനേഷ്യ, ബർമ്മ, തായ്‌ലാണ്ടു്, സിലോൺ, ഫിലിപ്പൈൻസ്, പാലസ്റ്റൈൻ എന്നീ ഉഷ്ണമേഖലപ്രദേശങ്ങളിൽ ഒക്കെയും, കൃഷിചെയ്യുവരുന്നുണ്ടു്.

"ജപ്പോനിക്കാ" ജാതി ഉപ-ഉഷ്ണമേഖലകളിലും യൂറോപ്പുനാടുകളിലും, ഇറാലി, സ്പെയിൻ, ജപ്പാൻ, ഉത്തരചൈന, കൊറിയ, ആസ്ത്രേലിയ, എന്നീ ദിക്കുകളിലും കൃഷിചെയ്യപ്പെടുന്നുണ്ടു്. ചില കായ്മമായ പ്രകൃതികളിൽ ഈ രണ്ടു വർഗ്ഗങ്ങൾക്കും വ്യത്യാസമുണ്ടു്. ഉത്തരധ്രുവത്തിലുള്ള 'ജപ്പോനിക്ക' ശീതകാലാവസ്ഥകളിൽ തഴച്ചു വളരുന്നു. വളത്തിനു വഴിപ്പെട്ടു് വിളവു് ജാസ്തിയാക്കുന്നുണ്ടു്, ഇറാലിയിലും ജപ്പാനിലുമെന്നപോലെ. നീണ്ടമണിയോടുകൂടിയ 'ഇണ്ടിക്കാ'വർഗ്ഗം ചൈനച്ചേടോടുകൂടിയ കാലാവസ്ഥയാണിഷ്ടപ്പെടുന്നതു്. വ ഉപ്പശിമ ചുരുങ്ങിയ മണ്ണിൽ ഇതു് ('ഇണ്ടിക്കാ') സാമാന്യംവിളയുമതേ. ഉപ-ഉഷ്ണമേഖലപ്രദേശങ്ങളിൽ 'ഇണ്ടിക്കാ' തരങ്ങൾ അത്രകണ്ടു വിളയുന്നതല്ല. 'ജപ്പോനിക്ക' തരങ്ങൾ മാത്രം രാജ്യങ്ങളിൽ വിളയുന്നതുപോലെ ഇന്ത്യയിൽ വിളയുന്നില്ല. അതാണു് അവിനെ സങ്കരമായതാക്കിത്തീർക്കുന്നതിന്റെ ആവശ്യം കട്ടാക്കിലെ ഗവേഷണശാലയിൽ സങ്കരജാതി സന്താനങ്ങളെ ഉണ്ടാക്കിവരുന്നതിൽനിന്നു കൂടുതൽ നെല്ലു് വരുണ്ടാകുന്നുണ്ടു്. ഇന്ത്യയിലേയും തെക്കുകിഴക്കു് ഏഷ്യയിലേയും വിവിധതരം നെല്ലുകളെ ജാപ്പാൻ വ്യത്യസ്തവർഗ്ഗങ്ങളോടു സങ്കരീപ്പിക്കുന്നതിനായ് ജപ്പാനിൽ ജാസ്തിവിളയുണ്ടാകുന്നുണ്ടത്രെ. കട്ടാക്കു് ഗവേഷണശാലയിൽ ഇപ്രവർത്തനം ആരംഭിച്ചതു് 1950-ൽ ആകുന്നു.

സംയോജനനിയമാനുസാരം നെൽസന്താനങ്ങളെ ഉണ്ടാക്കിത്തീർക്കുന്നതിനായ് പ്രസ്തുതവകുപ്പിലേക്കു്—സങ്കരണപരീക്ഷണകേന്ദ്രം (Hybridisation Experiments Centre)—ബർമ്മ, സിലോൺ, ഇന്ത്യ, ഇന്തോനേഷ്യ, ഇന്തോചൈന, മലയ, പാകിസ്ഥാൻ, ഫിലിപ്പൈൻസ്, തായ്‌ലാണ്ടു് എന്നീ നാടുകളിൽനിന്നു രണ്ടുമൂന്നു് നാല്പതരത്തിലുള്ള നെല്ലുകളും ജപ്പാനിൽനിന്നു നല്ലജാതികളായ ചില 'ജപ്പോനിക്കാ' നെല്ലുകളും അയച്ചുകിട്ടീട്ടുണ്ടു്.

"കട്ടാക്കു് സെൻട്രൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടു്" എന്ന സ്ഥാപനത്തിൽവെച്ചു് സങ്കരപ്രയോഗത്താലുദ്ഭൂതമാകുന്ന നെൽവിത്തുകളെ ശേഖരിച്ച ഈ സ്ഥാപനത്തോടു സംഘടിപ്പിക്കപ്പെട്ടിട്ടുള്ള മറ്റുരാജ്യങ്ങളിലേക്കു് വിതരണംചെയ്യുക എന്നതാണവിടത്തെ ഒന്നാമത്തെ പദ്ധതി.

ആ വിത്തുകൾ കൃഷിക്കാരായ രാജ്യക്കാർവാങ്ങി അവിടങ്ങളിലെ അതാതിടങ്ങളിലേക്കു് യോജിക്കുംപോലെ സങ്കരണസമ്പ്രദായത്തിലോ മറ്റേതെങ്കിലും കൃഷിചെയ്തു് വർദ്ധിപ്പിക്കുകയെന്നതാകുന്നു രണ്ടാമത്തെ പദ്ധതി.

'ജപ്പോനിക്കാ' വർഗ്ഗത്തിലെ 8 വിധവിത്തുകളും 'ഇണ്ടിക്കാ' യിലെ 30 വിധവിത്തുകളുംകൂടി സംവേശംചെയ്യിച്ചതിൻഫലമായിട്ടു് 150 തരം സംയോഗസന്താനങ്ങളാണു് ഉണ്ടായിട്ടുള്ളതത്രെ. ഇവരുടെ സ്റ്റീം പ്രകാരം 270 വിധമാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്.

ഇതിലേക്കു് 115,000 (ഒരുലക്ഷത്തിപ്പതിനയ്യായിരം) നെല്ലിൻപൂക്കളെ ഓറഞ്ചായി സംയോജിപ്പിച്ചുകൊണ്ടു് 15,000 (പതിനയ്യായിരം) സങ്കരസന്താനവിത്തുക്കളാണു് നേടീട്ടുള്ളതു്.

കഴിഞ്ഞവർഷം (1951-1952) 3000 (മൂവായിരം) ഇവ്വിധനെൽച്ചെടികളും വ്യത്യസ്തസംകരണപ്രകൃതിമായിട്ട വളർത്തി, അവയിൽനിന്നു ശേഖരിച്ച വിത്തുകൾ പ്രസ്തുത സ്ഥാപനാംഗങ്ങളായ രാജ്യങ്ങളിലേക്കു് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടു്. ഇതിൽനിന്നു അവരുടെ പ്രദേശങ്ങൾക്കു പറ്റിയവിത്തുകൾ വീണ്ടും കൃഷിചെയ്യുണ്ടാക്കി സാധാരണകാർഷികോപയോഗത്തിനാവശ്യമായ തരത്തിലുള്ള നെല്ലിൻവിത്തുകൾ ശേഖരിക്കാവുന്നതാകുന്നു.

സംയോജനപ്രകടനത്താൽ കിട്ടീട്ടുള്ളനെല്ലുകൾ ഇന്ത്യയിൽ ഉപയോഗപ്പെടുത്തേണ്ടതിനെപ്പറ്റിയ തീരുമാനം ഇനിയും അവ്യവസ്ഥയിലാണു്.

ഇന്ത്യയിൽ കാർഷികോപയോഗമായ നെൽത്തരങ്ങൾ 4000-ത്തിനുമായിരത്തോളം) തോളം ഉണ്ടത്രെ.

"കാർഷികഗവേഷണശാല"യിൽ 33 ജാതി 'ഇണ്ടിക്കാ' നെല്ലുകളും 'ജപ്പാനിക്കാ' ജാതികളോടു യോജിപ്പിച്ചുനോക്കിക്കൊണ്ടിരുന്നതു് പൂത്തിപ്പെട്ടുന്നതിനു് മൂന്നുകൊല്ലം വേണ്ടിവരുംപോൽ. ഇതിലേക്കു ധനസഹായംചെയ്യുന്നതിനു് "ഇന്ത്യൻകൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചു്" '(Indian Council of Agricultural Research) എന്നസമിതിയുണ്ടു്.

മുമ്പൊന്നു ഗവേഷണത്തിനെത്തുടർന്നു് കൃഷി ആവശ്യാർത്ഥം (ഇന്ത്യയിലെ) 300 തരം നല്ലനെൽവിത്തുകളും വാങ്ങാവുന്നതത്രെ. ഈ വർദ്ധിനേടിയ വിത്തു-നെല്ലുകളും, 15 മുതൽ 20 ശതമാനം കണ്ടുവരുമാടി കൂടുതലാക്കുമെന്നാണു പറയപ്പെടുന്നതു്.

ജാപ്പാൻ കൃഷിസമ്പ്രദായാനുകരണം

കേരളത്തിൽ പലഭാഗത്തും ജാപ്പാൻകാർ അവരുടെനാട്ടിൽ വിളവു വർദ്ധിപ്പിച്ചുവരുന്ന സമ്പ്രദായം പരീക്ഷണംചെയ്യുന്നതിനു മുതിർന്നുകാണുന്നതായിട്ടാണറിയുന്നതു്. അതിനെപ്പറ്റി "അണ്ണാമല സർവ്വകലാശാല"യിലെ കാർഷികാദ്ധ്യാപകനായ ഡോക്ടർ എസ്. കൃഷ്ണമൂർത്തിഅയ്യർ 3-1-53 ൽ, പത്രപ്രതിനിധികളുമായുണ്ടായ സംഭാഷണത്തിൽ പ്രസ്താവിച്ചതിനെ ഇവിടെ രേഖപ്പെടുത്തുന്നതു് സമുചിതമായിരിക്കുമല്ലൊ.

ജാപ്പാൻസമ്പ്രദായത്തിനെ മുൻകൂട്ടി അറിഞ്ഞിട്ടുള്ളവരെപ്പോലെയാണാണല്ലൊ വെള്ളയ്യ ശൈനർ, 1951-ൽ, ഒരു ഏക്കസ്ഥലത്തു് 12,000 റാത്തൽ നെല്ലു വിളയിച്ചതും 'കൃഷിപണ്ഡിതൻ' എന്ന ബഹുമാനപ്പേർ ഗവണ്മെണ്ടിൽനിന്നു സമ്പാദിച്ചതും കേട്ടതേണ്ടതു്!"

വിത്തു് രോഗനാശദ്രവത്തിൽ കുതിർത്തുക. കാലിവളം, പച്ചിലവളം എന്നിവ ധാരാളം ഉപയോഗിക്കുക; ഞാറ് പറിക്കുന്നതിലും പറിച്ചുനടുന്നതിലും ശ്രദ്ധിക്കുക; ഇതൊക്കെ കളാണു് ജപ്പ് പദ്ധതിയിലെ പ്രത്യേക വശങ്ങളും എന്നറിയുമ്പോൾ ആ പദ്ധതിയിൽ കൈയ്യുകം ചെലുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി കാര്യക്ഷമമായി ചിന്തിക്കാമല്ലൊ." അനുകരണഭ്രമം, ഭ്രമം എന്തുചെയ്യാം!



ഭാരതീയകല

★

— സുകുമാർ അഴീക്കോട് —

കലയ്ക്ക് സവിശേഷമായ ഒരു ധർമ്മമുണ്ട്. മനുഷ്യന്റെ ധർമ്മത്തെ മനുഷ്യത്വം എന്നു പറയുന്നതുപോലെ കലയുടെ ധർമ്മത്തെ കലാത്വം എന്നുപറയാം. മതം, ശാസ്ത്രം തുടങ്ങി മനുഷ്യസംജ്ഞയായ മറ്റു പ്രവർത്തനസമ്പ്രദായങ്ങളിൽനിന്നു കലയെ വേർതിരിച്ചുനിർത്തുന്നതു് കലാത്വംകൊണ്ടാണു്. എന്തെല്ലാം ഇനിനന്തരങ്ങളുണ്ടായാലും, ഇതു വ്യവസ്ഥകൾക്കു വിധേയമായാൽ കല കലയില്ലാതാവുന്നു. പ്രപഞ്ചത്തിലെ വസ്തുക്കളിലോ സംഭവങ്ങളിലോ ഒളിഞ്ഞുകിടക്കുന്ന സൗന്ദര്യത്തെ വെളിപ്പെടുത്തുന്ന സ്വഭാവവുമുള്ള മനുഷ്യനിർമ്മിതമായതെന്തും കലയെന്നും ഈ വിശിഷ്ടസ്വഭാവത്തെ കലാത്വം എന്നും നിർവചിക്കാം.

ഈ നിർവചനപ്രകാരം കലയ്ക്കു് ദേശീയമോ സാമുദായികമോ കാലികമോ മറ്റൊന്തരത്തിൽ പെട്ടതോ ആയ പരിമിതികൾ കല്പിക്കുന്നതു് തെറ്റായിത്തീരും. ലോകത്തിലെ ഉപ്പുസൗന്ദര്യത്തെ വെളിപ്പെടുത്തുവാനുള്ള കഴിവു മനുഷ്യർക്കു് പൊതുവിലുള്ളതാണു്. ഒരു രാഷ്ട്രത്തിനോ സമുദായത്തിനോ കാലത്തിനോമാത്രം ആ കഴിവിന്റെ കുത്തകപ്പാട്ടം കിട്ടിയിട്ടില്ല, കിട്ടുവാൻ പോകുന്നുമില്ല. കല സാർവലൗകികവും സാർവജനീനവും ശാശ്വതവുമാണു് എന്ന കലാനിരൂപകന്മാർ പറയുന്നതിനു് ഇതാണർത്ഥം.

അങ്ങിനെയാണെങ്കിൽ 'ഭാരതീയകല' എന്ന വ്യവഹാരംതന്നെ തെറ്റല്ലേ? 'തെറ്റാണു്' എന്നു പറയുന്നതിനുമുമ്പു് നമുക്കു് കുറച്ചുകൂടി ആലോചിക്കാം; കാരണം പല പണ്ഡിതന്മാരും ഉപയോഗിച്ചു ശീലിച്ചുപോന്നിട്ടുള്ളതാണു് അതു്. ഭാരതീയകല എന്നതിനർത്ഥം ഭാരതത്തെസംബന്ധിക്കുന്നതോ ഭാരതത്തിൽനിന്നുണ്ടായതോ ആയ കലയെന്നാകുന്നു. കല സാർവദേശീയമാണെന്നുവന്നാൽ ഭാരതത്തിലെ കല എന്നൊക്കെ പറയുന്നതു് തെറ്റാണെന്നു് തോന്നാനെളുപ്പമുണ്ടു്. ഭൂമിശാസ്ത്രം, ഒഴുകുന്ന അരഞ്ഞാണർപോലെ, വിലസുന്ന സമുദ്രത്തെ ഭാഗിക്കുന്നതിൽവച്ചും മനുഷ്യനാണു് കലയെ ഭാഗിക്കുന്നതെന്നു് വാദിച്ചുകൂടായ്കയില്ല. എന്നാൽ കലയെയെന്നല്ല മറ്റൊന്നിനെയും ചില അടിസ്ഥാനങ്ങളിൽ ഭാഗിക്കുന്നതുകൊണ്ടു് ഉപകാരമേയുള്ളൂ. ഭൂമിയെ ചുഴന്നുനിൽക്കുന്ന ഏകമായ സമുദ്രമേഖലയെ ഭൂമിശാസ്ത്രകാരന്മാർ ശാന്തസമുദ്രം, ഹിന്ദുസമുദ്രം എന്നിങ്ങനെ പലതായി വിഭജിച്ചിട്ടുണ്ടു്. സമുദ്രത്തിന്റെ ഏകത്വപാഠത്തെ നിഷേധിക്കലല്ല പ്രസ്തുത വിഭജനത്തിന്റെ ഉദ്ദേശം; പഠനസൗകര്യമാണു്. ഈ മട്ടിൽ ഏകത്വമായ കലയെ ഭാരതീയകല, പാശ്ചാത്യകല, എന്നിങ്ങനെ തരംതിരിച്ചുപഠിച്ചാൽ ജിജ്ഞാസ്യക്കാംശം എളുപ്പം കലാവിജ്ഞാനം ആയ്ക്കിട്ടുവാൻ കഴിയും. കൂടാതെ, "സാർവദേശീയമായ കലയുടെമേൽ ഓരോദേശത്തിനും പ്രത്യേകമായുള്ള സംസ്കാരപാരമ്പര്യാദികൾ വർണ്ണപ്പകിട്ടുകൾ ഏറുന്നു എന്ന തത്വം അനുസരിച്ചു് കലയെ ദേശഭേദംമൻനിർത്തി വീക്ഷിക്കുന്നതിൽ തെറ്റൊന്നും പറഞ്ഞുകൂടാ. ശ്രുതിജലം നിർവ്വർണ്ണവും നീരസവുമാണെന്ന ശാസ്ത്രം പറയുന്നു. എന്നാൽ മണ്ണിന്റെ വ്യത്യാസംകൊണ്ടു് ഓരോ നാട്ടിലുമുള്ള വെള്ളത്തിനു് നിറവും രസവും കൈവരുന്നതു് നമുക്കനുഭവമാണു്. ഇതുപോലെയാണു് ശ്രുതകലയ്ക്കു് ദേശസഹജമായ വിലക്ഷണതകൾ ചായംകൊടുക്കുന്നതു്. നിറവും, രസവും ഉണ്ടാകുന്നതുകൊണ്ടു് ജലത്തിന്റെ ജലത്വം നശിച്ചുപോകാത്തതുപോലെ ദേശീയ ഗുണവിശേഷങ്ങൾ കലയിൽ കലരുന്നതുകൊണ്ടു് കലയുടെ കലാത്വം നഷ്ടമാവുന്നില്ല.

ഭാരതീയകല ശ്രുതകലയ്ക്കു് നൽകുന്ന നിറവും രസവും ഭാരതത്തിന്റെ ചിരന്തനമായ ആദ്ധ്യാത്മികചിന്തയുടേതാണു്. പ്രപഞ്ചത്തിന്റെ ഉള്ളിന്റെ ഉള്ളിൽ കിടക്കുന്ന പരോക്ഷസത്യത്തെ പുറത്തെടുത്തുപ്രകാശിപ്പിക്കലാണു് ഭാരതീയകലാകാരന്റെ ലക്ഷ്യം. മാംസചക്ഷുസ്സിനു് ഈ ലോകം അനൈക്യമയമാണു്. പക്ഷേ അന്തർദൃഷ്ടിയായ ഒരു ഉൾക്കണ്ണിക്കു് ഐക്യമയമാണു് ലോകം. ഒരൊറ്റ സത്യത്തിന്റെ പ്രതിബിംബം. "എല്ലാറ്റിലും ഒന്നിനേയും ഒന്നിൽ എല്ലാറ്റിനേയും" കാണുന്ന ഉൾക്കിയെപ്പറ്റി ഭഗവദ്ഗീത പ്രശംസിക്കുന്നു. ഈയനുഭവം ആദ്ധ്യാത്മികജീവിതത്തിന്റെ പരമകാഷ്ഠയാണു്. നമ്മുടെ ദൈനംദിനജീവിതത്തെ സുഖസുന്ദരമാക്കാൻ ഈ ദർശനത്തിന്റെ തെല്ലുമതി. ഈ ആർഷദർശനത്തെയാണു് ഭാരതീയകല – അതു് സാഹിത്യമോ സംഗീതമോ പ്രതിമാശില്പമോ ആലേഖ്യമോ വാസ്തുവിദ്യയോ ആവട്ടെ — ജനതയ്ക്കു് സമ്മാനിക്കുന്നതു്. ഈ സമദർശനൈകൃദർശനം കലയുടെ കലാത്വത്തെ നശിപ്പിക്കുന്നില്ല. എന്നുമാത്രമല്ല, കല ഉറന്നുകൂടുന്ന സൗന്ദര്യത്തിനു് അതു് മഹത്വവും വ്യാപ്തിയും കൂട്ടുതലാക്കിക്കൊടുക്കുകകൂടിചെയ്യുന്നു.

സാരനാഥസ്തൂപം

ഉദാഹരണത്തിനു് ഭാരതീയരുടെ പ്രതിമാശില്പത്തിന്റെ മികച്ച ഉദാഹരണമായ സാരനാഥത്തിലെ സിംഹസ്തംഭം നോക്കുക. ക്രിസ്തുവിനു് മുൻപു് മൂന്നാം ശതകത്തിൽ അശോകചക്രവർത്തിയാൽ സ്ഥാപിതമായ ആ സ്തംഭത്തിന്റെ സൗന്ദര്യം അവർണ്ണനീയമത്രേ. ക്രാന്തദർശിയും ഉജ്ജ്വലനുമായ ഒരു കലാകാരന്റെ അമേയമായ സൗന്ദര്യദർശനത്തിന്റെ രശ്മികൾ വർഷിച്ചുപോന്ന പരുപരുത്ത പാഠപ്പുറത്തിനുണ്ടായ പുരുക്ഷുമ്പാണു് സാരനാഥസ്തംഭം. പുറത്തോടുപുറംതൊട്ടു നിൽക്കുകയും മുഖ്യദിക്കുകളെ നോക്കുകയുംചെയ്യുന്ന നാലു് ക്രാറൻസിംഹങ്ങൾ ഏറ്റവും മുകളിൽ, ഇവയ്ക്കുതാഴെ നാലു ചക്രങ്ങളും ഇടയിലായി ഒന്നിനു നാലു മുഗങ്ങളും, ചുവട്ടിൽ ഭദ്രങ്ങളും കമിഴ്ത്തിവെച്ച ഒരു വിടർന്ന താമരപ്പൂവു്, ഇവയെ അവലംബിച്ചുകൊണ്ടു നിൽക്കുന്നതും ഇരുപത്തിനാലു കതിരുകളും ഉൾക്കൊള്ളുന്നതുമായ ധർമ്മചക്രം — ഇതാണു് സാരനാഥത്തിലെ സിംഹസ്തംഭത്തിന്റെ ബാഹ്യരൂപം.

ഇതിന്റെ ഉള്ളിൽക്കടന്നു് അതിന്റെ ഹൃദയം നുകരുവാൻ കഴിയുന്നവരാരും ഇന്നു ഭൂമിയിലില്ല. ഇന്നത്തെ ഭാരതീയർക്കു് അതിന്റെ പുകഴ്ത്തുന്നതിനുള്ള അവകാശമുണ്ടെന്നു തോന്നുന്നുമില്ല. ഇന്നത്തെ ഭാരതീയർ ഈ സിംഹസ്തംഭത്തിന്റെ ഉപാസകരല്ല, അനുകരണക്കാരാണു്

രേ അവക്ക് ഭാരതീയകലയെപ്പറ്റി അറിയേണ്ടതറിഞ്ഞുകഴിഞ്ഞു എന്നഭിമാനിക്കാം. അചഞ്ചലമായ ധീരതയ്ക്കും ലോകംവെല്ലുന്ന ശക്തിക്കും ഐകൃഭരിതമായ സ്ഥിതിക്കും പ്രതിരൂപങ്ങളായി നിൽക്കുന്ന ആ നാല് കേസരിവീരന്മാർ. ഇവയ്ക്കിടയിലുള്ള ഓടുന്ന മൃഗങ്ങളും ചക്രങ്ങളും പ്രപഞ്ചം എന്നും മാറിമാറിപ്പോകുന്നുവെന്ന പരിണാമതത്ത്വത്തെ സൂചിപ്പിക്കുന്നു. ഏതു പരിവർത്തനങ്ങളെയും അതിശയിച്ചുകൊണ്ട് മനുഷ്യശക്തിക്ക് ഐകൃസുന്ദരവും ധീരോദാത്തമായ ജീവിതം നയിക്കാമെന്നാണ് മേൽക്കീഴായി കൊത്തിവെച്ച ആ മൃഗരാജന്മാരും മൃഗങ്ങളും മൂകമായ ഭാഷയിൽ വിളിച്ചുപറയുന്നത്. ഇവയ്ക്കും കീഴിൽ ഇതിനെ താഴോട്ടായുള്ള കിടപ്പുള്ള താമരപ്പൂവ് പലതരം വികാരങ്ങളും വിചാരങ്ങളും മലർന്നിൽക്കുന്ന മനുഷ്യമനസ്സിന്റെ ഏകാഗ്രമായ തപസ്സിനെ കുറിക്കുന്നു. മനുഷ്യൻ ഏകാന്തവും അന്തർമുഖവുമായി ധ്യാനിച്ചാൽ അവനിൽ അനന്തം ശക്തികളും ഉയർന്നവരുമെന്നല്ലയോ താമരയ്ക്കുമുകളിൽ പ്രതിഷ്ഠിച്ച മൃഗരാജന്മാരെക്കൊണ്ട് ആ സ്മാരകശിലാകാരൻ വ്യക്തമാക്കുന്നത്? ഭൌതികവും ആത്മീയവുമായ ജീവിതങ്ങളെ ഇങ്ങിനെ ഇണക്കിക്കൊണ്ടുപോകുന്ന മറ്റൊരു ഭാവന കണ്ടെത്താൻ പണിയുണ്ട്. വെറുതെയല്ല സ്വതന്ത്രഭാരതത്തിന്റെ ചിഹ്നമായി ഈ കലാരൂപത്തെ സ്വീകരിക്കപ്പെട്ടിട്ടുള്ളത്!

അജന്താചിത്രങ്ങൾ

ഭാരതീയരുടെ ആലേഖ്യകലയും ഇതേരീതിയിൽ ആത്മീയാത്മികസത്യങ്ങളെ സൌന്ദര്യമൊഴുകുമാറ് കാണിച്ചുതരുന്നു. അജന്താഗുഹകളിലെ മുമ്പർച്ചിത്രങ്ങളാണ് ഭാരതീയ ലേഖ്യത്തിന്റെ ഉത്തമോദാഹരണം. ക്രി. മു. ഒന്നാംനൂറ്റാണ്ടുതൊട്ട് ക്രി. പി. ഏഴാംനൂറ്റാണ്ടുവരെ തുടർച്ചയായി ബുദ്ധസന്യാസിമാർ ചെയ്ത നിസ്സ്വാർത്ഥസേവനമാണ് ഈ ചിത്രങ്ങളുടെ മാതാവ്. ഇന്ത്യയുടെ ദേശീയചിത്രശാലയാണ് അജന്തഗുഹകൾ. രാജാക്കന്മാർ യുദ്ധങ്ങൾ നടത്തി സാമ്രാജ്യങ്ങൾ സ്ഥാപിച്ചകാലത്ത് ഒരുകൂട്ടം ഭിക്ഷുക്കൾ പാറതുരന്നുണ്ടാക്കിയ ഈ നേട്ടങ്ങൾ ചൈതന്യം കൊണ്ട് ഒരിക്കലും നശിക്കാത്ത ഒരു മഹാസൌന്ദര്യസാമ്രാജ്യത്തെ സൃഷ്ടിച്ചു. അജന്തയിലെ ഇരുപത്തെന്നെണ്ണം ഗുഹകളിൽ ചിത്രപ്പണികൾ ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. എന്നാൽ കാലപ്പഴക്കംനിമിത്തം അവയിൽ പലതും ഇന്ന് നിറം കെട്ടും മങ്ങിയും ഇരിക്കുന്നു. ആറെണ്ണത്തിൽ മാത്രമേ ആലേഖ്യങ്ങൾ അവശേഷിച്ചുകാണുന്നുള്ളൂ. അവയിൽവച്ച് ഏറ്റവും മനോഹരമായ ഒന്ന്, ഒരമ്മതന്റെ ഇളംകുഞ്ഞിനെ കരുണാവാരിധിയായ ബുദ്ധഭഗവാന്റെ മുമ്പിൽ അർപ്പിക്കുന്ന കാഴ്ചയുടെ ചിത്രമാണ്. ആത്മീയതേജസ്സിന്റെ മുമ്പിൽ ഭൌതികജീവിതം കുമ്പിടുന്നുവെന്ന് ഇതിനെ ശ്രീ. അരവിന്ദൻ വ്യാഖ്യാനിക്കുന്നു.

രാമായണം

സാഹിത്യത്തെ നോക്കുക. ഉദാഹരണത്തിന് ആദികവിയുടെ രാമായണത്തെത്തന്നെ. ''എല്ലാറിനെയും ഒന്നായിക്കാണുക'' എന്ന ഋഷികളുടെ സന്ദേശമാണ് രാമായണത്തിന്റെ സാരം. ഒരു ക്രൌഞ്ചപ്പക്ഷിയുടെ മരണത്തിൽനിന്നാണ് കണ്ണുനീരിൽമുക്കിയാണ് വാല്മീകി രാമായണത്തിന്റെ ഇരുപത്തിനാലായിരം ശ്ലോകങ്ങളുടെ ഓരോ അക്ഷരവും പകർത്തിയത്. പക്ഷിയുടെയും മനുഷ്യന്റെയും ജീവിതങ്ങളെ ഒരേകണ്ണുകൊണ്ട് കാണാൻകഴിഞ്ഞ ഒരു മനുഷ്യനല്ലാതെ രാമായണം രചിക്കുക സാധ്യമല്ല. മനുഷ്യരുടെ ഇടയിൽ പോലും പലപല ഭേദങ്ങളും കാണുന്ന അസ്വാദ്യതയുടെ കണ്ണുകൾക്ക് വിസ്മയമുണർത്തുന്ന കാഴ്ചയാണ് വാല്മീകിമഹർഷി പ്രദർശിപ്പിച്ചുതരുന്നത്. അതിവേഗങ്ങിയ ജീവിതസത്യം വെളിച്ചത്തിലേയ്ക്ക് നമ്മെ ആകർഷിച്ചുകൊണ്ടുപോകുന്നു.


വാസ്തുവിദ്യ, സംഗീതം തുടങ്ങി ഭാരതീയകലകളെ സൂക്ഷിച്ചാലും അവ ഇതേമാർഗ്ഗത്തിലൂടെയുള്ള പരിണാമം പതറാതെ നടന്നതായിക്കാണാം. പല പരിവർത്തനങ്ങളും സംഭവിച്ചുവെങ്കിലും ഇന്നും ഇന്ത്യ ആ മാർഗ്ഗത്തെ മറന്നുകളഞ്ഞിട്ടില്ല. സാഹിത്യത്തിൽ രവീന്ദ്രനാഥടാഗോറും ചിത്രകലയിൽ അവനീന്ദ്രനാഥടാഗോറും ഭാരതീയകലയുടെ ജീവനെ വിടാതെ നിലനിർത്തിയവരാണ്. പുതിയ രീതികളും പകിട്ടുകളും മറുനാടുകളിൽനിന്ന് നാം ഇറക്കുമതിചെയ്യുന്നത് നല്ലതാണെങ്കിലും, അവയെ ഉപയോഗിക്കുന്നതിൽ ഉൽകണ്ഠാമുഴുത്തു പഴയ സമ്പ്രദായങ്ങളെയും ആദർശങ്ങളെയും ഇട്ടേച്ചുകളഞ്ഞിൽ നിക്ഷേപിക്കുന്നത് മൌഢ്യമായിരിക്കും. ഇന്നത്തെ കലാകാരൻ സ്വയം എത്ര വിടാൻ ശ്രമിച്ചാലും വീണ്ടും വീണ്ടും പിന്തുടർന്നവരുന്ന അനുഭൂതികളിലാണ് ഭാരതീയകല തഴച്ചുവളരുന്നതെന്നതുകൊണ്ട് അതു തിരെ കുറിയറുപോകുകയില്ലെന്നും ഏതായാലും നമുക്കാശ്വസിക്കാം.

★

''പുതുതായി കല്യാണംചെയ്ത ഒരു സ്ത്രീ കുട്ടികളുണ്ടാകുന്നതുവരെ വീട്ടുവേലകളും ശുശ്രൂഷയോടും ഉത്സാഹത്തോടും ചെയ്തുകൊണ്ടിരിക്കും. എന്നാൽ അവർക്ക് ഒരു കുട്ടിയുണ്ടായാലുടൻ അവൾ പിള്ളറാജോലികളും ശരിയാക്കുകയില്ല; തന്റെ കുട്ടിയുമായി കൊഞ്ചിക്കുഴയുന്നതിൽതന്നെ സമയം ചിലവാകും. അതുപോലെ അങ്ങനെ കാണുന്ന ജോലികളെല്ലാം ചെയ്യുകൊണ്ടിരിക്കും. എന്നാൽ തന്റെ ഹൃദയത്തിൽ ഈശ്വരൻ ഇരിക്കുന്നതറിഞ്ഞാൽ, പഴയവേലകളിൽ അവന് പ്രിയമുണ്ടാകയില്ല. ഈശ്വരസേവയിൽതന്നെനിരതനാകും. വേറൊന്നും അവനുസുഖംകൊടുക്കയില്ല. ഈശ്വരനുമായിട്ടുള്ള ഐക്യത്തിൽനിന്നുണ്ടാകുന്ന ആനന്ദത്തിൽനിന്ന് വിട്ടുമാറാനും അവനെക്കൊണ്ടു സാധ്യമല്ല.''

2—72

ശ്രീരാമകൃഷ്ണദേവൻ



''നാം ഇപ്പോഴുള്ള സമാധാനം'' എന്ന ശീർഷകത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള എസൻഹോവർ പ്രസംഗത്തിലെ ചില വിവരങ്ങളാണ് ഇതിൽ വിശദീകരിക്കുന്നത്. നിർമ്മിക്കപ്പെടുന്ന ഓരോ തോക്കും കടലിലിറക്കുന്ന ഓരോ യുദ്ധക്കപ്പലും, അവസാനത്തെ വ്യാഖ്യാനത്തിൽ സൂചിപ്പിക്കുന്നത്, ആരാൽകിട്ടാതെ വിശപ്പുസഹിക്കുന്നവന്റെയും, വസ്ത്രമില്ലാതെ തണുത്തു വിറയ്ക്കുന്നവന്റെയും പക്കൽനിന്നുള്ള മോഷണമാണ്. ധനം മാത്രമല്ല ആയുധം ധരിച്ച ലോകം വ്യയംചെയ്യുന്നത്; തൊഴിലാളിയുടെ വിയർപ്പ്, ശാസ്ത്രജ്ഞന്റെ ബുദ്ധിശക്തി, കർഷകരുടെ പ്രതീക്ഷകൾ ഇവകൂടിയാണ് ദുർവ്യയംചെയ്യപ്പെടുന്നത്. ഒരു വലിയ യുദ്ധോപകരണത്തിന്റെ ചിലവിതാണ്; 30 നഗരങ്ങൾക്കു ആധുനികമാതൃകയിലുള്ള ഓരോ വിദ്യാലയങ്ങൾ. 60000 വീതം ജനസംഖ്യയുള്ള രണ്ടു നഗരങ്ങൾക്കു വിദ്യുച്ഛക്തിസംവഹനങ്ങൾ, പൂർണ്ണമായ ശുദ്ധീകരണങ്ങളോടുകൂടിയ രണ്ടു ആസ്പത്രികൾ, 50 മൈൽ കോൺക്രീറുറോഡ്. ഐക്യരാഷ്ട്രസംഘടനയുടെ മേൽനോട്ടത്തിൽ നിരായുധീകരണം ഏർപ്പെടുത്തുന്നതിനു അദ്ദേഹം അഭ്യർത്ഥിച്ചു; അങ്ങനെ ലാഭപ്പെടുത്താവുന്ന കോടിക്കണക്കിനുള്ള സംഖ്യകൾ പിന്നോക്കരാജ്യങ്ങൾ വികസിപ്പിക്കുന്നതിനു സഹായത്തിനായി വിനിയോഗിക്കാവുന്നതാണ്.

പ്രാചീന മണിപ്രവാളകാവ്യങ്ങളിൽ വർണ്ണിച്ചിട്ടുള്ളതു് അധികവും ക്ഷേത്രങ്ങളിലെ 'തേവടിച്ചി'കളെയാണു്. പണ്ടു് പ്രധാനപ്പെട്ട എല്ലാം ക്ഷേത്രങ്ങളിലും ഏതാണ്ടം തേവടിച്ചിസ്ഥാനങ്ങളും ഉണ്ടായിരുന്നു. അഭ്യസ്തവിദ്യകളും കലാസമ്പന്നകളും കലീനകളും ആയ സ്ത്രീകളെ മാത്രമേ ഈ ഉദ്യോഗത്തിൽ നിയമിച്ചിരുന്നുള്ളൂ. കൃത്തച്ചി, കൃത്തത്തി, തേവടിയാരം, തേവരടിയാരം എന്നിങ്ങനെ പല പേരുകളിലും അവർ അറിയപ്പെട്ടിരുന്നു. തേവടിച്ചികൾക്കു് ആഭിജാത്യത്തു് സമുദായത്തിൽ ഏറ്റവും മാന്യമായ ഒരു സ്ഥാനമാണു് ഉണ്ടായിരുന്നതു്. രാജാക്കന്മാരെയും സന്ന്യാസിമാരെയുംപോലെ ഇവരെയും 'അടികൾ' എന്ന ബഹുമാനപൂർവ്വം പറഞ്ഞുവന്നതിനെ ക്ഷേത്രത്തിനടുത്തുള്ള ചില തെരുവുകളിൽ തേവടിച്ചികൾ, സന്ന്യാസിമാർ, ആഢ്യബ്രാഹ്മണർ ഇവർക്കുമാത്രമേ താമസിക്കുവാൻ പാടുണ്ടായിരുന്നുള്ളുവെന്നും ചില ശാസനങ്ങളിൽനിന്നു ഗ്രഹിക്കാം. 'തിരുവുള്ളം' 'തിരുമേനി' എന്നിങ്ങനെ 'തിരു' ചേർത്താണു തേവടിച്ചികളെയും പറഞ്ഞിരുന്നതു്. അവർ തേവടിച്ചികളായി അധഃപതിച്ചതിനുശേഷവും കുറേക്കാലത്തേയ്ക്കു് ഈ പതിവു തുടർന്നുവന്നു. ചരിത്രപരമായ ഈ പശ്ചാത്തലത്തിലാണു് ആദ്യകാലത്തെ മണിപ്രവാളകൃതികളും വീക്ഷിക്കേണ്ടതു്. മലയാളി വിശേഷാൽപ്രതിയിൽ 'തേവടിച്ചികൾ' എന്ന പേരിൽ എഴുതിയിട്ടുള്ള ലേഖനത്തിൽ ഈ സംഗതി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടു് ഇവിടെ വിസ്തരിക്കുന്നില്ല.

കൊല്ലം 400-ാമാണ്ടിനുശേഷം വടക്കേ മലബാറിൽ തിരുമന്ധാംകുന്നു് ക്ഷേത്രത്തിൽ തേവടിച്ചിപദമലങ്കരിച്ചിരുന്ന ഉണ്ണിയച്ചിയുടെ സൗന്ദര്യത്തിൽ ഭ്രമിച്ചു് ഒരു ശ്രീമാൻ വള്ളുവനാട്ടിൽനിന്നു് അവളുടെ * 'കോയിൽ' അന്വേഷിച്ചുപോകുന്നതുമാണു് ഇന്നുവരെ ലഭിച്ചിട്ടുള്ള മണിപ്രവാളകാവ്യങ്ങളിൽ ഏറ്റവും പ്രാചീനമെന്നു വിശ്വസിക്കാവുന്ന ഉണ്ണിയച്ചീചരിതംചമ്പുവിലെ ഇതിവൃത്തസംഗ്രഹം. 450-ൽപ്പരം വള്ളുവനാട്ടു ചൊവ്വരം ഗ്രാമത്തെ അലങ്കരിച്ചിരുന്ന ഉണ്ണിച്ചിരുദേവി എന്ന 'കൃത്തത്തി'യുടെ 'തിരുമെയ്'കണ്ടു് ആയിരം കണ്ണിനും സാഫല്യംസിദ്ധിക്കുവാൻ ദേവേന്ദ്രൻ അവളുടെ 'കോയിലി'ലെത്തുന്നതായി ഉണ്ണിച്ചിരുതേവീചരിതം എന്ന പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത ഗദ്യകാവ്യത്തിൽ പറയുന്നു. ആറാംശതകത്തിന്റെ മദ്ധ്യഘട്ടത്തിൽ സൗന്ദര്യംകൊണ്ടും കേരളമെങ്ങും പേർപെറ്റ ഉണ്ണിയാടിയേയും, അവളുടെ അമ്മയായ (കണ്ണിയൂർക്ഷേത്രത്തിലെ 'നത്തകിനംപരിഷ്ട'), കുട്ടത്തിയേയും പാറി മാർച്ചലക്കം കലംകൗമുദിയിൽ പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടു ഇവിടെ വിസ്തരിക്കുന്നില്ല. ചെറിയച്ചി, കൗണേതര, ഇളയച്ചി, ഇട്ടിയച്ചി തുടങ്ങിയ സുന്ദരിമാരും ഓരോരോകാലത്തു 'മിസ് കേരള'സ്ഥാനത്തിനു് അവകാശികളായിരുന്നു. പക്ഷെ അവരെപ്പറ്റിയെല്ലാം കേട്ടിട്ടുള്ളവർ ചുരുക്കമായിരിക്കും. എന്നാൽ ഈ സൗന്ദര്യദേവതമാരുടെയെല്ലാം രാജ്ഞിയായി ശോഭിക്കുന്ന ഉണ്ണാനീലി ഏവർക്കും സുപരിചിതയാണു്. അവരെ ഇന്നു ചിരംജീവിയായിത്തീർന്നിരിക്കുന്നു.

"വെള്ളിക്കൽറിന്നഭീഷ്ടം വെളെ-
വെളെ വിജയിപ്പിക്കമക്കീർത്തിപർമേ-
ലല്ലിത്തർമതിനെക്കൊണ്ടയോ-
വിളിപണിചെയ്യിക്കുമാസ്ഥം പ്രലാപഃ

ഇല്ലത്തിന്നന്നതിന്നേ വിതരുനു-
തരാമകയല്ലുണ്ണാനീലി
ചൊല്ലിനേറനെങ്കിൽനീ കേട്ടരുളു-
കടയിതേ! സുകൃതിരത്നാമദീയം"

എന്ന കവിയുടെ ആത്മാംസപൂർണ്ണമായും ഫലിച്ചു. സമ്പത്തുകൊണ്ടും സൗന്ദര്യംകൊണ്ടും സ്ഥാനമഹിമകൊണ്ടും അവളെ ജയിക്കുന്ന സ്ത്രീരത്നങ്ങൾ പലതും കേരളത്തിൽ ജീവിച്ചിരുന്നിരിക്കാം. അവക്കൊക്കെ ആ 'മരതകമണിവർണ്ണ'യുടെ ശതാംശം കീർത്തി ലഭിച്ചിട്ടില്ല. ഉണ്ണാനീലിക്കുതുല്യം ഉണ്ണാനീലിതന്നെ.

'കണ്ടിക്കാർക്രന്തൽ കാലിൽത്തടവിന മടവാർ
നായികാം വാഴ്ത്തുവാനായ"

കാവ്യംചമച്ച കവി മറ്റു സന്ദേശങ്ങളിൽനിന്നു വ്യത്യസ്തമായി നായികയെ അവലംബിച്ചു നാമകരണം ചെയ്തതും ഉണ്ണാനീലിയുടെ പ്രസിദ്ധിക്കു കാരണമായിത്തീർന്നു. ആദിത്യവർമ്മസന്ദേശമെന്നോ നൃപസന്ദേശമെന്നോ പേരുകൊടുക്കുവാൻ കവിയുടെ ഔചിത്യബുദ്ധി അദ്ദേഹത്തെ അനുവദിച്ചില്ല. ഉണ്ണാനീലിയുടേയും മുണ്ടയ്ക്കൽഭവനത്തിന്റേയും കീർത്തി ആചന്ദ്രതാരം നിലനിൽക്കണമെന്ന കവിയുടെ ഉദ്ദേശം സാധിക്കുവാൻ ഏറ്റവുംപറ്റിയതു് ഉണ്ണാനീലിസന്ദേശമെന്നോ മുണ്ടയ്ക്കൽസന്ദേശമെന്നോ പേരുനൽകുകയാണല്ലോ. അതുകൊണ്ടാണെന്നായിക്കൊണ്ടുണ്ണാനീലിയും എന്നെയും സംബന്ധിച്ചിടത്തോളം അതൊരു തീർത്ഥയാത്രതന്നെയായിരുന്നു. ആദിത്യവർമ്മപേയവഴിയെ തിരുവനന്തപുരംമുതൽ കട്ടത്തിവരെ പോകണമെന്നുള്ളതായിരുന്നു ഞങ്ങളുടെ ആശ. സന്ദേശഹരൻ തണ്ടിലേറി രണ്ടരദിവസംകൊണ്ടുനിവ്വഹിച്ച ആ യാത്ര മിക്കവാറും കാറിലും കുറേയെല്ലാം നടന്നും പൂർത്തിയാക്കുവാൻ ഞങ്ങൾക്കു പതിനഞ്ചുദിവസത്തോളം വേണ്ടിവന്നു. തുപ്പാശ്ശേരി മൂപ്പനെപ്പോലെ ജോലിയും തൊഴിലുമില്ലാതെ തുടച്ചയായി അനേകദിവസം ഉണ്ണാനീലിയെ അന്വേഷിച്ചു കഴിച്ചുകൂട്ടുവാൻ എല്ലാവർക്കും സൗകര്യമുണ്ടായിരിക്കയില്ലല്ലോ. അതുകൊണ്ടു് പലപ്പോഴായിട്ടാണു് അന്വേഷണം പൂർത്തിയാക്കിയതു്. യാത്രയുടെ അവസാനഘട്ടത്തിൽ അതായതു് ഒടുവിലത്തെ രണ്ടുദിവസങ്ങളിൽ ശ്രീ: എൻ. ഗോപാലപിള്ളയും ഞങ്ങളോടൊന്നിച്ചു് ബുദ്ധിമുട്ടു സഹിക്കുവാൻ തയ്യാറായി എത്തിച്ചേർന്നു.

നിശ്ചിതമായ ഒരു പദ്ധതിയോടുകൂടിയാണു ഞങ്ങൾ യാത്രപുറപ്പെട്ടതു്. ഓരോസ്ഥലത്തും എത്തുന്നതിനുമുമ്പായി ആ നാട്ടുകാരിൽനിന്നും സൂക്ഷ്മമായ വിവരങ്ങൾ മുൻകൂട്ടിശേഖരിക്കുവാൻ ശ്രമിച്ചിരുന്നു. പിന്നീടു് സ്ഥലപരിചയമുള്ള ആരെയെങ്കിലും കൂട്ടിക്കൊണ്ടു് അവിടെച്ചെന്നു വേണ്ട അന്വേഷണം നടത്തുകയായിരുന്നു പതിവു്. അതാതു സ്ഥലത്തുള്ള പണ്ഡിതന്മാരിൽനിന്നു വിലയേറിയ സഹായസഹകരണങ്ങളും ഞങ്ങൾക്കു ലഭിച്ചിട്ടുണ്ടു്. ആ സുഹൃത്തുക്കളോടു ഞങ്ങൾക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. ഞങ്ങൾക്കു മനസ്സിലാക്കുവാൻസാധിക്കാത്തസംഗതികളും ഇനിയും അവശേഷിക്കുന്നുണ്ടു്. എങ്കിലും ഇന്നുവരെ അറിഞ്ഞിട്ടില്ലാത്ത പലതും ഗ്രഹിക്കുവാൻകഴിഞ്ഞതുകൊണ്ടു് ശ്രമം നിഷ്ഫലമല്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഉദാഹരണമായി

'എൻറെല്ലാം കേട്ടവിടയുണരു-
മകിൽ നീ ബിംബലീശം
വെൻറിക്കൻറിനൊരു തിലകമാം
രാമവർമ്മക്ഷിധാനം'

തെക്കുംകൂർ രാമവർമ്മയെപ്പറ്റി പരാമർശിക്കുന്ന ഈ ഭാഗത്തിന്റെ അർത്ഥംപറയുമ്പോൾ വെൻറിക്കൻറിനു് —ഉൽക്കർഷപർവ്വതത്തിനു് എന്നാണു വ്യാഖ്യാനം നൽകിയിട്ടുള്ളതു്. ഇതു ശരിയല്ലെന്നു ആദ്യം വായിച്ചപ്പോൾതന്നെ എനിക്കുതോന്നി. മണികണ്ഠപുരത്തു് എത്തിയഉടൻ വെന്നിക്കു് ഏവിടെ എന്നാണു ഞാൻ ആദ്യം അന്വേഷിച്ചതു്. ഒരാളോടു ചോദിച്ചപ്പോൾ "വെന്നിക്കുന്നല്ല, വെന്നിമലയാണു"; അവിടെയാണു തെക്കുംകൂർ രാജാക്കന്മാരുടെ മൂലകുടുംബം" എന്നു മറുപടിലഭിച്ചു. 'വെൻറിക്കൻറിനൊരുതിലകം' എന്നതു് 'തുപ്പാശ്ശേരിക്കൊരുതിലകം' എന്നതുപോലെയാണെന്നുള്ളതിൽ ഇനി സംശയിക്കാനില്ലല്ലോ. വെന്നിമല മണികണ്ഠപുരത്തുനിന്നു് അഞ്ചുനാഴികവടക്കാണു്. അവിടെയും മണികണ്ഠപുരത്തും തെക്കുംകൂർരാജാവിനു കൊട്ടാരങ്ങളും ഉണ്ടായിരുന്നു. മിക്കവാറും അക്കാലത്തു വെന്നിമലയിലാണു താമസിച്ചിരുന്നതു്. അതുകൊണ്ടാണു് മണികണ്ഠപുരത്തുണ്ടെങ്കിൽ രാമവർമ്മനെ കാണണമെന്നു പറയുന്നതു്. സന്ദേശഹരൻ വെന്നിമലവഴി പോകുന്നില്ല. മണികണ്ഠപുരത്തുനിന്നു നേരെ വടക്കുപടിഞ്ഞാറായി 9 നാഴികസഞ്ചരിച്ചു് 'ജനുദയ സമധുരസച്ഛനീരാമരാമ'യെ തിരുവഞ്ചിപ്പുഴക്കടവുകടന്നു് ഏറാമാന്തൂർക്കുപോകുന്നു. പേരൂർക്കടവിൽനിന്നു 3 ഫർലാംങ്ങു് തെക്കുമാറിയാണു് തിരുവഞ്ചിപ്പുഴക്കടവു്. മണികണ്ഠപുരം-ഏറാമാന്തൂർ പെരുവഴി അന്നു അതിലേയായിരുന്ന കടന്നുപോയിരുന്നതു് മേടം ആരംഭത്തിൽ ആ കടവിൽ ചെന്നൊന്നു നോക്കിയാൽമാത്രമേ 'ജനുദയസമധുരസച്ഛനീരാമരാമം' എന്ന വർണ്ണനയുടെ ഔചിത്യം മനസ്സിലാകയുള്ളൂ.

മാറ്റുവർണ്ണനയുടെ ഒരു സംഗ്രഹം മാത്രം ഇവിടെ ചേർക്കാം. സന്ദേശഹരൻ പഴയ കൊല്ലപ്പെരുവഴിയിൽ കൂടിയാണു തണ്ടിലേറി പുറപ്പെട്ടന്നതു്. മണിക്കൂറിൽ ഏഴെട്ടു നാഴികവീതം സഞ്ചരിക്കുന്ന ഒരു കുതിരവണ്ടിയിലാണു് ഞങ്ങൾ യാത്രചെയ്തതു്. ഇടയ്ക്കിടയ്ക്കു് ഓരോ സ്ഥലത്തും വണ്ടിനിർത്തിച്ചു് അവിടെയുള്ള പണ്ഡിതന്മാരുമായി കൂടിയാലോചിച്ചു് അഭിപ്രായങ്ങൾ ക്രോഡീകരിച്ചുകൊണ്ടാണു് ഞങ്ങൾ യാത്രചെയ്തതു്. ഇതുകൊണ്ടു് ഞങ്ങൾക്കു ഗുണമുണ്ടായിട്ടുണ്ടു്. ഒരു സന്ദേശത്തിന്റെ പൂർണ്ണമായ ആസ്വാദനത്തിനു് അതിന്റെ ഇതിവൃത്തത്തിനു പശ്ചാത്തലമായിരിക്കുന്ന ദേശത്തിന്റെ ഭൂപ്രകൃതിയെപ്പറ്റി നല്ലവണ്ണം അറിഞ്ഞിരിക്കണമെന്നു് ഞങ്ങൾക്കു ബോധ്യമായി. ഇതിനുവേണ്ടി ഞങ്ങൾ ചെയ്തതുപോലെ ഓരോ സന്ദേശത്തിനും ഓരോ യാത്രയെങ്കിലും നടത്തുന്നതു നന്നായിരിക്കുമെന്നു് ഞങ്ങൾക്കു തോന്നുന്നു.

* രാജാക്കന്മാരുടേയും തേവടിച്ചികളുടേയും വാസസ്ഥാനങ്ങൾക്കും ക്ഷേത്രങ്ങൾക്കും കോയിൽ എന്നു പറഞ്ഞിരുന്നു.

ഉണ്ണാനീലിയുടെ പിറകേ

— ഇളംകുളം പി. എൻ. കുഞ്ഞൻപിള്ള —

രം പല്ലക്കിൽ സഞ്ചരിക്കുവാൻ കഴിയുമല്ലോ. നായകൻ ആദിത്യവർമ്മനെ കണ്ടെത്തുന്നതു് അതിരാവിലെ ആണെങ്കിലും തിരുവനന്തപുരത്തുനിന്നു തിരിക്കുന്നതു് പത്തുമണിക്കുശേഷമാണു്. സന്ദേശം മുഴുവൻ പറയുന്നതിനും ദേവദർശനത്തിനുമായി മൂന്നാലുമണിക്കൂർ സമയം കവി ഒരു ചിന്തുപൂവ്വം അനുവദിക്കുന്നു. 12 മണിയോടുകൂടി തൃപ്പൂത്തെത്തുന്നുവെന്നു് ഉച്ചപൂജ കഴിഞ്ഞതായി വണ്ടിക്കാരനിൽനിന്നു മനസ്സിലാക്കാം. കഴക്കൂട്ടം റയിൽവേസ്റ്റേഷനു കിഴക്കുഭാഗത്തു് അന്നു സേനാനിവേശസ്ഥാനമായിരുന്ന പടനിലത്തിനു പടിഞ്ഞാറുകൂടിയാണു് കൊല്ലപ്പുരവഴി പോയിരുന്നതു്. തൃപ്പൂപ്പൂർമൂപ്പന്റെ അക്കാലത്തെ പ്രധാന ആവാസസ്ഥാനം തൃപ്പൂപ്പൂർ കൊട്ടാരമായിരുന്നു. ആദിത്യവർമ്മൻ കൊട്ടാരത്തിൽ കയറി ഉണ്ണകഴിച്ചു ഉടൻതന്നെ പുറപ്പെടുന്നു. ഇന്നത്തെ റയിൽവേലൈനിനു പടിഞ്ഞാറുകൂടി ചിറയിൻകീഴ് സ്റ്റേഷനുതെക്കുപടിഞ്ഞാറുള്ള മുതല പ്പൊഴിയും കടന്നാണു് കൊല്ലപ്പുര വഴി വക്കല എത്തുന്നതു്. ശിവഗിരിക്കുന്നിനു അരനാഴിക കിഴക്കുള്ള പുത്തൻചന്ത ആയിരിക്കാം സന്ദേശത്തിൽ വണ്ടിക്കാരനു പറ്റിയിടം അങ്ങാടി. തുരങ്കുവരുന്നതിനുമുമ്പു അവിടം ഒരു പ്രസിദ്ധ കച്ചവടസ്ഥാനമായിരുന്നു. വക്കലനിന്നും കൊല്ലത്തേയ്ക്കു ഇപ്പോഴും നടയറക്കായലിനും പരവൂർക്കായലിനും കിഴക്കുകൂടി അയിരൂർ, പുത്തൻകുളം മുതലായ സ്ഥലങ്ങൾവഴി നെടുങ്ങോലത്തുവച്ചു ഇത്തിക്കരയാറും കടന്നാണു പോയിരുന്നതു്. വൈകുന്നേരം കൊല്ലത്തെത്തുന്നു. പനങ്കാവിൻ കൊട്ടാരത്തിൽച്ചെന്നു ഇരവിവർമ്മനെ കണ്ടതിനു ശേഷം നീണ്ടകര അഴിയുടെ (അന്നു പൊഴിയായിരുന്നു) തെക്കേക്കരയ്ക്കുണ്ടായിരുന്ന കീർപ്പുക്കരും കൊട്ടാരത്തിലാണു രാത്രി വിശ്രമിക്കുന്നതു്.

നീണ്ടകരമുതൽ കായംകുളംവരെ മിക്കവാറും കടൽത്തീരത്തുകൂടിയായിരുന്നു അന്നത്തെ വഴി എന്നു തോന്നും. സന്ദേശത്തിൽ വണ്ടിക്കാരന പടയാ, പടനായർക്കുള്ളതാണു് ആയിരിക്കാം. അക്കാലത്തു ഓടനാട്ടു രാജാക്കന്മാർക്കു് കൃഷ്ണപുരത്തു കൊട്ടാരമുണ്ടായിരുന്നില്ല. സന്ദേശഹരൻ കായംകുളത്തുനിന്നും തട്ടാരമ്പലംവഴി അന്നു കേരളത്തിലെ പ്രധാന പട്ടണങ്ങളിൽ ഒന്നായിരുന്ന കണ്ടിയൂർ എത്തിക്ഷേത്രത്തിൽ കയറി.

'കാറ്റും വണ്ടിൻനിറമുടയനെ-
ക്കൈകനീരോട്ടിക്കുംതുണ്ടംചാർത്തും പരഭര വരമതിനും മൈപാതിയോനെ
മണ്ടും മാനേഴ്ക്കരനെയരനെ-
ക്കണ്ടി പാരാക്കിയോനെ
ക്കണ്ടേപോവാൻ തരമിവിടനീ-
കണ്ടിയൂർത്തമ്പിരാനെ'

എന്ന പദ്യത്തിൽ വണ്ടിക്കാരനു പോലെ ദേവദർശനവും കഴിച്ചു് മാറാനുള്ളവസ്ത്രങ്ങൾകൂടി മാറ്റുന്നതായി കൊട്ടാരത്തിൽച്ചെന്നു് ഓടനാട്ടു ഇരവിവർമ്മനെ കാണുന്നു. മാറത്തെപ്പാറി രണ്ടു പ്രാവശ്യം സന്ദേശത്തിൽ പറഞ്ഞിട്ടുള്ളതു സ്ഥലപരിചയമില്ലാത്തവർക്കു തെറ്റിലാരണ്ടു് ഇടനൽകുന്നതാണു്. ആദ്യത്തേതു മാറം തെക്കേതും രണ്ടാമത്തേതു മാറം വടക്കേതുമാണു്.

കണ്ടിയൂർനിന്നും തിരുവല്ലായ്ക്കു് അന്നത്തെവഴി കൊല്ലകടവുപാലത്തിനു ഒരു നാഴികയോളം പടിഞ്ഞാറുവച്ചു അച്ചൻകോവിലാറുകടന്നു് പുലിയൂർ, കറ്റി, പനയന്നാർകാവു് എന്നീ സ്ഥലങ്ങളിൽക്കൂടിയാണു് പോയിരുന്നതു്. കറ്റിക്കും പനയന്നാർകാവിനും ഇടയ്ക്കുള്ള ആറു് അന്നു നടയിരുന്നില്ലെന്നാണു സന്ദേശത്തിലെ വണ്ടിക്കാരനിൽനിന്നു ഗ്രഹിക്കേണ്ടതു്. രണ്ടു സ്ഥലങ്ങളും തമ്മിൽ ഒരു ക്രോശ് (500 ദണ്ഡു്) ദൂരമേ ഉള്ളുവെന്നു കവിക്കു കൃത്യമായി അറിയാമായിരുന്നു. പനയന്നാർകാവു് പരമലദ്വീപിലാണല്ലോ. അവിടെനിന്നു പടിഞ്ഞാറെ കരയ്ക്കു കടക്കുവാൻ അന്നു പാലമുണ്ടായിരുന്നുവെന്നു് 'ഋത്യാമോദാൽ പുനരയിസഖേ പാലവും പിന്നിടോഃ' എന്നു പറഞ്ഞിട്ടുള്ളതിൽനിന്നു് ഊഹിക്കാം. പാലം കടന്നാൽ ഉടനെത്തുന്നതു് ഇപ്പോൾ അടിസ്ഥാനം മാത്രമായി അവശേഷിക്കുന്ന വട്ടശ്രീകോവിലോടുകൂടിയ കടപ്പ ഭഗവതിക്ഷേത്രത്തിലാണു്. 'മൽപ്പടഗ്രിൻ മരുവുമമലപ്പെണ്ണിനെ കൈവണങ്ങി' എന്നു പറയുന്നതു ഈ ഭഗവതിക്ഷേത്രത്തെ ഉദ്ദേശിച്ചായിരിക്കാം. ആലൻതുരുത്തി ഭഗവതി കോവിലും ആകാൻ പാടില്ലെന്നില്ല. രണ്ടും പന്ത്രായിക്കടവിനും പുളിങ്കീഴകടവിനും ഇടയ്ക്കാണു്. എങ്കിലും ആദ്യത്തേതാകുന്നതാണു കൂടുതൽ ന്യായം. 'നിരണത്തിനുപോകുവൻ വഴക്കേൻ', നിരണത്തുപോകണമെന്നു ഞാൻ പറയുകയില്ല. എന്നാണത്ഥമെന്നു തോന്നുന്നു. (പൂട്ടേൻ= ഞാൻ ആലിംഗനം ചെയ്കയില്ല) 'ചിറവായ്ക്കില്ലിമാ തെൻതുരുത്തി'യിൽക്കൂടിയാണു പോകുന്നതു്. ആലെൻതുരുത്തിക്ക അക്കാലത്തെ പേർ ആതെൻതുരുത്തി എന്നായിരുന്നുവെന്നു് ശാസനങ്ങളിൽനിന്നു സ്പഷ്ടമാണു്. തെൻതുരുത്തി എന്നൊരു സ്ഥലം അവിടെങ്ങുമില്ല. 'തെ എന്നെ അച്ചടിച്ചിട്ടുള്ളതു് ലേഖകപ്രമാദമായിരിക്കാം ചിറവായിലും 'ഏലത്തിമന്ത്രക്കോവിലക'മാണോ എന്നു് അറിവാൻ പാടില്ല.

തിരുവല്ലായിൽനിന്നു മണിങ്ങപുരത്തേയ്ക്കുള്ളവഴി കരുനാട്ടുകാവു മുതുറാറു്, നരുകോടി, തുക്കടിത്തറ എന്നീ സ്ഥലങ്ങൾ കടന്നാണു പോയിരുന്നതു്. ഇപ്പോഴത്തെ ചങ്ങനാശേരി കോട്ടയം റോഡിനു വളരെ കിഴക്കുമാറിയാണു് സന്ദേശഹരന്റെ യാത്ര. അതുകൊണ്ടു് പെരുന്ന ക്ഷേത്രത്തെപ്പറ്റി യാതൊന്നും പറയുന്നില്ല. 'തെക്കുംകൂറിന്നൊരു മണിവിരം തത്രമേവും പുരം' എന്ന കാണുന്ന പാഠം ശരിയല്ലെന്നും മുരാരിം എന്നു തിരുത്തിവായിക്കണമെന്നും 'ആ പാഠമാണു് പഴയ താളിയോലഗ്രന്ഥങ്ങളിൽ കാണുന്നതെന്നും' മഹാകവി ഉള്ളൂർ പറഞ്ഞിട്ടുള്ളതു് സത്യവിരുദ്ധമാണു്. മണിങ്ങപുരം ക്ഷേത്രത്തിൽ ഇപ്പോഴും വിഷ്ണുകൂടി ഉണ്ടെങ്കിലും പണ്ടു ശിവൻ മാത്രമായിരുന്നു അവിടത്തെ പ്രതിഷ്ഠ എന്ന വസ്തുവും മഹാകവി മനസ്സിലാക്കിയില്ല. താളിയോലഗ്രന്ഥം നശിക്കുന്നില്ലെങ്കിൽ ഇപ്പോഴാരും കണ്ടുകിട്ടിയില്ലെന്നതന്നെ പറയാം. ഒരു കണ്ടൻചിറയ്ക്കപ്പുറം അറിവാൻകഴിഞ്ഞു. അതായിരിക്കുമെന്നു എന്റെ സ്നേഹിതൻ ശൂരനാടൻ സമാധാനപ്പെടുന്നു.

കടത്തുരുത്തി വടക്കുംകൂർ രാജാക്കന്മാരുടെ രാജധാനിയായി വളരെക്കാലം ശോഭിച്ചു. എത്രയോ പ്രതാപശാലികളായ രാജാക്കന്മാർ അവിടെ വാണു! എങ്കിലും ഇന്നു ആസ്ഥലത്തെ ഒന്നു പ്രശസ്തിക്കു കാരണം ഉണ്ണുനീലിയാണു്. വീരമണിക്കെട്ടുവോനും, 'വിമലസപ്തപ്രപാനിയപൂർണ്ണ'മായിരുന്ന മീനംരാശിയിലെ കിണറും, (ഇപ്പോൾ ഇടിഞ്ഞുനികന്നുകിടക്കുന്നു) 'കുമുഴിക്കൽ ഉണ്ണിച്ചുക്കപ്പെണ്ണിൻ കളിയായ കുളിത്തര തേമന്തി' യുടെ സ്ഥാനം, കൃത്യകണ്ടെങ്കിലുണ്ടായിരുന്ന ഉണ്ണുനീലി തളിയിൽ ആട്ടത്തുമണ്ഡപത്തിൽനിന്നു് അടുത്തു കിഴക്കുഭാഗത്തുള്ള ഭവനത്തിലേക്കു് ഓടിപ്പോയ വഴി, വീരമാണിക്കെട്ടുഭവനത്തിന്റെ കിഴക്കുഭാഗത്തു് പരുവരത്തെ പരിഹാസിച്ച വിലാസിയിരുന്ന ചിറ, അതിന്റെ കരയ്ക്കു ബിംബലീശന്മാരുടെ 'കനകത്തണ്ടു തീണ്ടുന്ന' സ്ഥലം, 'പൊൽപ്പുമാതം'വായ മുണ്ടയ്ക്കൽ ചെറിയതു് $ ശ്രീമാൻ മുതലായവരിയും, കൊങ്കയും ചെമ്പുമൊപ്പം കൈക്കൊണ്ടക്കുമതിലകമാം നൽവിളക്കും' ധരിച്ചവനും' ആദിത്യവർമ്മനെ സ്നേഹപൂർവ്വം എതിരേൽക്കുന്ന സ്ഥാനം ഇതെല്ലാം അന്വേഷിച്ചു് എത്രയോ പേരുണ്ടു് കടത്തുരുത്തിയിലെത്തുന്നതു്. ഉണ്ണുനീലിയുടെ കീർത്തി വെള്ളിമാമലയേയും 'വെളുവെള്ള വിളയിപ്പിക്കു'മെന്ന കവിയുടെ പ്രതീക്ഷ പൂർണ്ണമായും ഫലിച്ചു.


$ ഉണ്ണുനീലിയുടെ മരുമകനോ ഈ സ്ത്രീ എന്നു സംശയിക്കണം.

★

"പാൽ ഉറയൊഴിച്ചാൽ തയിരായിത്തീരുന്നതുവരെ ഒരു സ്ഥലത്തു് ഇളക്കാതെ വച്ചിരിക്കണം. അങ്ങട്ടുമിങ്ങട്ടും മാറിവിച്ചുകൊണ്ടിരുന്നാൽ നല്ല തൈരാകയില്ല. അതുപോലെ മനസ്സു് ഈശ്വരനിൽത്തന്നെ വയ്ക്കുമ്പോൾ അതു ശാന്തമായിത്തീരുന്നു."


2—65


ശ്രീരാമകൃഷ്ണദേവൻ







മുകളിൽ—ഇടത്തുനിന്നു്—1) ശ്രീമതി വിജയലക്ഷ്മി ഐക്യരാഷ്ട്രസമിതിയിലെ ഏഷ്യൻ ആഫ്റിക്കൻ പ്രതിനിധികളുമായി. ഇടതുനിന്നു്—മി. അബ്ദുള്ളാ ഐ. ബക്കർ (ഇറാക്കു്), മിസ്സിസ് പണ്ഡിറു്, ഡാ: കരിം അസ്സൗം (ലബനൻ), അംബാസ്സഡർ ഹെൻറി എഫ്. ക്ലപ്പർ (ലൈബീറിയ), പ്രൊഫസ്സർ എ. എസ്സ്. ബുഖാരി (പാക്കിസ്ഥാൻ). 2) പ്രധാനമന്ത്രിയുടെ മഹാരാഷ്ട്രസന്ദർശനവേളയിൽ സവന്തവാഡി രാജാസാഹേബിന്റെ കൊട്ടാരത്തിലെ ലാക്കർ (അരക്കുകൊണ്ടുള്ള വിചിത്രവേല) വേലക്കാർ ജോലിചെയ്യുന്നതു ദർശിക്കുന്നു. 3) ഇ











ഡ്വുഡ് 9 മണിക്ക്രർ കാർമത്സരം ആരംഭിക്കുന്നു. ഡ്രൈവർമാർ അടയാളം കണ്ടു വണ്ടികളിലേയ്ക്ക് ഓടുന്നു.

താഴെ—ഇടത്തുനിന്നു — 1) ഈയിടെ കൊച്ചി സന്ദർശിച്ച ഡിഫൻസ്മന്ത്രി ശ്രീ. മഹാവീർത്യാഗി "ഗാർഡ് അഫ് ആണർ" പരിശോധിക്കുന്നു. 2) ഇൻഡ്യൻനാവികസേനയുടെ വ്യോമവിഭാഗം കൊച്ചിയിൽ ശ്രീ. മഹാവീർത്യാഗി ഉൽഘാടനംചെയ്യുന്നു. നാലുവിമാനങ്ങൾ അഭിവാദനം ചെയ്യുന്നു. 3) ഡിഫൻസ്മന്ത്രി ഐ. എൻ. എസ്. ഗരുഡ ഉൽഘാടനം ചെയ്യുന്നു.





സൂപ്രവൈസറന്മാർ-വ്യവസായത്തിൽ അവരുടെ സ്ഥാനം

★

— പി. എൻ. കൃഷ്ണപിള്ള —

തിരുവിതാംകൂറിലെ തെഴിലാളിപ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തെ ഒരു പ്രധാനപ്രക്ഷോഭണവിഷയം മൂപ്പന്മാരുടെ അഴിമതികളും അവസാനിപ്പിക്കുക എന്നതായിരുന്നു. ആലപ്പുഴയിലെ കയർഫാക്ടറി തെഴിലാളികളാണു ഈ പ്രക്ഷോഭണകാഹളം അത്യുച്ചത്തിൽ മുഴക്കിയതു്. മൂപ്പന്മാരുടെ അക്രമങ്ങളെപ്പറ്റിയുള്ള അന്നത്തെ മുറവിളി സ്വഭാവികമായിരുന്നു. അതു യ്യു അഴിമതികളും തോന്ന്യാസങ്ങളുമാണ് അന്നു അവർ വ്യവസായശാലയ്യുള്ളിൽ കാണിച്ചിരുന്നതു്. തെഴിലാളികളുടെ കൂലിയിൽ ഒരുഭാഗം അവക്ക് കൊടുക്കണം. അതിനു മൂപ്പുകാഴ്ച എന്നുപറയും. വേലക്കാരെ വേലയ്യു എടുത്തിരുന്നതു ഈ മൂപ്പന്മാരാണു്. അതിനു കൈമടക്കു കൊടുക്കണം. എന്നുവേണ്ട ഒരു തെഴിലാളിയുടെ ഫാക്ടറിയ്യുകമെയുള്ള പ്രവൃത്തിയെ 'മുച്ചൂടും' ചൂഷണം ചെയ്യുന്ന ഒരു ഏർപ്പാടായിരുന്നു അന്നത്തെ മൂപ്പുസമ്പ്രദായം. ഇന്നു് ആ നിലയ്യു അകപ്പാടെ മാറാതെ നിൽക്കുന്നു. അവർ നിരുപദ്രവികളായിത്തീർന്നിട്ടുണ്ട്. തിരുവിതാംകൂറിലെ വ്യവസായങ്ങളിൽ ഈ നിലവ്യത്യാസംവന്നിട്ടു് അധികനാളും ആയിട്ടില്ല. 114-ലെ ജാർജ്ജ് കമ്മിറ്റി റിപ്പോർട്ടാണു മൂപ്പന്മാരുടെ ഈ ഇത്തരം അഴിമതികളും ധൂർത്തകാണിച്ചു അവയ്യു വിരാമമിട്ടതു്. ശവമ്മെൻറിൽനിന്നും നിയമിച്ച ആ കമ്മിറ്റിയിൽ ഈ ലേഖകനും അംഗമായിരുന്നു.

തിരുവിതാംകൂറിലെ മറ്റുവ്യവസായങ്ങളിലെയും സ്ഥിതി ഏതാണ്ടു് അടുത്തകാലംവരെ ഇതുതന്നെയായിരുന്നു. തെഴിലാളികളുടെ മേൽ നോട്ടംവഹിക്കാൻ വ്യവസായശാലകളിൽ മൂപ്പന്മാർ, മേസ്തിരിമാർ, സൂപ്രവൈസറന്മാർ എന്നിങ്ങനെ വിവിധനാമധേയങ്ങളുടെ നിയമിതരാകുന്ന ഉദ്യോഗസ്ഥന്മാരുടെ അഴിമതികളിൽനിന്നും തെഴിലാളികളെ രക്ഷിക്കുക എന്നതായിരുന്നു നമ്മുടെനാട്ടിൽ രൂപംകൊള്ളുംമുമ്പുവന്ന തെഴിലാളിപ്രസ്ഥാനത്തിന്റെ പ്രഥമപരിപാടി. കൊല്ലത്തെ ഒരു വലിയ ഇംഗ്ലീഷ്കമ്പനിയിലെ ഒരു റൈട്ടറുടെ കടയിൽനിന്നും കൂട്ടുതൽ വില കൊടുത്തു സാമാനങ്ങൾവാങ്ങാത്ത കമ്പനിവേലക്കാർ അവിടെ വേല നിഷേധിക്കപ്പെട്ടിരുന്നു. 1114-ൽ ഇതെഴുന്ന ആളും നയിച്ച തെഴിലാളിപ്രക്ഷോഭണത്തിന്റെ ഫലമായി അയാളെ ഡിസ്മിസ്സ്ചെയ്യു. ആലപ്പുഴയിൽ ഇങ്ങനെ ചില ഡിസ്മിസ്സലുകളും തെഴിലാളികളുടെ ന്യായപൂർവകമായ അവകാശവാദത്തിന്റെ ഫലമായി ഉണ്ടായിരുന്നു.

കാലത്തിന്റെ തിരിച്ചടി

അതെല്ലാം പഴയ ചരിത്രമാണ്. പെൻഡുലം ഒരു അറ്റത്തുനിന്നു മറ്റൊരറ്റത്തേക്കു ആന്ദോളനംചെയ്തു കഴിഞ്ഞിരിക്കുന്നു. തെഴിലാളിയൂണിയനിന്റെ പ്രവൃദ്ധമായിവന്ന ശക്തിയുടെമുന്നിൽ സവ്വാധിപതികളായിവണ സൂപ്പർവൈസറന്മാരും, മൂപ്പന്മാരും, റൈട്ടറന്മാരും "കൃച്ചിപ്പോയി." അവർ മുട്ടുകുത്തി. അവർ ട്രേഡ്യൂണിയനിന്റെസ്തുതിഗീതക്കാരായി. മാത്രമല്ല, യൂണിയൻ അംഗങ്ങളായി. പ്രക്ഷോഭകാരികളായി. പണിമുടക്കുകാരായി. പോരാ, ചിലേടത്തു് അട്ടിമറിപ്പന്മാർവരെയായി. ഇതെല്ലാം നാട്ടിലെ ചില പ്രധാന വ്യവസായശാലകളിൽ ഈ അടുത്ത കാലത്തു നടന്നിട്ടുള്ള സംഭവങ്ങളാകയാൽ ഉദാഹരണങ്ങളും ഉദ്ധരിക്കേണ്ടതില്ല.

തിരുവിതാംകൂറിൽ നടന്നതുതന്നെയാണ് ഇന്ത്യയിലെ മറ്റുഭാഗങ്ങളിലെ വ്യവസായികരംഗങ്ങളിലും നടന്നിട്ടുള്ളതു്. ബാംബെയിലും, മദ്രാസിലും, കാൺപൂരിലും, കൽക്കത്തയിലും എവിടെയും മേസ്തിരിമാർക്കും സർദാന്മാർക്കും എതിരായി ട്രേഡ്യൂണിയനുകളും പടവെട്ടി. ന്യായം തെഴിലാളികളുടെ ഭാഗത്തായിരുന്നതിനാൽ ആ സമരത്തിൽ തെഴിലാളികളും ജയിച്ചു. അവിടെയും പെൻഡുലം മറുഭാഗത്തേയ്യ് ആന്ദോളനംചെയ്തു. ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇവിടെ ഉണ്ടായ തെഴിൽത്തക്കനിയമം, സംവ്ത്രികമാക്കിത്തീർത്ത നിർബ്ബന്ധിതമായ അഡ്ജൂഡിക്കേഷൻ, സ്ഥിതിഗതികളും കൂട്ടുതൽ വഷളാക്കി. ഇന്നാട്ടിലെവരെ പല ഇൻഡസ്ട്രിയൽഡൈബ്യൂണലുകളും, പറഞ്ഞിരുന്നതു് ഒരു ട്രേഡ്യൂണിയനെ അല്ലെങ്കിൽ ഗണ്യമായവിഭാഗം തെഴിലാളികളെ ഒരു സൂപ്രവൈസറുടെ കാര്യത്തിൽ ഇടപെടുന്നതു ഒരു പ്രശ്നം ഉന്നയിച്ചാൽ അതു ഒരു തെഴിൽത്തക്കമാകുമെന്നായിരുന്നു. ഭാഗ്യവശാൽ ആ നീല മാറിയിട്ടുണ്ട്. എങ്കിലും ഒരു പ്രമാണിയായ ഐ. എൻ. ടി. യൂ. സി. നേതാവു് പാർലമെൻറിൽ ആവശ്യപ്പെട്ടതു് പുതിയ തെഴിൽത്തക്കനിയമത്തിന്റെ പരിധിയിൽ സൂപ്രവൈസറന്മാരെക്കൂടി ഉൾപ്പെടുത്തണമെന്നായിരുന്നു. അതിനു് അന്നത്തെ തെഴിൽവകുപ്പുമന്ത്രി ശ്രീ: ജഗജ്ജീവൻറാം ഏതാണ്ടു് സഹതാപപൂർവ്വമായ മറുപടി പറയുകയുംചെയ്തു.

കുഴഞ്ഞമനസ്സോടെ

വ്യവസായശാലകളിൽ ഒരുകാലത്തു് ഏകാധിപത്യത്തിന്റെയും അഴിമതിയുടേയും ചൂഷണത്തിന്റെയും പര്യായപദങ്ങളായിരുന്ന സൂപ്രവൈസറിഉദ്യോഗസ്ഥന്മാർ ഇന്നു ട്രേഡ്യൂണിയനുകളുടെ വൈതാളികന്മാരായി മാറിയതു "വിപ്ലവകരമായ പുരോഗതി"അല്ലേ? വ്യവസായികസംവിധാനത്തെപ്പറ്റിയും തെഴിലാളി-മുതലാളിബന്ധത്തെപ്പറ്റിയും ഇന്നു ശവമ്മെൻറുകളിലും, വ്യവസായശാലാ ഉടമകളുടെ ഇടയിലും, തെഴിലാളി സംഘടനകൾക്കു ഉള്ളിലും കടന്നുകൂടിയിരിക്കുന്ന ഭാരണമായ ചിന്താക്കുഴപ്പംമൂലം അങ്ങനെ വിചാരിക്കുന്നവരുമുണ്ട്. തിരുവിതാംകൂറിൽ ചില ട്രേഡ്യൂണിയനുകളുടെ ഭരണഘടന അനുസരിച്ചു തെഴിലാളികൾക്കും സൂപ്രവൈസറന്മാർക്കും ഒരുപോലെ അവയിൽ അംഗങ്ങളായിരിക്കാം. എന്നുമാത്രമല്ല ചില യൂണിയനുകളിലെ ഉദ്യോഗസ്ഥഭാരവാഹികൾപോലും സൂപ്രവൈസറന്മാരാണ്. 1951 ൽ ഇന്ത്യാഗവൺമെൻറിൽനിന്നും നിയുക്തമായ പ്ലാൻറേഷൻതെഴിലാളികളെസംബന്ധിക്കുന്ന പ്രശ്നങ്ങളും ചൂണ്ടിക്കാട്ടുവാനുള്ള ഒരു ദക്ഷിണേന്ത്യൻകമ്മിറ്റിയിൽ ഞാൻ അംഗമായിരുന്നു. ആ കമ്മിറ്റി മദ്രാസ്സിൽ കൂടി ആലോചിച്ച ഒരു പ്രശ്നം തോട്ടങ്ങളിലെ കങ്കാണിസമ്പ്രദായം നിർത്തുന്നതിനെപ്പറ്റിയായിരുന്നു. അന്നനുഭവപ്പെട്ട ഒരുവിശേഷസംഭവം പ്രസ്താവ്യമാണ്. തമിഴ്നാട്ടിലെ ഐ. എൻ. ടി. യൂ. സി-നേതാക്കന്മാർ കങ്കാണിസമ്പ്രദായത്തെ അനുകൂലിക്കുകയാണ്ചെയ്തതു്. സോഷ്യലിസ്റ്റ്യൂണിയന്റെ പ്രതിനിധിപറഞ്ഞതു കങ്കാണിവ്യവസ്ഥ ഉച്ചാടനംചെയ്യുന്നതു ഭരണഘടനയ്യു എതിരാണെന്നാണ്!! കങ്കാണിമാർ തോട്ടംതെഴിലാളികളുടെ സൂപ്രവൈസറന്മാർ മാത്രമല്ല അവരെ വേലയ്യുകൊടുത്തു കമ്മീഷൻ വാങ്ങുന്നവരുമാണ്. ഇന്നാംവരെ കങ്കാണിസമ്പ്രദായത്തെ എതുത്തുകൊണ്ടിരുന്ന ഈ തെഴിലാളിനേതാക്കൾ എന്തുകൊണ്ടാണ് കങ്കാണിമാരുടെ വൈതാളികരായതെന്നു ആരാഞ്ഞപ്പോഴല്ലേ പൂച്ചപുറത്താകുന്നതു്. തമിഴ്നാട്ടിലെ തോട്ടംതൊഴിലാളിയൂണിയനുകളിൽ പലതും കങ്കാണിമാരുടെ പണംകൊണ്ടും സ്വാധീനംകൊണ്ടും കെട്ടിപ്പടുത്തിട്ടുള്ളതാണ്. അവർ കങ്കാണിസമ്പ്രദായത്തെ അനുകൂലിച്ചതിൽ അത്ഭുതപ്പെടുവാനുണ്ടോ? ഇതു ഇത്രയും വിവരിച്ചതു വ്യവസായങ്ങളിൽ ഉണ്ടായിരിക്കുന്ന ചിന്താക്കുഴപ്പം തെളിയിക്കാനാണ്. സൂപ്രവൈസറന്മാർ ഇന്നു് ഇന്ത്യയിൽ തെഴിലാളിയൂണിയനിൽ ചേരുമെന്നനില വന്നിരിക്കുന്നു.


മാനേജ്മെൻറിന്റെ ഭാഗം

ഇവിടെ നാം കെട്ടിപ്പടുക്കുവാൻ ആഗ്രഹിക്കുന്ന ജനായത്തപരമായ തെഴിലാളിമുതലാളിബന്ധം വിജയപ്രദമാകണമെങ്കിൽ വ്യവസായത്തിൽ സൂപ്രവൈസറന്മാർക്കുള്ള സ്ഥാനം ശരിക്കു മനസ്സിലാക്കണം. പഴയകാലത്തെപ്പോലെ അവർ തെഴിലാളിചൂഷകരാകാൻ പാടില്ല. ട്രേഡ്യൂണിയനിന്റെ ശത്രുക്കളാകുന്നതുപാടില്ല. അങ്ങനെയുള്ള സൂപ്രവൈസറന്മാർ വ്യവസായത്തിനു അപകടമാണ്. ട്രേഡ്യൂണിയനെ ബഹുമാനിച്ചും അവരുമായി സഹകരിച്ചും പ്രവത്തിക്കാത്ത ഒരു സൂപ്രവൈസറെക്കൊണ്ടു മാനേജ്മെൻറിനു് യാതൊരു പ്രയോജനവും ലഭിക്കാൻപോകുന്നില്ല. അതോടൊപ്പം മറ്റൊരുകാര്യംകൂടി സമ്മതിക്കണം സൂപ്രവൈസർ മാനേജ്മെൻറിലെ ഒരു ഘടകമാണ്. അങ്ങനെയാണു വ്യവസായികപുരോഗതി നേടിയിട്ടുള്ള സകലരാജ്യങ്ങളിലും കണ്ടതിട്ടുള്ളതു്. അവക്ക് തെഴിലാളികളുടെ സംഘടനയിൽ സ്ഥാനമില്ല. ജനായത്തപരമായ തെഴിലാളി-മുതലാളിബന്ധത്തിന്റെ അടിസ്ഥാനം കൂട്ടുവിലപേശലാണ്. ആ വിലപേശലിൽ സൂപ്രവൈസർ മാനേജ്മെൻറിനവേണ്ടി വിലപേശേണ്ട ആളാണ്. ഇംഗ്ലണ്ടിലും അമേരിക്കയിലും സൂപ്രവൈസറന്മാർക്കും ഫോർമാന്മാർക്കും മാത്രമായി—തെഴിലാളികളുമായിക്കൂടിച്ചേർന്നല്ല—പ്രത്യേക സംഘടനകളുണ്ട്. എന്നാൽ അവ തെഴിലാളിസംഘടനകളെപ്പോലെ കൂട്ടുവിലപേശൽനടത്തുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. അവയുമായി കൂട്ടുവിലപേശൽ നടത്താറുമില്ല. അമേരിക്കയിൽ ലേബർ മാനേജ്മെൻറ് റിലേഷൻസ്ആക്ട് തെഴിലാളികൾക്കു കൂട്ടുവിലപേശലിനുള്ള അവകാശം അനുവദിക്കുന്നതോടൊപ്പം സൂപ്രവൈസറന്മാർക്കു ആ അവകാശം സു


നിശ്ചിതമായി നിഷേധിക്കുകയുംചെയ്തിട്ടുണ്ട്. ഇംഗ്ലണ്ടിലെ തൊഴിലാളി മുതലാളിബന്ധം പ്രധാനമായി നിയമാധിഷ്ഠിതമല്ല. അവിടെയും ഫോർമാന്മാരുടേയും സൂപ്പർവൈസർമാരുടെയും സംഘടനകളെ കലക്ടീവ് ബാർഗെയിനിംഗിനുള്ള സംഘടനകളായി കരുതിയിട്ടില്ല. ഫാക്ടറി കമ്മിറ്റിക്കുമായുള്ള കൂടിയാലോചനസമിതികളായ വർക്ക്സ് കമ്മിറ്റിക്കും കാന്റീൻകമ്മിറ്റിക്കും തുടങ്ങിയവയിൽ സൂപ്പർവൈസർമാർ മാനേജ്മെന്റിനെയാണ് പ്രതിനിധീകരിക്കേണ്ടത്. തൊഴിലാളികളിൽ ശിക്ഷണംപാലിക്കേണ്ടതും അവരിൽ നിന്നും ഉല്പാദനം ഉണ്ടാക്കേണ്ടതും സൂപ്പർവൈസർമാരുടെകടമയാണ്. അവക്ക് തൊഴിലാളിയൂണിയനിൽ സ്ഥാനമില്ല. ശിക്ഷണം പാലിക്കേണ്ടതും ഉല്പാദനം സാധ്യമാക്കേണ്ടതും പഴയതീതിയിലല്ലെന്നും ജനാധിപത്യസിദ്ധാന്തങ്ങളനുസരിച്ചാണെന്നും സമ്മതിക്കുന്നു. എന്നാൽതന്നെയും രംഗത്തു തൊഴിലാളിക്കും ഫോർമാന്മാർക്കുള്ള സ്ഥാനം പ്രത്യേകമാണ്. അതിനാൽ സൂപ്പർവൈസറെയും ഫോർമാനേയും തൊഴിലാളിയൂണിയനിലെ അംഗങ്ങളാക്കണമെന്നുള്ള ഇന്ത്യയിലെ ചിന്താഗതി അശാസ്ത്രീയമാണെന്നുകണ്ടെത്താൻകഴിയും.

ഫാക്ടറിയിലെ നേതൃത്വം

എന്നാൽ സൂപ്പർവൈസർക്ക് വ്യവസായ ഘടനയിൽ യഥാർത്ഥസ്ഥാനം നൽകേണ്ടതു മാനേജ്മെന്റിന്റെ കടമയാണെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. തൊഴിലാളികളെക്കാൾ കുറഞ്ഞശമ്പളവും കൂടുതൽ അധികാരവുമില്ലാതെ നിലനിർത്തിപ്പോരുന്ന സൂപ്പർവൈസർമാർ വ്യവസായത്തിനുശാപമാണ്. അവർ വ്യവസായത്തിൽ മാനേജ്മെന്റിന്റെ ഭാഗമാണെന്നും മറ്റും പറഞ്ഞുകൊണ്ടു കാര്യമില്ല. അങ്ങനെ "നോ മാൻസ് ലാൻഡ്' സൂപ്പർവൈസർമാർ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളും അസ്വാസ്ഥ്യത്തിന്റെയും സ്തംഭനത്തിന്റെയും നിലയങ്ങളായി കഴിയുന്ന വസ്തുത എനിക്കറിയാം. സൂപ്പർവൈസർക്കും ഫോർമാനും വേണ്ടത്ര സ്ഥാനം വ്യവസായത്തിൽ കൊടുക്കണം. തൊഴിലാളിയെ മർദ്ദിക്കണമെന്നല്ല, തൊഴിലാളിയുമായി കൂടിയാലോചിച്ചു തൊഴിലാളിയുമായി സഹകരിച്ചു വ്യവസായികസമാധാനം പാലിക്കാൻ ഏതൊരു വ്യവസായശാലയിലും ഉന്നതമാനേജ്മെന്റിൽനിന്നും തൊഴിലാളിവരെയും തൊഴിലാളിയിൽനിന്നും മറിച്ചു മാനേജ്മെന്റിന്റെ ഉയർന്നോപാനംവരെയും നിരങ്കുശം ആശയവിനിമയം നടക്കേണ്ടതു ആശ്യമായ തൊഴിലാളി-മുതലാളി ബന്ധത്തിന്റെ പ്രധാന ഉപാധിയാകുന്നു. ഉന്നതമാനേജ്മെന്റിന്റെ ആശയങ്ങളും തൊഴിലാളിയെ ധരിപ്പിക്കേണ്ടതും തൊഴിലാളിയുടേതു ഉന്നതമാനേജ്മെന്റിനെ ധരിപ്പിക്കേണ്ടതും സൂപ്പർവൈസർമാണ്. ഫാക്ടറികളിൽ ഇങ്ങനെ അഭിപ്രായങ്ങളും 'ശതശതംചെയ്യുവാനുള്ള പൈപ്പ്ലൈൻ' എപ്പോഴും ആരോഗ്യകരമായി സംരക്ഷിക്കേണ്ടതാണ്. ആധുനികമായ വ്യവസായികഘടനയിൽ മുതലാളി തൊഴിലാളിയുമായും സൂപ്പർവൈസറുമായും കൂടിയാലോചിക്കുകയും അതുപോലെ തൊഴിലാളിസൂപ്പർവൈസറുമായും മുതലാളിയുമായും സമ്പർക്കം പുലർത്തി ആശയവിനിമയം നടത്തുകയും ചെയ്യേണ്ടതു അത്യാവശ്യമാണ്. ഫാക്ടറികൾക്കകമെയുള്ള നേതൃത്വം സൂപ്പർവൈസർമാരിലാണ് സ്ഥിതിചെയ്യേണ്ടതു. അതു തൊഴിലാളിസംഘടന പൊളിക്കാനല്ലെന്ന വീണ്ടും ഉറപ്പിപ്പറയട്ടെ. പിന്നെയോ? ഫാക്ടറികളിൽ അച്ചടക്കവും ഉല്പാദനവും സാധ്യമാക്കാൻ. ഇങ്ങനെ സൂപ്പർവൈസർമാർക്ക് നേതൃത്വം ലഭിക്കണമെങ്കിൽ അവക്ക് വേണ്ടത്ര സ്ഥാനവും പരിശീലനവും നൽകണം. മാനേജ്മെൻറുകളുടെ നയരൂപവൽക്കരണത്തിൽ അവരുടെ അഭിപ്രായങ്ങൾക്കു സ്ഥാനമുണ്ടായിരിക്കണം. ആധുനികഫാക്ടറികളിൽ ഫോർമാന്മാരെയും സൂപ്പർവൈസർമാരെയും ഉദ്ദേശിച്ചു പരിശീലനപദ്ധതികളും ആസൂത്രണംചെയ്തിട്ടുണ്ട്. തൊഴിലാളികളോടു പെരുമാറുന്നതിനും, അവരിൽനിന്നും സഹകരണം നേടുന്നതിനും ഈ പരിശീലനപദ്ധതികളും വളരെ സഹായകമാണ്.



ഐക്യരാഷ്ട്രസംഘടനയുടെ പുതിയ സെക്രട്ടറി ജനറൽ ഡാഗ്ഹാമർക്കൾഡ് ഉദ്യോഗത്തിൽ പ്രവേശിക്കുന്നു. "വ്യക്തിപരമായ കഴിവുകളുടെ പരിമിതിയിൽനിന്നെന്നപോലെതന്നെ തിരഞ്ഞെടുപ്പുമൂലം എന്നിൽ അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്ന ഉദ്ദേശമായ ചുമതലകളുടെ ഭേദത്തിലുംനിന്നുരുവിക്കുന്ന വിനീതമനോഭാവത്തോടുകൂടിയാണ്" അദ്ദേഹം ഉദ്യോഗം സ്വീകരിക്കുന്നതെന്നാണ് പ്രസ്താവിച്ചതു. പിൻപിൽ ഇടതുനിന്ന് ഏഴാംസമ്മേളനത്തിന്റെ അദ്ധ്യക്ഷൻ മി: ലെസ്റ്റർ പീയേഴ്സണും, സെക്രട്ടറി ജനറലിന്റെ എക്സിക്യൂട്ടീവ് അസിസ്റ്റൻറ് ആൻഡ്രൂ ഡബ്ളിയു. കോർഡിയറും.



മിസ്സിസ് ജോൺ മേസോ സ്റ്റാംഡിംഗ് (ഇടതു) യുണൈറ്റഡ് സ്റ്റേറ്റ്സിലെ ആരോഗ്യം, വിദ്യാഭ്യാസം മുതലായ വകുപ്പുകളുടെ സെക്രട്ടറി ഒവെറ്റാകോപ്പ് ഹോബ്ബിയെ സന്ദർശിക്കുന്നു. സെക്രട്ടറിയുടെ അസിസ്റ്റൻറായി നിയമിക്കപ്പെട്ടതുസംബന്ധിച്ചു ചർച്ചചെയ്യാനായിരുന്നു സന്ദർശനം. മിസ്സിസ് സ്റ്റാംഡിംഗ് 20 സംവത്സരക്കാലമായി സാമൂഹ്യസേവനം നടത്തിവരുന്ന ഒരു മഹതിയാണ്. നിക്ഷണൽ കൗൺസിൽ അഫ് കളേർഡ് വിമൻ എന്ന നീഗ്രോ മഹിളാസംഘടനയിലെ ഒരു പ്രമുഖംഗമാണ് മിസ്സിസ് സ്റ്റാംഡിംഗ്.

പരിശീലനത്തിന്റെ അവശ്യം

ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യൻവ്യവസായത്തിൽ സൂപ്പർവൈസറുടെ സ്ഥാനത്തെപ്പറ്റിയുള്ള ചിന്താക്കുഴപ്പം അവസാനിപ്പിക്കാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു. സൂപ്പർവൈസർ, ഫോർമാനും, ഫോർമാനും ഇനിമേൽ തൊഴിലാളിയൂണിയൻ പൊളിക്കുവാനുള്ള മാനേജരുടെ കയ്യിലെ ആയുധങ്ങളാകാൻ സാധ്യമല്ല. അതുപോലെതന്നെ അവരെ തൊഴിലാളിയൂണിയനിലെ അംഗങ്ങളായി പരിഗണിക്കുവാനും പാടില്ല. കങ്കാണിയുടെയും മൂപ്പന്റെയും ശക്തിയിൽ കെട്ടിപ്പടുക്കുന്ന തൊഴിലാളിസംഘടനകളുടെ അടിസ്ഥാനം ഉറപ്പില്ലാത്തതാണെന്നു പറയേണ്ടതില്ലല്ലോ. സൂപ്പർവൈസർമാർ മാനേജ്മെൻറിന്റെ ഘടകമാണ്. ഇന്നത്തെ മാറിവന്നിരിക്കുന്ന തൊഴിലാളി-മുതലാളിബന്ധത്തിൽ അവരെ പ്രയോജനകരമായ ഭാഗം വഹിക്കുവാൻ വേണ്ടത്ര പരിതഃസ്ഥിതികളും സൃഷ്ടിക്കണം. അവക്ക് അതിനുവേണ്ട പരിശീലനം നൽകുകയുംവേണം.

"ശരീരത്തിൽനിന്നു തല വെട്ടിയതിനുശേഷവും, ജീവനുള്ളതുപോലെ ആടിന്റെ ഉടൽപിടിച്ചുകൊണ്ടിരിക്കും. അതുപോലെ പരിപൂർണ്ണമായി ഉപേക്ഷിച്ചു ജ്ഞാനിയുടെ അഹംകാരം മാഞ്ഞുപോയെങ്കിലും, ശരീരസംബന്ധമായ ജോലികളും ശ്രദ്ധിക്കുന്നതിനു ആ അഹങ്കാരത്തിന്റെ ശക്തി സ്വല്പം ശേഷിച്ചിരിക്കും. എന്നാൽ വീണ്ടും അവനെ ലോകത്തോടു ബന്ധിക്കുന്നതിനുള്ള ശക്തി അതിനില്ല." 2—71

ശ്രീരാമകൃഷ്ണദേവൻ

വൈശാഖ്-ഹിന്ദുസ്ഥാൻ ഷിപ്പ്‌യാർഡ്

(സിന്ധ്യാ കപ്പൽ നിർമ്മാണകേന്ദ്രം)

— വി. എസ്. പിള്ള —


വളർന്നുകൊണ്ടിരിക്കുന്ന വൈരാഗിന്റെ ശോഭനമായ ഭാവിയെക്കുറിക്കുന്ന മറ്റൊരു മഹൽസ്ഥാപനമാണ് സിന്ധ്യാസ്റ്റീം നാവിഗേഷൻകമ്പനിക്കാരാൽ സ്ഥാപിതമായിട്ടുള്ള ഇവിടത്തെ കപ്പൽനിർമ്മാണകേന്ദ്രം. ഇന്ത്യയിൽ കപ്പൽനിർമ്മാണം നടത്തുന്ന ഒരേരു സ്ഥാപനം സിന്ധ്യാമാത്രമാണ്. 1941 ജൂൺ 21-ാംതീയതി അന്നത്തെ ഇന്ത്യൻനാവികസൈന്യത്തിന്റെ കമാണ്ടർ-ഇൻ-ചീഫും, ഇന്നത്തെ ഇന്ത്യൻ റിപ്പബ്ലിക് പ്രസിഡന്റുമായ ഡോ: രാജേന്ദ്രപ്രസാദ് ഇതിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയുണ്ടായി. ആധുനിക നാവികയുദ്ധതന്ത്രത്തിനും വാണിജ്യത്തിനും ഏറെക്കുറെ വിദേശരാജ്യങ്ങളെമാത്രം ആശ്രയിക്കേണ്ടിയിരിക്കുന്ന ഭാരതത്തിന്റെ പതുണ്ടുവർഷങ്ങൾക്കുമുമ്പുമാത്രമാണ് ഒരു നാവികനിർമ്മാണകേന്ദ്രം ഉണ്ടായതെന്നുള്ളതു് സിന്ധ്യയുടെ ഇന്നത്തെവളർച്ചയുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ വിശ്വസിക്കുവാൻ പ്രയാസമുള്ള ഒരു പരമാർത്ഥംമാത്രമാണ്. ഈ ചുരുങ്ങിയ പതുണ്ടുവർഷങ്ങൾക്കുള്ളിൽ ഇന്ത്യാരാജ്യത്തു് മറ്റേതൊരു രാഷ്ട്രവും നിർമ്മിക്കുന്ന കപ്പലുകളോടും കിടനിൽക്കത്തക്കവണ്ണം ബലത്തിലും തരത്തിലും സൌകര്യങ്ങളിലും സർവോപരി കലാനിപുണതയിലും അതിശയനീയമാംവിധം മെച്ചപ്പെട്ടതന്നെയാണ് സിന്ധ്യാകപ്പലുകൾ നിലകൊള്ളുന്നതു്.

ഈ സ്ഥാപനത്തിന്റെ ശിലാസ്ഥാപനസമയത്തു് ഡോ: രാജേന്ദ്രപ്രസാദ് പറയുകയുണ്ടായി, ഭാരതത്തിന സ്വാതന്ത്ര്യം കരഗതമാക്കുകയും ഒരു തനിഭാരതീയഭരണകൂടം സംസ്ഥാപിതമാക്കുകയും ചെയ്യുന്നകാലത്തു് താനും തന്റെ സഹപ്രവർത്തകരും അന്നത്തെ ഗവൺമെണ്ടിനെക്കൊണ്ടു് ഈ സ്ഥാപനത്തിനാവശ്യമായ സകലവിധ സംരക്ഷണസഹായങ്ങളും നൽകിക്കുകയും അങ്ങിനെ ക്രമേണ സിന്ധ്യാസ്റ്റീം നാവിഗേഷൻ കമ്പനിക്കാരുടെ സ്വകാര്യസ്വത്തായ ഈ സ്ഥാപനത്തെ ഒരു തികഞ്ഞ ദേശീയ കപ്പൽനിർമ്മാണകേന്ദ്രമായിവളർത്തുകയും ചെയ്യും, എന്നു്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യാഗവൺമെന്റിനു നേരിടേണ്ടിവന്ന വിഷമംപിടിച്ച പരിതഃസ്ഥിതികളിൽ സംബന്ധിക്കുമായ പ്രശ്നമായിരുന്നെല്ലോ മുഖ്യമായിരുന്നതു്. തന്നിമിത്തം സിന്ധ്യാസ്റ്റീം നാവിഗേഷൻകാരുക്ക് അന്നു ശ്രീ: രാജേന്ദ്രപ്രസാദ്നൽകിയ വാഗ്ദാനങ്ങൾ എത്രത്തോളം പാലിക്കപ്പെടാൻ കഴിഞ്ഞുവെന്നു് ഊഹിക്കയേവേണ്ടൂ.

എന്നാൽ സിന്ധ്യയുടെയും ഭാരതത്തിന്റെയും ഭാഗ്യമെന്നേ പറയേണ്ടൂ, ഇക്കാലമത്രയും ഈ സ്ഥാപനത്തിന്റെ സർവതോന്മുഖമായ അഭിവൃദ്ധിക്കും വികസനത്തിനും കാലാനുകൂലമായ പരിഷ്കരണങ്ങൾക്കും ഏകാവലംബമായി ഒരുറച്ച വ്യവസായിക പ്രമുഖനും ഭരണകർത്താവും കാര്യക്ഷമതതികഞ്ഞ സാങ്കേതികവിദഗ്ദ്ധനുമായിരുന്ന ശ്രീ: വാലംചന്ദ് ഹീരച്ചന്ദിന്റെ നിസ്തുല്യമായ സേവനം സിന്ധ്യയ്ക്കുലഭിച്ചു. കഴിഞ്ഞപരിതഃസ്ഥിതികളിൽപ്പോലും തികഞ്ഞ ആത്മധൈര്യത്തോടും പ്രവർത്തനനിപുണതയോടുംകൂടി കഴിവിൽകവിഞ്ഞ വിജയം ഈ സ്ഥാപനത്തിനുകൈവരുത്തിക്കൊടുത്തുവന്ന ഈ മനുഷ്യദേഹത്തെ സിന്ധ്യയെന്നല്ലാ, ഇന്ത്യയിലെ കപ്പൽനിർമ്മാണവ്യവസായം ഏതെല്ലാംവിധത്തിൽ പുരോഗമിച്ചാലുംശരി, ഭാരതീയരാകമനം എന്നെന്നും സ്മരിക്കുകതന്നെചെയ്യും.

1948-മാർച്ച് 14-ാംതീയതിയാണ് സിന്ധ്യയിൽനിർമ്മിച്ച ഒന്നാമത്തെ കപ്പലായ "ജലഉഷ" ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റുവിനാൽ കടലിലിറക്കപ്പെട്ടതു്. അന്നുതന്നെ തന്റെ ഗവൺമെൻറിന്റെ കഴിവിനൊത്തുള്ള സകലവിധ സഹായസൌകര്യങ്ങളും സിന്ധ്യയ്ക്കുണ്ടായിരിക്കുന്നതാണെന്നു പ്രധാനമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തു. ക്രമേണ ഈ ഉറപ്പു് ഇന്ത്യാഗവ: പടിപടിയായി പാലിച്ചുവരികയുംചെയ്തുപോന്നു.

കൂടുതൽ കപ്പലുകൾ നിർമ്മിക്കുക, ഷിപ്പ്‌യാർഡു് വികസിപ്പിക്കുക എന്നിങ്ങനെ അവശ്യംവേണ്ടുന്ന ആവശ്യങ്ങളുടെ കാര്യക്ഷമമായ നിർവഹണം ശരിയായ സാമ്പത്തികസഹായം കൂടാതെ സാധ്യമല്ലെന്നുള്ള നിലവന്നപ്പോൾ കേന്ദ്രഗവൺമെൻറ് ഔരവപൂർവം ഈ പ്രശ്നങ്ങളെപ്പറ്റി പരിചിന്തിക്കുകയും, ഒരു താല്ക്കാലികാശ്വാസനടപടിയെന്നോണം 8000 ടൺ കേവുഭാരമുള്ള മൂന്നു പുതിയകപ്പലുകൾ കേന്ദ്രഗവൺമെൻറിനുവേണ്ടി നിർമ്മിക്കുന്നതിനുള്ള ഓർഡറുകൾ സിന്ധ്യയ്ക്കു നൽകുകയുമുണ്ടായി. ഈ നടപടിതന്നെ ഈ സ്ഥാപനത്തിന്റെ രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളമുള്ള പ്രാധാന്യത്തെയും അനപേക്ഷണീയതയെയും കേന്ദ്രഗവ: മനസ്സിലാക്കിക്കഴിഞ്ഞു എന്നുള്ളതിന് ആദ്യത്തെ തെളിവായിരുന്നു. ഇംഗ്ലണ്ടി



സിന്ധ്യാ സ്റ്റീം നാവിഗേഷൻകാരുടെ "ജലപുഷ്പ" കടലിലിറക്കുന്നു. അക്ഷമരായ ജനക്കൂട്ടം "ബട്ടൺ പ്രസ്സിംഗ്" കഴിഞ്ഞ" കപ്പലിനെ നോക്കിനിൽക്കുന്നു.



"സിന്ധ്യാ". ഹിന്ദുസ്ഥാൻ ഷിപ്പ് യാർഡിന്റെ ഒരു പൊതുവീക്ഷണം.



വിശാഖപട്ടണം ഹാർബറും "പോർട്ട് ഏറിയായും."



ഇന്ത്യൻ കൊടിക്കപ്പലായ "ഐ. എൻ. എസ്. ഡെൽഹി" ഉൾക്കടലിൽ നിന്നും ഹാർബറിലേയ്ക്കുള്ള തോടിൽ പ്രവേശിച്ചു. 'ശക്തി' എന്ന ടഗ്ഗറിനാൽ വലിക്കപ്പെട്ടു് സാമന്ദം പോട്ടിലേയ്ക്കു നീങ്ങുന്നു.

ലും അമേരിക്കയിലും മറ്റും നിർമ്മിച്ചിരുന്ന കൂപ്പലുകളുടേതുമായി തട്ടിച്ചു നോക്കുമ്പോൾ ഈ ഭാരതീയസ്ഥാപനത്തിൽനിന്നും പുറത്തുവരുന്ന കപ്പലുകളുടെ വില കുട്ടിയായിരുന്നുവെങ്കിലും മറ്റു പല രാജ്യങ്ങളിലും ഇതിലും കവിഞ്ഞതിലധികം നിർമ്മിക്കപ്പെട്ടിരുന്നുവെന്നുള്ളതു് സിന്ധ്യയെ സംബന്ധിച്ചിടത്തോളം ആശ്വാസകരവും അഭിനന്ദനീയവുമായ ഒരു നേട്ടമായിരുന്നു. സിന്ധ്യയിലെ ഈ ഉയർന്ന നിർമ്മാണചിലവിനുള്ള കാരണങ്ങളും പ്രധാനമായി രണ്ടായിരുന്നു. ഇവിടത്തെ യന്ത്രങ്ങളുടെ അവയുടെ പരമാവധി പ്രവർത്തനശക്തി വിനിയോഗിച്ചു പ്രവർത്തിപ്പിക്കുന്നതിനുണ്ടായിരുന്ന കഴിവില്ലായ്മ, ഒന്നു്. രണ്ടാമത്തേതു്, ആവശ്യത്തിൽ കവിഞ്ഞ തൊഴിലാളിസംഖ്യ. എന്നാലും ഈ അസൂഖകരമായ ചുറ്റുപാടുകളിൽക്കൂടി ഈ വ്യവസായത്തിനും അതിലേർപ്പെട്ടിട്ടുള്ള ന്യായക്കണക്കിന് തൊഴിലാളികൾക്കും സാങ്കേതികവിദഗ്ദ്ധന്മാർക്കുമെല്ലാം ഒരുപോലെ പ്രോത്സാഹനം നൽകുകയും, അതോടൊത്തു് ഉല്പാദനശക്തി വർദ്ധിപ്പിക്കയും ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി തൊഴിലാളികളും സ്ഥാപനാധികാരികളും തമ്മിൽ ട്രൈപ്പാർട്ടിറ്റ് കരാറുകളുണ്ടാക്കുന്നതിനും അതിലേർപ്പെടുന്നതിനും ഗവർമ്മെന്റ് ഓഫ് ഇന്ത്യയുടെ ലേബർ കമ്മീഷണർ ഓഫീസിലെ ഉദ്യോഗസ്ഥന്മാർ മുൻകൈയെടുത്തു് പരിശ്രമിച്ചു. തൽഫലമായി പ്രതീക്ഷയിൽ കവിഞ്ഞ വിജയത്തോടും ചുരുങ്ങിയ ചിലവിലും പ്രസ്തുത മൂന്നുകപ്പലുകളും പണിതീർന്നു പുറത്തുവന്നു. ഇതേസന്ദർഭത്തിൽ പാശ്ചാത്യശക്തികളുടെ കപ്പൽനിർമ്മാണച്ചിലവുകൂടി വർദ്ധിച്ചുവരുന്നതിനുപുറമെ സിന്ധ്യയുടെ കപ്പൽനിർമ്മാണത്തിനു് പ്രോത്സാഹനം നൽകാൻ കേന്ദ്രഗവർമ്മെന്റ് തീരുമാനിക്കയും ചെയ്തു. എന്നിട്ടും ഗവർമ്മെന്റിന്റെ സാമ്പത്തികനില പുതുതായി വീണ്ടും മൂന്നുകപ്പലുകൾ നിർമ്മിക്കുന്നതിനുള്ള ഒരു ഓർഡർക്കൂടി നൽകുന്നതിനുമാത്രമേ ഗവർമ്മെന്റിനെ അനുവദിച്ചുള്ളൂ. ഇങ്ങനെ ആകെ കപ്പലുകൾ കേന്ദ്രഗവർമ്മെന്റിനുവേണ്ടിമാത്രം ഉടച്ച്യായി നിർമ്മിക്കാൻ സാധിച്ചതോടെ തൊഴിൽമാന്ദ്യം ഏതാണ്ടു മറയുകയും സാങ്കേതികമായി കപ്പൽനിർമ്മാണശാലയിൽ ഓരോരുത്തരുടേയും അനുഭവവും വൈഭവവും വർദ്ധിക്കയുമുണ്ടായി.

താമസംവിനാ 1952 മാർച്ചു് 1-ാം തീയതി കേന്ദ്രഗവർമ്മെന്റ് മൂന്നിൽ രണ്ടും സിന്ധ്യാനാവിഗേഷൻകമ്പനിക്കാർ മൂന്നിലൊന്നും എന്ന അനുപാതത്തിൽ ഗവർമ്മെന്റ് നിയന്ത്രണത്തിലുള്ള "ഹിന്ദുസ്ഥാൻഷിപ്പ് യാർഡ് ലിമിറ്റഡ്" രൂപംകൊണ്ടു. സിന്ധ്യയുടെ മുതൽമുടക്കും യന്ത്രസാമഗ്രികളും മാത്രം വിലയിട്ടു് അവരുടെ പങ്കു് എടുപ്പും നിറവേറ്റപ്പെടുകയും ഇന്ത്യാഗവർമ്മെന്റ് ഇതിന്റെ മാനേജിംഗ് ഡയക്ടറായി ശ്രീ: ആർ. എൽ. ഉപ്പാരയെ നിയമിക്കുകയുംചെയ്തു.

കപ്പൽനിർമ്മാണം ഒരു കലയാണു്. ആകയാൽ ഈ വിഷയത്തിൽ തഴക്കവും പഴക്കവുമുള്ള മറ്റുരാഷ്ട്രങ്ങളുടെ അനുഭവങ്ങളും ഉപദേശങ്ങളും നമുക്കു് സ്വീകരിക്കുക ആശാസ്യമായിരിക്കുമല്ലൊ. ഈ ഉദ്ദേശത്തോടുകൂടി സുപ്രസിദ്ധ ഫ്രാഞ്ചുനിർമ്മാണശാലയായ "Societe Anonyoul Des Ateliers et Chautiers de la Loire" ക്കാരുമായി ഒരു കരാർ ഒപ്പുവയ്ക്കുകയുണ്ടായി. 1949-ൽതന്നെ ഈ കമ്പനിയുടെ പ്രതിനിധികളും തദ്ദിഷ്യയുമായി സിന്ധ്യാക്കാർ നടത്തിയിരുന്ന ആലോചനകളുടെ അടിസ്ഥാനത്തിൽ ഇവിടെയെത്തി ഈ സ്ഥാപനം സന്ദർശിക്കുകയും, ശരിയായ ഒരു പഠനത്തിനുശേഷം സിന്ധ്യാകപ്പൽനിർമ്മാണകേന്ദ്രത്തെ ലോകത്തിലെ ഒന്നാംകിട നാവികനിർമ്മാണശാലകളിൽ ഒന്നായി വളർത്തുന്നതിനുള്ള സാധ്യതകളും വിദൂരമല്ലെന്നു അഭിപ്രായപ്പെടുകയുമുണ്ടായി. ഇപ്പോൾ അവരുടെ സാങ്കേതികവിദഗ്ദ്ധന്മാരെ ഇവിടെ അയച്ചു് വേണ്ടത്ര സേവനം അനുഷ്ഠിക്കുന്നതിനുപുറമെ സിന്ധ്യയിലെ അനേകം ഭാരതീയരായ തൊഴിൽക്കാരെ ഉപരിപരിശീലനത്തിനും അവരുടെ ഫ്രാൻസിലുള്ള ഡൈക്കുകളിലും ഷിപ്പിലും പ്രവേശിപ്പിച്ചിട്ടുണ്ടു്. ഈ പരിപാടി വിജയകരമായി പ്രവർത്തിക്കുന്നപക്ഷം ചുരുങ്ങിയ കാലംകൊണ്ടു് തനിഭാരതീയരാൽ പ്രവർത്തിക്കപ്പെടുന്ന ഒരു സ്ഥാപനമായി ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡ് പരിണമിക്കുന്നതാണു്. അന്നു ഏതൊരു ഭാരതീയനും അഭിമാനത്തോടുകൂടിമാത്രം സ്മരിക്കാവുന്ന ഒരു ശോഭനമായ ഭാവിയെയാണു് ഇന്നു നാം വിഭാവനചെയ്യുന്നതു്.

ഒരു കപ്പൽനിർമ്മാണത്തിനാവശ്യമായ ഭീമമായ യന്ത്രസാമഗ്രികളെയും അവയുടെ പ്രവർത്തനരീതികളെയും പാഠമാക്കി ഒരു ചെറുലേഖനത്തിൽ പ്രതിപാദിച്ചൊതുക്കുക ദുസ്സാദ്ധ്യമാണു്. പക്ഷേ മറക്കാനും മറയ്ക്കുവാനുമാവാത്ത പ്രശംസനീയമായ സേവനമാണു് സിന്ധ്യ ഭാരതത്തിനു നൽകിയിട്ടുള്ളതു്. ഇതുവരെ സിന്ധ്യയിൽ നിർമ്മിച്ചിട്ടുള്ള കപ്പലുകളും എല്ലാംതന്നെ ലോകത്തിലെ ഏറ്റവും മെച്ചപ്പെട്ട കപ്പലുകളുടെ ഗണനകോടിയിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. കപ്പലുകളുടെ തരവും മേന്മയും നിർണ്ണയിക്കുന്ന ലോകത്തിലെ പ്രമുഖകേന്ദ്രമായ "ലോയിഡ്സി"ൽ ഏറ്റവും കഠിനവും നിർണ്ണയവുമായ പരിശോധനയ്ക്കുവിധേയമാക്കപ്പെട്ട ഈ ഭാരതീയകപ്പലുകളും എല്ലാംതന്നെ കപ്പൽനിർമ്മാണകലയിൽ ഈ കേന്ദ്രം (സിന്ധ്യാ) പ്രകടമാക്കിയിട്ടുള്ള പാടവത്തെയും പരിപൂർണ്ണതയെയും തലകുലുക്കി അംഗീകരിച്ചിട്ടുണ്ടു്.

ഇന്നത്തെനിലയിൽ, വിജയകരമായും പൂർണ്ണമായും ഈ സ്ഥാപനം പ്രവർത്തിപ്പിക്കപ്പെടണമെങ്കിൽ പുതുതായി കൂടുതൽ 'ബർത്തുകൾ' ആവശ്യമാണു്. കൂടാതെ ഇന്നുള്ള "ഡ്രൈ" ഡോക്കിനും മരാമത്തുവകകൾക്കും വികസിപ്പിക്കുകയും, ആധുനികമായ നിർമ്മാണവിധികളും പരിഷ്കരണങ്ങളും ത്വരിതമായി ഏർപ്പെടുത്തുകയും അത്യന്താപേക്ഷിതവുമാണു്. ഇപ്പോൾതന്നെ കേന്ദ്രഗവർമ്മെന്റിൽനിന്നും പുതുതായി രണ്ടു ബർത്തുകൾകൂടി നിർമ്മിക്കുന്നതിനുള്ള അംഗീകാരം നൽകിക്കഴിഞ്ഞിരിക്കുന്നു. ഈ പണി പൂർത്തിയാകുമ്പോൾ ഇവിടെ നിർമ്മിക്കുന്ന കപ്പലുകൾക്കും "Dry Docking" നായി കല്ക്കട്ടയ്ക്കു പോകേണ്ടി വരികയില്ലെന്നു മാത്രമല്ല, കപ്പലുകളുടെ അറ്റകുറ്റപ്പണിസംബന്ധിച്ചുള്ള പ്രവർത്തനങ്ങളും കൂടുതൽ സുകരമായിത്തീരുന്നതുമാണു്. ഇന്ത്യയിലെ കപ്പൽ ഉടമസ്ഥന്മാരും വ്യാപാരികളും വ്യവസായികളുമെല്ലാം തനിഭാരതീയമായ ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡുവക കപ്പലുകൾതന്നെ ഉപയോഗിക്കത്തക്കവണ്ണം സംരക്ഷണവ്യവസ്ഥകളും അത്യന്താപേക്ഷിതമാണു്. ഇങ്ങനെയായാൽ ഇന്ത്യയുടെ തീരദേശവാണിജ്യം മുഴുവനും വൈദേശികവ്യാപാരാദികളുടെ നല്ല ഒരു പങ്കും കൈകാര്യംചെയ്യുന്നതിനു് ഈ സ്ഥാപനം പര്യാപ്തമായിത്തീരുകയും ചെയ്യും.

ഇന്ത്യയുടെ പഞ്ചവത്സരപദ്ധതിയിൽ 11.95 കോടി രൂപയാണു് ഈ സ്ഥാപനത്തിനായി നീക്കിവച്ചിട്ടുള്ളതു്. തികച്ചും പരിമിതമായ ഈ തുകയ്ക്കു പുറമേ അവശ്യം വേണ്ടുന്ന പരിഗണനകൂടി നൽകുന്നതായാൽ ഈ കേന്ദ്രഗവർമ്മെന്റിന്റെ ഉറപ്പു പാലിക്കപ്പെടുകയാണെങ്കിൽ നാവികാഗതാഗത സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം പ്രതിവർഷം 45,000 മുതൽ 50,000 വരെ ഇന്ത്യൻ ടണ്ണുകൂടി ഭാരതവ്യാപാരം നക്രമേണ ലാഭത്തോടുകൂടിമാത്രം ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡ് പ്രാപ്തമാകുന്നതാണു്.

ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡിൽ ഇന്നു് ഒരുറച്ച തൊഴിലാളിയൂണിയനുണ്ടു്. ഡാ: ലങ്കാസുന്ദരമാണു് ഇതിന്റെ പ്രസിഡൻറ്. സിന്ധ്യാക്കാരുടെ കീഴിലായിരുന്നപ്പോൾതന്നെ ഈ സംഘടന പ്രബലപ്പെട്ടിരുന്നു, ചില പ്രത്യേകപരിതഃസ്ഥിതി

കളിൽ അനിർവാര്യമായിവന്ന മൻപ്രസ്താവിച്ച 33⅓ ശതമാനം ഡീയർനസ് അലവൻസിൽ വരുത്തിയ കുറവിനെ സംബന്ധിച്ച പ്രശ്നം ഒരു ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ കീഴിൽ അഡ്ജൂഡിക്കേഷന വിധേയമായിരുന്നു. ട്രിബ്യൂണലിന്റെ വിധിപ്രകാരം പ്രസ്തുത കുറവിൽ ഒരംശം തൊഴിലാളികൾക്കു തിരിച്ചുകൊടുക്കുവാൻ വിധിയുമായി. എന്നാൽ തികച്ചും സാങ്കേതികവും പരമപ്രധാന്യമർഹിക്കുന്നതുമായ ഈ വ്യവസായത്തിൽ ഒന്നര വിജയകരമായ മുന്നേറ്റം ഇതിലേപ്പെട്ടിരിക്കുന്ന തൊഴിലാളികളും അധികാരിവർഗ്ഗവും തമ്മിലുള്ള പൂർണ്ണമായ രഞ്ജിപ്പിനെയാണ് ആശ്രയിച്ചിരിക്കുന്നതെന്ന വിശ്വാസമുള്ള മാനേജ്മെന്റ് ട്രിബ്യൂണലിന്റെ അഡ്ജൂഡിക്കേഷനെപ്പോലും തള്ളിക്കൊണ്ട് കുറവുചെയ്ത മുഴുവൻതുകയും മടക്കിക്കൊടുക്കുവാൻതന്നെ തീരുമാനിച്ചു. തൽഫലമായി തൊഴിലാളികളും സ്റ്റാഫും ആത്മാർത്ഥതയോടും മുഴുമുക്കോടുകൂടി പണിയെടുത്തു വരുന്നുവെന്നുള്ളതു് ആശ്വാവഹമായ ഒരു സംഭവവികാസം മാത്രമാണ്.

ഇതുവരെ തനിഭാരതീയമെന്നഭിമാനിക്കാവുന്ന പത്തു കപ്പലുകൾ സിന്ധ്യ നിർമ്മിച്ചിട്ടുണ്ട്. ഒന്നാമത്തെ കപ്പലായ "ജലഉഷ" ശ്രീ. നെഹ്റുതന്നെയാണ് കടലിലിറക്കിയതു്. തുടർന്നുള്ള ഓരോ കപ്പലും ഭാരതത്തിലെ ഓരോ പ്രശസ്തവ്യക്തികളുടെ കരങ്ങളാൽ കടലിലിറക്കപ്പെട്ടിട്ടുള്ളവയാണ്. ഇവിടെ നിർമ്മിക്കുന്ന കപ്പലുകളുടെയെല്ലാം പേരിനു മുന്നിൽ "ജല" എന്നുകൂടി കാണുന്നതു് പേരിനു ഭാരതീയമായ നൽകുന്നതിനു മാത്രമാണ്. ഇപ്പോൾതന്നെ 7000 ടൺ കേവുഭാരമുള്ള അഞ്ചും, 8000 ടൺ കേവുഭാരമുള്ള രണ്ടും കപ്പലുകളുടെ നിർമ്മാണത്തിനുള്ള ഓർഡറുകൂടി കേന്ദ്രഗവണ്മെന്റ് നൽകിക്കഴിഞ്ഞിരിക്കുന്നു. ഈ കപ്പലുകളുടെ നിർമ്മാണം പുതിയ ഡിസൈനുകളോടു കൂടിയാണെന്നറിയുമ്പോൾ ഭാവിയിൽ ഭാരതത്തിനാവശ്യമായ മുഴുവൻ കപ്പലുകളും, കാര്യവ്യാപ്തിയും വൈഭവവും ഈ സ്ഥാപനത്തിനുണ്ടാകട്ടെ എന്നു് നമുക്കു പ്രത്യാശിക്കാം.

ഇവിടുള്ള മലയാളികൾ

സിന്ധ്യാസ്റ്റീം നാവിഗേഷൻ കമ്പനിക്കാർ ചെയ്തിട്ടുള്ള ഏറ്റവും സ്തുത്യർഹമായ ഒരു സേവനമാണ് സിന്ധ്യാകോളനിയുടെ നിർമ്മാണം. ഷിപ്പ്യാർഡിനോടു തൊട്ടു് പുറകിലായി ഹാർബറിലേക്കു കടക്കുന്ന കപ്പൽ തോടിന്റെ ഒരു ഭാഗംമുതൽ ഉള്ളിലേക്ക് ഒന്നരമൈൽ നീണ്ടുകിടക്കുന്ന പ്രദേശംമുഴുവനും വേണ്ടത്ര ജീവിതസൗകര്യങ്ങളോടുകൂടി തയ്യാറാക്കപ്പെട്ടിട്ടുള്ള ന്യായക്കണക്കിനു കെട്ടിടങ്ങളും ക്കൊള്ളുന്ന കോളനിയാണ്. ഇന്നു് ഈ കോളനി "ഗാന്ധിഗ്രാമം" എന്ന പേരിനാലാണ് അറിയപ്പെടുന്നതു്. സിന്ധ്യയിൽ പല ഉറകളിലായി പണിയെടുക്കുന്ന മലയാളികളും, കുടുംബങ്ങളും, മലയാളികളായ ഹോട്ടൽക്കാരും മറ്റും ഉൾപ്പെടെ 2000-ത്തിൽപരംപേർ ഈ കോളനിയിൽത്തന്നെ അധിവസിക്കുന്നുണ്ട്. കപ്പൽ നിർമ്മാണത്തിനെപ്പറ്റിയുള്ള വിവിധവിഷയങ്ങളും പ്രായോഗികമായും ക്ലാസുമുഖേനയും പഠിക്കുന്നതിനുള്ള സൌകര്യവും ഇതിൽ മിക്കപേർക്കും സിദ്ധിക്കുന്നുണ്ട്. ഉയർന്ന ഉദ്യോഗങ്ങളിൽപോലും നിരവധി മലയാളികൾ ഇവിടുണ്ട്. പൊതുവെ ഇവരെല്ലാംതന്നെ സംതൃപ്തരും ശോഭനമായ ഒരു ഭാവിയിലേക്ക് ദൃഢനിശ്ചയത്തോടെ മുന്നേറുന്നവരുമാണ്.

അങ്ങിനെ ഭാരതത്തിലെ സമ്പ്രധാന്യമർഹിക്കുന്ന ഒരു സ്ഥാപനമായ ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡു് ഏതൊരു ഭാരതീയനും അഭിമാനിക്കാവുന്നവിധം ഉത്തരോത്തരം അഭിവൃദ്ധിപ്പെടട്ടെ എന്നു് നമുക്ക് ആശംസിക്കാം.

★

ആൻറിബയോട്ടിക്സ്

അല്ലെങ്കിൽ

ജീവാണുനാശകദ്രവ്യങ്ങൾ

★

[മനുഷ്യരാശിക്കു സുഖകരമായ ജീവിതം സാദ്ധ്യമാക്കാൻ പുതിയ ഉപകരണം]

കഴിഞ്ഞ പത്തുവർഷക്കാലം കൊണ്ടു് മനുഷ്യൻ പുതിയൊരു ശക്തികൂടി സ്വായത്തമാക്കിയിരിക്കുന്നു! അതു് നാശകരമായിത്തീരുന്നതിനേക്കാൾ ചെലുത്തിയേക്കാവുന്ന ആഘാതത്തെപ്പറ്റിയുള്ള അങ്ങേയറ്റത്തെ അതിശയോക്തിയായിരിക്കുമെന്നു വരാം. ലോകത്തിനു് സുഖകരമായ ഭാവി വാഗ്ദാനംചെയ്യുകൊണ്ടു്, ശക്തിനിർഭരമായൊരു വ്യവസായം അമേരിക്കയിൽ ഉടലെടുത്തു. ആ വ്യവസായത്തിന്റെ ഉല്പന്നങ്ങളായ, 'അത്ഭുതമരുന്നുകൾ' എന്നറിയപ്പെടുന്ന ജീവാണുനാശകദ്രവ്യങ്ങൾ, മനുഷ്യന്റെ ചിരകാലാഭിലാഷങ്ങളിലൊന്നു സഫലമാക്കിയേയ്ക്കും. അരോഗമായ കുടുംബം, വേഗം വളച്ചുയെത്തുന്ന കന്നുകാലികൾ, ആഹാരം സുലഭമാക്കാൻ തഴച്ചുവളരുന്ന ധാന്യങ്ങൾ എന്നിവയെല്ലാം.

പതിനായിരക്കൊല്ലത്തെ ഗവേഷണഫലമായി തയ്യാറാക്കിയ ആദ്യത്തെ ജീവാണുനാശകമായി ഏറ്റവും അധികം അറിയപ്പെടുന്നതു്—പെൻസിലിൻ. ചികിത്സയിൽ അതിന്റെ വിപ്ലവകരമായസാഫല്യം സുവിദിതമാണ്. പെൻസിലിൻ ചികിത്സ അത്ഭുതൗഷധങ്ങളുടെ ചരിത്രത്തിന്റെ തുടക്കമാത്രമാണ്.

പെൻസിലിൻ കൊണ്ടുതുടങ്ങുന്ന ആ പട്ടിക വർഷംപ്രതി നീണ്ടുനീണ്ടു പോകുന്നു. ആരോമിസിൻ, സ്ട്രെപ്റ്റോമിസിൻ, ടൈറോത്രൈസിൻ, ബാസിട്രാസിൻ എന്നിങ്ങനെയാണവ.

ജീവാണുനാശകങ്ങളുടെ കണ്ടുപിടിത്തത്തിനും അവയുടെ വൻതോതിലുള്ള ഉല്പാദനത്തിനും പിന്നിലുള്ള ശക്തി അമേരിക്കൻ ഔഷധവ്യവസായമാണ്. അതു്, ലക്ഷക്കണക്കിൽ മൂലധനം മുടക്കി, നിർമ്മാണശാലകളും പ്രയോഗശാലകളും സ്ഥാപിച്ചു്, ആയിരക്കണക്കിൽ ശാസ്ത്രജ്ഞന്മാരെ ജോലിക്കെടുത്തു് ഗവേഷണപരീക്ഷണങ്ങളും നടത്തുന്നു. ലക്ഷക്കണക്കിൽ ഡോളർ മുടക്കി നടത്തുന്ന ഗവേഷണങ്ങളിൽനിന്നും ഔഷധം കണ്ടുകിട്ടിയെന്നുവരാം; കിട്ടിയില്ലെന്നും വരാം. പത്തു പരീക്ഷണങ്ങളിൽ ഒന്നു വിജയകരമായാൽ തൃപ്തികരമാണത്രെ.

ജീവരക്ഷാകരമായ ഈ ഔഷധങ്ങൾക്ക് ലോകത്തിലുള്ള അടിയന്തിരാവശ്യം നിറവേറുക, ആവശ്യക്കാർക്കെല്ലാം അവ ലഭ്യമാകത്തക്കവണ്ണം വില ചുരുക്കുക, എന്നിവയാണിപ്പോൾ ഈ വ്യവസായം നേരിടേണ്ട പ്രശ്നങ്ങൾ. ആദ്യത്തെ പ്രശ്നത്തോടൊപ്പം രണ്ടാമത്തേതും പരിഹൃതമായിക്കൊള്ളും—ഉല്പാദനം വർദ്ധിക്കുമ്പോൾ വില താനേകുറയുമല്ലോ.

പെൻസിലിൻ ഒരുലക്ഷം യൂണിറ്റിനു ആദ്യം നൂറുരൂപ്പയോളം ഉരുപ്പികയായിരുന്ന വില. ശീഘ്രഗതിയിൽ ഉല്പാദനം വർദ്ധിപ്പിച്ചതുകൊണ്ടു്, ഇന്നു് അതിന്റെ വില വെറും അഞ്ചുരൂപ്പികയിലും കുറവാണ്. കാരണം വ്യക്തമാണ്. കണ്ടുപിടിത്തത്തിനുമുമ്പു്, 15 കൊല്ലം നിരന്തരമായി വമ്പിച്ച ചെലവുള്ള ഗവേഷണം നടന്നുകൊണ്ടിരുന്നു. ഒറ്റപ്പൈസ ആദായം കിട്ടാതെ, ലക്ഷോപലക്ഷം ഡോളർ ചെലവഴിച്ചിരുന്നു. പുതിയ സാങ്കേതികമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിവന്നു. സാങ്കേതികതടസ്സങ്ങൾക്കു പരിഹാരമുണ്ടാക്കിയശേഷമാണ് കോടാനുകോടി ജനങ്ങൾക്കു വേണ്ടത്ര ഔഷധം നിറവേറാൻപോരുന്ന അളവിൽ ഉല്പാദനം നടത്താൻ വൻയന്ത്രശാലകളും നിർമ്മിക്കേണ്ടിയിരുന്നു.

സ്വരാജ്യത്തിലെയും വിദേശങ്ങളിലെയും ആവശ്യങ്ങൾ നിറവേറുന്നതിനുള്ള പരിശ്രമത്തിൽ അമേരിക്കൻപ്രയോഗശാലകൾ ഉല്പാദനസൗകര്യങ്ങൾ വളരെ വിപുലപ്പെടുത്തി. ലിഡർലീ, മെർക്ക്, അപ്ജോൺ തുടങ്ങിയ പ്രമുഖവ്യവസായസ്ഥാപനങ്ങൾ മൻപെങ്ങുമുണ്ടായിട്ടില്ലാത്തവിധം ഉല്പാദനം വികസിപ്പിച്ചു.

ജീവാണുനാശകങ്ങൾക്ക്, രോഗശമനത്തിൽ കവിഞ്ഞ ചില ഉപയോഗങ്ങളും കണ്ടുപിടിച്ചു. ഇന്നു മനുഷ്യനു മാത്രമല്ല കന്നിനും പന്നിക്കും കോഴിക്കും ആൻറിബയോട്ടിക്സ് കൊടുക്കുന്നുണ്ട്—രോഗം മാറാനല്ല; വളച്ചു് വേഗത്തിലാക്കാൻ.

എങ്ങിനെയാണിതു സാധിക്കുന്നതു്? ആശ്ചര്യമെന്നതന്നെ പറയട്ടെ, ഇതിനുത്തരം നൽകാൻ ശാസ്ത്രത്തിനിനിയുംകഴിഞ്ഞിട്ടില്ല; അതറിയാൻ തീവ്രപരിശ്രമം നടന്നുവരുന്നു. ആരോമിസിൻചേർത്ത തീറ്റികൊടുത്തുവളർത്തിയ കോഴിക്കുഞ്ഞുങ്ങൾ, മറ്റുള്ളവയേക്കാൾ മൂന്നിലൊന്നധികം വളർന്നു. അതുപോലെതന്നെ പന്നിക്കിടാക്കളും. തന്മൂലം തീറ്റിച്ചെലവു് ഗണ്യമായി കുറയുന്നു.

ചെടികളുടെ വളർച്ച ത്വരിതപ്പെടുത്താനും ജീവാണുനാശകങ്ങൾക്കു കഴിയുമെന്നു തെളിഞ്ഞിട്ടുണ്ട്. ആൻറിബയോട്ടിക്സ് ചേർത്ത വെള്ളത്തിൽ നനച്ചു പാകിയ ചോളവിത്തുകൾ, നാലാഴ്ചയ്ക്കുള്ളിൽ, മറ്റുള്ളവയെക്കാൾ 3 ½ ഇഞ്ചു് ഉയരത്തിൽ വളർന്നു; ഇരട്ടി ഇരട്ടിയുണ്ടായി. മറ്റു ചെടികളിൽ നടത്തിയ പരീക്ഷണങ്ങളുടെ ഫലവും കൗതുകകരമായിരുന്നു.

വിളവെടുപ്പിനുപറ്റിയ കാലാവസ്ഥ കുറച്ചുകാലം മാത്രമുള്ള സ്ഥലങ്ങളിൽ, ജീവാണുനാശകപ്രയോഗം അത്ഭുതകരമായി ഫലം ചെയ്യും. അവിടങ്ങളിൽ സസ്യങ്ങൾ വേഗം വളർന്നു കതിരാകുന്നു, അങ്ങിനെ അവിടങ്ങളിലെ ഭക്ഷ്യനിലമെച്ചപ്പെടുത്തുന്നു ഇതു സഹായിക്കാതിരിക്കില്ല.

മൃഗങ്ങൾക്കും ചെടികൾക്കും വളരെ കുറഞ്ഞ അളവിൽ പ്രയോഗിച്ചാൽമതി എന്നതാണ് ശ്രദ്ധേയമായ മറ്റൊരു കാര്യം. ചീടികളുടെ കാര്യത്തിൽ, 7100 ഗ്യാലൻ വെള്ളത്തിൽ, ഒരൗൺസ് ആൻറിബയോട്ടിക്ക് ചേർത്താൽ ഫലപ്രദമാകുമെന്നു കണ്ടു.

ജീവാണുനാശകങ്ങളുടെ മഹാശക്തി ക്രമേണ ക്രമേണ വെളിപ്പെട്ടുവരുന്നു. ആരോമിസിൻ മനുഷ്യർക്കുപയോഗിക്കുമ്പോൾ അളവ് പകുതിയാക്കിയാലും ഫലം തുല്യമാണെന്നു്, അതു കണ്ടുപിടിച്ച ലെഡർലീ കമ്പനിക്കാർ പ്രസ്താവിക്കുന്നു. തന്മൂലം ആ മരുന്നിറക്കുമതി ചെയ്യുന്ന രാജ്യങ്ങൾക്കു ക്രമേണ പണം ചെലവു ചെയ്യാതെതന്നെ, ഇരട്ടിപ്പേരെ ചികിത്സിക്കുവാനായിരിക്കുന്നു. അങ്ങനെ ഉല്പാദനം വർദ്ധിപ്പിച്ചില്ലെങ്കിലും, ഉല്പാദനം ഇരട്ടിച്ച ഫലമുണ്ടാക്കാൻ പ്രസ്തുത കമ്പനിയുടെ ഗവേഷണവൈദഗ്ദ്ധ്യത്തിനു കഴിഞ്ഞു.

★



രാത്രി.

നല്ല നിലാവു്!

വെള്ളപ്പുകപോലെ പരിടമാകെ മഞ്ഞുമൂടിക്കിടക്കുകയാണു്. നീലനിമ്മലമായ ആകാശത്തിൽ വെള്ളിത്തളികപോലെ പൂർണ്ണചന്ദ്രൻ വെട്ടിത്തിളങ്ങുന്നു. കരിമുകിലുകളും ഉരുണ്ടുനീങ്ങുന്നില്ല! പഞ്ഞിപോലുള്ള വെൺമേഘശകലങ്ങളും അംബരത്തിൽ അലഞ്ഞുനടക്കുന്നു.....നല്ല സുന്ദരമായ രാത്രി.

ഗ്രാമം നിശ്ശബ്ദമാണു്. ഒച്ചയും അനക്കവുമൊന്നുമില്ല. ഇലകളും പോലും ചലിക്കുന്നില്ല. കാറ്റു് വീശുന്നില്ല.....നിശ്ചലമായ അന്തരീക്ഷം!.....''

എങ്ങും നിറഞ്ഞ നിശ്ശബ്ദത!!

അവിടെക്കാണുന്ന ആ ക്രൂരപ്രകൃതി കരിംപാറ കമ്മീവിച്ചതുപോലെ നിർമ്മമകമായി നിലത്തോടമന്നിരിക്കുന്നു. നിശീഥിനിയുടെ അനക്കമറ്റ നിശ്ശബ്ദതയിൽ ചേതോഹരമായ ഒരു ചിത്രംപോലെ ആ ഗ്രാമം അങ്ങനെ നീണ്ടു, നീണ്ടു് കിടക്കുകയാണു്. പവിഴക്കതിർക്കലകളണിഞ്ഞ അനന്തമായ നെല്പാടങ്ങളും.....കനകകുംഭങ്ങളും തോറ്റിനില്ക്കുന്ന വല്യതും ചെറുതുമായ തെങ്ങിൻകൂട്ടങ്ങളും.....അദ്ധ്വാപട്ടിണിക്കാരായ ആ പാവപ്പെട്ട കർഷകരുടെ അവസാനിക്കാത്ത സ്വപ്നങ്ങളും അവിടിലൂടെ അങ്ങനെ നാമ്പെട്ടുകയാണു്.....!!

ആ കാഴ്ച മമ്മദിന്റെ ഏുദയാന്തർഭാഗത്തു് ആനന്ദത്തിന്റെ കൃത്തലകളിളക്കി.

കണ്ടും കഴിയും നിറഞ്ഞ ആ ഗ്രാമവീഥിയിലൂടെയവൻ വണ്ടിതെളിച്ചു വരുകയാണു്. സൗന്ദര്യത്തിന്റെ നനനനപ്പാന്ന ആ ഗ്രാമത്തിലാണു് തന്നെയും പൊറുവളർത്തെന്നതോന്നൽ മമ്മദിനെ ആവേശംകൊള്ളിച്ചു.

മഞ്ഞു കട്ടത്തുവരുകയാണു്! വല്ലാത്ത തണുപ്പു്...!! നല്ല കുളിരുണ്ടു്!!!

മമ്മദു് ശരീരത്തിൽ പുതച്ചിരുന്ന തോത്തെടുത്തു് ചെവിയടച്ചുമൂടി തലയിൽ കെട്ടി ചാട്ടവീശിയടിച്ചു കാളയെ വേഗത്തിൽ തള്ളി വണ്ടിയോടിച്ചു.

''പരിമൃദുകല്പോലവീണമീട്ടി-
പ്പുതറിപ്പതഞ്ഞുപോംപോലകളം;
ഒരുനല്ലചിത്രംവരച്ചപോലെ
വരിവരിനിവ്വുന്നകുന്നകളും
... ...''

ആരോ പാടുകയാണു്.

അറിയപ്പെടാത്ത ഏതോ ഒരു ഗ്രാമീണഗായകന്റെ അനുഗ്രഹീതമായ കണ്ഠത്തിൽനിന്നും നിർഗ്ഗളിച്ച ആ ഈരടികളും ആ തണുത്ത രാത്രിയുടെ നിശ്ശബ്ദതയിലൂടെ വിദൂരതയിൽനിന്നും വികാരസാന്ദ്രമായി അലച്ചലച്ചയരുകയാണു്.

മമ്മദിന്റെ കരളിൽ കിനാവുകളും കിളുന്നു! ആ ഗാനത്തിന്റെ ലോലലോലമായ ശബ്ദവീചികളിലൂടെയവൻ അനന്തമായ സ്വപ്നങ്ങളുടെ മേഖലയിലേയ്ക്കുയർന്നുപോയി.

ഒരു പളുങ്കുപാത്രം തറയിൽവീണു പൊട്ടിത്തകരുന്നതുപോലെ പെട്ടെന്നു് ആ ഗാനം നിലച്ചു. അജ്ഞാതനായ ആ ഗായകൻ പാടുന്നില്ല. വിദൂരതയിൽനിന്നും അലച്ചലച്ചുവന്ന ആ ശബ്ദപ്രവാഹം നിന്നു.....അനന്തരീക്ഷം നിശ്ശബ്ദതയുടെ വിരിമാറിലേയ്ക്കു മൂർച്ഛിച്ചുവീണു.

കാളയുടെ കുളമ്പടിശബ്ദവും അതിന്റെ മണിക്കിലുക്കവും മാത്രമേ തണുത്തു മരവിച്ച ആ നിശീഥിനിയുടെ നിശ്ശബ്ദതയിൽ പിളർപ്പുകളും സൃഷ്ടിക്കുന്നുള്ളു.

മമ്മദു് സ്വപ്നങ്ങളുടെ മലർക്കാവിൽനിന്നും ജീവിക്കുന്ന നിമിഷങ്ങളിലേക്കിറങ്ങിവന്നു.

അവന്റെ ചിന്തകളും അങ്ങുകലെയുള്ള ഒരു ചെറിയ ഓലപ്പുരയിലേയ്ക്കു ചിറകുവിരിച്ചു മെല്ലെ ഉയർന്നു പറന്നു.

അവിടെ അവനു വേണ്ടപ്പെട്ടവരായി ആരെല്ലാമുണ്ടു്?

ഉമ്മയും, ബാപ്പയും; പിന്നെ സ്നേഹമയിയായ ഒരു ഭാര്യയും—തീർന്നു; അവനെ ഈ ലോകവുമായി ബന്ധിച്ചുനിർത്തിയിരിക്കുന്ന സ്നേഹാംഗുലം അവസാനിച്ചു.

ബാപ്പയ്ക്കു് സുഖമില്ലാതിരിക്കുകയാണു്. ആസ്ത്മാരോഗിയാണു്. ജീവിതം മുഴുവനും കൈക്കോട്ടും, മൺവെട്ടിയും, കാളവണ്ടിയുമായിക്കഴിഞ്ഞതിന്റെ ഫലമായി എപ്പോഴും ഒരുതരം മുമുമുപ്പോടെ കൂരച്ചും വലിച്ചുമാണു് ജീവിക്കുന്നതു്. എന്നാലും ഇന്നും പണിയെടുത്തു ശീലിച്ച ആ കരങ്ങളും വെറുതെയിരിക്കില്ല. ആ ഒരു തുണ്ടുഭൂമിയിൽ മാറാമുള്ളവരോടൊപ്പം വിത്തുവിതയ്ക്കുകയോ കളപറിക്കുകയോ വളമിടുകയോ ഒക്കെ ചെയ്യും. മമ്മദു് അതിനു പലപ്പോഴും വഴക്കുപറയും.

''വാപ്പായ്ക്കു സുഖമില്ലാത്തതല്ലെ? ചുമ്മായിരുന്നുടെ, ഞങ്ങളൊക്കെയുണ്ടല്ലോ?...''

''നീ, പോടാ; കൊച്ചനെ—പണിയെടുത്തു് തഴമ്പിച്ചതാന്റെ കയ്യു്.''

മകൻ പറയുന്നതു് ബാപ്പ ചെവിക്കൊള്ളുകയില്ല.

ഉമ്മയും നന്നേ വയസ്സാണു്. മരണത്തിന്റെ ആഗമനവും പ്രതീക്ഷിച്ചു് ജീവിതത്തിന്റെ നിമിഷങ്ങളുമെണ്ണി സദാ പ്രാർത്ഥനയും വേദപുസ്തകവുമായിക്കഴിയുന്ന ഒരു വൃദ്ധ.

ഭാര്യ—നല്ല സുന്ദരി, ആരോഗ്യവും യൗവനത്തിളപ്പുമുള്ള ഒരു ഗ്രാമീണയുവതി. കരിതപാടുന്ന കണ്ണുകളുള്ള ആ പെണ്ണിനെ മമ്മദു് കല്യാണം കഴിച്ചിട്ടു് ഒരു വർഷം കഴിഞ്ഞു. ഗർഭിണിയാണു്; പത്തു മാസവും തികഞ്ഞു നില്പുകയാണവൾക്കു്. വയറു് ഒരു കൊച്ചുപുരപോലെ വീർത്തിരിക്കുന്നു.....!

അങ്ങനെ അവർക്കുടെയെല്ലാം തങ്ങും തണലുമാണു് മമ്മദും, ആ കാളവണ്ടിയും, ഒരു തുണ്ടു കൃഷിഭൂമിയും.

അവർക്കുവേണ്ടി അവൻ എന്തെല്ലാം ചെയ്യുന്നു?

വെയിലും മഴയും വകവെയ്ക്കാതെ ഭാരംനിറഞ്ഞ കാളവണ്ടിയുമടിച്ചു പട്ടണം മുഴുവൻ അലയുന്നു. നേരം കിട്ടുമ്പോഴൊക്കെ നട്ടുനനിവക്കാതെ വയലിൽ പണിയെടുക്കുന്നു.....ദൃഢഗാത്രത്തിന്റെയും, സ്നേഹത്തിന്റെയും, അദ്ധ്വാനത്തിന്റെയും പ്രതീകമാണോ ജീവിതം!!!

കാലചക്രം മൃദുഗതിയിൽ കറങ്ങുകയാണു്. ലോകം വളരെയധികം മുമ്പോട്ടു പോയിട്ടുണ്ടു്—പക്ഷെ, മമ്മദിന്റെ ജീവിതംമാത്രം...ആ പഴയ തൂലാസിന്റെ തുരുമ്പിച്ച തട്ടുകളിൽത്തന്നെ തൂങ്ങിനില്പുണ്ടു്. ഭാരം കൂറഞ്ഞുകുറഞ്ഞു് അതിന്റെ തട്ടു താഴുകയാണു്. മഹമ്മദിന്റെ ഉപ്പപ്പയും ജന്മിയുടെ നിലം പാട്ടത്തിനുവാങ്ങി കൃഷിയിറക്കിയും കാളവണ്ടിയടിച്ചും കടംകൊണ്ടും ജീവിച്ചു. ബാപ്പയും അങ്ങനെതന്നെ. ബാപ്പയുടെ കാലമായപ്പോൾ നിലത്തിൽ പകുതി ജന്മി സ്വന്തമായി ഏറ്റെടുത്തു. അന്നു അവർക്കു സ്വന്തമായി ഒരു വണ്ടിയും രണ്ടുകാളകളുമുണ്ടായിരുന്നു. എന്നാൽ ഇന്ന ആ പഴയ നിലത്തിൽ ഒരു ചെറിയ തുണ്ടുമാത്രം ശേഷിക്കുന്നു! അതും എന്നാണു് വഴുതിപ്പോകുന്നതെന്നറിഞ്ഞുകൂടാ! അവൻ ഓടിക്കുന്ന ആ വണ്ടിയും കാളകളും ജന്മിയുടെ പക്കൽനിന്നും ക്രമേണ വാങ്ങിയതാണു്.

തന്നെയും കൊണ്ടു് ഉറക്കമിളച്ചിരിക്കുന്ന—അല്ലൽ, അമ്മ, ഭാര്യ, അങ്ങനെ മൂന്നു ചിത്രങ്ങളും, മമ്മദിന്റെ സ്മരണാമണ്ഡലത്തിൽ തെളിഞ്ഞു, തെളിഞ്ഞുവന്നു.

... ...

* * * *

അവൻ വീട്ടിൽ എത്തി.

കാളകൾക്കു് ''വെള്ളം കാട്ടി'' വൈയ്ക്കോലും കടത്തിട്ടു് വണ്ടിപ്പുരയിൽ വണ്ടിയും കയറിവച്ചു് മമ്മദ് പുരയ്ക്കകത്തു കടന്നു. ഭാര്യ ചോറു വിളമ്പിക്കൊടുത്തു. അവൻ തൃപ്തിയായി ഊണുകഴിച്ചു. ഉറക്കറയിൽ ചെന്നു് പായ്വിരിച്ചു കിടക്കാൻ ഭാവിച്ചപ്പോൾ പുറത്തുനിന്നും ഉമ്മ വിളിച്ചു:

''മോനെ!,,

''ഉം''

അവൻ വിളികേട്ടു.

''നിന്നെയിന്നു് മോലാളി തെരക്കി ആളുവിട്ടു്.''

അവന്റെ ഉള്ളിൽ ഒരു ഉരുൾപൊട്ടി; കണ്ണിൽഇരുട്ടുകയറി...!!

ഖാദർമുതലാളിക്കു പതിനെട്ടു ദിവസത്തെ വണ്ടിക്കൂലി പതിനെട്ടു രൂപ കൊടുക്കണം! കാളകളുടെ തീറ്റിച്ചിലവും കഴിച്ചു വണ്ടിക്കും കാളകൾക്കുംകൂടി ദിനം പ്രതി ഒരു രൂപയാണു കൂലി. പിന്നെ നിലത്തിന്റെ പാട്ടമാണെങ്കിൽ രണ്ടുവർഷത്തേതു് കൂടിശ്ശികയുണ്ടു്...ഇതെല്ലാംകൂടി ഓർത്തപ്പോൾ മമ്മദ് നീറിപ്പോയി.

ഉം, ശരി; എന്തുമാകട്ടെ നാളെ രാവിലെ ഒന്നു പൊയ്ക്കളയാം!

അവൻ നിശ്ചയിച്ചു.

അന്നു രാത്രി മമ്മദുറങ്ങിയില്ല. അവൻ ആ പായിൽ തിരിഞ്ഞും മറിഞ്ഞുംകിടന്നു. ഇടയ്ക്കിടയ്ക്കു ഭാര്യ ഉറക്കത്തിന്റെ മയക്കത്തോടെ തെരുന്ന ശബ്ദത്തിൽ എന്തെല്ലാമോ ചോദിക്കുന്നുണ്ടായിരുന്നു. മമ്മദ് അതിനെല്ലാം അവ്യക്തസ്വരത്തിൽ ഹ്രസ്വങ്ങളായ ഉത്തരങ്ങളും കൊടുത്തുകൊണ്ടിരുന്നു.

* * * *

പതിവുപോലെ അന്നും അവസാനിക്കാറായ നിശീഥിനിയോടു് ഇഴകിച്ചേർന്നിന്ന ഇരുളിനെ തഴുകി നീക്കിക്കൊണ്ടു് സുന്ദരമായ ഒരു പ്രഭാതം പൊട്ടിവിടർന്നു.


ആ കൊച്ചു പുരയ്ക്കു ജീവൻവച്ചു. അവിടെയുള്ളവരെല്ലാം ഉറക്കമുണർന്നു ദിനചര്യകളിലേയ്ക്കു പ്രവേശിക്കുകയാണു്. മഹമ്മദും എഴുന്നേറ്റു. അവന്റെ ഭാര്യ—ആമിന രണ്ടുമൂന്നു കുപ്പിയും പുഴുങ്ങിയ മരച്ചീനിയും ഒരു പാത്രം കട്ടംചായയും കൊണ്ടുകൊടുത്തു. ചൂടുപറക്കുന്ന മരച്ചീനിയും പതച്ച കട്ടംചായയും ഉള്ളിൽ ചെന്നപ്പോൾ അവനെന്തെന്നില്ലാത്ത ഒരു ഷാർദ്ധതോന്നി. മമ്മദ് എഴുന്നേറ്റു നേരെ മുതലാളിയുടെ വീട്ടിലേയ്ക്കു നടന്നു.

അവനും അവന്റെ ബാപ്പയും ഉപ്പപ്പയുമെല്ലാം രക്തവും വിയർപ്പുമൂട്ടി ഫലഭൂയിഷ്ഠമാക്കിയ പച്ചപിടിച്ച ആ നെൽവയലും താണ്ടി മമ്മദ്, ഖാദർമുതലാളിയുടെ സവിധത്തിലെത്തി.

മുതലാളി വൊറ്റച്ചെല്ലുമടുത്തുവച്ചു് മുറുക്കിച്ചുകപ്പിച്ച ചുണ്ടുകളുടെ ചൂരൽവരിഞ്ഞ ഒരു ചാരുകസേരയിൽ മലർന്നുകിടക്കുകയാണു്.

(ശേഷം 29-ാംപേജിൽ)





എൻ. സത്യപാലൻപിള്ള (204)
കരീപ്പുഴ.

കൈരളീബാലസമിതി—
ചെറുകഥാമത്സരം

"അതിഥി"

(ജൂനിയർ)

★

അതു ചെറുവരമ്പിൽക്കൂടി ഞാൻ നടക്കുകയാണ്. ചൂടും വിളഞ്ഞ നെല്പാടം. അന്തിക്കതിരേന്റെ രശ്മികളും അവിടമെങ്ങും ചെമ്പട്ടു വിരിച്ചു. സമീപമുള്ള തയ്ത്തെങ്ങുകളുടെ നിറഞ്ഞ മണ്ടകളിൽ അസ്തമനരശ്മികളും 'മരതകക്കട്ടി' കളും ചാർത്തി. ആ പ്രദേശത്തിന്റെ രമണീയകത എന്റെ തൂലികയിലൂടെ പകർത്തണമെന്ന് ഞാൻ നിശ്ചയിച്ചു. അല്പസമയത്തിനുള്ളിൽ അവിടമെല്ലാം ഇരുട്ടാകും; ഞാൻ മുകിനടന്നു.

അധികം ക്ഷീണമുണ്ടായിരുന്നതിനാൽ എട്ടുമണിയോടുകൂടി ഞാൻ കിടക്കയെ പ്രാപിച്ചു; നല്ല ഉറക്കവുമായി.

* * *

മേശയുടെ അരികിലിരുന്നു ഞാൻ ഏകാഗ്രതയോടെ ഒരു പടം വരയ്ക്കുകയാണ്. ബ്രഷിയും, കഴിയും അതിലേയ്ക്കു ഞാൻ പ്രയോഗിക്കുകയാണ്.

ടക്ക്!.....ടക്ക്!!.....ടക്ക്!!!

കതകിൽ ആരോ മുട്ടി. പെട്ടെന്നു ഞാൻ കതകുതുറന്നു. ഒരു സ്ത്രീ അകത്തുകയറിവന്നു. അധികം സൗന്ദര്യമില്ലാ എങ്കിലും വിശുപമല്ലാത്ത രൂപം. എന്നെക്കണ്ട് അവരൊന്നു ചിരിച്ചു. സ്നേഹം തുളുമ്പുന്ന ചിരി! വിശാലമായ, സ്നേഹമയമായ, ഒരു പൂമുഖത്തിന്റെ ഉടമസ്ഥയാണവർ എന്ന് ആക്ഷം ഒറ്റനോട്ടത്തിൽ മനസ്സിലാക്കും.

"ഇരിക്കണം" ഞാൻ പറഞ്ഞു.

മേശയ്ക്കരുകിൽ കിടന്ന മറ്റൊരു കസേരയിൽ അവർ ഇരുന്നു. പൂർത്തിയാകാത്ത ആ പടത്തിൽ നോക്കിക്കൊണ്ടവർ ചോദിച്ചു:—"ഇതെന്തിനാ?" "മലയാളരാജ്യത്തിന് അയയ്ക്കാൻ" ഞാൻ പറഞ്ഞു.

"ഓ...അനന്തൻ മലയാളരാജ്യം ബാലപംക്തിയിലെ അംഗമാണ് അല്ലേ?"

"അതേ" ഞാൻ ഉത്തരംപറഞ്ഞു.

"കുട്ടികളായ നിങ്ങളുടെ മനസ്സിൽ ഒളിഞ്ഞുകിടക്കുന്ന കലകളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ബാലപംക്തിയുടെ ഉദ്ദേശം. നിങ്ങളെല്ലാംതന്നെ ഓരോ അനർഘരത്നങ്ങളാണ്. അതിന് വെടിപ്പും ശോഭയും നൽകുന്നതിനുള്ള ഒരു 'ചാണക്കല്ലാ'ണ് ബാലപംക്തി." അവർ തുടർന്നു:—"ബാലഹൃദയം ദൃശ്യങ്ങളുടെ ഇരിപ്പിടമാണ്. അതു മാറ്റുവാനും ബാല്യത്തിലേ സാധിക്കുകയുള്ളൂ. നാടിന്റെ നാനാഭാഗത്തുള്ള കൊച്ചനന്തന്മാരും, അനന്തത്തികളും ഒന്നിച്ചുചേർന്നുള്ള ബാലപംക്തിതന്നെയും ഈ അടിസ്ഥാനത്തിലാണ് ഉറച്ചുനിൽക്കുന്നതും. ബാലന്മാരായ നിങ്ങളാണ് നാളത്തെ പൗരന്മാർ. നിങ്ങളെല്ലാവരും ഏകോപിച്ച പ്രവർത്തിച്ചാലേ നാടു നന്നാകുകയുള്ളൂ.....അനന്തൻതന്നെ ഭാരതം ചിത്രങ്ങൾ വരയ്ക്കണം—ഭാവിയിൽ ഒരു ചിത്രകാരനാകാൻ അതാണ് മാർഗ്ഗം——!"

ഇതെല്ലാം ശ്രദ്ധിച്ചു കേട്ടുകൊണ്ടിരുന്ന എനിക്ക് ആ സ്ത്രീ ഏതാണെന്നറിയാനുള്ള ജിജ്ഞാസ ഉണ്ടായി.

"ഇത്രയും ഉപദേശങ്ങൾ നൽകിയ അവിടന്ന് ആരാണെന്നുപറഞ്ഞാൽകൊള്ളാം" ഞാൻ പറഞ്ഞു.

"കൊച്ചനന്തൻ എന്നെ അറിയുകയില്ലേ? സ്നേഹമയിയായ കുട്ടിച്ചേച്ചിയെ?"

ഞാൻ അത്ഭുതവിവശനായിരുന്നുപോയി.

"ചേച്ചീ ഇരിക്കണെ, ഞാൻ അപ്പുറത്തുനിന്നും അമ്മയെ വിളിക്കട്ടെ?" ഞാൻ ധൃതിയിൽ പറഞ്ഞു.

എന്നാൽ "വേണ്ട, ഞാൻ ഇറങ്ങട്ടെ" എന്നു പറഞ്ഞുകൊണ്ട് കുട്ടിച്ചേച്ചി നടന്നകഴിഞ്ഞു.

"ഒരു കാപ്പിപോലും കുടിക്കാതെ പോകുകയോ?" ഞാൻ ചോദിച്ചു.

ഉത്തരമില്ല———

"ചേച്ചീ; ചേച്ചീ" ഞാൻ ഉറക്കെ വിളിച്ചുകൊണ്ട് മുറ്റത്തേയ്ക്കോടി! പൊത്തോ!

* * *

പെട്ടെന്നൊരു വെളിച്ചംകണ്ടു. ഞാൻ കണ്ണുതുറന്നു. അമ്മ എന്റെ അടുത്തുനിൽക്കുന്നു. കട്ടിലിൽനിന്നും താഴെവീണ എന്നെ അച്ഛൻ പിടിച്ചെഴുന്നേൽപ്പിച്ചു: എന്നിട്ടുചോദിച്ചു: "നീ എന്തിനാണ് ഉറക്കത്തിൽ "ചേച്ചീ,ചേച്ചീ"എന്നു വിളിച്ചതു?" ഞാൻ മിഴിച്ചുനിന്നുപോയി!

പി. ജി. രാധാകൃഷ്ണൻനായർ,
നമ്പർ (9)
വയസ്സ് 14.

★

ചെറുകഥ

മനസ്സിലിരിപ്പും, പ്രവർത്തിയും

★

കഴിഞ്ഞയാഴ്ച അമ്മുമ്മ എനിക്കൊരു കഥപറഞ്ഞുതന്നു. അമ്മുമ്മ പറഞ്ഞ കഥ നിങ്ങൾക്കു കേൾക്കണമോ? പിന്നെ, പല്ലില്ലാത്ത അമ്മുമ്മയുടെ ഭാഷയിൽ പറഞ്ഞാൽ നിങ്ങൾക്കൊന്നും മനസ്സിലാകുകയില്ല. അതുകൊണ്ട് അമ്മുമ്മ പറഞ്ഞുതന്ന കഥ എന്റെ ഭാഷയിൽ നിങ്ങൾക്കു പറഞ്ഞുതരാം.

"ഒരു വീട്ടിൽ നല്ലപോലെ ശ്രവണശക്തിയില്ലാത്ത ഒരു അമ്മയും, മകനും, മകളും, മകന്റെ ഭാര്യയും ഉണ്ടായിരുന്നു. ഇവരുടെ മനസ്സിലിരിപ്പും പ്രവർത്തിയും വെളിപ്പെട്ടുമാറ് ഒരിക്കൽ ഒരു സംഭവം ഉണ്ടായി.

മകൻ ഒരുദിവസം വയലിൽ മുഴുകൊണ്ടുനിൽക്കുകയായിരുന്നു. അയാളുടെ വിചാരം കാളകളെ അടുത്ത ചന്തദിവസം വില്ക്കണമെന്നായിരുന്നു. അങ്ങനെ വിചാരിച്ചു മുഴുകൊണ്ടുനിൽക്കുമ്പോൾ അതുവഴിവന്ന ഒരു വഴിപോക്കൻ "പട്ടണത്തിലേയ്ക്കുള്ള വഴി ഏതാണ്?" എന്നു ചോദിച്ചു. ഉടൻതന്നെ അയാൾ "കാളയെ കൊടുക്കാം. അമ്മയോടുചോദിക്കണം" എന്നുപറഞ്ഞുകൊണ്ട് വീട്ടിലേക്കു നെട്ടോട്ടമോടി. പാവം! വഴിപോക്കൻ മിഴിച്ചുനിന്നുപോയി. മകൻ ഓടി അമ്മയുടെ അടുത്തുചെന്ന് "അമ്മേ! നമ്മുടെ കാളയെ കൊടുക്കാമോ എന്നു ചോദിക്കുന്നു." ഇതുകേട്ടയുടനെ അമ്മ മരുമകളോട് "എടീ! കമലാക്ഷി ഇവൻ പറയുന്നു ഞാനിനികാലത്തു കപ്പപറിച്ചു പുഴുങ്ങിത്തിന്നണമെന്ന്." എന്നു. ഉടനേതന്നെ മരുമകൾ നാത്തൂനോട് "എടോ, കമലം. അമ്മായിപറയുന്നതുനിനക്കാലത്തു അപ്പുറത്തെ രോഗിയോട് രഹസ്യംപറഞ്ഞുകൊണ്ടുനിന്നെന്ന്." നാത്തൂൻ തന്റെ വിവാഹത്തെപ്പറ്റി സംഭ്രമകരമായിരുന്നു. "അവരെന്തിന് എന്നോടുചോദിക്കുന്നു. അവർക്കിഷ്ടമുള്ളവരെക്കൊണ്ടെന്നെ വിവാഹം കഴിപ്പിക്കട്ടെ" എന്നു അവളും പറഞ്ഞു. ഇങ്ങനെ അവരുടെ ഓരോരുത്തരുടേയും മനസ്സിലിരിപ്പും, പ്രവർത്തിയും വെളിപ്പെട്ടു.

സോമദാസ് എം. ജി. (80)



അസൂയക്കാരനും ദരിദ്രഗ്രഹിയും

★

വളരെക്കാലംമുൻപു് ഒരു ഗ്രാമത്തിൽ അയൽവക്കക്കാരായി ഒരു ദരിദ്രഗ്രഹിയും, ഒരു അസൂയക്കാരനുമുണ്ടായിരുന്നു. അവർ ഒരു ദിവസം കാശിയിൽച്ചെന്നു് ശ്രീപരമേശ്വരനെ ഉദ്ദേശിച്ചു് തപസ്സുതുടങ്ങി. ദിവസംതോറും ദരിദ്രഗ്രഹി അസൂയക്കാരനോടു് "തന്നെ ഞാൻ പറഞ്ഞയയ്ക്കുമേ" എന്നു പറയുമെങ്കിലായിരുന്നു. അതിനു് അസൂയക്കാരൻ "തന്നേ ഞാനും പറഞ്ഞയയ്ക്കും" എന്നു മറുപടിപറഞ്ഞുവന്നു. അനേകദിവസത്തെ തപസ്സിനുശേഷം ശിവൻ പ്രത്യക്ഷപ്പെട്ടു് ദരിദ്രഗ്രഹിയോടു് "നിനക്കു എന്തുവരമാണുവേണ്ടതു്" എന്നു ചോദിച്ചു. "അടിയന്റെ കൂട്ടുകാരൻ ആദ്യം പറയട്ടെ" എന്നായിരുന്നു അയാളുടെ മറുപടി. ഉടനെ ഭഗവാൻ അസൂയക്കാരനോടു് "നിന്റെ അഭീഷ്ടം എന്താണു്" എന്നു ചോദിച്ചു. "അടിയന്റെ കൂട്ടുകാരനോടാണല്ലോ അവടന്നു ആദ്യമായി സംഭാഷണം ആരംഭിച്ചതു്. അതുകൊണ്ടു് അയാൾതന്നെ ആദ്യം പറയട്ടെ" എന്നായി അസൂയക്കാരൻ. കുറേനേരം അവർ ഇങ്ങനെ തർക്കിച്ചു. ഒടുവിൽ ഭഗവാൻ ദരിദ്രഗ്രഹിയോടു് "നിന്നോടാണു ഞാൻ ആദ്യമേ ചോദിച്ചതു്. നീതന്നെ ആദ്യംപറയുക" എന്നു് ആജ്ഞാപിച്ചു. "അടിയൻതന്നെ പറയാം. അടിയന്റെ കൂട്ടുകാരനു കൊടുക്കുന്നതിന്റെ ഇരട്ടി അടിയനു് തരുമാറാകണം." എന്നായിരുന്ന അയാളുടെ അപേക്ഷ. ഉടനെ അസൂയക്കാരൻ "അടിയന്റെ ഒരു കണ്ണു് പൊട്ടിപ്പോകണമേ" എന്നു് അപേക്ഷിച്ചു. "ശരി; ഓരോരുത്തരും ആവശ്യപ്പെട്ടതുപോലെ ഭവിക്കട്ടെ" എന്നു വരവുംകൊടുത്തിട്ടു് ഭഗവാൻ അപ്രത്യക്ഷനായി.

വരബലത്താൽ രണ്ടുകണ്ണും പൊട്ടിപ്പോയ ദരിദ്രഗ്രഹിയോടു് അസൂയക്കാരൻ "തന്നെ ഞാൻ പറഞ്ഞയച്ചതാണു് എന്നെ പറഞ്ഞയച്ചതു്" എന്നൊരു ചോദ്യവും ചോദിച്ചു. ആ ചോദ്യം കേട്ടപ്പോൾ കോപാന്ധനായ ദരിദ്രഗ്രഹി ഒരുകല്ലെടുത്തു ഏറ്റവും ശക്തിയോടെ അസൂയക്കാരന്റെ നേക്കു് വലിച്ചെറിഞ്ഞു. ആ കല്ലു് അസൂയക്കാരന്റെ കാഴ്ചയുള്ള കണ്ണിൽത്തന്നെചെന്നുകൊണ്ടു. അയാളുടെ ആ കണ്ണുംപൊട്ടിപ്പോയി. രണ്ടുപേരും ഒന്നുപോലെയായി. അങ്ങനെ അവർ ചോദിച്ചുവാങ്ങിയ വരത്തിന്റെ ഫലം അനുഭവിച്ചുകൊണ്ടു് വളരെ കഷ്ടപ്പെട്ടു് അവരവരുടെ ഗൃഹങ്ങളിൽ ചെന്നെത്തി.

ഇവർ ഈശ്വരനെ പ്രത്യക്ഷപ്പെടുത്തിയതുകൊണ്ടു് ആർക്കു് എന്തുപ്രയോജനം ഉണ്ടായി? ഉപഭോക്തൃകം കൊണ്ടു് ഒരുകാലത്തും നന്മയുണ്ടാകയില്ലെന്നു് നാം ഓർക്കേണ്ടതാണു്.

എൻ. ശങ്കരനാരായണൻപോറ്റി.
(192)

★

വസൂരിയോടുള്ള ആദരവു്

ഈശ്വരചന്ദ്രവിദ്യാസാഗർ ബംഗാളിലെ ഒരു പേരുകേട്ട വിദ്വാനായിരുന്നു. പണക്കാരും സാധുക്കളും രാജകീയാനുഭവങ്ങളുള്ളവരും അദ്ദേഹത്തെ ഒരുപോലെ ആദരിച്ചിരുന്നു. അദ്ദേഹം അത്യുദ്യോഗം ഒരു വലിയ വിദ്വാനായിരുന്നു. അതുകൊണ്ടു് ജനങ്ങളും അദ്ദേഹത്തെ വിദ്യാസാഗർ അല്ലെങ്കിൽ വിദ്യയുടെ സമുദ്രം എന്നു പറയുന്നു. എങ്കിലും അദ്ദേഹം ഏപ്പോഴും ഒരു സാധാരണക്കാരന്റെ പരുപരുത്ത വസ്ത്രമെ ധരിച്ചിരുന്നുള്ളൂ.

ഒരിക്കൽ ബംഗാളിലെ ഒരു ധനികൻ വിദ്യാസാഗറിനെ ഒരു വിരുന്നിനായി ക്ഷണിച്ചു. ആ വിരുന്നിലേയ്ക്കു ധാരാളം പണമുള്ള പ്രഭുക്കന്മാരും വിദ്വാന്മാരും, ക്ഷണിക്കപ്പെട്ടിരുന്നു. നല്ലനല്ല വാഹനങ്ങളിൽ കയറി പണക്കാർ വിരുന്നിനായിവന്നു. വിദ്യാസാഗർ പതിവുപോലെ പരുപരുത്ത വസ്ത്രങ്ങൾധരിച്ചുകൊണ്ടു് വിരുന്നിനായിവന്നു. ഭക്ഷണംകഴിക്കാൻവേണ്ടി ഏതോ ഒരു ദരിദ്രബ്രാഹ്മണൻ വന്നതാണെന്നുവിചാരിച്ചു് കാവൽക്കാരൻ അദ്ദേഹത്തിനു് പ്രവേശനം നിഷേധിച്ചു. ക്ഷണിക്കപ്പെട്ടിരുന്ന സകലരും വന്നുചേർന്നു. വിദ്യാസാഗർമാത്രം വന്നില്ല. ധനികൻ വിദ്യാസാഗരനെ വിളിച്ചുകൊണ്ടുവരുവാനായി വീണ്ടും പറഞ്ഞയച്ചു. ഈരണ്ടാം വിദ്യാസാഗർ നല്ല വസ്ത്രങ്ങൾധരിച്ചു് ഹാജരായി.

എല്ലാവരും ഭക്ഷണം കഴിച്ചുതുടങ്ങി. എന്നാൽ വിദ്യാസാഗർ മാത്രം മിണ്ടാണ്ടിരുന്നു. അപ്പോൾ ബാക്കിയുള്ളവർ "താങ്കൾ എന്താണു് ഭക്ഷണംകഴിക്കാത്തതു്" എന്നു ചോദിച്ച ധനികൻ വിദ്യാസാഗറിന്റെ സമീപത്തുചെന്നു ചോദിച്ചു—"പണ്ഡിതജി! താങ്കൾ എന്തുകൊണ്ടാണു് വെറുതേയിരിക്കുന്നതു്?' വിദ്യാസാഗർ പറഞ്ഞു "ഞാൻ എപ്പോഴും നല്ല വസ്ത്രങ്ങൾ ധരിച്ചു് ഇവിടെ വന്നുവോ അപ്പോൾ എന്നെ ബ്രഹ്മാനപൂർവം അകത്തേയ്ക്കു കയറ്റി. എന്നാൽ ഞാൻ പരുപരുത്ത വസ്ത്രം ധരിച്ചുകൊണ്ടു് വന്നപ്പോൾ കാവൽക്കാരൻ എന്നെ പുറത്താക്കി. ഇന്നത്തെ വിരുന്നു വസ്ത്രങ്ങൾക്കുവേണ്ടിയാണു്. അതുകൊണ്ടാണു് ഞാൻ മിണ്ടാതിരിക്കുന്നതു്."

വിദ്യാസാഗറിന്റെ ഈ വാക്കുകൾകേട്ടപ്പോൾ ധനികൻ ലജ്ജിച്ചുപോയി.

കുമാരി മാധുരിലത
(അംഗനമ്പർ 18)

"ഒരു സംഭവം"

ഒരിക്കൽ സർ സെയിദ് അഹമ്മദ് "ഇഡുവം"യിൽനിന്നു് അലഹബാദിലേക്കുപോകുകയായിരുന്നു. ട്രെയിൽവേസ്റ്റേഷനിൽവന്നു ഒരു ഒന്നാംക്ലാസ്മുറിയിൽ സാധനങ്ങളും വച്ചശേഷം പ്ലാറ്റ്ഫാമിൽ സ്നേഹിതന്മാരുമായി ഉലാത്തുകയായിരുന്നു. ഇതിനിടയിൽ ഒരു ഇംഗ്ലീഷുകാരൻ കഴിഞ്ഞ മുറിതിരക്കി വരികയായിരുന്നു. ഒന്നാംക്ലാസ് ഇംഗ്ലീഷുകാർക്കു് കൊടുക്കുള്ള സമയമാണു്. കഴിഞ്ഞ മുറിയിൽ ഒരു ഭാരതീയന്റെ സാധനങ്ങളും കണ്ടപ്പോഴും അദ്ദേഹത്തിനു് ദേഷ്യംവന്നു. തന്റെ വേലക്കാരനെക്കൊണ്ടു് ഉടൻ ആ സാധനങ്ങളും പ്ലാറ്റ്ഫാമിൽ വലിച്ചെറിഞ്ഞിട്ടു് സ്വന്തം സാധനങ്ങളും പകരം മുറിയിൽവച്ചു അയാളും ചായകുടിക്കാൻ പോയി. കുറച്ചുകഴിഞ്ഞു് സർ സെയ്ദ് വന്നു നോക്കിയപ്പോൾ എല്ലാം കുഴപ്പവും അദ്ദേഹത്തിനു് മനസ്സിലായി. അദ്ദേഹം ഇംഗ്ലീഷുകാരന്റെ സാധനങ്ങൾ തിരയിൽ വലിച്ചെറിഞ്ഞു് തന്റെ സാധനങ്ങളും പഴയപടിപോലെ മുറിയിൽവച്ചിട്ടു് അവിടെത്തന്നെ നിന്നു. അഞ്ചുമിനിട്ടുകഴിഞ്ഞപ്പോൾ വെള്ളക്കാരനും മടങ്ങിവന്നു. അയാൾക്കു പെട്ടെന്നു കോപം വന്നു. അഹമ്മദിനോടു് കയ്യും കോടിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "സർ ഈ മുറിക്കു് ഒരു പ്രത്യേകതയുണ്ടു്, ആരെങ്കിലും തന്റെ സാധനം ഇതിൽ വച്ചിട്ടു് കുറച്ചുകഴിഞ്ഞു് വന്നുനോക്കുമ്പോൾ, വേറൊരാളുടെ സാധനം അകത്തും തന്റെ സാധനം പുറത്തുമിരിക്കുന്നതുകാണാം". ഇംഗ്ലീഷുകാരൻ കോപിച്ചുപറഞ്ഞു "നിങ്ങളും എന്നെ അറിയുന്നില്ല. ഞാൻ അലഹബാദ് ഹൈക്കോർട്ടു ജഡ്ജിയാണു്." സർ അഹമ്മദുപറഞ്ഞു എന്നാൽ "ഞാൻ ജഡ്ജിയുടെ അച്ഛനാണു്." വാക്കുതർക്കം മൂത്തു, സ്റ്റേഷൻമാസ്റ്റർ ഇടപെട്ടു; വഴക്കു് ഒരുവിധം ഒതുങ്ങി. അദ്ദേഹം പറഞ്ഞു: സർ അഹമ്മദ് അലഹബാദ് ഹൈക്കോർട്ടുചീഫ്ജസ്റ്റീസിന്റെ പിതാവാണെന്നു്. ഇംഗ്ലീഷുകാരന്റെ കോപം പെട്ടെന്നു ശമിച്ചു. രണ്ടുപേരും ഒരേമുറിയിൽ ഇരുന്നതന്നെ യാത്രയായി.

എസ്. രാധാകൃഷ്ണൻനായർ, (1297)

★

തിരുത്തു്

303-ാംനമ്പരായി ചേർത്തിട്ടുള്ള കെ. മുഹമ്മദ്മൈതീൻ, സി. എൻ. പി., ഈ. എം. സ്കൂൾ, മടവൂർ എന്നതിനുപകരം, ജി. മാധവൻനായർ, വക്കയിൽവീടു്, മടവൂർ എന്നു തിരുത്തേണ്ടതാണു്.

കെ. മുഹമ്മദുമൈതീൻ 231-ാം നമ്പർ അംഗമായി രജിസ്റ്റർചെയ്യപ്പെട്ടിട്ടുണ്ടു്.

★

കുട്ടിച്ചേച്ചിക്കുള്ള കത്തുകൾ

കുട്ടിച്ചേച്ചിക്കു്,

ചേച്ചീ, സ്കൂളിൽപോകുന്നവർ പാഠപുസ്തകങ്ങളും അല്ലാതെ മറ്റൊന്നും വായിക്കരുതെന്നു ചിലർ പറയുന്നതായി ഞാൻകേട്ടു. അതുവെറും അബദ്ധമല്ലേ? എന്റെ അഭിപ്രായം ഞാൻ പറയാം.

"ഏതുതരത്തിലുള്ള പുസ്തകം വായിക്കുന്നതുകൊണ്ടും യാതൊരുതരത്തിലും ദോഷം ഇല്ല. പക്ഷേ സമുദായത്തെ മുരടിപ്പിക്കുന്ന മൂന്നാംതരം പുസ്തകങ്ങൾമാത്രം വായിച്ചു് സമയം ചിലവാക്കരുതു്. സ്കൂളിലെ വിഷയങ്ങളും പഠിക്കുന്നതിൽ ഉപേക്ഷിക്കരുതു്."

ഇനി ചേച്ചിയുടെ അഭിപ്രായം അറിയേണ്ടിയിരിക്കുന്നു.

എന്നു്,
എൻ. ദേവനാരായൻപിള്ള.
(നമ്പർ 827)

★

സ്നേഹമേറിയ കുട്ടിച്ചേച്ചി,

മധുവേനൽ ഒഴുകുകാലമായതുകൊണ്ടു് പുസ്തകപാരായണം ജോലിയായിത്തീർന്നിരിക്കുകയാണു്. ഞാൻ മാർച്ചു് രണ്ടാംതീയതി കൊല്ലത്തുവന്നിരുന്നു. ചേച്ചീ മത്സ്യകന്യകയെയുഴിച്ചു് എല്ലാം പ്രദർശനങ്ങളും എനിക്കു് ഇഷ്ടമായി. പ്രത്യേകിച്ചു് ട്രാൻസുപോർട്ടു് വളരെഇഷ്ടപ്പെട്ടു. മത്സ്യകന്യക വെറും ഒരു കന്യകയാണെന്നും കൂട്ടത്തിലല്ല കണ്ണാടിവച്ചു് മുകളിൽ വെള്ളം ഒഴിച്ചു് പായലും ഇട്ടു് ഇരുത്തിയതാണെന്നും ആണു് എന്റെ വിശ്വാസം. സത്യം ആർഷ്പിപ്പിവഴി അറിയിക്കണം. ഞാൻ അഞ്ചാംഫാറത്തിൽനിന്നും ജയിച്ച എന്ന സന്തോഷവർത്തമാനം അറിയിച്ചുകൊള്ളുന്നു. ആറാംഫാമിൽ പഠിക്കുന്ന ഒരു കുട്ടുകാരിയെ എനിക്കു് പരിചയപ്പെടുത്തിത്തരുക.

എന്നു് കുട്ടിച്ചേച്ചിയുടെ
പൊന്നുസഹോദരി
ഡി. ശ്രീദേവിവരൂസുരമ്മ (282)


★

തീപ്പെട്ടിപ്പടം

888-ാംനമ്പർ അംഗം ആർ. രാമചന്ദ്രൻനായർ കൊടു തീപ്പെട്ടിപ്പടം അയച്ചുതരുമെങ്കിൽ 934-ാം നമ്പർ അംഗം ററി. മണിക്കുട്ടൻനായർ, വി. പി. വിലാസം, മുളകുമൂടു്. എസ്സ്.ചേഞ്ചായി പടങ്ങൾ അയച്ചുകൊടുക്കുന്നതാണു് എന്നു അറിയിക്കുന്നു. (അംഗങ്ങൾക്കു പരസ്പരം അറിയിക്കേണ്ട സംഗതികൾ നേരിട്ടു കത്തുമൂലം അറിയിക്കാവുന്നതാണു്. പത്രാധിപർ)

ചിത്രങ്ങൾ

ചിത്രങ്ങൾ ഇൻഡ്യൻ ഇങ്കു് ഉപയോഗിച്ചു വരയ്ക്കേണ്ടതാണു്. അച്ചടിമഷിപോലെ കറുത്തമഷിയും ഉപയോഗിക്കാവുന്നതാണു്.



ഒന്നാം രണ്ടും, രണ്ടും മൂന്നാം, ഇങ്ങനെ തിരികെ ഒന്നിൽവരുന്നതുവരെ കുത്തുകൾ യോജിപ്പിക്കുക.

പി. ജി. രാധാകൃഷ്ണൻനായർ, കിളികൊല്ലൂർ (9)



കുരങ്ങും മുതലയും

ജി. രാജശേഖരൻനായർ (1159)

അംഗമാകുന്നതിനു്

പേരും മേൽവിലാസവും വയസ്സും രക്ഷാകർത്താവിന്റെ മേൽവിലാസവും എഴുതിയ ഒരു കാർഡയയ്ക്കുക. "ഞാൻ ഒരു നല്ലകുട്ടിയായി ജീവിക്കുവാൻ ശ്രമിക്കുന്നതാണ്" എന്ന സത്യപ്രതിജ്ഞകൂടി ഉണ്ടായിരിക്കണം. ഫോമിയും വിവരിക്കുക.

★

ഒരു കണക്കു്

ഒരാൾ ഒരു മാവിൽ കയറി മാങ്ങാ മുഴുവനും പറിച്ചു. അതിന്റെ ഉള്ളതിന്റെ പകുതിയിൽ ഒന്നുകൂടുതൽ സുക്ഷിപ്പുകാരനുകൊടുത്തു. ശേഷം നോക്കിയപ്പോൾ പറിച്ചുമാങ്ങാ മുഴുവനും ഉണ്ടു്. എന്നാൽ പറിച്ച മാങ്ങയെത്ര.

ഉത്തരം 2 മാങ്ങാ.

കെ. ലളിതാംബായി (1299)



ശരിക്കു പിടിച്ചുനോക്കിയാലും തല കീഴാക്കി പിടിച്ചുനോക്കിയാലും ഒരു മനുഷ്യന്റെ തലയാണു കാണുന്നതു്.

റ്റി. എം. സുകുമാരമേനോൻ (252)

അംഗങ്ങളുടെ പേരുവിവരം

★

(തുടർച്ച)

1370 കെ. ശ്രീധരൻ, വാഴവിളാകത്തുവീടു്, കണംകുളം. (ചെറുകഥ)
1371 എൻ. ഗോപിനാഥൻപിള്ള, ചെങ്കിലത്തു്, നീരാവിൽ, പെരിനാടു്. (ചെറുകഥ)
1372 ജി. ലളിതാംബികാദേവി C/o ആർ. ഗോപാലപിള്ള, ജഗതി-തിരുവനന്തപുരം P. O. തൈയ്ക്കാടു്.
1373 പി. ശങ്കരനാരായണപിള്ള, വെള്ളാനയിൽവീടു്, പ്ലാപ്പള്ളി ഹരിപ്പാടു്. (സംഗീതം)
1374 എം. രാമകൃഷ്ണൻനായർ, പാറയ്ക്കാട്ടവീടു്, തിരുവല്ല. (കവിത)
1375 ആർ. കൃഷ്ണൻനായർ, നടയിൽവടക്കതിൽവീടു് ആനന്ദവല്ലീശ്വരം, കൊല്ലം. (ചിത്രമെഴുത്തു്)
1376 സി. ജി. ഗോപകുമാർ, പ്ലാത്തോരിവീടു്, പുന്നപുരം തിരുവനന്തപുരം. (സ്റ്റാമ്പുശേഖരണം)
1377 എൻ. കെ. ഗോപാലകൃഷ്ണപിള്ള, നിരവത്തുവടക്കതിൽവീടു്, തട്ട തുമ്പമൺ. (സംഗീതം)
1378 എൻ. കെ. രമണിക്കുട്ടിഅമ്മ ടി ടി (കളികം)
1379 കെ. ലക്ഷ്മണൻപിള്ള, വലിയകുളത്തിങ്കൽവീടു്, അത്തർ. P. O. (ചെറുകഥയെഴുത്തു്)
1380 പി. കെ. വിശംഭരൻനായർ, പറമ്പുവിളപുത്തൻവീടു്, പാങ്കോടു്, കഴിഞ്ഞൂറ. (തീപ്പെട്ടിപ്പടംശേഖരണം)
1381 റ്റി. വിലാസകുമാരിഅമ്മ, ടി ടി ടി (തീപ്പെട്ടിപ്പടം ശേഖരണം)
1382 എൻ. രാധാകൃഷ്ണപ്പണിക്കർ, മാന്താനത്തുവീടു്, ചേന്നംപള്ളിപ്പുറം, ചേർത്തല.
1383 ജി. ബാലകൃഷ്ണനാശാരി, വാഴുപറമ്പിൽവീടു്, മുതുകുളംവടക്കു്, മുതുകുളം. (പുസ്തകപാരായണം)
1384 പി. ഭാർഗ്ഗവി, ടി ടി ടി
1385 എസ്. ഗോപിനാഥൻനായർ, സഹോദരസമാജം, ബാലരാമപുരം.
1386 ജി. പത്മിനിദേവി, മംഗളോദയം, പാറക്കോടു്. (ആൽബം)
1387 ജി. ജയലക്ഷ്മിദേവി ടി ടി (പഠിത്തം)
1388 എൻ. ആർ. ശശാങ്കശേഖർ, C/o എൻ. രാമകൃഷ്ണനാശാരി ബി. ഏ. ഫോറസ്റ്റ് റേഞ്ചാഫീസർ, ചന്ദത്തിപ്പള്ളി, മണ്ണാർക്കാർ. (സ്റ്റാമ്പുശേഖരണം)
1389 എൽ. ആർ. പ്രതാപചന്ദ്രൻ, ടി ടി ടി (പടംശേഖരിക്കൽ)
1390 റ്റി. കെ. ചന്ദ്രമോഹനൻ C/o കെ. വി. കുറുപ്പു്, ടൈംകീപ്പർ, പേപ്പർമിൽ, പുനലൂർ.
1391 വി. പരമേശ്വരൻനായർ, വടക്കതിൽവിളാകത്തുവീടു്, വെള്ളനാടു്. (ചെറുകഥ)
1392 എൻ. ദേവകിഅന്തർജ്ജനം, കൊമ്പുമഠം, കുടവട്ടൂർ, പൂയപ്പള്ളി. (തുന്നൽ)
1393 സാമുവേൽ, വടക്കേകുളിക്കൽവീടു്, കല്ലുംകോടു്, അടൂർ. (കവിത)
1394 കെ. രവീന്ദ്രൻനായർ, തോപ്പിൽവീടു്, കൊറ്റാർകാവു്, മാവേലിക്കര.
1395 കെ. ഉണ്ണികൃഷ്ണൻനായർ, ടി ടി ടി
1396 കുമാരി ഡി. ചന്ദ്ര, ടി ടി (ഡാൻസു്)
1397 കെ. എം. സുകുമാരൻനായർ, കളങ്ങരവീടു്, ഏഴംകുളം, പാറക്കോടു്.
1398 പി. ഈ. ശാർങ്ങധരൻകർത്താ, പാട്ടത്തിൽകൊച്ചുമഠം, കടക്കരപ്പള്ളി, ചേർത്തല. (പാട്ടുപഠിക്കുക)
1399 കെ. വി. മാധവനാശാരി, കോട്ടുശ്ശേരികിഴക്കതിൽവീടു്, തട്ടയിൽ, തുമ്പമൺ.
1400 കെ. ലക്ഷ്മണൻപിള്ള, വലിയകുളത്തിങ്കൽവീടു്, അത്തർ. (ലേഖനം എഴുത്തു്)
1401 മൈത്രേയിഅമ്മ, നാരായണമംഗലത്തുമഠം, കവിയൂർ. (ചെറുകഥ)
1402 സി. അംബികാദേവി, ശാസ്ത്രമംഗലത്തുവീടു്, ചമ്പക്കുളം. സംഗീതം.
1403 സി. ജി. സരസമ്മ, പാണ്ഡവർകാവിൽ കിഴക്കതിൽവീടു്, മുതുകുളംതെക്കു്, കാർത്തികപ്പള്ളി. (സംഗീതം)

(തുടരും)

(25-ംപേജിൽനിന്ന തുടർച്ച)

മുതലാളിചോദിച്ചു.

"മമ്മതേ! ഞമ്മക്ക് നെന്നെബിളിപ്പിച്ചതെന്തിനാണെന്ന്റിയ്യ്വോ?"

സാധാരണ കർഷകരെപ്പോലെ ക്രൂരനായ ആ ജന്മിയുടെ മുമ്പിൽ അവൻ പ്രതിയില്ല. നട്ടെല്ലുനിവർത്തു, തലയുയർത്തി, നെഞ്ഞു തെളിച്ചു തന്റെ അവകാശാദർശം മുഴക്കുന്ന ഒരു തൊഴിലാളിയുടെ തികഞ്ഞ ആത്മവീര്യത്തോടെ അങ്ങനെനിന്നിട്ട പറഞ്ഞു:

"നിലത്തിന്റെ പാട്ടക്കാര്യത്തിനാണെങ്കിൽ.....കുറച്ചുകൂടി ക്ഷമിക്കണം..."

"എന്തോന്നശമ! ശമിച്ച് ശമിച്ച് ഇനിയെന്തോന്ന് ശമിക്കാനാടാ...?"

മമ്മദ് ഒന്നും മിണ്ടിയില്ല.

മുതലാളി തുടർന്നു:

"നീ യെന്തുദ്ദേശിച്ചും കൊണ്ടാടാ ഞമ്മട്ടയിങ്ങനെ തൊടങ്ങീരിക്കണ്ത്. പാട്ടം രണ്ട് വർശത്തത്തേക്കി!...പിന്നെയിപ്പോബന്നിക്കുലി നീ തരത്തില്ലാന്ന് ഒറച്ചിരിക്കാണന്ന് തോന്നണല്ലോ...!"

'മൊതലാളീ! പാട്ടം...വിളവ് വളരെക്കുറവായതുകൊണ്ടാണ്...'

"ബെളവ് കൊറഞ്ഞന്ന്ച്ച് പാട്ടംകൊട്ക്കണ്ടെല്ലേടാ?"

"വിളവ് മോശമായാ പിന്നെയെവിടെന്നാണ പാട്ടം?"

"ത്-ഫൂ! നീ തന്നിപറയുന്നോടാ, നായിന്റെമോനേ...!"

മുതലാളിക്ക കലികയറി. വായിൽ നിറഞ്ഞുനിന്ന വെറ്റത്തുപ്പൽ മുറുത്തേക്ക നീട്ടിത്തുപ്പിയിട്ട അയാളം മമ്മദിനെത്തന്നെ തുറിച്ചുനോക്കിക്കൊണ്ടിരുന്നു.

മമ്മദിനരിശംവന്നു. അവന്റെ ഉള്ളിലെ ആത്മാഭിമാനം ഉണർന്നു. കടവയറും തള്ളി ചാരുകസേരയിൽ ഇരിക്കുന്ന ആ സത്വത്തിനെ "ചാപോട്" ച്ചവിട്ടുകൊടുക്കണമെന്നുതോന്നി. പക്ഷെ, അവനടങ്ങിക്കളഞ്ഞു: അവന്റെ ഭാവിനന്മയെക്കരുതി...അങ്ങനെ ചെയ്താൽ അവൻകുടുംബം ഒരു കുടുംബമാണെങ്കിൽ കണ്ണുനീർ കുടിക്കേണ്ടിവരുന്നതെന്നോർത്തപ്പോൾ മമ്മദിന്റെ കോപം തണഞ്ഞു. എന്നിട്ടും മുതലാളിയുടെ ചോരക്കണ്ണുകളം മമ്മദിന്റെനേർക്ക രയർത്തയോടെ തിളങ്ങിക്കൊണ്ടിരുന്നു.

അയാളം പറഞ്ഞു.

"എടാ! മമ്മതേ! നീയും ഞാനും വായിട്ട് സമസാരിച്ച ഞമ്മതമ്മിപ്പറവ്വല്ല. അതുകൊണ്ട നീ പോടാ വാപ്പ...നീയൊരു കമ്മീണിഷ്ടാണെന്നാ തോന്നണെ! ഞമ്മക്കപറയാനൊള്ളതെല്ലാം നെന്നെ ഒണ്ടാക്കിയവനില്ലെ—ആ ഐദ്രോസ്"; അവനോട്ട് പറഞ്ഞോളം. നീ പൊയ്ക്കോ..... കലാപകാരത്തിനുമായിട്ട് ഞമ്മക്കെടപാടുവേണ്ട!! ങ്ങ; പിന്നെ ഞാനിപ്പത്തന്നെ ഒരാളിനെ അയയ്ക്കും, നെറ കാളമ്മാരേം, ബന്ദീം കൊട്ത്തു ബിടണം. അതിനും നെന്റെ കമ്മീണി സമ്മാനത്തെ ഞമ്മ നിന്നെ സ്സപ്പാക്കും—സ്സപ്പ്"!!"



മമ്മദിനത് അയാളുടെ ആ സംഭാഷണവും ഭാവവുമൊന്നുമശേഷം രസിച്ചില്ല. അവൻ ഈർഷ്യയോടെ മുതലാളിയെ ഒന്നു സൂക്ഷിച്ചുനോക്കിയിട്ട തിരിഞ്ഞു നടന്നു.

അവനു മനസ്സിലായി.....!

മുതലാളി ഈ വേലത്തരം ഇന്നും ഇന്നലെയുമൊന്നും തുടങ്ങിയതല്ല. കുറച്ച് അധികനാളായി അവരുടെ കൈയ്യശമിരിക്കുന്ന ആ പാട്ടഭൂമി ഒഴിപ്പിച്ചെടുക്കാൻ ഖാദർമുതലാളി ശ്രമം നടുന്നു. അയാളം കരുതിക്കൂട്ടി എന്തെല്ലാമോരുക്കെ ഉറച്ചിട്ടുണ്ട്. അതാണിങ്ങനെ മമ്മദിന്റെ കുറിനപിടിക്കാത്ത വാക്കുകളൊക്കെപ്പറയുന്നതു്. അയാളംക്കറിയാം മമ്മദ് അങ്ങനെ ആരുടെയും മുമ്പിൽ മുട്ടുമടക്കുകയില്ലെന്ന്. എന്തെങ്കിലും ഒന്നുരണ്ടു പുലഭ്യംപറയുമ്പോൾ, മമ്മദും അങ്ങോട്ടെന്തെങ്കിലും പറയും. അപ്പോൾ അതൊരു കാരണമായി എടുത്തു് വഴക്കുണ്ടാക്കി മമ്മദിനെയും കുടുംബത്തെയും തെരുവാധാരമാക്കാമെന്നായിരിക്കും മുതലാളിയുടെ പ്ലാൻ! അതുകൊണ്ടാണയാളം മമ്മദിനെ—"എടാ—" എന്നും, "നായിന്റെമോനെ"യെന്നുമൊക്കെ വിളിച്ചതു്. പക്ഷെ, മമ്മദും അതു കരുതിത്തന്നെനിന്നു. ഖാദർമുതലാളിയുടെ "വെട്ടിൽ" അവൻ വീണില്ല. അന്തസും അഭിമാനവുംവിട്ട് കീഴിയാതെ ആത്മനിയന്ത്രണത്തോടെ വളരെ മര്യാദയായിത്തന്നെ അവൻ മുതലാളിയോട് സംസാരിച്ചു.

എന്തിനാണ് അയാളം മമ്മദിന്റെ ബാപ്പ-ഐദ്രോസിനെ കാണണമെന്നു പറഞ്ഞതു്?

ഓ—അവർ പാകത സിദ്ധിച്ചവരല്ലേ!! അവർതമ്മിൽ എന്തെങ്കിലുമൊരു ഒത്തുതീർപ്പുണ്ടായേക്കും. എങ്കിലും,... അതിലും കാണും അല്പം വിളവു"!!

അവൻ ധൃതിയിൽ നടന്നു വീട്ടിൽചെന്നു.

"എന്തിനാടാ—മോനെ, നെന്നെ മോലാളി വിളിപ്പിച്ചെ?"

ചോരത്തുള്ളികൊടുത്തു പച്ച പിടിപ്പിച്ച വയലിലേയ്ക്കു കണ്ണു നീട്ടി, നീട്ടി അയച്ചുകൊണ്ട് ആ പുരയുടെ ഉമ്മറത്തിരുന്ന വൃദ്ധൻ മകനോടു ചോദിച്ചു.

"ഓ;"

അങ്ങനെയൊരു ശബ്ദത്തോടെ മകൻ ബാപ്പയുടെമുമ്പിൽനിന്നു ദീർഘമായി ഒന്നു നിശ്വസിച്ചു.

അവൻ നടന്ന സംഭവംമുഴുവനും തന്റെ ബാപ്പയോടു പറഞ്ഞു.

ആ പിതാവു് അന്ധാളിച്ചുപോയി!

തന്റെ മകനും ജന്മിയുമായി പിണങ്ങിയിരിക്കുന്നു!!

മമ്മദിന്റെ ഉമ്മയും ഭാര്യയും വല്ലാത്ത ഒരു ഭാവഭേദത്തോടെ പരസ്പരം മുഖത്തോടുമുഖംനോക്കി സ്തബ്ധരായി നിന്നു.

എന്തൊരു വേണ്ടാതീനമാണ് മമ്മദു് കാണിച്ചതു്.....!! എന്തൊക്കെ ആയാലും മുതലാളിയോടു് പിണങ്ങുന്നതു ശരിയാണോ? ഇനി എന്തൊക്കെയാണ് വരാൻപോകുന്നതു്.....?

ആർക്കും ഒരു രൂപവുമില്ല!

അവരാരും ഒന്നും മിണ്ടിയില്ല.

മിനിട്ടുകൾക്കുശേഷം—!

അവിടെ തങ്ങിനിന്ന കനത്ത നിശ്ശബ്ദതയെ മുറിച്ചുകൊണ്ട് ആ വൃദ്ധന്റെ പരുത്തശബ്ദം പയ്യെ ഉയർന്നു; അയാളം പറഞ്ഞു.

"മോനെ! അദ്ദ് ബേണ്ടാർന്നു; എന്നാലും നീയൊരു പണിശെയ്തു—മോലാളിയെ മുശിപ്പിക്കണ്ട; അതു പറഞ്ഞു് ബിട്ടാലം ആ കാളന്മാരെ അങ്ങു കൊടുത്തയച്ചേരേ..... ഞാമ്പോയി മോലാളിനെ ഒന്നു കണ്ട് സമസാരിക്കാം."

മമ്മദു് തന്റെ പ്രിയപ്പെട്ട പിതാവിന്റെ തീരുമാനത്തെ എതുത്തില്ല.

ഉച്ചകഴിഞ്ഞിട്ടും കാളകളെകൊണ്ടുപോകാൻ മുതലാളി ആളെപറഞ്ഞയച്ചില്ല. വെയിൽ താഴ്ന്നപ്പോൾ കാളകൾക്കു പുല്ലും വെള്ളവുംകൊടുത്തു തന്നെ വണ്ടിയടിച്ചു മുതലാളിയുടെ വീട്ടിലേയ്ക്കുതിരിച്ചു.

... ...

* * * * *

മുതലാളി അപ്പോഴും വെറ്റച്ചെല്ലുമായി ആ ചാരുകസേരയിൽ മലർന്നുകിടക്കുകയാണ്.

ഐദ്രോസിനെ പടിയ്ക്കൽകണ്ടപ്പോളേ മുതലാളി കോപിച്ചുകഴിഞ്ഞു.....!

ആ പ്രായപ്പെട്ട മനുഷ്യൻ മുതലാളിയോട് വളരെനല്ല വാക്കുപറഞ്ഞു.

അതൊന്നും തൊടർമുതലാളിയ്ക്കു കേൾക്കണ്ടെ അയാൾക്ക് ഒന്നേവേണ്ടൂ—പണം!!—രണ്ടുവർഷത്തെ പാട്ടവും പത്തൊമ്പതാമത്തെ വണ്ടിക്കൂലിയും ഉടനെ കിട്ടണം! ഇല്ലെങ്കിൽ നിലമൊഴിഞ്ഞുകൊടുക്കണം!! —പോര, ആ പറമ്പിൽ നിന്ന് അവരുടെ കിടപ്പിടവും പൊളിച്ചു മാറിക്കൊടുക്കണം!!

ഖാദർ മുതലാളിയുടെ ഇളക്കമില്ലാത്ത ആ ദീരുമാനത്തിനു മുൻപിൽ മമ്മദിന്റെ ബാപ്പ—ഐദ്രോസിൻപോലും ചലിച്ചില്ല!! നിശബ്ദനായി കണ്ണുനീർതുളുമ്പുന്ന നയനങ്ങളോടെ കടനംതുങ്ങുന്ന ഹൃദയത്തോടെ അയാളം പതറിപ്പതറി അസ്വസ്ഥനായി വീട്ടിലേയ്ക്കു നടന്നു.

... ...

കാര്യം ഗ്രഹിച്ച ആ മകൻ പിതാവിന്റെ കരയുന്ന കണ്ണുകളിലേയ്ക്കു നോക്കിക്കൊണ്ട് അടിയുറച്ച ആത്മവിശ്വാസത്തോടെ പറഞ്ഞു.

"ബാപ്പ ചമ്മായിരി—ഞാനൊന്നു നോക്കട്ടെ.....!"

മമ്മദിന്റെ ഉള്ളിൽ പൊട്ടാറായ ഒരഗ്നിപർവ്വതം പുകയുകയാണ്.!!

അന്നു മുഴുവൻ ആ വീട്ടിൽ ആരുമാരും അധികമായി ഒന്നും ഉരിയാടിയില്ല. ആ കൊച്ചു വീടിനേടു് വല്ലാത്ത ഒരുതരം മൂകത ഇഴകിച്ചേർന്നതുപോലെ തോന്നി. രാത്രി അവിടെ അരിവെച്ചില്ല! അവിടെയുള്ളവർ വിശക്കുന്ന വയറോടെ നിശ്ശബ്ദരായി കിടന്നുറങ്ങി. വയറുകണ്ണുനീരായ ആമിനപോലും അത്താഴപ്പട്ടിണിയായിരുന്നു.

* * * * *

പിറേന്നു രാവിലെ ആമിനയ്ക്കു പ്രസവവേദന തുടങ്ങി.

അവളുടെ വീർത്ത വയറിനുള്ളിൽ എന്തൊക്കെയോ ഇളകിമറിയുന്നു..... ആരോ ഒരാൾ വയറിനുള്ളിൽ മുണ്ടുകുത്തിയിട്ട കളിക്കുന്ന പ്രതീതി.....നാഭിയിൽനിന്നും ഒരു വലിയ ഭീക്കട്ട തൊണ്ടക്കുഴിയിലേക്കുയർന്നു കേറുകയാണോ എന്നു പോലുമവൾ സംശയിച്ചു. ശരീരത്തിലെ എല്ലുകളിലും അരക്കെട്ടിലുമെല്ലാം ഭയങ്കരമായ ഒരുതരം വേദന.....സഹിക്കാൻ പാടില്ല!...!!

"ന്റെറബ്ബേ!.....അ...ബദ്രീങ്ങളേ....."

അകത്തു് ഒരു മറിയിലെ കട്ടിലിൽ കിടന്ന ആ ഗർഭിണി തെരുങ്ങുകയും, മുക്കുകയും മൂളുകയുമെല്ലാം ചെയ്തു.

സ്ത്രീ പുരുഷനാകുന്നു.



ഇറാഖിയിൽ ബാഗ്ദാദിലെ മരിയാലൂസിനി ഒരു ഹോട്ടൽജോലിക്കാരിയായിരുന്നു. എന്തോ അസുഖം തോന്നി, പരിശോധനയും ശസ്ത്രക്രിയകളും നടത്തിക്കഴിഞ്ഞപ്പോൾ അവൾ ഒരു പുരുഷനായി മാറി, ആഡോമറിയോ. ഒരു വിവാഹിതയുമായി അവൻ (ൾ) പ്രണയത്തിലായി; കാമുകിയുടെ ഭർത്താവു കോപിച്ച കാമുകനെ കോടതികയറി. വീണ്ടും ഡാക്ടർമാർ അവനെ (ളെ) സഹായിച്ചു; വാദഗ്രാഹിപ്രായം ആഡോ ഒരു ശസ്ത്രക്രിയയ്ക്കുശേഷമേ ഒരു പിതാവാകുന്നതിനു പ്രാപ്തനാകയുള്ളു എന്നു്. ചിത്രത്തിൽ അവനും അവളും ഒരാൾതന്നെ.

മമ്മട്ടു് അതു മുറിക്കു പുറത്തു് മുറ്റത്തു് ചിന്താഗ്രസ്തനായി അസ്വസ്ഥതയോടെ പയ്യെ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണു്.

ആമിനയുടെ പ്രസവമുറിയിൽ അവളുടെ ശുശ്രൂഷയ്ക്കായി വയറാട്ടിയും മമ്മദിന്റെ ഉമ്മയും പത്തും പന്ത്രണ്ടും പ്രസവിച്ചു് ആ വിഷയത്തിൽ നല്ല പഴക്കവും തഴക്കവും സിദ്ധിച്ച അയൽവക്കത്തെ ചില സ്ത്രീകളുമുണ്ടു്.

ആമിനയുടെ ഓരോ ചലനവും ശബ്ദവും സ്നേഹസമ്പന്നനായ ആ ഭർത്താവിന്റെ വ്യഥയടിത്തിക്കളളിൽ വേദനയുടെ വിള്ളലുകൾ സൃഷ്ടിക്കുകയാണു്.

ഭാര്യ പ്രസവവേദന അനുഭവിക്കുമ്പോൾ ഭർത്താവു് തീതിന്നണം.

വേദനാവിങ്ങുന്ന നിമിഷങ്ങൾ ഒന്നൊന്നായി കടന്നു പോയി.....

മമ്മട്ടു് ആ മുറിയുടെ വാതുക്കൽ ഉത്കണ്ഠാഭരിതനായി വീർപ്പടക്കി കാത്തു നില്പുകയാണു്.

"ങ്ങ്കാ.....ങ്ങ്കാ..."

പാളയിൽ പൊക്കിണ ഒരു കൊച്ചുപൈതലിന്റെ കരച്ചിൽ.

ഒരു പുതിയ ജീവൻ നാമ്പെടുക്കുന്നതു് നിരർത്ഥകമായ ആ ശബ്ദത്തിലൂടെയാണു്. ആ ശബ്ദത്തിനു് വ്യക്തമായ അർത്ഥമൊന്നുമില്ലെങ്കിലും ലോകത്തോടു് അതു് എന്തൊക്കെയോ അധികാരസ്വരത്തിൽ ആവശ്യപ്പെടുകയല്ലേ? ഒരു പുത്തൻ ജീവിതത്തിന്റെ പടയൊരുക്കമാണാശബ്ദം.

കുട്ടിയുടെ ശബ്ദം കേട്ടപ്പോൾ മമ്മദിനാശ്വാസമായി. അവന്റെ കരളിൽ ആനന്ദത്തിന്റെ കുളിരിളകി... അവൻ ഉള്ളുതുറന്നു് ഒന്നു ചിരിച്ചു. അവനെ "ബാപ്പ"യെന്ന വിളിക്കുവാൻ ഒരു കുഞ്ഞുണ്ടായതിൽ അവനഭിമാനിച്ചു. ആ പുരുഷ്യുള്ളിൽ അതികഠിനമായ പോരുനോവുകൊണ്ടു് ക്ഷീണിച്ചു തളർന്നു കിടക്കുന്ന ആമിനയും അതിൽ സന്തോഷം കൊണ്ടു. മമ്മദിന്റെ ഉമ്മയും ബാപ്പയുമെല്ലാം ആ കിളിഞ്ഞുശരീരം കണ്ടു് ആനന്ദിച്ചു.....ആ കുഞ്ഞിനവർ നന്മകളാം നേർന്നു.

ഒരു വെള്ളത്തുണിക്ഷണത്തിൽ പൊതിഞ്ഞു തള്ളയുടെ അരുകിൽ കിടത്തിയിരുന്ന ആ പോരുകുഞ്ഞിനെ മമ്മദു് കൈത്തലത്തിൽ കോരിയെടുത്തിട്ടു വിളിച്ചു.

"മോനേ!"

അവൻ കൈകാലുകളും ഇളക്കി... അതുകണ്ടു് ആമിനയുടെ ചുകന്ന നേർത്ത ഭംഗിയുള്ള ചുണ്ടുകളിൽ ഒരു പുതിയ പുഞ്ചിരി ഊറിയൂറിവന്നു.

മമ്മട്ടു് വീണ്ടും വിളിച്ചു.

"മോനേ!"

അപ്പോഴും അവൻ കൈകാലുകളിളക്കി—ആമിന ചിരിച്ചു.

മമ്മട്ടു് ആ കുഞ്ഞിനു് തന്റെ ബാപ്പ — ഐദ്രോസ്സിനെക്കൊണ്ടു് "തൊട്ടുകൊടുപ്പിച്ചു."

ആ കിഴവൻ "പോരുകിടാവിനെ" കയ്യിൽവച്ചു കൊഞ്ചിച്ചുകൊണ്ടു വിളിച്ചു.

"ഉപ്പുപ്പാന്റെ മോനേ!....."

ആ കുഞ്ഞു പല്ലില്ലാത്ത തൊണ്ണയുറന്നു കാണിച്ചു.

ആനന്ദം തിരയടിക്കുന്ന സന്തോഷകരമായ നിമിഷങ്ങളങ്ങനെ ഒന്നൊന്നായി നീങ്ങി.....!

അതാരും വിചാരിച്ചിരുന്നതല്ല! പ്രതീക്ഷിച്ചിരുന്നതല്ല!!?— പൊടുന്നനെ ഖാദർ മുതലാളിയും ഒന്നു രണ്ടു സിൽബന്ധികളും അങ്ങോട്ടു കയറിച്ചെന്നു. മുതലാളിയെക്കണ്ടയുടൻ അവരെല്ലാം ആദരവോടെ എഴുന്നേറ്റുനിന്നു. മമ്മദിന്റെ ഉമ്മ ഒരു മെത്തപ്പായ് ആ തിണ്ണയിൽ വിരിച്ചുകൊടുത്തു. അയാൾ ക്രൂരനായ ഒരു ജന്മിയുടെ അഹംഭാവോന്മത്തമായ തലയെടുപ്പോടെ അതിലിരുന്നു.

"ഒര്—ഇത്തിരി ചായ.....?"

ഐദ്രോസ് സ്നേഹനിർഭരമായ ഒരു പച്ചച്ചിരിയോടെ ചോദിച്ചു.

"വേണ്ട!"

മുതലാളി കനത്ത ഗൗരവം ഉല്പാദിപ്പിച്ചുകൊണ്ടു് അയാൾ പറഞ്ഞു.

ഞമ്മള് ഇപ്പളങ്ങട്ട് ബന്നതെന്തിനാണെന്ന്ച്ച, നിങ്ങടെ ചായേം ഒന്നുങ്കൂടിക്കാനല്ല.....നിങ്ങളെല്ലാം ഞമ്മള പറമ്പീന്ന് മാറിത്തന്നാം."

"പൊക്കോച്ചു് പൊറ്റ്കിടക്കേണ്....."

ഐദ്രോസ് ആ വാചകം മുഴുമിപ്പിച്ചില്ല അതിനുമുമ്പേ മുതലാളിയലറി:

"പൊക്കോച്ചു് പൊറ്റ്; ആക്കോച്ചു് പൊറ്റ്; അതൊന്നും ഞമ്മക്കറിഞ്ഞൂടാ—ഞമ്മക്ക് ഞമ്മള പറമ്പും നെലോം ഒയിഞ്ഞു കിട്ടണം. ഇന്ന് തന്നെ—ഇപ്പത്തന്നെ..... ഇത്തരേം നാളു് പൊറുത്തതു് മതി."

മുതലാളിയുടെ ചുകന്നുതുറിച്ച വട്ടക്കണ്ണുകളും രണ്ടു തീക്കനൽക്കട്ടകളും പോലെ മിന്നങ്ങി. വെറുത്തുപ്പുപോലെ പറഞ്ഞ ആ ചുണ്ടുകളും വിറച്ചു. അതോടൊപ്പം നരബാധിച്ച ആ മീശയും....

ഖാദർമുതലാളിയുടെ ആ നോട്ടവും ഭാവവും.....!!

ഐദ്രോസ്സ് ഒരു ഒറ്റഅക്ഷരം മിണ്ടിയില്ല.

"ഉം! എന്തു് ത്വീരുമാനിച്ചു്...?"

ഒന്നു രണ്ടു നിമിഷനേരത്തെ നിശ്ശബ്ദനിശ്ശബ്ദതയ്ക്കുശേഷം മുതലാളി വീണ്ടും തന്റെ ആ പഴയ കനത്ത ശബ്ദത്തിൽ അലറി.

"ഈപ്പറമ്പീന്ന് ഇറങ്ങിത്തരാൻ മനസ്സില്ല!"

വ്യക്തവും ദൃഢവുമായ മമ്മദിന്റെ ഉറച്ച ശബ്ദം!

മുതലാളി ഞെട്ടിപ്പോയി...! അയാളം ദേഷ്യംകൊണ്ടു വിറച്ചു. തന്റെ വണ്ണവും വലിപ്പവും സ്ഥാനമാനങ്ങളുംവച്ചു നോക്കുകയാണെങ്കിൽ മമ്മദിന് തന്നോടതു ധൈര്യമായി സംസാരിക്കാമോ?...! ആ പിറച്ചെറുക്കൻ ഖാദർമുതലാളിയുടെമുമ്പിൽ ഒരു സിംഹത്തെപ്പോലെ സടവിരിക്കുന്നു...!

"എടാ! നിന്നെ ഞമ്മള്..."

"എറങ്ങിപ്പോടോയിവിടന്ന്. തന്നെന്നെ....."

മമ്മദിനും അരിശംകേറി. അവൻ പത്തിവിരുത്തിനിന്ന് ഗർജ്ജിച്ചു രാജാധിരാജനായ ജന്മിയെ എതിർക്കുകയാണു്!!

കോപാധിക്യത്താൽ എന്തൊക്കെയോ ശബ്ദിച്ചുകൊണ്ടു് മുതലാളി ഇറങ്ങിനടന്നു. പുറകേ പട്ടികളെപ്പോലെ ആ സിൽബന്ധികളും.....

* * *

ആ രാത്രി നാടാകെ പരന്നു.

കേട്ടവർ കേട്ടവർ അത്ഭുതാധീനരായി മൂക്കിന്മേൽ വിരൽവച്ചു. ചിലർ മമ്മദിന്റെ ആത്മധൈര്യത്തെ പ്രശംസിക്കുകയും മറ്റുചിലർ അവനെ കുറ്റപ്പെടുത്തുകയുംചെയ്തു.

റബ്ബുൽ ആലമീനായ തമ്പുരാനേ, എന്തൊരുതിശയം!

കുടികിടപ്പുകാരൻ ജന്മിയോടു് പിണങ്ങുന്നു...തർക്കിക്കുന്നു.

അന്നു രാത്രി.

ആ കൊച്ചുഗ്രാമം നിശ്ശബ്ദതയുടെ വിരിമാറിൽ തലചായ്ച്ചു നിർവൃതികൊള്ളുകയാണു്. എല്ലാവരും ഉറങ്ങിക്കഴിഞ്ഞു. ഒരു ഓറോവീട്ടിലും അനക്കം കേൾക്കുന്നില്ല.....തെങ്ങിപ്പുട്ടിയുടെ ഓരിയിടൽപോലും ആ രാ



ത്രിയുടെ നിശ്ശബ്ദതയ്ക്കു ഭംഗംവരുത്തുന്നില്ല.....

അങ്ങകലെ ചക്രവാളച്ചരുവിൽ അമ്പിളിക്കല മങ്ങിമയങ്ങിക്കിടക്കുകയാണ്...ആകാശമദ്ധ്യത്തിൽ ഒരു വലിയ നക്ഷത്രം കത്തിയെരിയുന്നുണ്ട്.....ആ അരണ്ടവെളിച്ചത്തിൽ ഒന്നും വ്യക്തമായി കാണാൻ കഴിയുകയില്ല...എല്ലാം ഒരുമാതിരി നിഴലുകൾപോലെ ഇരുളിന്റെ മൂടലിൽ അവ്യക്തമാണ്.

മണി ഒന്നുകഴിഞ്ഞു.

ഖാദർമുതലാളിയുടെ നിർദ്ദേശപ്രകാരം ആ നാലുകെട്ടിൽനിന്നും തടിമാടന്മാരായ അഞ്ചാറു ആളുകൾ ഇറങ്ങി ആ അർദ്ധരാത്രിയുടെ അരണ്ടവെളിച്ചത്തിലൂടെ ശബ്ദമുണ്ടാക്കാതെ നടന്നു!.....

ആരെയും തിരിച്ചറിയാൻപാടില്ല!. ചലിക്കുന്ന നിഴൽചിത്രങ്ങൾ!!

അവർ മമ്മദിന്റെ വീട്ടിനടുത്തെത്തി. ഒരോരുത്തരും ഒരോരോശരുക്കുടി ആ വീടിനോടു സമീപിച്ചു.

തീ...! തീ...!!

അന്തരീക്ഷത്തിലേയ്ക്കു ആയിരം തീനാക്കുകൾ ഒരുമിച്ചുയർന്നു!!

ആ വീടിനു തീ ആളിപ്പടരുകയാണ്!! തീജ്വാലകൾ അങ്ങനെ ആകാശത്തിലേയ്ക്കു നീളുകയാണ്...!!!

ഖാദർ മുതലാളിയുടെ ഗ്രണ്ടുകൾ മമ്മദിന്റെ വീടിനു തീ കൊളുത്തി!!

ആ വീട്ടിനുള്ളിൽനിന്നും അതിനകത്തും ചുരുണ്ടുകിടന്നുറങ്ങിയിരുന്ന ആ പാവപ്പെട്ട ആത്മാക്കളുടെ ശബ്ദം ഭയങ്കരമായുയർന്നു!

കൂട്ടനിലവിളി!!

അയൽക്കാർ ഓടിക്കൂടി അവരെയെല്ലാം രക്ഷപ്പെടുത്തി.....!!!

പക്ഷെ, ആ വീട്.....!!!!

* * * *

നേരം വെളുത്തു.

ആ ഭാഗ്യഹീനമായ കാഴ്ച കണ്ടവരെല്ലാം അവരോടു സഹതപിച്ചു—ആശ്വസിപ്പിച്ചു!

അന്നു പകൽ മുഴുവൻ ആ കൊച്ചു കുടുംബം അടുത്ത ഒരു വീട്ടിലെ വരാന്തയിൽ കഴിച്ചുകൂട്ടി.

നേരം ഇരുട്ടട്ടെ!

മമ്മദ് കാത്തിരുന്നു!!

അവരുടെയെല്ലാം കണ്ണുകളിൽ വിഷാദം മുറ്റിനിന്നിരുന്നു...ശരീരം തളർന്നിരുന്നു.....

എന്നാൽ മമ്മദിന്റെമുഖം ഒരു [illegible] ശാപിന്റേതുപോലെ ഭയങ്കരമായിരുന്നു. അവന്റെ കണ്ണുകളിൽ നൂതനമായ ഒരാവേശത്തിന്റെ തിളക്കം തെളിഞ്ഞുകാണാമായിരുന്നു.

നേരം ഇരുട്ടട്ടെ!

മമ്മദുകാത്തിരുന്നു...?

അങ്ങനെ നേരമിരുട്ടി.....രാത്രി വന്നു.

പാതിരാകഴിഞ്ഞു.

മമ്മദ് എഴുന്നേറ്റു; അവൻ ഉറങ്ങിയിട്ടില്ലായിരുന്നു. അവൻ അവന്റെ ഉമ്മയേയും ബാപ്പയേയും ഭാര്യയേയും കുഞ്ഞിനെയുമെല്ലാം സൂക്ഷിച്ചുനോക്കി. എല്ലാവരും നല്ല ഉറക്കമാണ്.

ആ തിണ്ണയിൽനിന്നും അവൻ മുറ്റത്തിറങ്ങി.

നല്ല ഇരുട്ട്!...പാതിരാത്രിയിലെ കട്ടിക്കുടിയ ഇരുട്ട്...!!

മമ്മദിന്റെ വികാരവിക്ഷുബ്ധമായ ഹൃദയത്തിൽ പ്രതികാരാഗ്നി ആളിക്കത്തുകയാണ്! അവൻ ആ മണ്ണെണ്ണവിളക്കെടുത്തു അടുത്തുവച്ചു ഉടുത്തിരുന്ന തുണിയിൽപകുതി കീറി അതൊരു വലിയ വടിയിൽചുറ്റി ആ വിളക്കിലെ എണ്ണയൊഴിച്ചതു കത്തിച്ചു. അതു ആളിക്കത്തി.....!!

തീപ്പന്തം!

കത്തുന്ന തീപ്പന്തം!!

ആ എരിയുന്ന തീപ്പന്തവും ഉയർത്തിപ്പിടിച്ചുകൊണ്ടു അന്തംവിട്ടു അവനോടി—നേരെ മുതലാളിയുടെ നാലുകെട്ടിനെ ലക്ഷ്യമാക്കി.....!!

പ്രതീകാരം!...പ്രതീകാരം!!

പ്രതീകാരം!...പ്രതീകാരം!

അവന്റെ ഹൃദയം അങ്ങനെ ഭയങ്കരമായി ശബ്ദിക്കുകയാണ്!

അവൻ ഓടുന്നു!

ആ തീപ്പന്തം വായുവിൽ കത്തുന്നു!

പ്രതീകാരം.....! പ്രതീകാരം!

(പകപ്പുവകാശം ഷറീഫിനു)



"വിഷമുള്ള സർപ്പങ്ങളും സഞ്ചരിക്കുന്ന വീട്ടിൽ ആളുകൾ എപ്പോഴും വളരെ ജാഗ്രതയായി പെരുമാറുന്നതുപോലെ, ലോകത്തിൽവസിക്കുന്ന ജനങ്ങളും കാമത്തിനും ധനത്തിനും ഉപദ്രവപ്പെടാതെ ജാഗ്രതയായിട്ടുകൂടി ഇരിക്കണം. 2--60

ശ്രീരാമകൃഷ്ണദേവൻ.

—*—

(9-ംപേജിൽനിന്നു തുടർച്ച)

യജീവികം. ഇതിനെ പരിപാലി ക്കുന്നവർ ക്രമേണ ഈ സ്വഭാവവും അവരവരിയാതെപകർത്തുവാൻ നിർബ്ബന്ധിതരാവുന്നതാണ്. ബലവാന്മാരായ ശത്രുക്കളെ സധീരം നേരിട്ടു വിജയിക്കുന്ന തേനീച്ചകളുടെ ധൈര്യവും സ്ഥൈര്യവും അനുകരണീയമാണ്.

രാജ്ഞി

ഒരു കോളനിയിൽ മൂന്നുതരത്തിലുള്ള തേനീച്ചകളാണ് സാധാരണയായി ഉണ്ടായിരിക്കും. കാഴ്ചയിൽ ഭംഗിയും, പ്രവർത്തനങ്ങളിൽ കൂട്ടായ്മയും, ജാഗ്രതയും വ്യഗ്രതയും ഉള്ളതു രാജ്ഞിയാണ്. എല്ലാ ഈച്ചകളുടേയും മാതൃത്വം രാജ്ഞിക്കാണ്. ആണീച്ചയുമായി ചേർന്നുകഴിഞ്ഞാൽ കോളനിയിലെ എല്ലാ കുട്ടികളേയും സംരക്ഷിച്ചു മുട്ടയിട്ടുകയാണ് ഇതിന്റെ ജോലി.

എന്നിരുന്നാലും കുട്ടികൾ നഴ്സുകളാണ്. രാജ്ഞി മുട്ടയിട്ടുകഴിഞ്ഞാൽ അവയെ വിരിപ്പിക്കുന്നതും ശിശുസംരക്ഷണം ചെയ്യുന്നതും, തേൻശേഖരിച്ചു ഭക്ഷണം നൽകുന്നതും ഈ നഴ്സുകളുടെ ജോലിയാണ്. ഗർഭധാരണംവരെ സാധാരണ ഈച്ചകളെപ്പോലെ കഴിഞ്ഞുകൂടുന്ന രാജ്ഞി ഗർഭംധരിച്ചു കഴിഞ്ഞാൽപിന്നീടു വളരെ പ്രധാനിയായി മാറുന്നു. മാത്രമല്ല ഈച്ചകൾ അതിനെ ശ്രദ്ധാപൂർവ്വം സൂക്ഷിക്കുന്നതും പ്രത്യേകതരത്തിലുള്ള ആഹാരങ്ങൾ അതിന് കൊടുക്കുന്നതുമാണ്. അതിനാൽ ഒരു കോളനിയുടെ നിലനിൽപ്പു രാജ്ഞിയെ ആശ്രയിച്ചിരിക്കും: കോളനി ശേഖരിക്കുമ്പോൾ രാജ്ഞിയെ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

എന്നാൽ ഒരുകൂട്ടം അലസന്മാരും ജോലിരഹിതരുമുണ്ട്. അവർ തനിയേ മരിക്കയോ കൊല്ലപ്പെടുകയോചെയ്യുന്നു. ഇപ്രകാരം തേനീച്ചയെ സൂക്ഷിച്ചുവളർത്തി പരിപാലിച്ചാൽ ഏറ്റവും ഉപയോഗപ്രദവും ആദായകരവുമായ ഒരു കുടിൽവ്യവസായം ലഘുവായി സാധിക്കാവുന്നതാണ്. സഹകരണാടിസ്ഥാനത്തിൽ വൻതോതിൽ പ്രവർത്തിച്ചാൽ ഒട്ടനവധി പേർക്ക് ഇതു തൊഴിൽനൽകുന്നതും തദ്വാരാ തൊഴിലില്ലായ്മയും ആഹാരദുർഭിക്ഷതയും ഒരു പരിഹാരംനൽകി ഗ്രാമീണരുടെ സാമ്പത്തികനിലയെ ഉയർത്തുന്നതുമാണ്.



(2-ംപേജിൽനിന്നു തുടർച്ച)

വില്ലുത്ത സംവിധാനവും ഒന്നുചേർന്നതോടെ പല രംഗങ്ങളും നിഷ്പ്രയാസങ്ങളും നാടകീയവുമായി അധഃപതിക്കുകയാണുണ്ടായത്. ചിത്രത്തിനു പൊതുവേ സിനിമായെക്കാളും നാടകത്തിന്റെ സ്വഭാവമാണ് കാണുന്നതും. ചിത്രത്തിന്റെ ആരംഭത്തിൽ ജനോവരാജകുമാരി രണ്ടുമൂന്നു പരിചാരികകളേയുംകൂടിമാത്രം രഥത്തിൽ സഞ്ചരിക്കുന്നതു പ്രദർശിപ്പിച്ചിട്ടുണ്ട്. രാജകുമാരിയുടെനിലയ്ക്ക് അനുയോജ്യമായ അകമ്പടികൂടാതെ രഥത്തിൽ സഞ്ചരിക്കുന്നതു സ്വാഭാവികമായ്ക്കേ സ്നേഹണൊന്നുതോന്നുന്നില്ല. രാജ്യാതിർത്തിയിൽ ശത്രുക്കളുടെ ശല്യമുണ്ടായപ്പോൾ അവരെ അമർത്തുവാൻ രാജാവുതന്നെ ചാടിപ്പുറപ്പെടുന്നതും യുക്തിക്കു യോജിക്കുന്നില്ല. രാജ്യാവസ്ഥയിൽപോകുമ്പോഴും സർവ്വസൈന്യാധിപൻ കൊട്ടാരത്തിൽ കഴിഞ്ഞുകൂടുന്നതു മറ്റൊരു വിചിത്രസംഭവമാണ്. യുദ്ധംനടക്കുന്നു എന്നു സംഭാഷണത്തിൽനിന്നു മനസ്സിലാകുന്നതല്ലാതെ ഒരൊറ്റ യുദ്ധരംഗംപോലും പ്രദർശിപ്പിച്ചിട്ടില്ല. കൊട്ടാരവും അടിച്ചു ജനോവ കൂട്ടിയോട്ടുകൂടി നിലംപറിക്കുമോ അതു കൂട്ടികരയുതിരിക്കുന്നതും അത്ഭുതകരമായിട്ടുണ്ട്. ശോലോവും സിപ്പസോവുമായി കൊട്ടാരത്തിൽവച്ചു വാഗ്വ്യവഹാരം നടക്കുമ്പോൾ അവിടെയെങ്ങും ഒരു മനുഷ്യജീവിയും ഉള്ളതായി കാണിച്ചിട്ടില്ല. ഇതു ജനശൂന്യമായ ഒരു കൊട്ടാരം കാണാൻ ഇടയില്ല. വനാന്തരത്തിൽ തപസിനിയായിക്കഴിഞ്ഞുകൂടുന്ന ജനോവയ്ക്കു ശ്രേഷ്ഠവും നേർമ്മയേറിയതുമായ വസ്ത്രങ്ങളെല്ലാം എവിടെനിന്നുലഭിക്കുന്നു എന്നു മനസ്സിലാകുന്നില്ല. നാലഞ്ചുവയസ്സുമാത്രം പ്രായം തോന്നിക്കുന്ന രാജകുമാരൻ ജലത്തിൽ മുർച്ഛിച്ചുകിടക്കുന്ന സിപ്പസോവിനെ കരയിലേയ്ക്കു വലിച്ചുകയറുന്നതു ഏതൊരു കായികശക്തികൊണ്ടാണെന്നു മനസ്സിലാകുന്നില്ല. പത്രോസ് ജയിലിനു കാവൽ നിന്നിരുന്ന പട്ടാളക്കാരോടു കണ്ണടച്ചുകൊണ്ടിരിക്കുവാൻ പറയുമ്പോൾ അവർ കണ്ണടച്ചിരിക്കുന്നതും തത്സമയം മൈക്കിൾ താക്കോലെടുത്തു ജയിൽതുറന്നു സിപ്പസോവിനെ മോചിപ്പിക്കുന്നതുമെല്ലാം കേവലം നാടകീയമായിട്ടുണ്ട്. ഫലിതത്തിനുവേണ്ടി ചില രംഗങ്ങളെല്ലാം കഥാശരീരത്തോടു ഏച്ചുകെട്ടിച്ചേർത്തിരിക്കുകയുമാണ്. മൈക്കിളും ഭാര്യയും മക്കോസും പത്രോസുമെല്ലാം കഥയിലെ അധികപ്പറ്റുകളാണ്. ആവശ്യമില്ലാത്ത ചില വ്യഭിചാരരംഗങ്ങളും സൃഷ്ടിക്കുന്നതിനല്ലാതെ ഈ കഥാപാത്രങ്ങളും കാര്യമായി മറ്റൊന്നും ചെയ്യുന്നതുമില്ല. കഥയിലെ പല രംഗങ്ങൾക്കും വിശ്വസനീയത ജനിപ്പിക്കുവാൻ സംവിധായകനു കഴിഞ്ഞിട്ടില്ല. നടീനടന്മാരുടെ അഭിനയാഭരണാദികളും ആചാരരീതികളും മറ്റും കഥനടന്നകാലത്തെ അനുസ്മരിപ്പിക്കുന്നവയല്ല. കാലത്തിനു അനുയോജ്യമായ പശ്ചാത്തലം സൃഷ്ടിച്ചുകൊടുക്കാതിരുന്നതു ഒരു ചരിത്രകഥയെ സംബന്ധിച്ചിടത്തോളം അക്ഷന്തവ്യമായ ഒരു അപരാധംതന്നെയാണ്. ഒരു പള്ളിയും ഗോപുരവും കാണിച്ചു റോമാസാമ്രാജ്യത്തിന്റെ പ്രഭവം പ്രകടിപ്പിക്കുവാൻ യത്നിച്ചിട്ടുള്ളതു ഒരു വിഫലശ്രമമായിട്ടുണ്ട്. എട്ടാംനൂറ്റാണ്ടിലെ ജനസമൂഹത്തിന്റെ ജീവിതസമ്പ്രദായങ്ങളെക്കുറിച്ചു സംവിധായകനു ശരിയായ ബോധമുണ്ടെന്നുള്ളതിനു സൂചനകളും ചിത്രം നൽകുന്നില്ല. കഥയിൽ യുക്തിക്കും ബുദ്ധിക്കും നിരക്കാത്ത പല സംഭവങ്ങളും ഉണ്ടെങ്കിലും വിസ്തരഭയത്താൽ അവ ഒന്നൊന്നായി എടുത്തുകാണിക്കുന്നില്ലെന്നു മാത്രം.

അഭിനയത്തിൽ അഭിനേതാക്കളെല്ലാവരും പ്രേക്ഷകലോകത്തെ തൃപ്തിപ്പെടുത്തിയിട്ടില്ല. സിപ്പസോയാഗംവഹിച്ചിരുന്ന എം. ജി. രാമചന്ദ്രൻ പാത്രസ്വഭാവമനുസരിച്ച് അഭിനയിച്ചു വിജയംവരിച്ചിട്ടുണ്ട്. എം. ജി. രാമചന്ദ്രനുവേണ്ടി സംഭാഷണങ്ങളുച്ചരിച്ചിരിക്കുന്നതു കൊട്ടാരക്കര ശ്രീധരൻനായരാണ്. സംഭാഷണങ്ങളും "സിങ്ക്റണൈസിസ്" ചെയ്തിരിക്കുന്നതു വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കുന്നതു ഒരു സൗകര്യമാണ്. മറ്റു പല കഥാപാത്രങ്ങളെ സംബന്ധിച്ചും ഈ ദൃഷ്ടി വ്യക്തമായിട്ടില്ല. ശോലോയുടെഭാഗം സജീവമായി അഭിനയിച്ച ഫലിപ്പിക്കുന്നതിൽ ആലപ്പി വിൻസന്റ് പ്രതീക്ഷിച്ചപോലെ വിജയിച്ചിട്ടില്ല. അദ്ദേഹത്തിന്റെ അഭിനയരീതികളും ഒരുപക്ഷേ നാടകസ്റ്റേജിനായിരിക്കും കൂടുതൽ പാഠിയതെന്നു തോന്നുന്നു. എം. ജി. ചക്രപാണി (അന്നാസ്) ഒരു കഴിവുള്ള നടനാണെങ്കിലും ഈ ചിത്രത്തിൽ ശോഭിക്കാതെ പോയിട്ടുണ്ട്. ബി. എസ്. സരോജ (ജനോവ) പ്രശംസാർഹമായവിധത്തിൽ അഭിനയിച്ചിട്ടില്ല. സന്തോഷത്തിന്റെയും സന്താപത്തിന്റെയും വികാരങ്ങളും മുഖത്തു നിഴലിപ്പിച്ചു പ്രേക്ഷകഹൃദയങ്ങളിൽ ചലനം സൃഷ്ടിക്കുന്നതിന് അവരുടെ അഭിനയത്തിനു കഴിവും കരുത്തുമില്ല. സ്നേഹലത (മെമിലി) ജനകീഭായി (റോസി) എന്നീ നടികളും അഭിനയകുശലത ഇനിയും ആർജ്ജിക്കേണ്ടിയിരിക്കുന്നു. എസ്. പി. പിള്ള (മൈക്കിൾ) മുതുകുളം രാഘവൻപിള്ള (പത്രോസ്), ടി. എസ്. ദുരൈരാജ് (മക്കോസ്) എന്നിവരെല്ലാം അവരുടെ സാമാന്യമായ കഴിവുകൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഇവരെയെല്ലാം കോമിക്കിനുവേണ്ടി പിടിച്ചിട്ടവരാണെങ്കിലും ഇവരെല്ലാം ഒരേ വിചിത്രമാതൃകകളാണ്. മറ്റുള്ള നടീനടന്മാർ അഭിപ്രായമർഹിക്കുന്നില്ല. സംഭാഷണരചന വിജയിച്ചിട്ടില്ല. കുറെക്കൂടി ലളിതവും വ്യക്തവുമായ് സംഭാഷണങ്ങളാണ് വേണ്ടിയിരുന്നതു. മണിപ്രവാളശൈലിയിലുള്ള അച്ചടിഭാഷയിലാണ് കഥാപാത്രങ്ങളും സംസാരിക്കുന്നതു. ചില കഥാപാത്രങ്ങളുടെ തമിഴ് ചുവയോടുകൂടിയ സംഭാഷണരീതി അരോചകമായിട്ടുണ്ട്. ഗാനങ്ങളും പൊതുവേ ഭേദപ്പെട്ടവയാണ്. പിന്നണിഗാനങ്ങളും ശ്രുതിമധുരങ്ങളായി ആലപിച്ചിട്ടുണ്ട്. അസ്ഥാനത്തു സംഗീതപ്രയോഗം നിർവ്വഹിച്ചിട്ടുണ്ട്. തമാശയെന്നപേരിൽ തമിഴർ കാട്ടാറുള്ള ആ കോമളിത്തരങ്ങളും ഇതിലും സ്ഥാനം പിടിച്ചിട്ടുണ്ട്. തമാശയുടെ രംഗങ്ങളും മിക്കവാറും വെട്ടിക്കളയാവുന്നവയാണ്. ഡാൻസ് രംഗങ്ങളിൽ ചിലതെല്ലാം ഭേദപ്പെട്ടവയാണ്. ജിപ്സിഡാൻസുമാത്രം വൃത്തികേടായിട്ടുണ്ട്. സൌണ്ടറിക്കാർഡിംഗ് പലയിടങ്ങളിലും പരാജയപ്പെട്ടിട്ടുണ്ട്. ഛായാപടലേഖനം തൃപ്തികരമായിട്ടുണ്ട്. എഡിറ്റിംഗ് മേക്കപ്പ് എന്നിവയിലും സൂനതകളും സംഭവിച്ചിട്ടുണ്ട്. സംവിധായകന്റെ കഴിവില്ലായ്മയും ഔചിത്യബോധക്കുറവും ഈ ചിത്രത്തെ വല്ലാതെ അലങ്കോലപ്പെടുത്തിയിട്ടുണ്ട്. രംഗവിധാനങ്ങൾക്കുവേണ്ടി വളരെയധികം പണം ചിലവഴിച്ചിട്ടുണ്ടെങ്കിലും അവയൊന്നും കാണികളെ തൃപ്തിപ്പെടുത്തുന്നില്ല. പ്രകൃതിരമണീയങ്ങളായ ചില ഭൂപ്രദേശങ്ങളെല്ലാം ഈ ചിത്രത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൃസ്തുമതവിശ്വാസികളെ ആകർഷിക്കുന്നതിൽ ഈ ചിത്രം പ്രതീക്ഷാനുസരണം വിജയം വരിച്ചിട്ടുണ്ട്. ഈശ്വരവിചാരം വളർത്താനും, സത്യം സാഹോദര്യം പാതിവ്രത്യം തുടങ്ങിയവയുടെ കഴിവുകൾ



കുസുംഭരണ് ജനോവരി കനകജൂബിലി ആഘോഷങ്ങളിൽ ഫിലിമെടുക്കുന്നതു.

ലോകവിജ്ഞാനകൗതുകം

ജനസഭയുടെ ബഡ്ജറ്റ് സമ്മേളനം മെയ് 15-ാംതീയതി പിരിഞ്ഞു; ഉപരിസഭ 16-ാംതീയതിയും. കാര്യഗൗരവമായ ഒരു പരിപാടിയാണ് ജനസഭ നിർവ്വഹിച്ചുയ്. ഇരുപതിൽപരം ബില്ലുകൾ ഈ സഭ പാസ്സാക്കി. പല ധനവിനിമയബില്ലുകൾക്കുപുറമേയാണിതു്. പാസ്സാക്കപ്പെട്ട പുതിയ ബില്ലുകളിൽ വിമാനസർവീസ് ദേശസാൽക്കരിക്കുന്നതിനുവേണ്ടി രണ്ടു കോർപ്പറേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ബില്ലും വ്യവസായോന്നമനനിയന്ത്രണബില്ലും ഉൾപ്പെട്ടിരുന്നു. സഭാതലത്തിൽവച്ചുതന്നെ രണ്ടായിരത്തിൽപരം ചോദ്യങ്ങൾക്കു ഉത്തരംനൽകപ്പെട്ടു. ആയിരത്തിഅഞ്ഞൂറുചോദ്യങ്ങൾക്കുള്ള ലഘുമൂലമായ ഉത്തരങ്ങളും വേറെയും.

ജനസഭ പിരിയുന്ന ദിവസം പ്രധാനമന്ത്രി നെഹ്റു ഇന്ത്യയുടെ വിദേശനയം വിശദീകരിക്കുന്ന ഒരു പ്രസ്താവനചെയ്തു. അതേരീതിയിലുള്ള ഒരു പ്രസ്താവന അന്നുതന്നെ കൗൺസിലിലും അദ്ദേഹം ചെയ്തുകയുണ്ടായി. കമ്യൂണിസ്റ്റ്കാരുൾപ്പടെ എല്ലാ വിഭാഗത്തിന്റെയും ആദരവിനുപാത്രമായ ഒരു പ്രസ്താവനയായിരുന്നു അതു്. ഇപ്പോൾ ഐക്യരാഷ്ട്രങ്ങളുടെ പരിശോധനയ്ക്കു സമർപ്പിച്ചിരിക്കുന്ന ചൈനയുടെ പ്രതിനിർദ്ദേശങ്ങളും ഇന്ത്യയുടെ നിർദ്ദേശങ്ങളോട് സമാനങ്ങളാണെന്നു അദ്ദേഹം വ്യക്തമാക്കി. ആ നിർദ്ദേശങ്ങൾ സ്വീകരിക്കുവാൻ അമേരിക്ക വിസമ്മതംപ്രകടിപ്പിക്കുന്നതിൽ അദ്ദേഹം ഖേദിച്ചു. ഏതായാലും സമാധാനത്തിന്റെ മാർഗ്ഗത്തിലേയ്ക്കു നയിക്കുന്ന നടപടികൾ സ്വീകരിക്കപ്പെട്ടുമെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. എന്തെന്നാൽ ശീതസമരം ഇപ്പോൾ അവസാനിച്ചുകഴിഞ്ഞിട്ടുണ്ട്. മഹത്തുക്കളുടെ ഒരു സമ്മേളനം കൂടണമെന്ന ചർച്ചിലിന്റെ നിർദ്ദേശത്തെയും നെഹ്റു സഹർഷം സ്വാഗതംചെയ്തുകയുണ്ടായി.

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ബന്ധത്തെയും അദ്ദേഹം പരാമർശിച്ചു. പാകിസ്ഥാൻ ഗവണ്മെന്റർജനറലിന്റെ ഇന്ത്യാപര്യടനത്തിനുള്ള ക്ഷണത്തെ ആസ്വദിച്ചുവെന്നു അദ്ദേഹം അങ്ങിനെ പ്രത്യക്ഷത്തിൽ. ആക്രമണഭീതി ഒഴിവാക്കേണമെന്നും പാകിസ്ഥാന്റെ പരമാധികാരത്തെ അംഗീകരിക്കണമെന്നും ലിയാഖത്തലിഖാൻ പ്രസ്താവിച്ചിരുന്നു. ഇന്ത്യ ഒരിക്കലും ഒരു രാജ്യത്തെയും ആക്രമിക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. പാകിസ്ഥാന്റെ പരമാധികാരത്തെ അംഗീകരിക്കുന്നതിനെ ആദ്യമേതന്നെ അംഗീകരിച്ചിട്ടുണ്ട്. പിന്നെ ഇങ്ങിനെ ഒരു നിർദ്ദേശം ഉന്നയിക്കേണ്ട കാര്യമെന്നുമില്ലെന്നു അദ്ദേഹം പറഞ്ഞു. പിന്നെ പരസ്പരവിദ്വേഷം ഉളവാക്കുവാൻ ശ്രമിക്കുന്നവരുണ്ടെങ്കിൽ അതു രണ്ടുരാജ്യങ്ങളിലും ഉണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ബന്ധം നാം ചെല്ലുന്തോറും കൂടുതൽ കൂടുതൽ സൗഹാർദ്ദപരമായിത്തീർന്നുകൊണ്ടിരിക്കുന്നതു്. ജൂൺമാസത്തിൽ ലണ്ടനിൽവച്ചുനടക്കുന്ന കിരീടധാരണച്ചടങ്ങുകളും അവസാനിച്ചുടൻ ഇരുരാജ്യങ്ങളിലേയും പ്രധാനമന്ത്രിമാർതമ്മിലുള്ള കൂടിയാലോചനകളും നടക്കും. തൽഫലമായി രണ്ടുരാജ്യങ്ങളും തമ്മിലുള്ള ഭിന്നതകളും പരിഹരിക്കപ്പെടുമെന്നാണ് പൊതുവെ വിശ്വസിക്കപ്പെട്ടുന്നതു്. ഈ കോൺഫറൻസിനുള്ള അജണ്ട ഇന്ത്യയിലേയും പാകിസ്ഥാനിലേയും ഉദ്യോഗസ്ഥന്മാർചേർന്നു തയാറാക്കിക്കഴിഞ്ഞു. രണ്ടുരാജ്യങ്ങൾക്കും പൊതുവായി ഒരു ഡിഫൻസ്സപ്രതി ഉണ്ടാകണമെന്ന ഒരുനിർദ്ദേശം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. നിർദ്ദിഷ്ട കോൺഫറൻസിന്റെ അജണ്ടയിൽ ഈ വിഷയം ഉൾപ്പെട്ടുന്നുണ്ടോ എന്നറിഞ്ഞുകൂടാ. ഏതായാലും ഒരുകാര്യം ഭൂരിഭാഗംആളുകളും വിശ്വസിക്കുന്നുണ്ട്. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ഭിന്നതകൾ മിക്കവാറും പ്രധാനമന്ത്രിമാരുടെ സന്ദർശനത്തോടെ അവസാനിക്കും. അങ്ങിനെ രണ്ടുരാജ്യങ്ങൾക്കും യുദ്ധച്ചെലവിൽ വമ്പിച്ച വെട്ടിച്ചുരുക്കൽ വരുത്താൻ കഴിയും. രാജ്യത്തിന്റെ ഇരുഭാഗത്തുമായിട്ടുള്ള കേന്ദ്രമന്ത്രിമാർ ഇടയ്ക്കിടെ കൂടിയാലോചിക്കുന്നതിനുള്ള ഒരു പ്രസ്താവന ഇതിനു ഉപോൽബലകമാണ്. ബ്രിട്ടിഷ്ഭരണകാലത്തുതന്നെ ഇന്ത്യയുടെ സൈനികച്ചെലവു കൂടുതലായിരുന്നു എന്നുള്ളതാണ് മറ്റൊരു കാര്യം. എന്നാൽ അതു ഇന്നു നിലനിർത്തിക്കൊണ്ടുവരിക്കുകയാണ്. രണ്ടുരാജ്യങ്ങളിലും ഇന്ത്യയെപ്പറ്റി അത്യധികമായ മതിപ്പുണ്ടായിട്ടുണ്ടെന്നും, സമാധാനത്തിലേയ്ക്കും യുക്തിയിലേക്കും നയിക്കുവാൻകഴിവുള്ള ഒരേരാജ്യം ഇന്ത്യമാത്രമാണെന്നു് അവർ കരുതുന്നുവെന്നും അദ്ദേഹം വെളിപ്പെടുത്തി. റഷ്യയിൽ ഇന്ത്യയെപ്പറ്റി പഠിക്കുന്നുള്ള ഔൽസുക്യം വളരെ വർദ്ധിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇവരിൽ ചിലർക്കു് ഇന്ത്യയെപ്പറ്റി തന്നെക്കാളേറെ അറിവുണ്ടെന്നു ബോധ്യമായി എന്നും അദ്ദേഹം അറിയിച്ചു.

* * *

കൊല്ലത്തുനടന്നുവന്നിരുന്ന എസ് എൻ. ഡി. പി. കനകജൂബിലിയാഘോഷങ്ങളും പ്രദർശനവും ബുധനാഴ്ച അവസാനിച്ചു. ശ്രീശങ്കരജയന്തിയും ശ്രീകൃഷ്ണജന്മദിനാഘോഷവും കൂടി അതൊരുത്സവത്തിൽവച്ചു വിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു. പാലക്കാട്ടുവച്ചു മലബാർ പി. സി. സി-യുടെ ആഭിമുഖ്യത്തിൽ വൻപിച്ചൊരു കോൺഗ്രസ്സ് സമ്മേളനവും നടന്നു. ഗുരുവായൂർ ക്ഷേത്രപരിസരങ്ങളിൽവച്ചു വിപുലമായതോതിൽ ഒരു ഹിന്ദുമതസംസ്കാരികസമ്മേളനം നടന്നുവരുന്നു.

* * *


ജപ്പാനിൽ യോഷിദാ വീണ്ടും പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

*

കോൺഗ്രസ്സ് വക്കിംഗ്കമ്മിറ്റി ഡൽഹിയിൽസമ്മേളിച്ചു ഭാഷാപ്രവിശ്യകളെസംബന്ധിച്ച ഗവണ്മെന്റുനയത്തെ ശരിവച്ചിരിക്കുന്നു. ആന്ധ്രാസംസ്ഥാനരൂപീകരണത്തിനുശേഷം ഇതേപ്പറ്റി അന്വേഷിക്കുവാൻ ഒരു ഉന്നതാധികാരസമിതിയെ നിയമിക്കുന്നതാണെന്നു ഗവണ്മെൻറിനുവേണ്ടി പ്രധാനമന്ത്രി പ്രസ്താവിച്ചിരുന്നതു സുരണീയമാണ്.

* * *

മുപ്പതു തൊഴിൽത്തർക്കത്തിനു പരിഹാരം ഉണ്ടാക്കുന്നതിനു ഗവണ്മെൻറിനെ പ്രേരിപ്പിക്കുന്നതിനുവേണ്ടി ടി. എസ്. രാമസ്വാമി നടത്തിവന്ന നിരാഹാരസത്യാഗ്രഹം ഗവണ്മെൻറിൽനിന്നു നൽകിയ ഉറപ്പുകളെ പരിഗണിച്ചു പത്തൊമ്പതിവസം പിൻവലിച്ചു. സത്യാഗ്രഹത്തെത്തുടർന്നു രാജ്യമെങ്ങും ശക്തിയായ പ്രക്ഷോഭണം കൊടുമ്പിരിക്കൊണ്ടുവരികയായിരുന്നു. അതിന്റെ തീക്ഷ്ണതയ്ക്കു ഏതാണ്ടു ശമനം ഉണ്ടായിട്ടുണ്ട്. ആലപ്പുഴയിലെ കയർഫാക്ടറിത്തൊഴിലാളികളുടെ പണിമുടക്കു മൂന്നാഴ്ചയായി തുടർന്നുവരികയാണ്.



വെളിപ്പെടുത്തുവാനും സർവ്വോപരി പ്രേമസമ്പൂർണ്ണമായ കുടുംബജീവിതത്തിനു പ്രേരണനൽകുവാനും ഉപകരിക്കുന്ന മലയാളചലച്ചിത്രമത്രേ ജനോവ. സ്ത്രീജനങ്ങൾക്ക് ജനോവ ഒരു മാസ്റ്റർപീസാണ്. ഭർത്തൃപ്രേമത്തിന്റെ വൈശിഷ്ട്യത്തേയും പാതിവ്രത്യത്തിന്റെ മഹത്വത്തേയും മനോജ്ഞമായി ആവിഷ്കരിക്കുന്ന ഈ ചിത്രം മഹിളാലോകത്തെ പ്രത്യേകമായി ആകർഷിക്കുവാനിടയുണ്ട്.



കുമാരി പത്മജ

★

അനുഗൃഹീതയായ നൃത്തകലാവിദഗ്ധ

(ആർ. പി.)

കഴിഞ്ഞ മാസത്തിൽ മദ്രാസ്സിൽവച്ചു സമ്മേളിച്ച ആൾ ഇൻഡ്യാ ലോക്കൽബാഡീസ് കോൺഫറൻസിൽ സംബന്ധിച്ച പ്രതിനിധികളുടെ ബഹുമാനാർത്ഥം "ഹൈലേഡീസ് ഗാർഡനി"ൽവച്ചു കാപ്പറേഷൻവകയായി ഒരു സ്വീകരണം നടത്തപ്പെടുകയുണ്ടായി. രാജാജി, ഡാ: സി. പി. രാമസ്വാമിഅയ്യർ, രാജാമുത്തയ്യാ ചെട്ടിയാർ തുടങ്ങിയ പ്രശസ്താതിഥികളും 2000-ൽപരം അതിഥികളും സംബന്ധിച്ച സ്വീകരണത്തിൽ സന്നിഹിതരായിരുന്നു. അതിഥികളുടെ മുക്തകണ്ഠമായ പ്രശംസ ആർജ്ജിച്ചതു ലഘുഭക്ഷണാനന്തരം നടന്ന കുമാരി പത്മജയുടെ നൃത്തകലാപ്രകടനമായിരുന്നു. ഭരതനാട്യം, കഥകളി തുടങ്ങിയ വിവിധ രീതിയിലുള്ള നൃത്തങ്ങളും കുമാരി പത്മജ സഹജമായ വൈദഗ്ധ്യത്തോടുകൂടി പ്രദർശിപ്പിച്ചതു സദസ്യരെ ആനന്ദനിമഗ്നരാക്കുകതന്നെ ചെയ്തു. കുമാരി പത്മജയുടെ ഇളയസഹോദരി 7 വയസ്സപ്രായമുള്ള താരയും ചില നവീന നൃത്തങ്ങളും പ്രകടിപ്പിക്കുകയുണ്ടായി. നൃത്തകലാപ്രകടനത്തിന്റെ അന്ത്യത്തിൽ മദ്രാസ് മേയർ ശ്രീ: ചെങ്കൽവരായൻചെയ്ത പ്രസംഗത്തിൽ കുമാരി പത്മജയുടെ നൃത്തകലാവൈദഗ്ധ്യത്തെ ഉള്ളഴിഞ്ഞു പ്രശംസിക്കുകയുമുണ്ടായി.


തിരുവനന്തപുരം കാപ്പറേഷൻ കമ്മിഷണറായിരുന്ന ശ്രീ: എസ്. അയ്യപ്പൻപിള്ളയുടെ പുത്രിയാണ് കുമാരി പത്മജ. കുമാരിയുടെ നൃത്തകലാവൈദഗ്ധ്യം ഇന്നാട്ടുകാർക്കു ദർശിക്കുന്നതിനു സന്ദർഭം ലഭിച്ചിട്ടില്ലാത്തതാണ്. കഴിഞ്ഞ ആറുമാസമായി ഭരതനാട്യം അഭ്യസിക്കുന്നതിനായി കുമാരി പത്മജ മദ്രാസിൽ താമസിച്ചുവരികയായിരുന്നു. ഏപ്രിൽമാസാരംഭത്തിൽ ത്യാഗബ്രഹ്മസഭയുടെ ആഭിമുഖ്യത്തിൽ വാണിമഹൽ തീയറ്ററിൽ ഒരു പണ്ഡിതസദസ്സിന്റെ മുമ്പാകെ പത്മജയുടെ നൃത്തപ്രകടനം നടക്കുകയുണ്ടായി. ഭരതനാട്യത്തിലും കഥകളിയിലും പത്മജ നേടിയിട്ടുള്ള വൈദഗ്ധ്യത്തെ സദസ്സിൽ ആധ്യക്ഷംവഹിച്ച ഭരതനാട്യവിദ്വാൻ ശ്രീ: ഇ. കൃഷ്ണയ്യർ പ്രശംസിച്ചു അനുമോദിച്ചു.

കുമാരി പത്മജ പൂവേഷ്യൻരാജ്യങ്ങളും സന്ദർശിച്ചു നൃത്തകലാപ്രകടനങ്ങളും നടത്തി പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള ഒരു യുവനർത്തകിയാണ്. അടുത്തുതന്നെ ഒരു പാശ്ചാത്യപര്യടനവും നടത്തുന്നതിനു കുമാരി ഉദ്ദേശിക്കുന്നു.

★



അഖിലകേരള എസ്. എൻ. ഡി. പി. സബ്ജക്റ്റ്സ് കമ്മിറ്റി അംഗങ്ങൾ.





"രാധയും സാൻറാക്ലാസും."

G. S. Nair.

എസ്. എൻ. ഡി. പി. കനകജൂബിലിയോടനുബന്ധിച്ചു ഏപ്രിൽ 20-ാം തീയതി നടന്ന പാട്ടുകച്ചേരിയിൽ ശ്രീ: മഹമ്മദ് റാഫിയും ഒരുമിച്ചു പാടിയ അനുഗൃഹീത ഗായികയായ മിസ് സ്റ്റെല്ല. ഇവർ തനിച്ചുള്ള ഒരു സംഗീതക്കച്ചേരി മേയ് 15-ാംതീയതി നടത്തപ്പെട്ടു. ഏറണാകുളത്തുകാരിയാണിവർ. ഇതു ഏഷ്യാവജ്രകമായ രീതിയിൽ ഹിന്ദിഗാനങ്ങളും ആലപിക്കുന്നവർ ഭക്ഷിണേന്ത്യയിൽ സുദർശ്ശനമാണ്. അചിരേണ ഇന്ത്യയൊട്ടുക്കുതന്നെ പ്രശസ്തിആർജ്ജിച്ച ഒരു ഗായികയായി ഇവർ ഉയരുമെന്നാണ് ഇവരുടെ സംഗീതം കേൾക്കുവാൻ ഭാഗ്യമുണ്ടായവർ കരുതുന്നതു.

★

വായനക്കാർ എഴുതുന്നു

തിരുവനന്തപുരം, 18-5-53,

(മലയാളരാജ്യം ആഴ്ചപ്പതിപ്പ്)


11-5-53-ലെ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന "ശ്രീ: വി. എൻ. പുരുഷ്വണ"ത്തിന്റെ "പനി നീർപ്പുക്കും" എന്ന കഥ വളരെ ഏറെ ഭയഹാരിയായി എനിക്കു തോന്നി. ശ്രീ: പുരുഷ്വണത്തിനു് എന്റെ അഭിനന്ദനസമർപ്പണം.

ശ്രീ രാമകൃഷ്ണന്റെ തിരുവയ്യോഴികം അവിടവിടെയായി 18-5-53 ലെ ആഴ്ചപ്പതിപ്പിൽ ചേർത്തിട്ടുള്ളതു ഒരു വിലയേറിയ "സേവനമാണ്". വായനക്കാർ ഈതത്പരതാങ്കളെ ശ്രദ്ധാപൂർവ്വം മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു.


ആർ. ഭാസ്കരൻനായർ.

—o—


എസ്. എൻ. ഡി. പി. കനകജൂബിലി പ്രദർശനരംഗങ്ങൾ.




മെ: സി. കേശവൻ, കെ. സുകുമാരൻ എന്നിവർ ആർ. ശങ്കറുമൊത്തു സ്റ്റാളുകൾ സന്ദർശിക്കുന്നു.




മന്ത്രി ശ്രീ: ടി. എം. വർഗ്ഗീസ് പ്രദർശനശാലകൾ സന്ദർശിക്കുന്നു.




അഗേഹാനന്ദൻ (6 അടി 9 ഇഞ്ചു് ഉയരം) പ്രദർശനനഗർ സന്ദർശിക്കുന്നു.



ആഡിറ്റോറിയത്തിലെ പരിപാടികൾ വീക്ഷിക്കുന്നു:—
ആർ. ശങ്കർ, മന്നത്തുപത്മനാഭൻ, കുമ്പളത്തു ശങ്കുപ്പിള്ള.



അഖിലകേരള എസ്. എൻ. ഡി. പി. സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച ശ്രീ: കെ. വാസുദേവനും (ഇടത്തു) പത്നിയും.




കനകജൂബിലി പ്രദർശനാലയത്തിലെ സ്ത്രീ വാളണ്ടിയറന്മാർ.

Republic Photo News Bureau, Bombay.

യഥാർത്ഥമായ മിൽക്ക്മെയിഡ്

പാൽട്ടിന്നിന്റെ അടയാളം



അൻപതു വർഷക്കാലമായി മിൽക്ക്മെയിഡ് പാലിന്റെ ശാശ്വതമായ ഗുണങ്ങളെപ്പറ്റി ഇൻഡ്യൻ ജനത മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. എപ്പോഴും ഏറ്റവും ഗുണമുള്ള സാധനങ്ങൾതന്നെ വാങ്ങുക. മിൽക്ക്മെയിഡ് പാൽ നിങ്ങളുടെ വിശ്വാസം ആർജ്ജിച്ചുകഴിഞ്ഞിട്ടുള്ളതാണ്.

നല്ല പാൽ ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. അതിനാൽ സുരക്ഷിതമായ മിൽക്ക്മെയിഡ് പാൽ ധാരാളം കുടിക്കുക.

വിശദവിവരങ്ങൾക്ക് "നെസ്സിൽസ്" പ്രോഡക്ട്സ് (ഇൻഡ്യ) ലിമിറ്റഡ്, പോസ്റ്റ്ബോക്സ് നമ്പർ **180**, മദ്രാസ് എന്ന വിലാസത്തിൽ എഴുതുക.

Edited, printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.